
www.malankaralibrary.com



# സൂര്യതേജസ്സോടെ മാർ ഇഗ്നാത്തിയോസ്

എഡിറ്റർ : സി.റ്റി. വർഗീസ്

അസോസിയേറ്റ് എഡിറ്റർ : ഫാ. സിൽവസ്റ്റർ തെക്കേടത്ത്

www.malankaralibrary.com

www.malankaralibrary.com


# സൂര്യതേജസ്സോടെ മാർ ഇഗ്നാത്തിയോസ്

എഡിറ്റർ :
**സി.റ്റി. വർഗീസ്**

അസോസിയേറ്റ് എഡിറ്റർ :
**ഫാ. സിൽവസ്റ്റർ തെക്കേടത്ത്**

www.malankaralibrary.com

# SOORYA THEJASSODE MAR IGNATHIOS

(Malayalam)

Selected articles in tribute to the
visionary shepherd
Dr. Joshua Mar Ignatios Methrapolitha

Editor :
C.T. Varghese
Phone: 9447519428
Email: ctvarghese79@gmail.com

Associate Editor :
Fr. Sylvester Thekkedathu

Cover, Layout & Printing
Helna Graphics
Kattanam

Published on
2025 June 05



www.malankaralibrary.com


# ഉള്ളടക്കം

അവതാരിക ..... 7
**ഡോ. കെ. ജയകുമാർ ഐ.എ.എസ്**

മുഖമൊഴി ..... 9
**സി.റ്റി. വർഗീസ്**

**ലേഖനങ്ങൾ**

ഉത്സാഹിയായ സ്നേഹദൂതൻ ..... 13
**ജേക്കബ് പുന്നൂസ് ഐ.പി.എസ്.**

ആടുകളുടെ ചൂരും പേരുമറിയുന്ന സ്നേഹ ഇടയൻ ..... 19
**ഡോ. സിറിയക് തോമസ്**

അപൂർവ വ്യക്തിത്വത്തിന്റെ അതിശയഭംഗികൾ ..... 23
**ഡോ. ജോർജ് ഓണക്കൂർ**

ഭാരതസഭയിലെ പ്രവാചകശബ്ദം ..... 27
**ആചാര്യശ്രീ സച്ചിദാനന്ദ ഭാരതി**

നന്മയുടെ വിളക്കുമാടം ..... 30
**മുരളീധരൻ തഴക്കര**

അക്ഷരങ്ങളിൽ ഒതുങ്ങാത്ത ആൾരൂപം ..... 34
**ഡോ. റൂബിൾ രാജ്**

ജോഷ്വാ പിതാവിന്റെ ധന്യസന്നിധിയിൽ ..... 39
**ഡോ. ചേരാവള്ളി ശശി**

മാനവ കുലത്തിന്റെ കാവലാൾ ..... 43
**ജ. അബ്ദുൾ വാഹിദ് അൽഖാസിമി**

സഹൃദയനായ ജോഷ്വാ പിതാവ് ..... 46
**മജീഷ്യൻ സാമ്രാജ്**

എന്റെ സതീർത്ഥ്യൻ ..... 50
**ചാമക്കാലായിൽ ജോസഫ് റമ്പാച്ചൻ**

ധന്യമാം ജീവിതം ..... 55
**ചുനക്കര ജനാർദ്ദനൻ നായർ**

കർമ്മനിരതനായ ഇടയശ്രേഷ്ഠൻ ..... 58
**ഫാ.ഡോ. ചാൾസ് ലിയോൺ**

ആത്മബന്ധങ്ങളുടെ കാവലാൾ ..... 62
**പീറ്റർ സി. ഏബ്രഹാം**

കരുത്തേകുന്ന വ്യക്തിത്വം ..... 69
**ഡോ. ഗീവർഗീസ് കൈതവന**

വിദ്യാഭ്യാസ വിചക്ഷണൻ ..... 74
**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**

ജോഷ്വാ പിതാവിന്റെ രാഷ്ട്രീയ കാഴ്ചപ്പാടുകൾ ..... 77
**ഡോ. കെ.വി. തോമസ്കുട്ടി**

www.malankaralibrary.com


അശരണരുടെ സ്നേഹതീരം ..... 82
**മദർ റോസ്‌ലിൻ എസ്.എം.**

സുവിശേഷ ദൗത്യം വിദ്യാഭ്യാസത്തിലൂടെ ..... 85
**അഡ്വ. ഡോ. തോമസുകുട്ടി പനച്ചിക്കൽ**

കനിവിന്റെ നീർച്ചാൽ ..... 92
**സി.ജി. തോമസ് ചിറക്കടവിൽ**

ബഥനിയ്ക്ക് പ്രിയപ്പെട്ട ഇടയശ്രേഷ്ഠൻ ..... 98
**മദർ ഡോ. ആർദ്ര SIC**

കാരുണ്യത്തിന്റെ കാവലാൾ ..... 103
**കേരളശ്രീ ഡോ. പുനലൂർ സോമരാജൻ**

മാനവ സഹോദര്യത്തിന്റെ സ്നേഹദൂതൻ ..... 106
**നൗഷാദ് മാങ്കാംകുഴി**

സാമൂഹ്യ തിന്മകൾക്കെതിരെ
പോരാടുന്ന ഇടയശ്രേഷ്ഠൻ ..... 109
**അഡ്വ.ജോൺസൺ എബ്രഹാം**

സ്നേഹസാഹരമീ ജീവിതം ..... 112
**ഫാ. ആന്റണി വാക്കോ അറയ്ക്കൽ**

പാർശ്വവൽക്കരിക്കപ്പെട്ടവരെ തേടിയെത്തുന്ന ഇടയശ്രേഷ്ഠൻ ..... 115
**ഡോ. സജി മാത്യു**

ആർക്കും അവകാശപ്പെടാൻ ആകാത്ത വിധം ..... 119
ഏവർക്കും സ്വന്തമായ്...
**അഡ്വ. ജോജോ എബ്രഹാം**

അഗതികളുടെ പിതാവ് ..... 126
**മുഹമ്മദ് ഷെമീർ**

സഭാവിഹായസിലെ വ്യത്യസ്തനായ ഇടയൻ ..... 129
**ഫാ. റോമാൻസ് ആന്റണി**

ദൗത്യം തിരിച്ചറിഞ്ഞ് പ്രവർത്തിച്ച നല്ല ഇടയൻ ..... 136
**ഫാ.ഡോ. ജോൺ പാലവിളയിൽ**

ആടുകളെ അറിയുന്ന ഇടയൻ ..... 141
**സജി ജോൺ പായിക്കാട്ടെത്ത്**

ആശ്വാസ ദൂതനായ പിതാവ് ..... 147
**മദർ കാരുണ്യ ഡി.എം.**

തുളുമ്പാത്ത നിറകുടം ..... 151
**ബിജു ഓളാട്ടുപുറം**

യുവജനങ്ങളെ വളർത്തുന്ന വ്യക്തിത്വം ..... 153
**ജിതിൻ ഷാജി വെട്ടിയാർ**

സമയത്തെ പിന്നിലാക്കുന്ന ഊർജ്ജസ്വലൻ ..... 157
**റെജി മാത്യു കിഴക്കേകെണ്ടത്തിൽ**


പേര് ചൊല്ലിവിളിക്കുന്ന ഇടയൻ ..... 161
**സിസ്റ്റർ ആനി മരിയാ ഡി.എം.**

അഭിമുഖം ..... 164

www.malankaralibrary.com


## അവതാരിക

# ഒരു മഹിതവ്യക്തിത്വത്തിന്റെ ത്രിമാനചിത്രം



**ഡോ. കെ. ജയകുമാർ ഐ.എ.എസ്.**
(മുൻ ചീഫ് സെക്രട്ടറി, മലയാളം സർവ്വകലാശാല വൈസ് ചാൻസിലർ)

**അ**ഭിവന്ദ്യ ഡോ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയോടുള്ള ആദരപ്രകാശനമാണ് ഈ പ്രസിദ്ധീകരണം. ഭദ്രാസനത്തിന്റെ ഭരണപരമായ ചുമതലകൾ ഒഴിയുന്ന ഘട്ടത്തിൽ ഈ വിധം ഒരു ഗ്രന്ഥം പ്രസിദ്ധീകരിക്കപ്പെട്ടില്ലെങ്കിലേ അതിശയിക്കാനുള്ളൂ. മാവേലിക്കര രൂപതയുടെ അധ്യക്ഷസ്ഥാനം ഇത്രയും വിശ്രുതവും വിശുദ്ധവും സേവനധന്യവുമാക്കിയ തിരുമേനിയെക്കുറിച്ച് നല്ല വചനകൾ പറയാൻ മത്സരിക്കുന്ന വലിയൊരു ജനാവലിയാണ് കേരളത്തിലുള്ളത്. മാവേലിക്കരക്കാർ ജാതി–മത വ്യത്യാസമില്ലാതെ തിരുമേനിയുടെ സ്നേഹ സാമീപ്യം അനുഭവിക്കുകയുണ്ടായി.. ദൂരെയുള്ളവർ ആ സേവനത്തിന്റെ സുഗന്ധം മനസ്സിലാക്കി. പ്രഗത്ഭരും പ്രശസ്തരുമായവർക്കൊപ്പം അത്ര പ്രശസ്തിയില്ലെങ്കിലും അനുഭവം കൊണ്ട് ആധികാരികതയാർജ്ജിച്ച സുമനസ്സുകളും ഇതിൽ എഴുതിയിട്ടുണ്ട്. എഴുതാൻ ഇനിയും അനേകം പേർ ബാക്കിയുണ്ട്. എഴുതിയവർക്കു തന്നെ ഇനിയുമേറെ പറയാനുമുണ്ട്.

തിരുമേനിയുടെ പ്രവർത്തനശൈലിയും ആർജ്ജവവും ആരെയും ആകർഷിക്കും. അടുത്ത് ചെല്ലുന്ന ആരെയും അത് പ്രചോദിപ്പിക്കും. എല്ലാം ദൈവത്തിൽ സമർപ്പിച്ചു, നന്മ ചെയ്യാനുള്ള ഏതൊരവസരവും ദൈവശുശ്രൂഷയായി കണ്ട്, മനുഷ്യരിലും ദൈവമഹത്വത്തിലും അചഞ്ചലമായി വിശ്വസിച്ച തിരുമേനി തന്റെ പൗരോഹിത്യത്തിന്

www.malankaralibrary.com


അനിതരസാധാരണമായ ആത്മീയസൗന്ദര്യം നേടുകയായിരുന്നു. യേശുവിന്റെ ഹൃദയത്തോട് എത്രകണ്ട് താദാത്മ്യം പ്രാപിക്കുന്നു എന്നതാണല്ലോ സഭയുടെ സേവനവും ശുശ്രൂഷയും നിറവേറ്റേണ്ട വലിയ പ്രതീക്ഷ. അത് സാക്ഷാത്ക്കരിക്കാൻ സാധിച്ചതാണ് ഇഗ്നാത്തിയോസ് തിരുമേനിയുടെ ആത്മീയമഹത്വം. സ്നേഹ-സേവന സാധ്യതകൾ സാക്ഷാത്കരിക്കാനുള്ള നിയോഗത്തെ ഞാനെന്നഭാവം കൊണ്ട് കളങ്കപ്പെടുത്താത്ത തിരുമേനിയുടെ കർമ്മവൈഭവത്തെ ഒരു സമൂഹം അറിയുകയും അംഗീകരിക്കുകയും ചെയ്തതിൽ അതിശയമേയില്ല. തിരുമേനിയുടെ വ്യക്തിത്വത്തിലും വിശ്വാസത്തിലും ജാതി-മത-വർഗ്ഗ വേർതിരിവുകൾക്കതീതമായ ദർശനവും സമഭാവനയും മാനവികതയും, പൂവിൽ സുഗന്ധമെന്നപോലെ സ്വാഭാവികമായി സന്നിഹിതമായിരിക്കുന്നു.

മാവേലിക്കരക്കാർ മാത്രമല്ല കേരളത്തിന്റെ നാനാഭാഗത്തു നിന്നുമുള്ള സജ്ജനങ്ങൾ തിരുമേനിയെക്കുറിച്ചു എഴുതിയ ഈ കുറിപ്പുകളുടെ മൂല്യവും സാംഗത്യവും വളരെ വലുതാണ്. വിവിധ മേഖലകളിലും വിവിധ പ്രായങ്ങളിലുമുള്ള വ്യക്തികൾ അവർ അറിഞ്ഞ തിരുമേനിയെയാണ് ഈ കുറിപ്പുകളിൽ അവതരിപ്പിക്കുന്നത്. അത്തരത്തിലുള്ള വ്യത്യസ്ത ചിത്രങ്ങൾ ചേർത്ത് വെയ്ക്കുമ്പോൾ അഭിവന്ദ്യ തിരുമേനിയുടെ സമഗ്രമായൊരു ത്രിമാനചിത്രം നമുക്ക് ലഭിക്കുന്നു. ഒരു സമൂഹത്തിന്റെ കൃതജ്ഞതാക്കുറിപ്പുകൾ എന്ന നിലയ്ക്കും ആത്മീയമായ മാനവികതയ്ക്കു ജീവിതം കൊണ്ട് ഭാഷ്യം രചിച്ച ഒരു മഹിതവ്യക്തിത്വത്തിന്റെ ജീവസ്സുറ്റ ചിത്രമെന്ന നിലയ്ക്കും ഈ പ്രസിദ്ധീകരണം വേറിട്ട് നിൽക്കുന്നു.

അമൂല്യമായ സ്മരണകളുടെ ഈ അക്ഷരമുദ്ര സാധ്യമാക്കിയ എല്ലാവരെയും അഭിനന്ദിക്കാതെ വയ്യ. കാലം ആവശ്യപ്പെടുന്ന ഒരു ദൗത്യം ഈ പ്രസിദ്ധീകരണം നിറവേറ്റിയിരിക്കുന്നു. അനുദിനം ക്ഷീണിതമാകുന്ന മനുഷ്യമൂല്യങ്ങൾക്കു പിന്നിൽ അടിപതറാതെ നിൽക്കാനുള്ള നമ്മുടെ തലമുറയുടെ നിർണ്ണയം കൂടിയാണിത്. വിസ്മൃതിക്കെതിരെയുള്ള പ്രതിരോധവും. അഭിവന്ദ്യ തിരുമേനിയുമായി വ്യക്തിബന്ധം സ്ഥാപിക്കാനും അദ്ദേഹത്തിന്റെ സ്നേഹമസൃണത അനുഭവിക്കാനും കഴിഞ്ഞ സൗഭാഗ്യം ധന്യതയോടെ ഓർക്കുന്നു. തിരുമേനിക്ക് എന്റെ ഹൃദയപ്രണാമം. ആ മഹിതമായ സേവനമാതൃകയും സമ്യക്ദർശനവും മതാതീതമായ മാനവികതയും സമൂഹത്തിനു വഴിവിളക്കായെങ്കിൽ എന്ന് ആത്മാർത്ഥമായി ആശിക്കുകയും ചെയ്യുന്നു.

●

www.malankaralibrary.com


# മുഖമൊഴി



**സി.റ്റി. വർഗീസ്**
എഡിറ്റർ

**കേ**രളസഭയിലെയും ഭാരതസഭയിലെയും ഏതൊരാൾക്കും ആമുഖം ആവശ്യമില്ലാത്ത ഇടയശ്രേഷ്ഠനാണ് അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി. മണികെട്ടിയവീട്ടിലെ മണിനാദമായി, മദിരാശിപ്പട്ടണത്തിന് മുഖശ്രീയായി, അനന്തപുരിയിലെ നിലാവായി, ഒടുവിൽ ഓണാട്ടുകരയുടെ മാണിക്യമായി പരിലസിക്കുന്നു മാർ ഇഗ്നാത്തിയോസ് തിരുമേനി.

മാവേലിക്കര ഭദ്രാസനത്തിന്റെ പ്രഥമ മെത്രാതപ്പോലീത്ത അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി പൊതുമനസ്സിൽ ഇടംനേടിയ അജപാലകനാണ്. ധ്യാനപൂർവ്വം ഇനി മിഴികളടയ്ക്കുമ്പോൾ സൗമ്യസാന്നിദ്ധ്യമായി മറ്റൊരുചിത്രം നമുക്ക് മുമ്പിൽ വെളിവാകും. ഋതുവ്യത്യാസങ്ങളില്ലാതെ ഏതു ഋതുവിലും, കാലത്തിന്റെ മതിൽക്കെട്ടില്ലാതെ ഏത് കാലത്തും, രാപ്പകലുകളുടെ അസ്വസ്ഥതകളില്ലാതെ ഏത് നേരത്തും എന്റെയും നിങ്ങളുടെയും ജീവിതത്തിന്റെ നിറമാർന്ന ഫ്രെയിമുകൾക്കുള്ളിൽ ആശ്വാസത്തിന്റെ, സാന്ത്വനത്തിന്റെ, കരുതലിന്റെ, പ്രാർത്ഥനയുടെ, പുഞ്ചിരിയുടെ, തലോടലിന്റെ, ആർദ്രതയുടെ മൃദുസ്പന്ദം വീശുന്ന ഒരു ഇളംകാറ്റ്, ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി.

www.malankaralibrary.com


ചന്ദനം മലയിൽ മുളച്ചാലും അത് മലയ്ക്ക് സ്വന്തമല്ല, പ്രത്യുത അതിനെ പൂശുന്നവരുടെ മുഖത്തിനു സ്വന്തം. മുത്ത് കടലിൽ ഉണ്ടായാലും അത് കടലിന്റെ സ്വന്തമല്ല, ധരിക്കുന്നവരുടെ കഴുത്തിന് സ്വന്തം. നദി മലയിൽ ഉദ്ഭവിച്ചാലും അത് മലയ്ക്ക് സ്വന്തമല്ല, വയലിനും കടലിനും സ്വന്തം. അതുപോലെ മാർ ഇഗ്നാത്തിയോസ് തിരുമേനി ജീവിക്കാൻ വെമ്പൽകൊള്ളുന്ന മനുഷ്യഹൃദയങ്ങൾക്കുമാത്രം സ്വന്തമാണ്.

പുഞ്ചിരി തെളിയുന്ന മുഖഭാവം, ഗാംഭീര്യമുള്ള ശബ്ദം, വശ്യമായ പെരുമാറ്റം, അനൗപചാരികമായ സംഭാഷണം, സ്നേഹം തുളുമ്പുന്ന സൗഹൃദം, കരുണാമയമായ കരുതൽ– ജോഷ്വാ പിതാവ് ഇതെല്ലാമാണ്. ആരോടും നോ പറയുവാൻ ഇഷ്ടപ്പെടാത്ത തിരുമേനി, എക്യൂമെനിക്കൽ സദസുകൾക്ക് എല്ലാകാലവും സ്വീകാര്യനും പ്രിയങ്കരനുമായ പിതാവ്. മനുഷ്യസ്നേഹിയായ മെത്രാപ്പോലീത്ത, എല്ലാവരെയും ഒരുപോലെ സ്നേഹിക്കാൻ കഴിയുന്ന വ്യക്തിത്വം. തന്റെ ജനത്തിന്റെ മനസ് കാണുന്ന കൃപ, സ്നേഹിച്ചുകൊണ്ടുള്ള സേവനം, കരുത്തുള്ള ഒരു പ്രതിഭാശാലി, സുവിശേഷം ജീവിച്ച മാതൃകാവൈദികൻ, പേരു ചൊല്ലുന്ന സ്നേഹം, നക്ഷത്രദീപ്തി, നന്മനിറഞ്ഞവൻ എന്നീ പ്രയോഗങ്ങൾ പലരും പിതാവിനെ വിശേഷിപ്പിച്ചിട്ടുള്ളവയാണ്.

അഭിവന്ദ്യ പിതാവ് മനുഷ്യബന്ധങ്ങളുടെ പ്രവാചകനാണ്. ജോഷ്വാപിതാവിനെ മനുഷ്യസ്നേഹിയായ മെത്രാപ്പോലീത്ത എന്നു വിശേഷിപ്പിക്കാം. മറ്റുള്ളവരെ ആദരിക്കുകയും സ്നേഹിക്കുകയും പരിഗണിക്കുകയും ചെയ്യുന്നത് തിരുമേനിയുടെ സുവിശേഷവേലയുടെ സവിശേഷതയായിരുന്നു. പിതാവിന്റെ പ്രസംഗങ്ങളുടെ കാതൽ മനുഷ്യസ്നേഹമല്ലാതെ മറ്റൊന്നല്ല. അടുക്കോടും ചിട്ടയോടും കാര്യങ്ങൾ അനായാസേന പറഞ്ഞുപോകുന്ന ശൈലിയാണ് അനുഭവവേദ്യമാകുന്നത്. മറ്റുള്ളവരുടെ വേദനയിൽ കനിയുന്ന ഒരു ഹൃദയം, കദനഭാരത്താൽ തളരുന്നവരെ ഓടിച്ചെന്ന് താങ്ങുന്ന കൈകൾ, മറ്റുള്ളവർക്ക് കൊടുക്കുന്ന ദാനശീലം, മുറിവേറ്റ മാനവർക്കുവേണ്ടി നിലകൊള്ളുന്ന മനോഭാവം എന്നിവ തിരുമേനിയുടെ സവിശേഷതകളാണ്. അങ്ങനെ എല്ലാവരേയും സ്നേഹിക്കാൻ കഴിയുന്ന ഒരു വലിയ വ്യക്തിത്വത്തിന്റെ ഉടമ.

ജോഷ്വാപിതാവ് എല്ലാവർക്കും സ്വീകാര്യനാണ്. ജാഡകൾ അശേഷം ബാധിക്കാത്ത ലളിതവും വിനയാന്വിതവുമായ പെരുമാറ്റം പിതാവിനെ ഏവരുടെയും സുഹൃത്താക്കി മാറ്റി. എപ്പോൾ വേണമെങ്കിലും വിളിക്കുവാനും വിളിക്കുമ്പോൾ അസൗകര്യമാണെങ്കിൽ പിന്നീട് തിരികെ വിളിച്ച് കാര്യങ്ങൾ വിശദമായി തിരക്കുകയും ചെയ്യുന്ന വ്യക്തി

www.malankaralibrary.com


യാണ് ജോഷ്വാപിതാവ്. കൂടുതൽ സമർപ്പണബോധത്തോടെ സേവനം ചെയ്യുവാൻ നാമറിയാതെ, നമ്മെ ഒരുക്കുന്ന ജോഷ്വാപിതാവ്. ആവശ്യസന്ദർഭങ്ങളിൽ നമുക്ക്വേണ്ട പിന്തുണയും മാർഗദർശനവും നൽകുന്നു. പിതാവിന്റെ സ്നേഹവും ശ്രദ്ധയും ലഭിക്കുന്ന ഓരോ വ്യക്തിയും വിചാരിക്കും, താനാണ് പിതാവിന്റെ ഏറ്റവും അടുത്ത സുഹൃത്തെന്ന്. പിതാവുമായി ബന്ധപ്പെട്ടിട്ടുള്ള എല്ലാവരുടെയും അനുഭവം അതു തന്നെ. അങ്ങനെ ജോഷ്വാ പിതാവ് എല്ലാവരുടെയും സുഹൃത്തും, എല്ലാവരും പിതാവിന്റെ സുഹൃത്തുക്കളുമായി.

സമയകൃത്യതയുടെ ഒരു ഉദാത്ത മാതൃകയാണ് അദ്ദേഹം. സമയം കൃത്യമായി പാലിക്കുവാൻ പിതാവ് ശ്രദ്ധിച്ചിരുന്നു. എല്ലാ പരിപാടികളിലും യോഗങ്ങളിലും പ്രാർത്ഥനാ സമ്മേളനങ്ങളിലും അദ്ദേഹം കൃത്യസമയത്ത് സന്നിഹിതനായിരിക്കും. ഒരു പ്രോഗ്രാമിന് വന്നാൽ തിരക്കില്ലെങ്കിൽ അതിൽ മുഴുവൻ സമയവും പങ്കെടുത്ത് എല്ലാവരുമായി കുശലാന്വേഷണം നടത്തി പോകുന്ന ഒരു പിതാവിനെ നമുക്ക് ജോഷ്വാപിതാവിലൂടെ മാത്രമേ കാണാൻ കഴിയൂ.

അനുഗ്രഹീതനായ ഒരു പ്രഭാഷകനാണ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്. ദൈവവചനത്തിന്റെ സാമൂഹികവശം മനസിലാക്കി കാരുണ്യത്തോടെയുള്ള പിതാവിന്റെ പ്രസംഗം കൊച്ചുകുട്ടികൾക്കുപോലും മനസിലാകും. ഓരോ വാക്കും ആകാംഷകലർന്ന അതീവ ജാഗ്രതയോടെ കേട്ടിരിക്കുവാൻ തോന്നും. ശബ്ദത്തിന്റെ ഗാംഭീര്യവും സൂക്ഷ്മതയും അർത്ഥവ്യത്യാസത്തിനനുസരിച്ച് മാറുന്ന, ദൈവികത മുറ്റിനിൽക്കുന്ന പിതാവിന്റെ മുഖഭാവവുമൊക്കെ ഓർമ്മയിൽ തെളിയുന്നു. ഏത് വിഷയമായാലും അതിന്റെ നാനാവശങ്ങളെക്കുറിച്ച് ആഴത്തിൽ പഠിച്ച് മാത്രമേ പിതാവ് പ്രസംഗിക്കാറുള്ളൂ.

പിതാവ് ഒരു നിതാന്തസഞ്ചാരിയാണ്. ഏത് ചെറിയ ചടങ്ങിനു വിളിച്ചാലും ചിരിക്കുന്ന മുഖത്തോടെ ഓടിയെത്തുന്ന പിതാവ്. കേരളത്തിൽ മാത്രമല്ല, എവിടെ വേണമെങ്കിലും ഓടിയെത്തും. മിക്കആളുകളും പറയുമായിരുന്നു അവസാന നിമിഷത്തിൽ വിളിച്ചാലും ഒരു പരാതിയും പറയാതെ ചിരിച്ചുകൊണ്ട് ഓടിവന്ന് അനുഗ്രഹിക്കുന്ന വ്യക്തിത്വം. കേരളത്തിലെ കത്തോലിക്കാ ബിഷപ്പുമാരിൽ ഇത്രയധികം തിരക്കുള്ള ഒരു തിരുമേനി വേറെയുണ്ടോ എന്ന് സംശയം. തന്റെ കർമ്മപഥത്തിൽ ക്ഷീണം എന്ന ഒരു വാക്കില്ല. എല്ലാവരുടേയും ആവശ്യങ്ങൾ അറിഞ്ഞ് അതിന് സമയം കണ്ടെത്തി പിതാവ് ഓടിയെത്തുന്നു.

പേര് ചൊല്ലി വിളിക്കുന്ന ഇടയനാണ് ജോഷ്വാപിതാവ്. ജോഷ്വാ

www.malankaralibrary.com


പിതാവിനെക്കുറിച്ച് നമ്മുടെ മനസിലേക്ക് കടന്നുവരുന്ന ആദ്യചിത്രം പേര് ചൊല്ലിവിളിക്കുന്ന ഇടയന്റേതാണ്. ഞാൻ നിന്നെ പേരുചൊല്ലി വിളിച്ചിരിക്കുന്നു എന്ന ദൈവവചനം നമ്മുടെ മനസിലേക്ക് കടന്നു വരും. വർഷങ്ങൾ കഴിഞ്ഞാലും എവിടെ വെച്ച് കണ്ടാലും മറക്കാതെ ആ വ്യക്തിയെ പേരു ചൊല്ലിവിളിക്കുകയും കുശലാന്വേഷണം നട ത്തുകയും ചെയ്യുന്നു. ഒരു ഇടയൻ തന്റെ ആടുകളുടെ മണമറിയുന്നു. ആ മണമറിയുന്നവന് മാത്രമേ പേരുചൊല്ലി വിളിക്കാൻ കഴിയൂ. പ്രത്യേ കിച്ച് പാവപ്പെട്ടവരെയും സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് മാറ്റി നിർത്തപ്പെട്ട വ്യക്തികളെയും പിതാവ് ചേർത്തുനിർത്തുന്നു.

താൻ ഇടപെടുന്ന സമരപഥങ്ങളിൽ എന്നും ഒരു മുന്നണിപ്പോ രാളിയാണ് അദ്ദേഹം. അധ്യാപകർ നേരിടുന്ന വിവിധ പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട് നടത്തിയ സമരമുഖങ്ങളിൽ പിതാവ് മുൻപന്തിയിൽ ഉണ്ടായിരുന്നു. കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷൻ ചെയർമാനായി അധ്യാപകരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി അത് വ്യക്തമായി പഠിച്ച് വിദ്യാഭ്യാസമന്ത്രിയെയും മുഖ്യമന്ത്രിയെയും കണ്ട് അവതരിപ്പിച്ച് പരി ഹാരം നേടുന്നതിൽ ഒരു വലിയ മനസ്സ് പിതാവിൽ നമുക്ക് ദർശിക്കാൻ കഴിയും. സെക്രട്ടറിയേറ്റിന് മുമ്പിൽ പൊരിവെയിലത്ത് അധ്യാപകരോ ടൊപ്പം സമരപ്പന്തലിൽ നിറസാന്നിദ്ധ്യമായ പിതാവിനെ അധ്യാപകർക്ക് ഒരിക്കലും മറക്കാൻ കഴിയില്ല. മാത്രമല്ല സമരം കഴിഞ്ഞ് വിവിധ രൂപ തകളിൽ നിന്നുള്ള അധ്യാപകരുമായി കുശലാന്വേഷണം നടത്തി ഫോട്ടോയും എടുത്തശേഷമേ പിതാവ് മടങ്ങാറുള്ളൂ.

സാമൂഹ്യതിന്മകൾക്കെതിരെയുള്ള പോരാട്ടത്തിൽ മുമ്പനാണ് പിതാവ്. സമൂഹം ഇന്ന് നേരിടുന്ന ഏറ്റവും വലിയ തിന്മയായ ലഹരി ക്കെതിരെയുള്ള പിതാവിന്റെ പോരാട്ടം ശ്രദ്ധാർഹവും അഭിനന്ദനാർഹ വുമാണ്. ലക്ഷക്കണക്കിന് വ്യക്തികളെയും കുടുംബങ്ങളെയും നാശ ത്തിലാഴ്ത്തുന്ന മാറിമാറിവരുന്ന സർക്കാരുകളുടെ മദ്യനയത്തിനെതി രെയുള്ള തിരുമേനിയുടെ ശബ്ദം എന്നും ഉയർന്നു നിൽക്കുന്നു. മറ്റു ള്ളവരുടെ ദുഃഖവും വേദനയും തന്റേതുകൂടിയാണെന്ന് ബോദ്ധ്യമുള്ള വ്യക്തിത്വത്തിനുമാത്രമേ ഇത്തരം തിന്മകൾക്കെതിരെ ശക്തമായ നില പാടെടുക്കാൻ സാധിക്കൂ. കേരളകത്തോലിക്കാ മെത്രാൻസമിതിയുടെ മദ്യവിരുദ്ധസമിതിയുടെ ചെയർമാനായിരുന്ന കാലഘട്ടത്തിൽ കേരള ത്തിലെ മദ്യവിരുദ്ധപ്രസ്ഥാനങ്ങളെ ഒരു കുടക്കീഴിൽ അണിനിരത്താൻ പിതാവിന് സാധിച്ചു. ഈ മേഖലയിൽ പിതാവ് കാണിക്കുന്ന താല്പ ര്യമാണ് പിന്നീട് അദ്ദേഹത്തെ ജനകീയമദ്യവിരുദ്ധമുന്നണിയുടെ അമരക്കാരനായി മാറ്റിയത്.

www.malankaralibrary.com


സാന്ത്വനത്തിന്റെ വിളനിലമാണ് പിതാവ്. രോഗികളെ സന്ദർശിക്കുന്നത് തിരുമേനിയുടെ ജീവിതത്തിന്റെ ഒരു ഭാഗമാണ്. മെഡിക്കൽ കോളേജുകളിലും മറ്റ് ആശുപത്രികളിലും ചികിത്സയിൽ കഴിയുന്ന രോഗികളെ സന്ദർശിക്കാനും പ്രാർത്ഥിക്കാനും അവരെ ആശ്വസിപ്പിക്കാനും തിരുമേനി സമയം കണ്ടെത്താറുണ്ട്. അഗതിമന്ദിരങ്ങളും അനാഥമന്ദിരങ്ങളും സന്ദർശിക്കുന്നത് അദ്ദേഹത്തിന്റെ പരിപാടികളുടെ ഭാഗമല്ല, പിന്നെയോ വ്യക്തിത്വത്തിന്റെ തന്നെ ഭാഗമാണ്. ജാതിമതഭേദമെന്യേ എല്ലായിടങ്ങളിലും പ്രത്യേകിച്ച് മരണവീടുകളിൽ പിതാവ് എത്തിച്ചേരുന്നതും ഏറെ പ്രശംസനീയമാണ്.

തൊട്ടതെല്ലാം പൊന്നാക്കുന്ന വ്യക്തിത്വത്തിന്റെ ഉടമകൂടിയാണ് അദ്ദേഹം. വളരെ ചുരുങ്ങിയ നാളുകൾക്കുള്ളിൽ മാവേലിക്കര ഭദ്രാസനാസ്ഥാനം കെട്ടിപ്പടുക്കുവാൻ പിതാവ് കാണിച്ച ഉത്സാഹവും അതിന്റെ പൂർത്തീകരണവും വിസ്മയാവഹമാണ്. ഭദ്രാസനത്തിൽ അങ്ങോളമിങ്ങോളം അലതല്ലുന്ന ഉണർവും ആത്മീയമുന്നേറ്റവും അതോടൊപ്പം വിവിധ നിർമ്മാണപ്രവർത്തനങ്ങളും അതിവേഗം ബഹുദൂരം മുന്നേറുന്ന സഭയുടെ കാണപ്പെടുന്ന ദൃഷ്ടാന്തങ്ങളാണ്. വിവിധ സ്കൂളുകൾ, കോളേജുകൾ തുടങ്ങി വിദ്യാഭ്യാസമേഖലയിലെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. മാവേലിക്കര ഭദ്രാസനത്തിന്റെ സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ ഏറെ ജനശ്രദ്ധ പിടിച്ചുപറ്റി. പിതാവ് തൊട്ട എല്ലാ മേഖലകളിലെ പ്രവർത്തനങ്ങളും വളർച്ചയുടെ ഉത്തുംഗശൃംഗങ്ങളിലേയ്ക്ക് കുതിച്ചുകൊണ്ടിരിക്കുന്നു.

തിരുമേനിയുടെ പ്രസന്നമായ മുഖവും പുഞ്ചിരിയും പൊട്ടിച്ചിരിയുമൊക്കെ ഒഴുകുന്ന സ്നേഹത്തിന്റെ പ്രകാശനമാണ്. സ്വകാര്യസംഭാഷണങ്ങളിലും പ്രസംഗങ്ങളിലുമെല്ലാം അത് ദൃശ്യമാണ്. മുഴക്കമുള്ള, ഇമ്പകരമായ ശബ്ദത്തിന്റെ ഉടമയാണ് തിരുമേനി. പണ്ഡിതനായ വാഗ്മിയാണ്. വാക്കുകൾ തടസം കൂടാതെ ഒഴുകിവരുന്ന പ്രസംഗം ആശയസംപുഷ്ടവും കേൾവിക്കാർക്ക് പ്രിയങ്കരവുമാണ്. വാചാലമായി സംസാരിക്കുന്നതിനിടയിൽ സന്ദർഭത്തിനൊത്ത് വ്യക്തികളെയും ഇടവകകളെയും ഇതരസമൂഹങ്ങളെയും അഭിനന്ദിക്കുന്നതിനും പ്രശംസിക്കുന്നതിനും തിരുമേനി ലോപംകാണിക്കാറില്ല. നിസാരകാര്യങ്ങളിൽ പോലും വിജയികളായവരെ പേരെടുത്ത് പറഞ്ഞഭിനന്ദിക്കുന്നത് ഒരു പതിവാണ്. സഭയുടെ ജാഗരൂകനായ അജപാലകൻ, പ്രകൃതിസ്നേഹി എന്നിങ്ങനെ പല മേഖലകളിലും അഭിവന്ദ്യ പിതാവിനെ കാണാം.

www.malankaralibrary.com


എഴുപത്തിയഞ്ചിന്റെ നിറവിൽ മാവേലിക്കര ഭദ്രാസനാധിപൻ സ്ഥാനത്തുനിന്ന് വിരമിക്കുന്ന അഭിവന്ദ്യ പിതാവിന് പ്രാർത്ഥനകളും ആശംസകളും ഹൃദയപൂർവ്വം നേരട്ടെ.... ആഘോഷങ്ങളിലെ ആഹ്ലാദമായും വേദനകളിലെ ആശ്വാസമായും നൊമ്പരങ്ങളിലെ തലോടലായും ഈ സന്യാസിവര്യൻ ഇനിയും പ്രത്യക്ഷപ്പെടട്ടെ. പിതാവിനെക്കുറിച്ച് രചിക്കപ്പെട്ട മുപ്പത്തിയഞ്ച് ലേഖനങ്ങളും പിതാവുമായി നടത്തിയ അഭിമുഖവും അടങ്ങിയ ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നതിൽ ഏറെ സന്തോഷവും അഭിമാനവും ഉണ്ട്.

ഈ പുസ്തകത്തിന്റെ അണിയറയിൽ സഹയാത്രികരായ സമസ്ത മിത്രങ്ങളോടും നന്ദി സൂചിപ്പിക്കുന്നു. അവതാരിക എഴുതിയ ഡോ. കെ. ജയകുമാർ ഐ.എ.എസ്., പുസ്തകത്തിന്റെ പണിപ്പുരയിൽ സഹായിച്ച ഫാ. സിൽവസ്റ്റർ തെക്കേടത്ത്, ഭാഷാപരമായ തിരുത്തലുകൾ നൽകിയ എന്റെ പത്നി എടത്വ സെന്റ് അലോഷ്യസ് കോളേജിലെ മലയാളവിഭാഗം മേധാവി ഡോ. ജോമോൾ ജോസ്, പ്രൂഫ് കറക്ഷൻ നിർവ്വഹിച്ച കറ്റാനം പോപ്പ് പയസ് XI ഹയർ സെക്കന്ററി സ്കൂളിലെ മലയാളം അധ്യാപിക ശ്രീമതി ഷേർളി തോമസ്, ഇവരോടുള്ള നന്ദി അറിയിക്കുന്നു.

അനുവാദവും ആശിസ്സും നൽകിയ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ്, ലേഖനങ്ങൾ തന്ന് സഹകരിച്ച വ്യക്തികൾ, പരസ്യങ്ങൾ തന്ന സുമനസ്സുകൾ, ഡി.റ്റി.പി. നിർവ്വഹിച്ച ഹെൽനാ ഗ്രാഫിക്സ്, കറ്റാനം ഇവരെ സ്മരിക്കുന്നു. ഏവരുടേയും അനുവാദത്തോടെ ഈ ലേഖനസമാഹാരം സാദരം സഹൃദയസമക്ഷം സമർപ്പിക്കട്ടെ.

www.malankaralibrary.com


# ഉത്സാഹിയായ സ്നേഹദൂതൻ



1

**ജേക്കബ് പുന്നൂസ് ഐ.പി.എസ്.**
കേരളസംസ്ഥാന മുൻ പോലീസ് മേധാവി

സഭയ്ക്കും സമൂഹത്തിനും വേണ്ടി പൂർണ്ണമായി സമർപ്പിക്കപ്പെട്ട ജീവിതമാണ് അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി യുടേത്. മലങ്കര കൂട്ടായ്മയ്ക്കും ഭാരതസഭയ്ക്കും പൊതുസമൂഹ ത്തിനും അദ്ദേഹം അരനൂറ്റാണ്ടിലേറെയായി നൽകിവരുന്ന സംഭാവനകൾ നിസ്തുലമാണ്. സ്വന്തം നാട്ടിൽ ഒരു മഠം സ്ഥാപിക്കു ന്നതിന് മദർസുപ്പീരിയറിന് കത്തെഴുതിയ മറ്റൊരു ഹൈസ്കൂൾ വിദ്യാർ ത്ഥിയും കേരളത്തിൽ ഇന്നുവരെ ഉണ്ടായിട്ടില്ല. അസാദ്ധ്യമെന്നും നമ്മുടെ കഴിവിനപ്പുറം എന്നും പലരും പറയുകയും വിശ്വസിക്കുകയും ചെയ്യുന്ന പല കാര്യങ്ങളും അത്ഭുതകരമായ രീതിയിൽ സാധിത പ്രായമാക്കാൻ തിരുമേനിക്ക് ജീവിതത്തിന്റെ പല ഘട്ടങ്ങളിലും കഴിഞ്ഞത്, നന്മയ്ക്കുവേണ്ടി നിശ്ചയദാർഢ്യത്തോടെ മുന്നോട്ടിറങ്ങു വാൻ ബാല്യകാലം മുതൽ തന്നെ പ്രകടിപ്പിക്കുന്ന ആത്മവിശ്വാസവും സർവ്വരെയും പ്രചോദിപ്പിക്കുന്ന പ്രസരിപ്പും ഉത്സാഹവും ആണ്.

തന്റെ ദൗത്യം സഭയുടെയും സമൂഹത്തിന്റെയും സേവനമാണെന്ന് ചെറുപ്രായത്തിൽ തന്നെ തിരിച്ചറിഞ്ഞ തിരുമേനി നിരാഹാരസമര ത്തിലൂടെയാണ് "ആദ്യം പഠിത്തം; പിന്നെ വേണമെങ്കിൽ സെമിനാരി" എന്ന സ്നേഹപൂർവ്വമായ കുടുംബനിർബന്ധത്തെ "ആദ്യം സെമിനാരി; പിന്നെ ദൈവവേലയോടൊപ്പം തുടർവിദ്യാഭ്യാസം" എന്ന സ്വന്തം

www.malankaralibrary.com


തീരുമാനത്തിലേയ്ക്ക് മാറ്റിയെടുപ്പിച്ചത്. ഒരുപക്ഷെ, ഭാഗ്യസ്മരണീയനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ സന്യാസ പ്രവേശന സാഹചര്യവുമായി താരതമ്യം ചെയ്യാവുന്ന ഇത്തരമൊരു സെമിനാരി പ്രവേശന സാഹചര്യം മറ്റാർക്കെങ്കിലും ഉണ്ടായതായി എനിക്കറിവില്ല. വൈദികനായശേഷമാണ് ബനഡിക്ട് തിരുമേനിയെപ്പോലെ ജോഷ്വാതിരുമേനിയും പഠനം തുടർന്നത്. മാർത്താണ്ഡം സി.എസ്.ഐ. കോളേജിലാണ് അദ്ദേഹം പഠിച്ചത്. പഠിച്ചുകൊണ്ടു തന്നെ അദ്ദേഹം വിമലപുരം, സൂസൈപുരം എന്നീ പള്ളികളിലും ശുശ്രൂഷ ചെയ്തു.

താൻ ജോലിചെയ്യുന്ന പ്രദേശത്തെ സഭാമക്കളുടെയും പൊതുജനങ്ങളുടെയും ഉന്നമനത്തിനായി പ്രവർത്തിക്കുവാൻ എല്ലാകാലത്തും തിരുമേനി ശ്രദ്ധിച്ചിരുന്നു. അവികസിത പ്രദേശമായിരുന്ന പാഡിയുടെ വികസനത്തിനു പിന്നിൽ ബഹു. കോശിയച്ചന്റെ ത്യാഗപൂർണ്ണമായ കഠിനാദ്ധ്വാനമുണ്ട്. സഭാകൂട്ടായ്മ ബലപ്പെടുത്തി, സഭാംഗങ്ങളെ തേടിയിറങ്ങി, കണ്ടെത്തി, ചേർത്തുനിർത്തി, പാവപ്പെട്ടവർക്കു കൈത്താങ്ങായി, ഇടവകയെയും, പൊതുസമൂഹത്തെയും അദ്ദേഹം സജീവമാക്കി. സമൂഹത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും അടിസ്ഥാനം മെച്ചപ്പെട്ട വിദ്യാഭ്യാസമാണെന്ന കാഴ്ചപ്പാടാണ് ഹയർസെക്കന്ററി സ്കൂളുകളും കോളേജും അവിടെ ആരംഭിക്കാൻ അന്ന് പ്രേരകമായത്. ഈ ലക്ഷ്യം സഫലമാകുവാൻ സമൂഹത്തിന്റെ മുഴുവൻ സഹകരണവും തിരുമേനി ഉറപ്പാക്കി. മദ്രാസിൽ പാടിയിൽ നടത്തിയ വിദ്യാഭ്യാസ പ്രവർത്തനങ്ങളും രോഗീശുശ്രൂഷയും നാട്ടിൽ നിന്ന് അവിടെ എത്തിയ പൊതുമലയാളീ സമൂഹത്തോട് കാണിച്ച കരുതലും എല്ലാവരുടെയും ആവശ്യങ്ങൾ സാധിക്കാൻ സ്ഥിരോത്സാഹത്തോടെ അഹോരാത്രം പ്രവർത്തിച്ചതും എല്ലാം തിരുമേനിയുടെ പ്രവർത്തനത്തിന്റെ സൽഫലങ്ങൾ അനുഭവിച്ച അനേകർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പാവപ്പെട്ടവർക്കുവേണ്ടി സ്കൂളും, അവിടെത്തന്നെ ഒരു കോളേജും, അതിനുവേണ്ടി ഒരു രൂപപോലും കൈയിലില്ലാതെ മുന്നോട്ടിറങ്ങി യാഥാർത്ഥ്യമാക്കിയത് തിരുമേനിയുടെ നിശ്ചയദാർഢ്യം ഒന്നുകൊണ്ടു മാത്രമാണ് എന്നതാണ് വസ്തുത.

ധന്യൻ മാർ ഈവാനിയോസ് തിരുമേനി ജനിച്ചുവളർന്ന മാവേലിക്കര, മലങ്കരകത്തോലിക്കാസഭയ്ക്ക് എന്നും പ്രിയപ്പെട്ടതും വിലപ്പെട്ടതുമായ പ്രദേശമാണ്. മാവേലിക്കരരൂപതയുടെ പ്രഥമ അദ്ധ്യക്ഷൻ എന്ന നിലയിൽ കഴിഞ്ഞ രണ്ടുപതിറ്റാണ്ടുകളിൽ

www.malankaralibrary.com


അത്ഭുതകരമായ പുരോഗതിയാണ് ഈ രൂപതയ്ക്കുവേണ്ടിയും മലങ്കര കത്തോലിക്കാസഭയ്ക്കുവേണ്ടിയും തിരുമേനി കൈവരിച്ചത്. എല്ലാ പശ്ചാത്തലസൗകര്യങ്ങളും സൃഷ്ടിച്ചെടുക്കുക എന്ന ഭാരിച്ച ദൗത്യം സ്വസഹജമായ ആത്മവിശ്വാസത്തോടും ഉത്സാഹത്തോടും കൂടി തിരുമേനി ഏറ്റെടുത്തു. പുന്നമൂട്ടിൽ പണികഴിപ്പിച്ച കത്തീഡ്രൽ ദൈവാലയം രൂപഭംഗിയിലും ആദ്ധ്യാത്മിക തേജസ്സിലും സഭയ്ക്ക് അഭിമാനമായി നിലനിൽക്കുന്നു. അതുവഴി കടന്നുപോകുമ്പോഴെല്ലാം എനിക്കും ആ ദൈവാലയത്തിന്റെ അന്യാദൃശമായ വളർച്ചയിൽ വലിയ സന്തോഷം ഉണ്ടാകാറുണ്ട്. എന്റെ മാമോദീസയും സൺഡേസ്കൂൾ പഠനവും ആദ്യകുർബാനയും എല്ലാം 1950-കളിൽ പുന്നമൂട് പള്ളിയിൽ വച്ചായിരുന്നു നടന്നത്. ധന്യൻ മാർ ഈവാനിയോസ് തിരുമേനി ആ ഇടവക പണ്ട് സന്ദർശിച്ചിരുന്നതുമായി ബന്ധപ്പെട്ട പല കഥകളും അക്കാലത്ത് ഞാൻ കേട്ടിട്ടുണ്ട്. അതുകൊണ്ട് തിരുമേനിയുടെ ഓർമ്മകളെ ഉണർത്തുന്ന ആ മണ്ണിൽ ഒരതിമനോഹരദൈവാലയം എനിക്ക് വളരെ സന്തോഷകരമായ കാഴ്ചയായിരുന്നു. അതി ഗംഭീരമായി പൂർത്തിയാക്കപ്പെട്ട ആ ദൈവാലയം ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയിലൂടെ സഭയ്ക്ക് അഞ്ചു പതിറ്റാണ്ടായി ലഭിച്ചുകൊണ്ടിരുന്ന അനുസ്യൂതമായ അനുഗ്രഹങ്ങളുടെ ഏറ്റവും വലിയ അടയാളമായി നിലനിൽക്കും എന്നതിൽ ഒരു സംശയവുമില്ല. ഈ ദൈവാലയം മാത്രമല്ല, ഒരു രൂപതയ്ക്കു വേണ്ട എല്ലാ അടിസ്ഥാന സൗകര്യങ്ങളും മനോഹരമായി ഒരുക്കുന്നതിനും ഭാവിപ്രവർത്തന ങ്ങൾക്കുവേണ്ട അടിത്തറ സജ്ജീകരിക്കുന്നതിനും ആദ്യദശകങ്ങ ളിൽ തന്നെ തിരുമേനിക്കുസാധിച്ചു എന്നുള്ളത് തിരുമേനിയുടെ കാര്യനിർവഹണകുശലതയുടെയും നേതൃപാടവത്തിന്റെയും ഉത്തമ ദൃഷ്ടാന്തമാണ്.

മാവേലിക്കര കേന്ദ്രമായി ഒരു ഉന്നതവിദ്യാഭ്യാസകേന്ദ്രം സ്ഥാപിതമാകണമെന്നത് മാർ ഈവാനിയോസ് പിതാവിന്റെ ആദ്യകാല ആഗ്രഹമായിരുന്നു എന്ന് ഞാൻ പറഞ്ഞുകേട്ടിട്ടുണ്ട്. എന്നാൽ പല കാരണങ്ങൾ കൊണ്ട് അത് നടക്കാതെ പോയി. 1964-ലാണ് കായംകുളത്തും മാവേലിക്കരയിലും ചെങ്ങന്നൂരും മറ്റും കോളേജുകൾ ഉണ്ടായത്. 40-കളിൽ തന്നെ മാവേലിക്കരയിൽ ഒരു കോളേജ് ഉണ്ടായിരുന്നെങ്കിൽ വളരെ വലിയ വികസനം മാവേലിക്കരയിൽ ഉണ്ടാകുമായിരുന്നു എന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. സെറാമ്പൂർ സർവകലാശാലയിൽ പ്രൊഫസറായിരി

www.malankaralibrary.com


ക്കുന്നകാലത്ത് കേരളത്തിലെ ചില ക്രൈസ്തവ സഭകളുടെ യോജിപ്പോടെ ഒരു കോളേജ് ഉണ്ടാകണം എന്നുള്ള ആലോചനയിൽ തിരുമേനിയും അന്ന് ഭാഗഭാക്കായിരുന്നു. അതുകൊണ്ട് മാവേലിക്കരയിൽ മലങ്കരസഭക്ക് ഒരു കോളേജ് എന്നത് തിരുമേനിയുടെ സ്വാഭാവിക ആഗ്രഹമായിരുന്നു എന്നും അനുമാനിക്കാം. എന്നാൽ ധന്യൻ മാർ ഈവാനിയോസ് തിരുമേനിയുടെ ആ ആഗ്രഹം തിരുമേനിയുടെ ജന്മദേശത്തു സഫലമായത് ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയുടെ ഉത്സാഹവും പരിശ്രമവും കൊണ്ടാണെന്ന് നാം പ്രത്യേകം മനസ്സിലാക്കുകയും ഓർമ്മിക്കുകയും വേണം. ഏതാണ്ട് വളരെ കുറഞ്ഞ കാലം കൊണ്ട് കല്ലുമലയിൽ സ്ഥാപിക്കപ്പെട്ട മാർ ഇവാനിയോസ് കോളേജ് സ്വാശ്രയ മേഖലയിൽ നടത്തപ്പെടുന്ന വലിയ ഗുണമേന്മയുള്ള ഒരു കോളേജായി പരിഗണിക്കപ്പെടുന്നു എന്നുള്ളത് വിദ്യാഭ്യാസ വിഷയത്തിൽ സ്വന്തം വിദ്യാഭ്യാസ കാഴ്ചപ്പാടുകൾ പ്രാവർത്തികമാക്കുന്നതിൽ തിരുമേനി എത്രമാത്രം വിജയിച്ചു എന്നുള്ളതിന്റെ ഉത്തമ ദൃഷ്ടാന്തമാണ്.

അതുപോലെ തന്നെ ഉന്നതനിലവാരത്തിലുള്ള നിയമവിദ്യാഭ്യാസം വളരെ ചുരുക്കം സ്ഥലങ്ങളിൽ മാത്രമേ നടക്കുന്നുള്ളു. നിയമം കോടതിയിലെ കേസുകൾക്ക് വേണ്ടിമാത്രം എന്നുള്ള നിലമാറി നിയമബോധം അനുദിന ജീവിതത്തിൽ തീരുമാനങ്ങൾ എടുക്കുന്നതിന് അത്യാവശ്യമാണ് എന്ന തിരിച്ചറിവിൽ നിയമപഠനം ആധുനിക ലോകത്ത് വൈദ്യശാസ്ത്രപഠനം പോലെയോ സാങ്കേതിക ശാസ്ത്രപഠനം പോലെയോ സാമൂഹികമായി വളരെ വിലപ്പെട്ടതാണ് എന്ന ബോദ്ധ്യത്തിലാണ് തിരുമേനി ചെങ്ങന്നൂരിനടുത്ത് അടുത്തെവിടെയും ഇതുവരെ ലോ കോളേജ് ഉണ്ടാകാതിരുന്ന പശ്ചാത്തലത്തിൽ ഒരു ലോ കോളേജ് സ്ഥാപിച്ചിരിക്കുന്നതും. ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും സാമൂഹ്യസേവനത്തിനുമായി രൂപത ആരംഭിച്ചിട്ടുള്ള നിരവധി സംരംഭങ്ങളെക്കുറിച്ച് വിസ്താരഭയത്താൽ ഇവിടെ പരാമർശിക്കുന്നില്ല. അങ്ങനെ ആദ്യകാല സഭാപിതാക്കന്മാരുടെ ദർശനങ്ങൾ ശിരസാവഹിച്ച് അവ പൂർത്തീകരിക്കുന്നതിനുള്ള ഒരു മഹാദൗത്യമാണ് മാവേലിക്കര രൂപതയുടെ പ്രഥമ അദ്ധ്യക്ഷൻ എന്നുള്ള നിലയിൽ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി പൂർത്തിയാക്കികൊണ്ടിരിക്കുന്നത്.

www.malankaralibrary.com


കെ.സി.ബി.സി.യുടെ അദ്ധ്യക്ഷനായി കേരളകത്തോലിക്കാ സഭയ്ക്കു നേതൃത്വം നൽകുവാൻ അവസരം ലഭിച്ചപ്പോൾ അങ്ങേയറ്റം കാര്യക്ഷമതയോടു കൂടി തന്റെ ദൗത്യം അദ്ദേഹം നിർവ്വഹിച്ചു. പിന്നീട് സി.ബി.സി.ഐ.യുടെ വിദ്യാഭ്യാസ കമ്മിഷൻ ചെയർമാനായും തിരുമേനി പ്രവർത്തിച്ചു. തൊഴിൽ, എക്യുമെനിസം, തുടങ്ങിയ മേഖലകളിൽ സജീവതാല്പര്യം പുലർത്തുന്ന അഭിവന്ദ്യ ജോഷ്വാ തിരുമേനി ഈ മണ്ഡലങ്ങളിൽ എല്ലാം ശ്രദ്ധേയമായ ഇടപെടലുകൾ തുടർച്ചയായി നടത്തിക്കൊണ്ടിരിക്കുന്നു മദ്യത്തിനെതിരെ ശക്തമായ പ്രചരണങ്ങൾ നടത്തി അതിലൂടെ മദ്യവർജ്ജനം എന്ന വലിയ ലക്ഷ്യത്തിൽ എത്തിച്ചേരാൻ ജോഷ്വാതിരുമേനി വലിയ പരിശ്രമങ്ങളാണ് ഇപ്പോഴും നടത്തുന്നത്.

എനിക്ക് തിരുമേനിയുമായി നേരിട്ടു ബന്ധപ്പെടാനുള്ള അവസരം ഉണ്ടാകുന്നത് കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാന വർഷങ്ങളിൽ ഞാൻ തിരുവനന്തപുരത്ത് ഇന്റലിജൻസ് മേധാവിയായിരുന്നതിനുശേഷമുള്ള വർഷങ്ങളിലാണ്. അന്ന് അദ്ദേഹം പട്ടത്തെ കൊച്ചുതിരുമേനിയായിരുന്നു. ഭാഗ്യസ്മരണീയനായ സിറിൾ ബാവാതിരുമേനിയുടെ വലംകൈയായി നിന്നുകൊണ്ട് കൊച്ചുതിരുമേനി തിരുവനന്തപുരം നഗരത്തിൽ കടന്നുചെല്ലാത്ത ഇടങ്ങളോ സഹകരിക്കാത്ത സൽസംരംഭങ്ങളോ കണ്ടുമുട്ടാത്ത വ്യക്തികളോ ഒന്നും തന്നെ ഇല്ലായിരുന്നു. വൈ.എം.സി.എ., വൈ.ഡബ്ല്യൂ.സി.എ., ബൈബിൾ സൊസൈറ്റി തുടങ്ങിയ ക്രൈസ്തവ എക്യുമെനിക്കൽ - മിഷനറി പ്രസ്ഥാനങ്ങൾക്ക് തിരുമേനി നൽകിയ കൈത്താങ്ങലും ശ്രദ്ധയും ഊർജ്ജവും അവരാരും ഒരിക്കലും വിസ്മരിക്കുകയില്ല. 2000 ഡിസംബറിൽ ക്രിസ്തുജയന്തി മഹാജൂബിലി ആഘോഷപരിപാടികൾ അവിസ്മരണീയമാക്കിത്തീർത്തത് തിരുമേനിയായിരുന്നു. എന്നതിൽ തർക്കമില്ല.

എല്ലാ സഭാവിഭാഗങ്ങളുമായി കൈകോർത്ത് തിരുവനന്ത പുരത്ത് പ്രവർത്തിക്കുന്ന United Christian Movement ശക്തിപ്പെടുത്തുവാനും അതുമൂലം സഭകൾ തമ്മിലുള്ള ഐക്യവും സ്നേഹവും പരിപോഷിപ്പിക്കുവാനും അന്ന് തിരുമേനിയ്ക്ക് കഴിഞ്ഞിട്ടുണ്ട്. നിരവധി തവണ അതിവിപുലമായ ക്രൈസ്തവകൂട്ടായ്മകൾക്ക് പോലീസ് സ്റ്റേഡിയം ഒരു അനുഗ്രഹീതവേദിയായി മാറിയതിനും തിരുമേനിയുടെ സംഘാടക മികവ് പ്രകടമായിരുന്നു. തിരുവനന്തപുരം അതിരൂപതയുടെ ശക്തമായ വിദ്യാഭ്യാസദൗത്യം കൂടുതൽ ശക്തിപ്പെടുത്തി പുതിയ സ്ഥാപനങ്ങൾ


www.malankaralibrary.com


തുടങ്ങാനും ഉള്ളവയെ കൂടുതൽ ശക്തിപ്പെടുത്താനും തിരുമേനിക്കു സാധിച്ചു എന്നുള്ളതും പ്രത്യേകം സ്മരണീയമാണ്. എല്ലായിടത്തും എല്ലാ വേദികളിലും സുസ്മേരവദനനായി കടന്നുചെന്നിരുന്ന തിരുമേനി തന്റെ സ്വതന്ത്രവും സുതാര്യവുമായ ഇടപെടലിലൂടെ എല്ലാവർക്കും സ്വീകാര്യനായിരുന്നു എന്നുള്ളതും ഞാൻ ഇപ്പോഴും ഓർക്കുന്നു. ധനവാനെന്നോ ദരിദ്രനെന്നോ വ്യത്യാസമില്ലാതെ എല്ലാവരെയും സ്നേഹിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു.

തലസ്ഥാനനഗരിയുടെ സ്നേഹദൂതൻ എന്നാണ് ശ്രീ. ഉമ്മൻ ചാണ്ടി ഒരിക്കൽ പിതാവിനെക്കുറിച്ച് പറഞ്ഞത്. അതെ; അസാദ്ധ്യമെന്ന് എല്ലാവരും കരുതുന്ന പലതും യാഥാർത്ഥ്യമാക്കുന്ന ഉത്സാഹിയായ സ്നേഹദൂതൻ - അതാണ് അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി.

www.malankaralibrary.com


# ആടുകളുടെ ചൂരും പേരുമറിയുന്ന സ്നേഹഇടയൻ



**ഡോ. സിറിയക് തോമസ്**
മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി
മുൻവൈസ് ചാൻസിലർ

2

**ജോ**ഷാപിതാവെന്നു പറഞ്ഞാൽ കേരളത്തിലെ ഏതു സഭയിൽപ്പെട്ട പട്ടക്കാർക്കും വിശ്വാസികൾക്കും അത് അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയാണ്. മനസ്സിലും വാക്കിലും ജീവിതസാക്ഷ്യം നൽകുന്ന മറ്റൊരു സഭാമേലധ്യക്ഷൻ നമുക്കിടയിലോ നമ്മുടെ കാലത്തോ ഉണ്ടായിട്ടില്ല എന്നതാണ് പട്ടാങ്ങായ (സത്യ മായ) സാക്ഷ്യം. അദ്ദേഹത്തിന്റെ ചിന്ത-വാക്-കർമ്മങ്ങളിൽ എന്നും നിറയുന്നത് ഈ മഹാഗുരുത്വമാണെന്ന്, തിരുമേനിയെ അറിയുന്ന തിരിച്ചറിവുള്ളവർ ഏതുപാതിരായ്ക്കുവിളിച്ചു ചോദിച്ചാലും പതിരി ല്ലാതെ പറയും. തിരുമേനി എന്നും എന്റെ മനസ്സിൽ ഒരു അധ്യാപകൻ കൂടിയാണ്.

അക്ഷരാർത്ഥത്തിൽ തന്നെ അതികായനാണ് ജോഷ്വാ പിതാവ്. ഉയരം ആറടിയാവണം, പൊക്കത്തിനനുസൃതമായ തൂക്കവും,

www.malankaralibrary.com


മെത്രാന്മാർക്കിടയിലെ ഒരു ഹെവിവെയ്റ്റ് എന്നു ആദ്യകാഴ്ചയിൽ തന്നെ ആരും പറയും. പണ്ടു മഹാകവികാളിദാസൻ ദിലീപമഹാരാ ജാവിനെക്കുറിച്ചു പറഞ്ഞില്ലേ ആരും കൊതിക്കുന്ന പൊക്കം, പൊക്ക ത്തിനുചേരുന്ന വണ്ണം, നല്ല ബുദ്ധി, ബുദ്ധിക്കനുസൃതമായ അറിവ്, ആരേയും ആകർഷിക്കുന്ന ചിരി, ചിരിക്കൊത്തവാക്കും സൗഹൃദവും. ദിലീപരാജാവിനെക്കുറിച്ചു കവിപറഞ്ഞ വിശേഷണങ്ങളൊക്കെ ജോഷ്വാപ്പിതാവിനും നന്നായിണങ്ങുമെന്നു ഒരിക്കൽപ്പറഞ്ഞത് ഡോ. റൂബിൾ രാജാണെന്നാണെന്റെ ഓർമ്മ. പിതാവിന്റെ നില്പിലും നടപ്പിലും വാക്കിലും പെരുമാറ്റത്തിലുമൊക്കെയതുപോലെ തന്നെ. ജോഷ്വാപ്പിതാവിന്റെ പ്രഭാഷണങ്ങളിലും നിലപാടുകളുടെ ദാർഢ്യ മുണ്ട്. ബിഷപ്പാകും മുൻപേതന്നെ അധ്യാപകനും പ്രിൻസിപ്പലുമായി രുന്നല്ലോ ജോഷ്വാപിതാവ്. ചെന്നൈ (മദ്രാസ്) പോലൊരിടത്ത് എത്ര കുറഞ്ഞകാലം കൊണ്ടാണ് തിരുമേനി സ്വന്തം സ്കൂളിനെ സമാനത കളില്ലാത്ത അസ്തിത്വത്തിൽ ഉറപ്പിച്ചെടുത്തത്.

ഒന്നാംതരം അധ്യാപകനുമായിരുന്നു പിതാവ്. ഇന്നും ജോഷ്വാ പ്പിതാവിന്റെ പ്രഭാഷണങ്ങളിൽ ഒരു ഗുരുമഹാസാഗരത്തിന്റെ ആഴമാണ് ശ്രോതാക്കൾക്ക് അനുഭവവേദ്യമാവുക. സ്ഥാപനമേധാവി എന്ന നില യിലും പിതാവ് തന്റെ ഭരണമികവു തെളിയിച്ചതും കുറഞ്ഞൊരുകാലം കൊണ്ടാണ്. താൻ സാരഥിയായ സ്ഥാപനത്തെ ഭരിച്ചുകൊണ്ടല്ല പ്രത്യുത നയിച്ചുകൊണ്ടാണ് ജോഷ്വാപിതാവ് തന്റെ ശിഷ്യരുടെയും സഹാധ്യാപകരുടെയും ഹൃദയങ്ങളിൽ സ്വന്തം സിംഹാസനം സ്ഥാപി ച്ചത്. പിതൃഭാവമാണ് അന്നും ഇന്നും പിതാവിന്റെ വജ്രായുധം. ഇത്ര ലളിതമായി ആളുകളുമായി ഇടപഴകുന്ന ഇടയൻമാർ അധികമുണ്ടാ കുമെന്നു തോന്നുന്നില്ല. ജോഷ്വാപിതാവിന്റെ സൗഹൃദങ്ങളിൽ നയ തന്ത്രങ്ങളൊന്നുമില്ല. നേർമനസ്സും നേർവാക്കുകളും കൊണ്ടാണ് ജോഷ്വാപിതാവ് എല്ലാവർക്കും തിരുമേനിയാവുന്നത്.

എന്റെ രണ്ടാമത്തെ മകളുടെ മൂത്തമകനാണ് ഇവാൻ. ഇപ്പോൾ ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിൽ ബി.ബി.എ., എൽ.എൽ.ബി. ഓണേഴ്സ് എന്ന പഞ്ചവത്സര കോഴ്സിൽ അവസാനവർഷ വിദ്യാ ർത്ഥി. ഇരുപത്‌വർഷം മുമ്പ് മാർ ഈവാനിയോസ് തിരുമേനിയുടെ ചരമ സുവർണ്ണജൂബിലി ദിവസമാണ് ഇവാന്റെ ജനനം. ഞാനന്ന് എം.ജി. യൂണിവേഴ്സിറ്റിയിൽ വൈസ് ചാൻസിലർ ചുമതലയിലിരി ക്കുന്ന സമയം. മാർ ഈവാനിയോസ് പിതാവിനെ എന്റെ ബാല്യത്തിൽ

www.malankaralibrary.com


അടുത്തുകണ്ടിരുന്നുവെന്ന യോഗ്യതയിൽ ജൂബിലി സമ്മേളനത്തിൽ പ്രഭാഷകനായി കബറടക്കപ്പള്ളിയിൽ ആയിരിക്കുമ്പോഴാണ് കോട്ടയം കാരിത്താസ് ആശുപത്രിയിൽ നിന്നു മകളുടെ പ്രസവസംബന്ധമായ സങ്കീർണ്ണസാഹചര്യത്തെ സംബന്ധിച്ച ഫോൺ സന്ദേശം വരുന്നത്. സിറിൽ മാർ ബസേലിയോസ് പിതാവിന്റെകാലം. പിതാവിനോട് കോട്ടയത്തിനു മടങ്ങാനുള്ള അനുവാദം ചോദിച്ചു സങ്കീർത്തിയിൽ ചെന്നു കണ്ടു. ഒരു നിമിഷത്തെ മൗനം, പിതാവ് എന്നോടുപറഞ്ഞത് ഒരിടത്തേക്കും പോകേണ്ട എന്നാണ്. മാർ ഇവാനിയോസ് പിതാവിന്റെ കബറിങ്കൽ നിന്നു പ്രാർത്ഥിക്കുവാൻ പറഞ്ഞു. ദോഷമായി ഒന്നും സംഭവിക്കുകയില്ല എന്നു ഉറപ്പും പറഞ്ഞു. സർജറിയില്ലാതെ പ്രസവം നടക്കുകയും മകൾക്കുണ്ടാകുന്നത് ആൺകുട്ടിയാവുകയും ചെയ്താൽ അവന് ഇവാൻ എന്നു പേരിട്ടുകൊള്ളാമെന്നു പിതാവിന്റെ കബറിടത്തിൽ കൈവച്ച് ഞാൻ നേർന്ന് പ്രാർത്ഥിച്ചു അരമണിക്കൂർ കഴിഞ്ഞതേയുള്ളൂ കോട്ടയത്തുനിന്നും സദ്‌വാർത്ത എത്തി. സിസേറിയൻ ഇല്ലാതെ പ്രസവവും ജനിച്ചത് ആൺകുട്ടിയും എന്ന്! ജീവിച്ചിരുന്ന കാലത്ത് തിരുവനന്തപുരത്ത് ശക്തനായിരുന്ന മാർ ഈവാനിയോസ് തിരുമേനി ഇപ്പോൾ സ്വർഗ്ഗത്തിലും ശക്തനാണെന്നു തന്നെ ഞാനും ഉറച്ചുവിശ്വസിക്കുന്നു. തിരുമേനി പേരുവിളിക്കപ്പെടാനിരിക്കുന്ന വിശുദ്ധനാണെന്നും!

പറഞ്ഞുവന്നത് അതല്ല. എപ്പോൾ കണ്ടാലും അഭിവന്ദ്യ ജോഷ്വാ പിതാവ് ആദ്യം എന്നോടുചോദിക്കുന്ന ഒരു ചോദ്യമുണ്ട്. സാറേ, ഞങ്ങളുടെ ഇവാൻ സുഖമായിരിക്കുന്നല്ലോ അല്ലേ എന്ന്! ആ ചോദ്യത്തിലും അന്വേഷണത്തിലും എല്ലാമുണ്ട് എന്നു ഞാൻ വിചാരിക്കുന്നു. സ്നേഹം, കരുതൽ, ചേർത്തുപിടിക്കൽ, പ്രാർത്ഥന, സർവ്വതും അതു തന്നെയാണ് ജോഷ്വാപിതാവിനെ വ്യത്യസ്തനാക്കുന്നതും.

എത്രയോവർഷം ഇഗ്നാത്തിയോസ് തിരുമേനി സി.ബി.സി.ഐയുടെ (ദേശീയ കത്തോലിക്കാമെത്രാൻ സമിതി) വിദ്യാഭ്യാസ കമ്മീഷന്റെ ചെയർമാനായിരുന്നു. കെ.സി.ബി.സിയുടെ മദ്യവർജനപ്രസ്ഥാനത്തിന്റെ തലപ്പത്തു മാത്രമല്ല, ഒരു കാലത്തു കേരളത്തിലെ സഭൈക്യ പ്രവർത്തനങ്ങളുടെ സവിശേഷമുഖമായിരുന്ന കേരളസംയുക്ത ക്രൈസ്തവ മദ്യവർജന സമിതിയുടേയും ചെയർമാനായിരുന്നു ജോഷ്വാപിതാവ്. അന്നത്തെ സർക്കാരുകളുടെ തെറ്റായ മദ്യനയങ്ങളെ ശക്തമായി ചെറുക്കുന്നതിനു ജനകീയ പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകാനും പിതാവ് മുന്നിട്ടുനിന്നതും ഓർമ്മയിലുണ്ട്. അടിസ്ഥാന

www.malankaralibrary.com


പരമായി ജോഷ്വാപിതാവ് ഒരു ജനകീയനാണെന്നുപറയാം. ആളുകളോട് ഇടപെടുന്നതിൽ സാമ്പത്തിക വ്യത്യാസങ്ങളോ പദവിഭേദങ്ങളോ പ്രായമോ ഒന്നും പിതാവിനു മാനദണ്ഡങ്ങളല്ല. സഭാവ്യത്യാസങ്ങളോ, മത-സമുദായ ഭേദങ്ങളോ, രാഷ്ട്രീയ നിലപാടുകളോ, പ്രത്യയശാസ്ത്ര ഭിന്നതകളോ ഒന്നും പിതാവിന്റെ സൗഹൃദയവലയങ്ങളെ പരിമിതപ്പെടുത്തുന്നുമില്ല. ആരേയും പിതാവ് മനസ്സിൽ മതിൽകെട്ടി മാറ്റിനിർത്തുന്നുമില്ല. എല്ലാവരോടും വിശ്വസ്തൻ. എല്ലാവർക്കും സമീപസ്ഥൻ. തിരുമേനിയുടേത് സ്നേഹത്തിന്റെ തിയോളജിയാണ്. മാവേലിക്കരയിലെ തിരുമേനിമാർക്കു പൊതുവേയുള്ളതാണ്.

ഓർത്തഡോക്സിലെ കാലംചെയ്ത ഒസ്താത്തിയോസ് തിരുമേനിയും പക്കോമിയോസ് തിരുമേനിയുമൊക്കെ ഒരർത്ഥത്തിൽ നോക്കിയാൽ ഈ സ്നേഹത്തിന്റെ തിയോളജിയുടെ ഉപാസകരായിരുന്നു. ജോഷ്വാപിതാവിന്റേയും ജനകീയമുഖമാണ്. കൊട്ടാരക്കരയിലെ ആത്മീയപൈതൃകവും കുടുംബപശ്ചാത്തലവുമൊക്കെ തിരുമേനിയുടെ വിശ്വാസപരമായ നിലപാടുകളെയും സഭൈക്യ ചായ്വുകളെയും സ്വാധീനിച്ചിട്ടുണ്ടാവുമെന്നതിലും തർക്കമൊന്നുമില്ല.

ദീർഘകാലത്തെ ആത്മീയശുശ്രൂഷകളുടെ തിരക്കും ഭാരവുമൊക്കെ സഭാകീഴ്വഴക്കപ്രകാരം മാറ്റിവയ്ക്കാനുള്ള കാലമാവുമ്പോൾ അതിലും തിരുമേനി അശ്ശേഷം അസ്വസ്ഥനുമല്ല. വായനയ്ക്കും എഴുത്തിനും തിരുമേനി കൂടുതൽ സമയം കണ്ടെത്തുമ്പോൾ സഭയ്ക്കും സമൂഹത്തിനും അത് തീർച്ചയായും അനുഗ്രഹമാവും. സുവിശേഷ മഹായോഗങ്ങൾക്കും വരുംകാലം തിരുമേനിയുടെ സാന്നിദ്ധ്യം കൂടുതലുണ്ടാകുമെന്നു ഞാൻ കരുതുന്നു. അങ്ങനെ ഉണ്ടാകണമെന്നതാണ് എന്റെ പ്രാർത്ഥനയും.

ആയുഷ്മാൻ ഭവ!

www.malankaralibrary.com


# അപൂർവ വ്യക്തിത്വത്തിന്റെ അതിശയഭംഗികൾ



3

ഡോ. ജോർജ് ഓണക്കൂർ

**മാ**വേലിക്കരയിലുടെ നടത്തുന്ന യാത്രകൾ മലയാളസംസ്കൃതിയുടെ ഹൃദയഭൂമികയുടെ അറിവും ആനന്ദവും ഉൾക്കൊള്ളുന്നതാണ്. ഓണാട്ടുകരപ്രദേശം നമ്മുടെ സംസ്കാരത്തിന് എക്കാലത്തും മികച്ച സംഭാവനകൾ നൽകിയിട്ടുണ്ട്. എ.ആർ. തമ്പുരാനെപ്പോലുള്ള ഭാഷാ പണ്ഡിതന്മാർ, 'മറിയാമ്മ' നാടകമെഴുതിയ കൊച്ചീപ്പൻ തരകൻ, എൻ.പി.ചെല്ലപ്പൻ നായർ, തോപ്പിൽ ഭാസി, കാമ്പിശ്ശേരി കരുണാകരൻ, ഓ. മാധവൻ തുടങ്ങിയ നാടകകൃത്തുക്കൾ. പ്രഭാകര വർമ്മ, മാവേലിക്കര കൃഷ്ണൻകുട്ടിനായർ തുടങ്ങിയ സംഗീതജ്ഞർ. ടി.കെ.മാധവൻ, ടി.എം. വർഗ്ഗീസ് തുടങ്ങിയ രാഷ്ട്രീയ സാമൂഹിക നേതാക്കൾ. പാറപ്പുറത്ത്, പുതുശ്ശേരി രാമചന്ദ്രൻ, എസ്. ഗുപ്തൻ നായർ എന്നിങ്ങനെ സാഹിത്യാചാര്യന്മാർ. അബു എബ്രഹാമിനെപ്പോലെ ദേശാതിർത്തികൾ കടന്ന് പ്രശസ്തിയാർജ്ജിച്ച കലാകാരന്മാർ. ആത്മീയാചാര്യനായ ശുഭാനന്ദഗുരുദേവൻ. അങ്ങനെ ഓണാട്ടുകരയെ ലോകഭൂപടത്തിൽ അടയാളപ്പെടുത്തിയ മഹത്തുക്കൾ ഏറെ.

www.malankaralibrary.com


ഇവർക്കിടയിൽ ആദ്ധ്യാത്മികതേജസ്സോടെ ഉയർന്നു നിൽക്കുന്ന മഹാചാര്യനാണ് മാർ ഈവാനിയോസ് തിരുമേനി. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സ്ഥാപക പിതാവ്. 'ആർഷജ്ഞാനത്തിന്റെ പ്രവാചകൻ' എന്ന് ചരിത്രം രേഖപ്പെടുത്തിയ ഈ വന്ദ്യപിതാവാണ് ഭാരതീയസന്യാസത്തിന്റെ ദർശനങ്ങൾ ഉൾക്കൊണ്ട് മലങ്കരയിൽ നവീനവും സനാതനവുമായ ധർമ്മാചരണം നടപ്പാക്കിയത്. അഞ്ചു പേരിൽ ആരംഭിച്ച ആ ധർമ്മസമൂഹം ഇന്ന് ആഗോള കത്തോലിക്കാ സഭയിൽ വേറിട്ട വ്യക്തിത്വമാർജിച്ച് വികാസം പ്രാപിച്ചിരിക്കുന്നു.

ഈ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പുരോഗമന ഘട്ടത്തിൽ പുതിയൊരു ഭദ്രാസനം മാവേലിക്കരയിൽ സ്ഥാപിതമായത് ആ വന്ദ്യപിതാവിന്റെ മഹത്വത്തിന് ആദരമർപ്പിച്ചു കൊണ്ടാണ്. അതിന്റെ അദ്ധ്യക്ഷനായി സഭാസൂനഹദോസ് കണ്ടെത്തിയത് അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയെയാണ്. വിദ്യാഭ്യാസവിചക്ഷണനും സാമൂഹികപ്രവർത്തകനും എങ്ങും പടർന്നു കയറുന്ന ദുരാചാരങ്ങൾക്കെതിരെ സന്ധിയില്ലാപോരാട്ടം നയിക്കുന്ന മഹത് വ്യക്തിത്വം.

സ്നേഹാദരങ്ങളോടെ ജോഷ്വാ തിരുമേനിയുടെ വ്യക്തിശോഭ ഞാൻ ദർശിക്കുകയാണ്. തിരുവനന്തപുരം മാർ ഈവാനിയോസ് കോളെജിൽ പ്രീ-ഡിഗ്രിക്കു പഠിച്ചിരുന്ന വൈദികവിദ്യാർത്ഥിയായ കോശി വർഗ്ഗീസ് എന്ന കൗമാരക്കാരന്റെ ചിത്രം മനസ്സുനിറഞ്ഞു നില്ക്കുന്നു. സമർത്ഥനും സ്നേഹസമ്പന്നനും വിനയാന്വിതനുമായ ആ വിദ്യാർത്ഥി അദ്ധ്യാപകരുടെ മുഴുവൻ സ്നേഹഭാജനമായിരുന്നു. അവിടെ നിന്ന് പഠിച്ചുയർന്ന് വൈദികപരിശീലനം നേടി ആത്മീയ ജീവിതത്തിൽ പ്രവേശിച്ച ഘട്ടത്തിൽ മദ്രാസ് കേന്ദ്രമാക്കി കർമ്മ ജീവിതം നിർവഹിക്കാനായിരുന്നു നിയോഗം. വൈദികശുശ്രൂഷകൾ ആകർഷകമായി നിറവേറ്റിയതോടൊപ്പം ഉപരിപഠനത്തിന് കൂടി സമയം കണ്ടെത്തി. വിദ്യാഭ്യാസത്തിൽ ഡോക്ടറേറ്റ് നേടി. തുടർന്ന് തിരുവനന്തപുരം അതിരൂപതയുടെ സഹായമെത്രാനായി കുറച്ച് അധികകാലം അദ്ദേഹം സേവനം അനുഷ്ഠിച്ചു.

പിൽക്കാലത്ത് മാവേലിക്കര ഭദ്രാസനാധിപനായി നിയോഗിക്കപ്പെട്ടു. കേരള കാത്തലിക് ബിഷപ്സ് കോൺഫറൻസിന്റെയും കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇൻഡ്യയുടെയും വൈസ് പ്രസിഡന്റ്, പ്രസിഡന്റ് അടക്കമുള്ള ആദരണീയ പദവികൾ

www.malankaralibrary.com


അദ്ദേഹം വഹിച്ചിട്ടുണ്ട്. തൊഴിലാളികളുടെ ഉന്നമനത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ സ്തുത്യർഹമായ ശ്രദ്ധകേന്ദ്രീകരിച്ചു. അതോടൊപ്പം മദ്യവർജ്ജന പ്രസ്ഥാനത്തിന് മൗലികവും മഹത്തരവുമായ നേതൃത്വം വഹിച്ചു. ഒട്ടേറെ ലഹരിവിരുദ്ധ ബോധ വല്ക്കരണ പരിപാടികൾക്ക് ഇഗ്നാത്തിയോസ് തിരുമേനി അമരക്കാരനായിട്ടുണ്ട്.

ആദ്ധ്യാത്മികപിതാവ്, അർപ്പണബോധമുള്ള സാമൂഹിക നേതാവ് എന്നീ നിലകളിലൊക്കെ പ്രവർത്തിക്കുന്നതിനോടൊപ്പം താൻ ഉൾക്കൊണ്ട ആദ്ധ്യാത്മികപ്രകാശം പ്രവൃത്തികളിലൂടെ, പ്രഭാഷണങ്ങളിലൂടെ പകർന്നുനൽകുന്നതിന് നിതാന്തജാഗ്രത പുലർത്തി. അഭിവന്ദ്യ ഇഗ്നാത്തിയോസ് തിരുമേനി പൊതുവേദികളിൽ എന്നും ജ്വലിക്കുന്ന നക്ഷത്രമാണ്. ആശയഗംഭീരവും ആവിഷ്കാരത്തിൽ അനന്യസാധാരണവുമാണ് അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ.

വ്യക്തിബന്ധങ്ങളിൽ ജോഷ്വാപിതാവിനെപ്പോലെ തികച്ചും ഊഷ്മളത കാത്തുസൂക്ഷിക്കുന്നവർ വിരളമാണ്. ഒരിക്കൽ കണ്ടാൽ എന്നും ഓർത്തെടുക്കുന്ന, ഓരോരുത്തരുടെയും പൂർണ്ണവിവരങ്ങൾ മനസ്സിൽ സൂക്ഷിക്കുന്ന സ്വഭാവം. അവരുടെ ഏത് ആവശ്യങ്ങളിലും ഓടിയെത്താനും സഹായഹസ്തം നീട്ടാനും തിരുമേനി പുലർത്തുന്ന പ്രത്യേക പരിഗണന എല്ലാവരുടെയും ശ്രദ്ധയും ആദരവും ആർജ്ജിച്ചിട്ടുണ്ട്. യാതൊരുവിധ സങ്കുചിതചിന്തകളും ആ കർമ്മ വേദിയെ പരിമിതപ്പെടുത്തുന്നില്ല.

തന്റെ സേവനം ആവശ്യമുള്ളിടത്തൊക്കെ ഹാർദ്ദമായി അത് നല്കുക, പരിചിതരെ ഹൃദയപൂർവ്വം ചേർത്ത് പിടിക്കുക, നന്മ നിറഞ്ഞ മഹദ്ജീവിതം നയിക്കുക, മനുഷ്യസേവനമാണ് ഏറ്റവും വലിയ ദൈവാരാധനയെന്നു തിരിച്ചറിയുക... ഒരു ലേഖനത്തിലൊതുങ്ങാത്തവിധം വിപുലവും അപൂർവ്വസുന്ദരവുമാണ് തിരുമേനിയുടെ കർമ്മവൈഭവവും വ്യക്തിശോഭയും. മാവേലിക്കര ഭദ്രാസനത്തിന് അതിന്റെ പ്രഥമ മെത്രാപ്പൊലീത്ത എന്ന നിലയിൽ അഭിവന്ദ്യ തിരുമേനിയുടെ നേതൃത്വത്തിൽ കൈവന്ന നേട്ടങ്ങൾ ഈ ലേഖനത്തിൽ വിവരിക്കുന്നില്ല. ഇത് ആ അപൂർവ്വ വ്യക്തിത്വത്തിന്റെ അതിശയ ഭംഗികൾ സ്നേഹാദരപൂർവ്വം നോക്കിക്കാണുന്ന ഒരു ആത്മബന്ധുവിന്റെ സ്നേഹപ്രകാശനം മാത്രം. കൗമാരകാലത്ത് ബന്ധപ്പെടാനും ആ സൗഹൃദം സ്വന്തമാക്കാനും വളർത്തിയെടുക്കാനും ഇന്നോളം അത് നിലനിർത്താനും കഴിഞ്ഞതിൽ അഭിമാനം. അത് തീർച്ചയായും

www.malankaralibrary.com


ജോഷ്വാതിരുമേനിയുടെ ഔദാര്യപൂർണ്ണമായ സ്വഭാവവൈശിഷ്ട്യം നിമിത്തമാണ്. അതിൽ അഭിമാനം കൊള്ളുന്ന ഒരു എളിയ അദ്ധ്യാപകന്റെ ആത്മപ്രകാശനമാണ് പ്രധാനമായും ഈ ലേഖനം.

വ്യക്തിപരമായി എത്ര നന്മകൾ എന്നിലേക്ക് ഒഴുകിയെ ത്തിയിരിക്കുന്നു! തിരുവനന്തപുരത്ത് വച്ച് എന്റെ മകന്റെ വിവാഹം നടത്തിത്തന്നത്, മകളുടെ വിവാഹത്തിന് പത്തനംതിട്ടയിൽ ഓടിയെത്തിയത്, ഞങ്ങളുടെ കുടുംബത്തിൽ ആവശ്യമായ സന്ദർഭങ്ങളിലൊക്കെ ആ മഹനീയ സാന്നിദ്ധ്യം എപ്പോഴും ഉറപ്പായിരുന്നു എന്നു ഞാൻ ഓർക്കുന്നു. കേരളാ കാത്തലിക് ബിഷപ്സ് കോൺഫറൻസിന്റെ സാഹിത്യപുരസ്കാരം 'എന്റെ ഒലീവു മരങ്ങളുടെ നാട്ടിൽ' എന്ന ഗ്രന്ഥത്തിന് നിശ്ചയിക്കപ്പെട്ടത് ചില സാങ്കേതിക കാരണങ്ങളാൽ ഒഴിവാക്കാൻ ഇടവന്നു. അതിന്റെ ദുഃഖാഗ്നി കെടാതെ കിടന്നത് 2012ൽ 'ഹൃദയത്തിൽ ഒരു വാൾ' എന്ന നോവലിന് അതേ പുരസ്കാരം സ്വന്തമാക്കുന്നതിന് കാരണഭൂതനായി വർത്തിച്ചത് അഭിവന്ദ്യ തിരുമേനിയാണ്. ആ കടപ്പാട് ഉൾപ്പെടെ എത്രയെത്ര സാന്ത്വനങ്ങളാണ് മനസ്സിൽ സൂക്ഷിക്കാനുള്ളത്. അവയൊക്കെ ഈ നിമിഷത്തിൽ ഓർത്തോർത്ത് നന്ദി പറയുക മാത്രം ചെയ്യുന്നു. മഹാനായ ഈ ആദ്ധ്യാത്മികപിതാവിന്റെ ഇനിയുള്ള പ്രവർത്തനങ്ങൾ സമൂഹത്തിനാകെ പ്രയോജകീഭവിക്കട്ടെ എന്ന പ്രാർത്ഥന മാത്രം.

www.malankaralibrary.com


# ഭാരതസഭയിലെ പ്രവാചകശബ്ദം



**ആചാര്യശ്രീ സച്ചിദാനന്ദ ഭാരതി**
ദൈവകൃപ ആശ്രമം,
തത്തമ്പള്ളി, ആലപ്പുഴ

4

**മ**ൽക്കിസദേക്കിന്റെ പാരമ്പര്യത്തിലുള്ള നിത്യ പുരോഹിതനും പ്രവാചകനും രാജാവുമായിട്ടും ക്രിസ്തുദേവനെ വിശുദ്ധ വേദപുസ്തകത്തിൽ അവതരിപ്പിക്കുന്നുണ്ട്. ആധുനികഭാരതത്തിൽ ക്രിസ്തുദേവന്റെ യഥാർത്ഥ ശിഷ്യനായി ജീവിക്കുന്ന ഒരു പുരോഹിതനും പ്രവാചകനും രാജകുമാരനുമായിട്ടാണ് ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസിനെ ഞാൻ കാണുന്നത്. ഇതിൽത്തന്നെ, അദ്ദേഹത്തിന്റെ പ്രവാചകശബ്ദത്തിനും ദൗത്യത്തിനുമാണ് ഞാൻ പ്രാധാന്യം നൽകുന്നത്.

മാവേലിക്കര ഭദ്രാസനത്തിന്റെ ആദ്യത്തെ ആത്മീയ ആചാര്യൻ എന്ന മഹത്തായ ഉത്തരവാദിത്വത്തിൽ നിന്നും വിരമിക്കുന്ന ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി ഞാൻ അതിയായി സ്നേഹിക്കുകയും ഏറ്റം ആദരിക്കുകയും ചെയ്യുന്ന എന്റെ ഒരു ആത്മസഹോദരനും സഹപ്രവർത്തകനും കൂടിയാണ്.

www.malankaralibrary.com


വെറും അഞ്ചു വർഷങ്ങൾ മാത്രമാണ് എനിക്കദ്ദേഹത്തെ അടുത്തറിയുവാനുള്ള ഭാഗ്യം ലഭിച്ചിട്ടുള്ളത്. എങ്കിലും യുഗങ്ങളായുള്ള ഒരു ആത്മബന്ധമാണ് ഞങ്ങളുടേത് എന്നാണ് എനിക്ക് പലപ്പോഴും തോന്നിയിട്ടുള്ളത്.

ഭാരതസഭ ഇന്ന് അന്വേഷിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്ന ഒരു പ്രവാചക ദൗത്യത്തിന് ദൈവത്താൽ നിയുക്തനായവനും അഭിഷേകം ചെയ്യപ്പെട്ടവനുമായ ഒരു ക്രിസ്തുശിഷ്യനാണ് ജോഷ്വാ തിരുമേനി എന്ന് ഞാൻ കണ്ടറിഞ്ഞു വിശ്വസിക്കുന്നു. ഈ അറിവും വിശ്വാസവുമാണ് എന്നെ അദ്ദേഹത്തിലേക്കു ഇത്രയധികം ആകർഷിച്ചതും ഞങ്ങളെ ഒരു യുഗധർമ്മനിർവഹണ മഹായജ്ഞത്തിൽ പങ്കാളികളാക്കിയതും.

അദ്ദേഹം പ്രസിഡന്റ് ആയിട്ടുള്ള 'ധർമ്മരാജ്യവേദി' യുടെ കേരള സംസ്ഥാന ഘടകത്തിലൂടെ ഞങ്ങൾ ഇന്ന് ദൈവരാജ്യത്തിന്റെ കെട്ടുപണിയിൽ സഹപ്രവർത്തകരാണ്.

ഔദ്യോഗികജീവിതത്തിൽ നിന്നും വിരമിച്ചശേഷം ഈ യുഗ ധർമ്മനിർവഹണത്തിനായി അദ്ദേഹം കൂടുതൽ സമയവും ഊർജ്ജവും ഉപയോഗിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. അദ്ദേഹം നൽകിയിട്ടുള്ള പല സൂചനകളും എന്റെ ഈ വിശ്വാസത്തെ ശക്തിപ്പെടുത്തുന്നവയാണ്.


ആധുനിക യുഗത്തിൽ പ്രവാചക ദൗത്യത്തിനാവശ്യമായ അഞ്ചു അനിവാര്യ ധർമ്മങ്ങളാണ് പ്രാർത്ഥനയും പഠനവും പ്രവർത്തനവും പ്രബോധനവും പ്രോത്സാഹനവും. ഈ പഞ്ചധർമ്മങ്ങൾ സ്വന്തമാക്കി ജീവിക്കുന്ന ഒരു മഹത്വ്യക്തിത്വമാണ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി. ഈ ജീവിത സാക്ഷ്യമാണ് എന്നെ അദ്ദേഹത്തിലേക്കു ആകർഷിച്ച ആത്മീയ ശക്തിധാര. സഭക്കും സമൂഹത്തിനും അദ്ദേഹം ചെയ്തിട്ടുള്ളതും ചെയ്തുകൊണ്ടിരിക്കുന്നതുമായ അമൂല്യസേവനങ്ങൾ അനേകങ്ങളാണ്. ഇവയിലൂടെയുള്ള ജീവിത സാക്ഷ്യമാണ് അദ്ദേഹത്തിന്റെ ഏറ്റവും വലിയ ആത്മസമ്പത്തും.

ഔദ്യോഗിക പദവിയിൽ നിന്നും വിരമിക്കുമ്പോൾ ചിലർക്കെല്ലാം വലിയൊരു ആന്തരിക സമാധാനവും സ്വാതന്ത്ര്യവും അനുഭവപ്പെടാറുണ്ട്. ഈ ആന്തരിക സമാധാനവും സ്വാതന്ത്ര്യവും ഒരു പ്രവാചക ദൗത്യത്തിന്റെ അനിവാര്യ ഘടകങ്ങളാണ്.

www.malankaralibrary.com


സഭയിലെ ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിക്കുന്ന ജോഷ്വാ തിരുമേനിക്ക് ഈ ആന്തരിക സമാധാനവും സ്വാതന്ത്ര്യവും ധാരാളമായി ലഭിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

കേരള സഭയും കേരള സമൂഹവും ഇന്ന് വലിയ ആത്മീയവും ധാർമ്മികവുമായ പ്രതിസന്ധി ഘട്ടങ്ങളിലൂടെ കടന്നുപോകുകയാണ്. ഒരു ആത്മീയ നവീകരണവും ധാർമ്മിക നവോത്ഥാനവും കേരളത്തിന് അത്യാവശ്യമായി തീർന്നിരിക്കുന്ന ഒരു കാലഘട്ടമാണിത്. ഇവിടെയാണ് ഒരു ശക്തമായ പ്രവാചക ദൗത്യത്തിന്റെ അനിവാര്യത നമുക്കനുഭവപ്പെടുന്നത്. ഈ യുഗധർമ്മനിർവഹണ മഹായജ്ഞത്തിൽ അനിവാര്യമായ പ്രവാചകദൗത്യത്തിലേക്കുകടന്നുവന്നു പ്രവർത്തിക്കുവാനുള്ള വലിയൊരു അനുഗ്രഹമായി തീരട്ടെ ജോഷ്വാ തിരുമേനിയുടെ ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിച്ചുള്ള ശിഷ്ടജീവിതം എന്ന് ഞാൻ പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.



www.malankaralibrary.com


# നന്മയുടെ വിളക്കുമാടം



5

**മുരളീധരൻ തഴക്കര**
പ്രോഗ്രാം എക്സിക്യൂട്ടീവ്
(Rtd.) ആകാശവാണി

"അടുത്തുനിൽപോ,രനുജനെനോക്കാ,നക്ഷികളില്ലാത്തോർ-
ക്കരൂപനീശ്വരൻ,നദൃശ്യനായാല,തിലെന്താശ്ചര്യം"

**മ**ഹാകവി ഉള്ളൂരിന്റെ ചിന്തോദ്ദീപകമായ കവിതാ ശകലമാണിത്. യഥാർത്ഥത്തിൽ ക്രിസ്തു യേശുവിന്റെ ദർശനത്തിന്റെ സാര സംഗ്രഹം തന്നെയാണീ വരികൾ. നിന്റെ സമീപത്ത് നിൽക്കുന്ന സഹോദരനെ കാണുവാൻ നിനക്ക് കണ്ണുകളില്ലെങ്കിൽ, അദൃശ്യനായ വിദൂരതയിലുള്ള എന്നെ നിനക്കെങ്ങനെ കാണുവാൻ കഴിയും എന്നത് ദൈവപുത്രന്റെ ഓരോ മനുഷ്യരോടുമുള്ള ഏറെ പ്രസക്തമായ ചോദ്യമാണ്. അതുകൊണ്ടുതന്നെയാണ് നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുകയെന്ന് അദ്ദേഹം മനുഷ്യരാശിയെ ഓർമ്മിപ്പിച്ചത്.

ഇവിടെ ഇതാ ഇങ്ങനെയൊരു ആമുഖത്തിന് എന്താണ് സാംഗത്യം? ഈ ആമുഖം അഭിവന്ദ്യനായ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയിലേക്കുള്ള ഒരു പടിപ്പുരയാണ്. മലങ്കര

www.malankaralibrary.com


സഭയുടെ മാവേലിക്കര ഭദ്രാസനാധിപനായ ഈ അജപാലകൻ സഭയുടെ ഭദ്രാസനാധിപൻ മാത്രമല്ല മറിച്ച് മാവേലിക്കരയിലെ പൊതുസമൂഹത്തിന്റെയാകെ ഹൃദയത്തിൽ ചിരപ്രതിഷ്ഠനേടിയ നന്മയുടെയും സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും കരുതലിന്റെയും അജപാലകനാണ്.

തിരുവനന്തപുരം ആകാശവാണിയിൽ രണ്ടു പതിറ്റാണ്ടിലേറെക്കാലം സേവനമനുഷ്ഠിച്ച എന്നെ സംബന്ധിച്ച് ഒരു വ്യാഴവട്ടക്കാലത്തിലേറെയുള്ള ആത്മബന്ധമാണ് അദ്ദേഹവുമായുള്ളത്. ആകാശവാണിക്കാലത്ത് റേഡിയോഗ്രാമരംഗം, സുഭാഷിതം, ക്രിസ്തുമസ്-ഈസ്റ്റർദിന സന്ദേശങ്ങൾ തുടങ്ങി അദ്ദേഹത്തിന്റെ എത്രയോ ശ്രദ്ധേയമായ പ്രഭാഷണങ്ങളും അഭിമുഖങ്ങളും ശബ്ദലേഖനം ചെയ്ത് പ്രക്ഷേപണം ചെയ്യുവാൻ കിട്ടിയ അവസരങ്ങളെ ഒരു മാധ്യമപ്രവർത്തകൻ എന്നനിലയിൽ ജീവിതപുണ്യവും നിയോഗവുമായാണ് ഞാൻ കരുതുന്നത്. അദ്ദേഹവുമായുള്ള ഊഷ്മളമായ ആത്മബന്ധം ഓരോ കൂടിക്കാഴ്ചകളിലൂടെയും ഊതിക്കാച്ചി സ്ഫുടം ചെയ്തെടുക്കുകയായിരുന്നു എന്നതാണ് പരമാർത്ഥം.

സ്വാഭാവികമായും സഭകളിലെ ആചാര്യന്മാരായ തിരുമേനിമാർ പൊതുവേ സഭയുടെ പ്രവർത്തനങ്ങളിൽ മാത്രം ജാഗരൂകരാകുകയും ആത്മീയശുശ്രൂഷകളിൽ വ്യാപൃതരാകുകയുമാണെന്ന ധാരണകളെ അപ്പാടെ തിരുത്തിക്കുറിച്ച അനുഗ്രഹീത ഇടയനാണ് ഇഗ്നാത്തിയോസ് തിരുമേനി. അരമനയുടെ അകത്തളങ്ങളിൽ ഒതുങ്ങിനിന്ന സഭയുടെ കാര്യദർശിയും ശുശ്രൂഷകനും മാത്രമായിരുന്നില്ല അദ്ദേഹം. ജന്മം കൊണ്ട് കൊട്ടാരക്കരക്കാരനായ അദ്ദേഹം മലങ്കര സഭയുടെ സ്ഥാപകനും പരമാചാര്യനുമായ മാർ ഈവാനിയോസ് തിരുമേനിയുടെ ജന്മം കൊണ്ട് അനുഗ്രഹീതമായ ഓണാട്ടുകരയുടെ പുണ്യം നിറഞ്ഞ മണ്ണിലെത്തി ജാതി-മത-വർണ്ണ വ്യത്യാസങ്ങൾ ഒന്നുമില്ലാതെ പൊതുസമൂഹത്തിന്റെയാകെ സ്വന്തം തിരുമേനിയായി മാറി.

സമൂഹത്തിൽ എവിടെയും അദ്ദേഹത്തിന്റെ സാന്നിദ്ധ്യവും സാമീപ്യവുമുണ്ട്. മാവേലിക്കരയിലും സമീപ പ്രദേശങ്ങളിലും മാത്രമല്ല എവിടെയും എന്ത് നല്ല കാര്യങ്ങൾ നടക്കുമ്പോഴും കൂടിവരവുകൾ ഉണ്ടാകുമ്പോഴും ജനസമൂഹത്തെയാകെ ബാധിക്കുന്ന പ്രശ്നങ്ങളുണ്ടാകുമ്പോഴും അവിടെയെല്ലാം ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയുടെ സാന്നിദ്ധ്യമുണ്ടാകും.

വളരെ സത്യസന്ധമായി പറയട്ടെ. സ്വന്തം കുടുംബത്തിലേക്ക് കടന്നുചെല്ലുന്ന നിറഞ്ഞ മനസ്സോടെയാണ് മാവേലിക്കര പുന്നമൂട്ടിലെ

www.malankaralibrary.com


അമലഗിരിയിലെ തിരുമേനിയുടെ പുണ്യസങ്കേതത്തിലേക്ക് കടന്നെത്തുന്നത്. അതിനുള്ള പ്രധാനകാരണം അമലഗിരി കുടുംബനാഥന്റെ കലർപ്പില്ലാത്ത സ്നേഹവാത്സല്യമാണ്. ക്രിസ്തുയേശുവിന്റെ മതം അക്ഷരാർത്ഥത്തിൽ സ്നേഹമാണെങ്കിൽ ഇഗ്നാത്തിയോസ് തിരുമേനിയുടെ മതം ഹൃദയത്തിൽ തൊടുന്ന സ്നേഹത്തിന്റെ ദൂതാണ്. എത്രയോ നാളുകളായി ഓണത്തിനും ക്രിസ്തുമസിനും അദ്ദേഹം അരമനയിലൊരുക്കുന്ന സ്നേഹക്കൂട്ടായ്മയിൽ പങ്കെടുക്കുമ്പോൾ അത് സ്നേഹവിരുന്നിലുപരി അനുഭൂതിദായകവും ആഹ്ലാദപൂർണ്ണവുമായ അനുഭവമാണ്.

ഹൃദയംകൊണ്ടെഴുതുന്ന ഈ കുറിപ്പിൽ വ്യക്തിപരമായ ഒരു വസ്തുതകൂടി പറയേണ്ടതുണ്ട്. പ്രഥമാദ്ധ്യാപകൻ, മാവേലിക്കര സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻ, മാവേലിക്കര എയ്ഡഡ് സ്കൂൾ എംപ്ലോയീസ് സഹകരണസംഘം സ്ഥാപക ഭരണസമിതിയംഗം, കേരള പ്രൈവറ്റ് പ്രൈമറി ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷൻ സാരഥി, തഴക്കര ശ്രീസുബ്രഹ്മണ്യ ഹൈന്ദവ സേവാസമിതിയുടെ സ്ഥാപക ഭരണസമിതിയംഗം എന്നിങ്ങനെ പൊതുരംഗത്ത് സക്രിയവും സജീവവുമായിരുന്ന എന്റെ പിതാവ് തഴക്കര പോത്തന്നൂർ വീട്ടിൽ എ. ഗോപിനാഥൻപിള്ളയുടെ നാമധേയത്തിൽ പ്രവർത്തിച്ചുവരുന്ന എ.ജി.പി. ഫൗണ്ടേഷന്റെ രക്ഷാധികാരിയായി പ്രവർത്തിക്കുന്നത് സമാദരണീനായ ഇഗ്നാത്തിയോസ് തിരുമേനിയാണ്. കഴിഞ്ഞ ഒരു ദശാബ്ദക്കാലമായി സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിൽ നിശബ്ദവും നിസ്വാർത്ഥവുമായി പ്രവർത്തനങ്ങൾ നടത്തുന്ന ഈ ഫൗണ്ടേഷന്റെ സമസ്തതല സ്പർശിയായ പ്രവർത്തനങ്ങൾക്കും ചാലകശക്തിയായി അഭിവന്ദ്യനായ തിരുമേനി ഈ ഫൗണ്ടേഷനോടൊപ്പം നിലകൊള്ളുന്നതിലൂടെ ഞങ്ങളുടെ കുടുംബത്തിലെ ഒരംഗം കൂടിയാണദ്ദേഹമെന്ന് അഭിമാനപുരസ്സരം പറയട്ടെ.

ജനുവരി മാസത്തിൽ നടക്കുന്ന അദ്ദേഹത്തിന്റെ ഓരോ നാമഹേതുക തിരുന്നാൾ ദിനത്തിലും വ്രതശുദ്ധിയാർന്ന മനസ്സോടെയാണ് ഓരോരുത്തരും അതിൽ പങ്കാളികളാകുന്നത്. ഇതിനോടനുബന്ധിച്ചു നടക്കുന്ന സമ്മേളനം അദ്ദേഹത്തിന്റെ പ്രവർത്തനമഹത്വത്തിന്റെ സാക്ഷ്യമാണ്. ജാതി മതഭേദമന്യേ പൊതുസമൂഹത്തിന്റെ പരിച്ഛേദമാണ് ഈ ചടങ്ങിൽ പങ്കെടുക്കുന്നത്. രാഷ്ട്രത്തിന്റെ പൊതുസേവന പ്രക്ഷേപണമാധ്യമമായ ആകാശവാണിയുമായി ബന്ധപ്പെട്ട ഒരുനുഭവം കൂടി പങ്കുവെച്ചുകൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കാം.

www.malankaralibrary.com


ആകാശവാണി പ്രക്ഷേപണം ചെയ്യുന്ന ആവശ്യാധിഷ്ഠിത വികസനോന്മുഖ പരിപാടികളിൽ ഏറ്റവും ശ്രദ്ധേയമായ വയലും വീടും എന്ന കാർഷിക ഗ്രാമീണപരിപാടി പ്രക്ഷേപണം ആരംഭിച്ചിട്ട് 2017 എത്തിയപ്പോൾ അൻപത് സംവത്സരങ്ങൾ പിന്നിട്ടു. വയലും വീടും പരിപാടിയുടെ സുവർണ്ണജൂബിലി സമ്പൂർണ്ണകാർഷിക പങ്കാളിത്ത ത്തോടെ തിരുവനന്തപുരം ആകാശവാണി നിലയം യഥാവിധി ആഘോ ഷിക്കുകയുണ്ടായി. ഇതിന്റെ മുന്നോടിയായി തിരുവനന്തപുരം നിലയ ത്തിന്റെ പരിധിയിൽ ഉൾപ്പെട്ട അഞ്ച് ജില്ലകളിൽ ജില്ലാതല ആഘോ ഷങ്ങളും നടത്തുകയുണ്ടായി. ആലപ്പുഴ ജില്ലാതല ആഘോഷപരിപാ ടികൾക്ക് ആതിഥ്യമേകിയത് കായംകുളം ചേതന ഇന്റഗ്രൽ ഡെവല പ്പ്മെന്റ് സൊസൈറ്റിയാണ്. മലങ്കര കത്തോലിക്കാസഭയുടെ മാവേ ലിക്കര ഭദ്രാസനത്തിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സർക്കാ രിതര സന്നദ്ധ പ്രസ്ഥാനമാണ് ചേതന.

2017-ൽ ചേതനയിൽ നടന്ന ആലപ്പുഴ ജില്ലാതല വയലും വീടും സുവർണ്ണജൂബിലി കർഷക സംഗമം ഉദ്ഘാടനം ചെയ്തത് ഭദ്രാസ നാധിപനായ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയായി രുന്നു. ആകാശവാണി പ്രതിനിധി എന്ന നിലയിൽ ഈ സമ്മേളനത്തിന് സ്വാഗതം ആശംസിക്കുവാനുള്ള നിയോഗം എനിക്ക് കൈവന്നു. അഭി വന്ദ്യനായ തിരുമേനിക്ക് സ്വാഗതം പറഞ്ഞ അവസരത്തിൽ സന്നദ്ധ പ്രസ്ഥാനമായ ചേതന ഒരു കമ്മ്യൂണിറ്റി എഫ്.എം. റേഡിയോ ആരം ഭിക്കേണ്ടതിന്റെ ആവശ്യകത കാര്യകാരണ സഹിതം ആദരണീയനായ തിരുമേനിയുടെ ശ്രദ്ധയിൽപ്പെടുത്തി. ദീർഘദർശിയായ ഇഗ്നാത്തി യോസ് തിരുമേനി ചേതനയ്ക്ക് സ്വന്തമായി ഒരു കമ്മ്യൂണിറ്റി റേഡിയോ എന്ന നിർദ്ദേശത്തെ സ്വാഗതം ചെയ്യുകയും അതിനായി പരമാവധി പരിശ്രമിക്കുന്നതാണെന്ന് നീണ്ടുനിന്ന കരഘോഷങ്ങൾക്കിടയിൽ പ്രഖ്യാപിക്കുകയും ചെയ്തു. ആ പ്രഖ്യാപനം വെറും പാഴ്വാക്ക് ആയി രുന്നില്ല. 2024-ൽ ചേതന എഫ്.എം. 90.8 കമ്മ്യൂണിറ്റി റേഡിയോ യാഥാർത്ഥ്യമായി. തൊട്ടതെല്ലാം പൊന്നാക്കിമാറ്റുന്ന പ്രാർത്ഥനാപൂർണ്ണ മായ തിരുമേനിയുടെ ഇച്ഛാശക്തിയുടെ നേർസാക്ഷ്യമാണ് ചേതന റേഡിയോ! ദിശാബോധവും കർമ്മകുശലതയും ജീവകാരുണ്യമനസ്സും സർവ്വോപരി ലാളിത്യവും സമഞ്ജസമായി സമ്മേളിച്ചിട്ടുള്ള ആത്മീ യാചാര്യനായ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി കർമ്മ പഥങ്ങളിൽ ഇനിയും നന്മയുടെ വിളക്കുമാടമായി പ്രശോഭിക്കട്ടെ.

●

www.malankaralibrary.com


# അക്ഷരങ്ങളിൽ ഒതുങ്ങാത്ത ആൾരൂപം



**ഡോ. റൂബിൾ രാജ്**
മുൻ പ്രിൻസിപ്പാൾ
മരിയൻ കോളേജ്, കുട്ടിക്കാനം

6

*വിവേകം നേടിയവനും ശ്രദ്ധാലുക്കളായ ശ്രോതാക്കളോട് സംസാരിക്കുന്നവനും ഭാഗ്യവാൻ. ജ്ഞാനം നേടിയവൻ എത്ര ശ്രേഷ്ഠൻ. ദൈവഭക്തനേക്കാൾ ഉത്കൃഷ്ടനായി ആരുമില്ല. (പ്രഭാ. 25:9-10)*

ഒരു മേൽപട്ടക്കാരൻ എന്ന നിലയിൽ ബഹുമാനവും, ഒരു സുഹൃത്ത് എന്ന നിലയിൽ സ്നേഹവും അതിലുപരി എനിക്ക് പ്രിയങ്കരനുമായ ജോഷാപിതാവിനെക്കുറിച്ച് എഴുതാനിരുന്നപ്പോൾ മനസ്സിലേക്ക് ഓടിയെത്തിയ വാകൃങ്ങളാണിവ. പ്രഭാഷകന്റെ വാക്കുകൾ കടമെടുത്ത് പിതാവിനെ ഞാൻ ഇപ്രകാരം വിശേഷിപ്പിക്കട്ടെ- വിവേകി, ഭാഗ്യവാൻ, ജ്ഞാനി, ശ്രേഷ്ഠൻ, ദൈവഭക്തൻ, ഉത്ക്കൃഷ്ടൻ. ഞാൻ പിതാവിന് ഈ വിശേഷണങ്ങൾ ചാർത്തിനൽകുമ്പോൾ, അദ്ദേഹത്തിന്റെ പരിചയക്കാരെല്ലാവരും അതിനോട് യോജിക്കും എന്നെനിക്ക് ഉറപ്പുണ്ട്. അഥവാ ആരെങ്കിലും വിയോജിക്കുന്നുവെങ്കിൽ, അത് വിശേഷണങ്ങൾ കുറഞ്ഞുപോയി എന്ന കാരണത്താലാകും.

www.malankaralibrary.com


മണികെട്ടിയ വീട്ടിലെ ജോഷ്വാച്ചനെ വൈദികനായിരിക്കുമ്പോൾ മുതൽക്കേ എനിക്കറിയാം. വൈദിക സ്ഥാനത്തുനിന്ന് മേൽപട്ടസ്ഥാനത്തേക്ക് ഉയർന്നപ്പോഴും, ധരിക്കുന്ന കുപ്പായത്തിന് മാറ്റമുണ്ടായി എന്നല്ലാതെ വ്യക്തിത്വത്തിന് മാറ്റമുണ്ടായില്ല. മറിച്ച് വ്യക്തിത്വത്തിന്റെ മാറ്റ് കൂടുകയാണുണ്ടായത്. 'നീ എത്രമാത്രം ഉന്നതനാണോ അത്രമാത്രം വിനീതനാവുക' എന്ന ബൈബിൾ വാക്യം ജീവിതവ്രതമാക്കിയ വൈദികശ്രേഷ്ഠനാണ് ജോഷ്വാപിതാവ്.

ശ്രേഷ്ഠ വ്യക്തിത്വത്തിന്റെ സവിശേഷതകൾ വിവരിക്കുമ്പോൾ ഉപയോഗിക്കുന്ന വിശേഷണങ്ങളാണ് Availability, Approchablity, Accountability, Adaptability, Articulacy എന്നിവ. ഇവയെല്ലാം പിതാവിന് അനുയോജ്യമാണെന്നതിന് ഒരു തർക്കവുമില്ല. അത്ര മഹനീയമാണ് ആ വ്യക്തിത്വം.

ശവസംസ്കാര കർമ്മമാകട്ടെ, വിവാഹമാകട്ടെ, മീറ്റിങ്ങുകളാകട്ടെ, സാധിക്കുമെങ്കിൽ പിതാവ് അവിടെ ഓടിയെത്തും. തന്റെ സാന്നിദ്ധ്യം പ്രതീക്ഷിക്കുന്നവർക്ക്, ബുദ്ധിമുട്ടുകൾ സഹിച്ചും ദൂരങ്ങൾ താണ്ടിയും സംലഭ്യനാവുക (Availability) എന്നത് ജോഷ്വാപിതാവിന്റെ സവിശേഷതയാണ്. ബന്ധങ്ങൾക്ക് തുടക്കമിടുവാനും, അത് പുതുക്കാനും ഉറപ്പിക്കാനും അദ്ദേഹത്തിന് സാധിക്കുന്നത് ഈ സവിശേഷതകൊണ്ടാണ്. ഒരു ചടങ്ങിനു വന്നാൽ അദ്ദേഹത്തിന്റെ സാന്നിദ്ധ്യം ഒരനുഗ്രഹമായി എന്ന് വീട്ടുകാർക്കും, സംഘാടകർക്കും അനുഭവവേദ്യമാകുന്നരീതിയിലാണ് പെരുമാറ്റം. കരയുന്നവർക്ക് ആശ്വാസവും, സന്തോഷിക്കുന്നവർക്ക് അഭിമാനവുമാണ് പിതാവിന്റെ സംലഭ്യത സമ്മാനിക്കുന്നത്.

മനുഷ്യനെ വേർതിരിക്കുന്ന മതിലുകൾക്ക് പിതാവിന്റെ മുമ്പിൽ സ്ഥാനമില്ല. അവിടെ പദവിയോ, നിലയോ, ജാതിയോ ഒന്നും പ്രസക്തമല്ല. ആർക്കും പിതാവിനെ സമീപിക്കാം, സംസാരിക്കാം. അദ്ദേഹത്തിന്റെ Approchability പിതാവിന്റെ മഹത്വം വർദ്ധിപ്പിക്കുന്നുവെന്ന് നിസംശയം പറയാം.

മുമ്പിൽ  നിൽക്കുന്നത് സൃഷ്ടിയുടെ മകുടമായ മനുഷ്യനാണ് എന്നദ്ദേഹം ഉറച്ച് വിശ്വസിക്കുന്നു. മനുഷ്യനായിരിക്കുക എന്നുള്ളതല്ല മനുഷ്യത്വമുള്ളവനായിരിക്കുക എന്നതാണ് പ്രധാനം എന്ന ഗാന്ധിസൂക്തമാണ്, അറിയാതെ അദ്ദേഹം പ്രാവർത്തികമാക്കുന്നത്. നമ്മോട് സംസാരിക്കുമ്പോൾ പതിറ്റാണ്ടുകളായി പരിചയക്കാരാണ് എന്ന ഭാവമാണ് അദ്ദേഹത്തിന്. കേൾക്കുന്നതിൽ ജാഗരൂകതയും മറുപടി

www.malankaralibrary.com


പറയുന്നതിൽ അവധാനവും കാട്ടുക എന്ന പ്രഭാഷകന്റെ വാക്കുകളെയാണ് അദ്ദേഹം നമ്മെ ഓർമ്മിപ്പിക്കുന്നത്.

പിതാവിന്റെ വാക്കുകളിലും പെരുമാറ്റത്തിലും നിറയുന്ന വിനയം, അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ തിളക്കം വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. ജോഷ്വാ പിതാവിനെ സമീപിക്കുന്നവർ, സംസാരിച്ച് മടങ്ങുമ്പോൾ മനസ്സിൽ നിറയുന്നത് തന്നെ താൽപര്യപൂർവ്വം ശ്രവിച്ചതിനുള്ള നന്ദിയും തനിക്കു ലഭിച്ച അംഗീകാരത്തിനുള്ള അഭിമാനവും ആയിരിക്കും.

ഒരു മേൽപട്ടക്കാരൻ ദൈവത്തോടും മനുഷ്യരോടും ഉത്തരവാദിത്വമുള്ള (Accountability) വ്യക്തിയായിരിക്കണം. പൗലോസ് അപ്പസ്തോലൻ പറയുന്നതുപോലെ ഞങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാരും നിങ്ങൾ ദൈവത്തിന്റെ വയലും വീടുമാണ്. ദൈവജനത്തിന്റെ ആത്മീയ വലയിൽ തന്റെ കൗദാശിക ശുശ്രൂഷകൾകൊണ്ടും, വചന പ്രഘോഷണം കൊണ്ടും, ദൈവജനപരിപാലനം കൊണ്ടും നന്നായി പണിയെടുക്കുന്ന ഇടയശ്രേഷ്ഠനാണ് ജോഷ്വാ പിതാവ്. ഇടയന് ആടിന്റെ ചൂരുണ്ടാകണമെന്ന ഫ്രാൻസീസ് മാർപാപ്പയുടെ നിരീക്ഷണം, പിതാവിന്റെ കാര്യത്തിൽ അക്ഷരാർത്ഥത്തിൽ വാസ്തവമാണ്.

ഒരു പ്രഖ്യാപനം മാത്രമായിരുന്ന മാവേലിക്കര മലങ്കരകത്തോലിക്കാ രൂപതയെ വർത്തമാനകാല പ്രൗഢിയിൽ എത്തിച്ചതിനു പിന്നിൽ ജോഷ്വാ പിതാവിന്റെ കരങ്ങളാണെന്ന് ആരും സാക്ഷ്യപ്പെടുത്തും. മലങ്കരകത്തോലിക്കാ സഭയുടെ സ്ഥാപകനായ മാർ ഈവാനിയോസ് പിതാവിന്റെ നാട്ടിൽ, ആ സഭയെ നനച്ച് പരിപാലിക്കുക എന്ന വലിയ ഉത്തരവാദിത്തമായിരുന്നു ജോഷ്വാപിതാവിന്റേത്. നനയ്ക്കുക മാത്രമല്ല വേലികെട്ടി സംരക്ഷിക്കേണ്ടതും തന്റെ കടമയായി അദ്ദേഹം കരുതി. പൗലോസ് അപ്പസ്തോലനെപ്പോലെ തനിക്കുലഭിച്ച ദൈവകൃപയനുസരിച്ച് ഒരു വിദഗ്ധശിൽപിയെപ്പോലെ അദ്ദേഹം രൂപതയ്ക്ക് അടിസ്ഥാനമിട്ടു. തുടർന്നുവരുന്നവർക്ക് അതിന്മേൽ പണിതുയർത്താൻ അധികം ക്ലേശിക്കേണ്ടിവരില്ല. ദൈവത്തോടും മനുഷ്യരോടുമുള്ള ഉത്തരവാദിത്തം, താൻ ക്രിസ്തുവിന്റെ അടിമയും ദൈവജനം വിലക്കുവാങ്ങപ്പെട്ടവരുമാണെന്ന ബോധ്യത്തിൽ അദ്ദേഹം പിഴവുകൂടാതെ നിർവ്വഹിച്ചു.

പിതാവിനു ലഭിച്ച മൺപാത്രത്തിലെ നിധി, കൈവിടാതെ ഞെരുക്കങ്ങളിലും തകർച്ചകളിലും വിഷമങ്ങളിലും നിരാശയിലും അദ്ദേഹം ദൈവത്തോട് ചേർന്നുനിന്നു (Adaptability) എന്നതിലാണ് പിതാവിന്റെ

www.malankaralibrary.com


വ്യക്തിത്വത്തിന്റെ മഹിമ വർദ്ധിക്കുന്നത്. ദൃശ്യമായവയിൽ ലക്ഷ്യം വയ്ക്കാതെ അദൃശ്യമായവയിൽ കണ്ണുനട്ട് അദ്ദേഹം കർത്താവിനോട് അടുത്തിരിക്കാൻ എപ്പോഴും ശ്രദ്ധിച്ചു. സത്യത്തിനുവേണ്ടിയല്ലാതെ സത്യത്തിനെതിരായി പിതാവ് ഒന്നും ചെയ്തില്ല. കർത്താവായ യേശുക്രിസ്തുവിന്റെ കുരിശിലല്ലാതെ മറ്റൊന്നിലും മേന്മഭാവിക്കുവാൻ അദ്ദേഹം തുനിഞ്ഞില്ല. തന്റെ ശരീരത്തിൽ യേശുവിന്റെ അടയാളങ്ങൾ ധരിച്ച്, പിതാവ് എന്നും എപ്പോഴും ദൈവത്തോട്ചേർന്നു നില കൊണ്ടു.

ദൈവവിളി ജീവിതാന്തസായി സ്വീകരിച്ചവർ, ക്രിസ്തുവിന്റെ പാകം ഉള്ളവരായിരിക്കണമെന്ന് ഒരു നിരീക്ഷണമുണ്ട്. എങ്കിൽ മാത്രമേ ദൈവത്തോടുള്ള ചേർന്നുനിൽപ് അർത്ഥവത്താകൂ. ക്രിസ്തുവിന്റെ പാകത്തിന്റെ ലക്ഷണങ്ങൾ എന്താണ്? പക്വത, വിനയം, ശുശ്രൂഷാ മനോഭാവം, ലഘുത്വം, ദൈവാശ്രയത്വം എന്നിവയാണ് അവയിൽ ചിലത്. ഈ പാകം ജോഷ്വാപിതാവിൽ തിളങ്ങിയും വിളങ്ങിയും നിൽക്കുന്നത് അടുത്തുനിന്നും അകലെനിന്നും മനസ്സിലാക്കുവാൻ എനിക്കു കഴിഞ്ഞിട്ടുണ്ട് എന്ന് അഭിമാനത്തോടും ആത്മസംതൃപ്തി യോടുമാണ് ഞാൻ കുറിക്കുന്നത്.

ജോഷ്വാപിതാവ് കേരളത്തിലെ പൊതുസമൂഹത്തിലും ആത്മീയ സാംസ്കാരിക മണ്ഡലങ്ങളിലും തന്റെ സ്ഥാനം ഉറപ്പിച്ച വാഗ്മിയാ ണ്. ഒരു മേൽപട്ടക്കാരന്റെ തൊപ്പിയിലെ തൂവലാണ് വാക്സാമർത്ഥ്യം (Articulacy). ഏത് വിഷയത്തോടും നീതിപുലർത്തി സംസാരിക്കുവാൻ പിതാവിന് പ്രത്യേകമായ സിദ്ധിയുണ്ട്. തന്റെ മനന നിരീക്ഷണങ്ങളി ലൂടെ പിതാവ് ശ്രോതാക്കളെ തനിക്കൊപ്പംകൂട്ടി വെളിവിന്റെ മറ്റൊരു ലോകത്തേക്ക്, അവരറിയാതെ കൊണ്ടെത്തിക്കും, നീതിമാന്മാരുടെ നാവ് വിശിഷ്ടമായ വെള്ളിയാണ് എന്ന സുഭാഷിതവാക്യം പിതാവിനെ സംബന്ധിച്ച് അന്വർത്ഥമാണ്.

കേരളത്തിൽ ഏറ്റവും തിരക്കുള്ള ഒരു പ്രഭാഷകനാണ് ജോഷ്വാ പിതാവ്. ശബ്ദഗാംഭീര്യം, പാണ്ഡിത്യം, ശ്രോതാക്കളെ അറിഞ്ഞുള്ള അവതരണം, സമയബോധം വർത്തമാനകാല സംഭവങ്ങളുടെ സന്നിവേശം എന്നിവ പിതാവിന്റെ പ്രസംഗങ്ങളുടെ വിശേഷണങ്ങ ളാണ്. മൂല്യച്യുതിയും, സംസ്കാരിക അധഃപതനവും, ധാർമ്മിക പാപ്പരത്തവും, ലഹരി ഉപയോഗവും, ലക്ഷ്യബോധവും, മതസൗഹാർദ്ദ വും, പരിസ്ഥിതി ചിന്തയുമെല്ലാം അദ്ദേഹത്തിന്റെ നാവിന് ഒരേപോലെ വഴങ്ങും. വലിച്ചുനീട്ടലില്ലാതെ കാര്യമാത്ര പ്രസക്തമായി അദ്ദേഹം

www.malankaralibrary.com


സംസാരിക്കും. ഇനിയും കേൾക്കണം എന്നാഗ്രഹിക്കുമ്പോഴേക്കും അദ്ദേഹം പ്രസംഗം അവസാനിപ്പിച്ചിരിക്കും.


കൺവെൻഷൻ വേദികളിലും ജോഷ്വാപിതാവ് സ്ഥിരം സാന്നിദ്ധ്യമാണ്. ഇതര ക്രൈസ്തവ സഭകളിൽ ഏറെ സ്വീകാര്യനാണ് അദ്ദേഹം. ജീവിതബന്ധിയായി അദ്ദേഹം വചനം വ്യാഖ്യാനിച്ച് നൽകുമ്പോൾ, അർത്ഥത്തിന്റെ അഴക് വർദ്ധിക്കുന്നതായി ശ്രോതാക്കൾക്ക് അനുഭവപ്പെടും. ബുദ്ധിമാൻ സംസാരത്തിലൂടെ പ്രീതി നേടുന്നു എന്ന പ്രഭാഷകന്റെ വാക്കുകൾ ഇപ്പോൾ എന്റെ ഓർമ്മയിലെത്തുന്നു.

ജോഷ്വാപിതാവിന്റെ വ്യക്തിത്വത്തിന്റെ സവിശേഷതകൾ ഏതാനും വാക്കുകൾകൊണ്ട് അടയാളപ്പെടുത്താനാവില്ല. ഒരു സൂചന നൽകുവാൻ കഴിയുമെന്ന് മാത്രം. ദൈവത്തെ സേവിച്ചും മനുഷ്യനെ സ്നേഹിച്ചും വ്യാപരിക്കുന്ന പിതാവിനെപ്പോലെയുള്ള ആത്മീയ നേതാക്കളെയാണ് ഈ കാലഘട്ടം ആവശ്യപ്പെടുന്നത്. നിഴലില്ലാത്ത പാതകളും, പ്രകാശ ഗോപുരങ്ങളുമാണവർ. അവരെ നമുക്ക് ചേർത്തു പിടിക്കാം.

ജോഷ്വാപിതാവിനെക്കുറിച്ചുള്ള എന്റെ ലേഖനം അവസാനിപ്പിക്കുമ്പോൾ, വി. പൗലോസ് കോറിന്തോസിലെ സഭക്കെഴുതിയ രണ്ടാം ലേഖനത്തിന്റെ രണ്ടാം അദ്ധ്യായത്തിലെ 14-ാം വാക്യം ദൈവം കാണിച്ചുതരുന്നു. ക്രിസ്തുവിൽ ഞങ്ങളെ എല്ലായ്പ്പോഴും വിജയത്തിലെത്തിക്കുകയും അവനെക്കുറിച്ചുള്ള ജ്ഞാനത്തിന്റെ സൗരഭ്യം ഞങ്ങൾ വഴി എല്ലായിടത്തും പരത്തുകയും ചെയ്യുന്ന ദൈവത്തിനു സ്തുതി. പൗലോസ് അപ്പസ്തോലനോടു ചേർന്ന് ഞാനും പറയട്ടെ, ഈ സത്യാനന്തരകാലത്ത് ഇപ്രകാരം വർത്തിക്കുന്ന ജോഷ്വാ പിതാവിനെ ഞങ്ങൾക്ക് തന്നതിനും ദൈവത്തിനു സ്തുതി.

www.malankaralibrary.com


# ജോഷ്വാ പിതാവിന്റെ ധന്യസന്നിധിയിൽ



**ഡോ. ചേരാവള്ളി ശശി**
(Rtd.) പ്രൊഫസർ
സി.എം.എസ്. കോളേജ്, കോട്ടയം

7

**എ**ല്ലാവർഷവും ജനുവരി 29 ന് മുടങ്ങാതെ മാവേലിക്കര പുന്നമൂട്ടിലെ സെന്റ് മേരീസ് കത്തീഡ്രലിൽ വച്ച് അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായുടെ ആഭിമുഖ്യത്തിൽ നടത്തുന്ന വിശുദ്ധ കുർബാനയിലും അനുബന്ധമായുള്ള അനുമോദന ച്ചടങ്ങുകളിലും സംബന്ധിക്കുകയും ശേഷമുള്ള വിഭവസമൃദ്ധസദ്യയിൽ അതിനെക്കാൾ കൃത്യമായി പങ്കുചേരുകയും ചെയ്യുന്ന പതിവ് കഴിയുന്നത്ര ഞാൻ മുടക്കാറില്ല. ഗാഢമായ അടുപ്പമൊന്നുമില്ലെങ്കിലും ജോഷ്വാപിതാവ് ഈയുള്ളവനോട് കാണിക്കുന്ന സ്നേഹാദരവും, ഇവന് അദ്ദേഹത്തോടുള്ള ഭക്ത്യാദരങ്ങളും ഒന്നുകൊണ്ടാണ് ആ മഹനീയ ചടങ്ങുകൾ ഞാൻ ഒഴിവാക്കാത്തത്. അനിവാര്യമായ ചില സന്ദർഭങ്ങളിൽ മാത്രമേ അതിൽ നിന്നും മാറി നിന്നിട്ടുള്ളൂ. അസ്മാദൃശരായ ഏവരേയും ചേർത്തുനിർത്തി തന്റെ വിശിഷ്ടോദാര ശുശ്രൂഷാച്ചടങ്ങുകളിലും, വചനഘോഷണങ്ങളിലും സമൃദ്ധസദ്യകളിലുമൊക്കെ

www.malankaralibrary.com


പങ്കടുപ്പിക്കാൻ പിതാവ് കാട്ടുന്ന നിഷ്ഠയും ശുഷ്കാന്തിയും ആത്മാർത്ഥതയും പലകുറി അറിഞ്ഞിട്ടുള്ളവരിൽ ഒരുവനാണ് ഞാൻ. അതിന് അദ്ദേഹത്തോട് എങ്ങനെ നന്ദിപറയണമെന്ന് എനിക്കറിയില്ല. അറിയില്ലെങ്കിലും, എനിക്കു കനിഞ്ഞു നീ തന്നതിനെല്ലാം നന്ദി! നന്ദി! എന്ന് ഒ.എൻ.വിയെപ്പോലെ കൃതജ്ഞത പ്രകടിപ്പിക്കാനല്ലാതെ എനിക്കിപ്പോൾ മറ്റെന്താവും?

ബഹുഭാഷകളിലും ദൈവശാസ്ത്രത്തിലും ജോഷ്വാപിതാവിനുള്ള പാണ്ഡിത്യത്തെപ്പറ്റി പറയാനോ, അദ്ദേഹത്തിന്റെ സഭാപ്രവർത്തനങ്ങളെപ്പറ്റി വിശദമാക്കുവാനോ, അനുകരണീയമായ ആ സാമൂഹിക സേവനങ്ങളെ വിലയിരുത്തുവാനോ ഞാൻ ആളല്ല. അദ്ദേഹത്തിന്റെ നിസ്തന്ദ്രമായ കഠിനാധ്വാന ശീലത്തെയോ, വിദ്യാഭ്യാസദർശനങ്ങളെയോ, ഭദ്രാസനങ്ങളും വിദ്യാലയങ്ങളും കെട്ടിഉയർത്തുന്നതിൽ വഹിച്ച കാര്യശേഷിയോ, മഹനീയങ്ങളായ പൊതുജന സേവനങ്ങളെയോപറ്റി അടുത്തറിയുന്നവർ വ്യക്തമാക്കുകയും, വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. എനിയ്ക്കദ്ദേഹവുമായി ഒത്തുചേരാനും ചർച്ചചെയ്യാനും ഏതാനും സന്ദർഭങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. അതിൽ ചിലതിന് വർഗ്ഗീസ് കുറത്തികാട് എന്ന അദ്ധ്യാപക കവി സാക്ഷിയുമാണ്. ഒരിക്കൽ വർഗ്ഗീസ് ഒരുക്കിയ സമ്മേളനത്തിൽ വച്ച് ഒരുപ്രശംസാഫലകവും പൊന്നാടയും ജോഷ്വാ തിരുമേനിയിൽ നിന്ന് ചുനക്കര ജനാർദ്ദനൻനായരോടൊപ്പം വാങ്ങുവാനുള്ള അവസരം ഉണ്ടായിട്ടുണ്ട്. അതുപോലെ വർഗ്ഗീസിന്റെ ക്രിസ്തീയ കീർത്തന സംഗീതകച്ചേരിയുടെ ഉദ്ഘാടന സമ്മേളനത്തിൽ, ക്രൈസ്തവ സംഗീതകൃതികളെപ്പറ്റി സംസാരിക്കുവാനും എനിക്കു കഴിഞ്ഞിട്ടുണ്ട്. അന്ന് ആ സമ്മേളനത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത് ജോഷ്വാ പിതാവായിരുന്നു. മറ്റൊരവസരത്തിൽ തിരുമേനിയുമായി കരുവാറ്റയിലെ പ്രശസ്തമായൊരു ഇംഗ്ലീഷ് സ്കൂളിന്റെ വാർഷിക ചടങ്ങിൽ പങ്കെടുത്തതും ഒന്നിച്ചിരുന്ന് ഭക്ഷണം കഴിച്ചതും വിദ്യാഭ്യാസ അവലോകനം നടത്തിയതും മറക്കുന്നില്ല. പിന്നെയും ഏതാനും സ്കൂൾ വാർഷികങ്ങളിലും സാംസ്കാരിക സമ്മേളനങ്ങളിലും ഒരുമിച്ച് പങ്കെടുക്കുവാൻ സന്ദർഭങ്ങൾ ഉണ്ടായെങ്കിലും, അവയൊന്നും തന്നെ അദ്ദേഹത്തിന്റെ വ്യക്തിമഹത്വത്തെ തൊട്ടുകാട്ടാൻ ഉപകരിക്കുന്നവയായിരുന്നില്ല. അതിനാൽ ആ ഭാഗങ്ങൾ വിവരിക്കുന്ന സാഹസത്തിൽ നിന്ന് പിൻവലിയുന്നു.

ജോഷ്വാതിരുമേനിയെ അകന്നുനിന്നുകൊണ്ട് അറിയാൻ ശ്രമിച്ച ഒരാളിന്റെ മുമ്പിൽ അദ്ദേഹം ആദ്യന്തം ആത്മീയാചാര്യൻ ആയിരു

www.malankaralibrary.com


ന്നുവെന്ന സത്യം പ്രതിഫലിക്കും. തിന്മയിലേക്ക് കാൽവഴുതിപ്പോകുന്ന മനുഷ്യനെ നന്മയിലേക്ക് നയിക്കാനുള്ള എന്നത്തേയും മാർഗ്ഗം ആദ്ധ്യാമികതയാണ്. ഈശ്വരചിന്തയിതൊന്നേ മനുജന്/ ശാശ്വതമേ ഉലകിൽ.... എന്ന പഴയ സിനിമാഗാനം വലിയൊരു യാഥാർത്ഥ്യത്തിലേക്കുള്ള വിരൽ ചൂണ്ടലാണ്. ഈശ്വരനെ ലക്ഷ്യമാക്കി, കടലിലേക്കൊഴുകുന്ന പുഴകണക്കെ, ഏകാഗ്രതയോടെ പ്രാർത്ഥിക്കുമ്പോൾ, നാം പരാർത്ഥമുഖരാകും, സ്വാർത്ഥത വഴിമാറും. എല്ലാറ്റിനേയും സഹജീവികളായികണ്ട് സ്നേഹിക്കാനാവും. ഈശാവാസ്യോപനിഷത്തിൽ സൂചിപ്പിച്ചിട്ടുള്ള പോലെ (തേനത്യക്തേന ഭൂഞ്ജീഥാ:) ത്യാഗത്തോടുകൂടിയ സ്നേഹമാണ് ആദ്ധ്യാത്മികതയെന്ന് തിരിച്ചറിയാനാവും. ഈ തിരിച്ചറിവ് ലഭിച്ച വ്യക്തിയാണ് ജോഷ്വാ തിരുമേനിയെന്ന് ഞാൻ മനസ്സിലാക്കുന്നു. ഒന്നും എന്റെ നേട്ടമല്ല. എല്ലാം ദൈവത്തിന്റെ കൃപയാണ്... എന്നുപറഞ്ഞ് അത് തെളിയിച്ച വസിഷ്ഠ മഹർഷിയെപ്പോലെ വിനയത്തോടെയുള്ള ഇടപെടൽ എന്തിലും ആവശ്യമാണെന്ന് ജോഷ്വാ പിതാവ് തന്റെ നിരന്തരകർമ്മങ്ങളിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. നമ്മുടെ നട്ടെല്ല് പൂർണ്ണമായും നിവർത്തിയാൽ അത് അപകടത്തിന് വഴിവെയ്ക്കുമെന്നുറപ്പ്. അതുകൊണ്ട് അല്പം വളഞ്ഞിട്ടാണ് അതിന്റെ ഘടന. മനുഷ്യൻ വിനയാന്വിതനാകാൻ വേണ്ടിയാണ് ദൈവം ആ നേർത്ത വളവ് സൃഷ്ടിച്ചതെന്ന് തോന്നുന്നു. ഈ വാസ്തവം മുന്നേ മനസ്സിലാക്കി പ്രവർത്തിച്ചുകൊണ്ടാണ് തിരുമേനി സർവ്വാദരണീയനായ പിതാവെന്ന് അറിയപ്പെടുന്നത്. സഹജമായ വിനയം പിതാവിന് അലങ്കാരമല്ല. അത് ആ വ്യക്തിത്വത്തിന്റെഭാഗം തന്നെയാണ്.

സ്നേഹവും കരുണയും ധാർമ്മികതയും ആർദ്രതയും അനുകമ്പയും സത്യവും ധർമ്മവുമെല്ലാം ചോർന്നു പൊയ്ക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അപരനെ സ്വപ്നം കാണാൻ പ്രേരിപ്പിക്കുന്ന ഒരു വിപ്ലവകാരിയെപോലെ, ഹൃദയവിശുദ്ധിയുള്ള തിരുമേനി ദൈവസാന്നിധ്യത്തിൽ നടക്കുന്നവനാണെന്ന് (to walk in the preseness of God) ഒരു പണ്ഡിതൻ കുറിച്ചുവച്ചതിനോട് ആരാണ് യോജിക്കാത്തത്? സ്വന്തം അജഗണങ്ങളെ അറിയുകയും ആശ്ലേഷിക്കുകയും കരുതുകയും കാക്കുകയും ചെയ്തു പരിപാലിക്കുന്ന കർമ്മയോഗിയായ ഈ ഇടയനെപ്പറ്റി സ്മരിക്കുമ്പോൾ പഴയൊരു സുഭാഷിതം ഓർമ്മവരുന്നു.

സമ്പൂർണ്ണ കുംഭോ/ ന കരോതി ശബ്ദം
വിദ്വാൻ കുലീനോ/ ന കരോതി സർവ്വം.

www.malankaralibrary.com


നിറഞ്ഞിരിക്കുന്ന കുടം ശബ്ദമുണ്ടാക്കുന്നില്ല. കുലീനരായ പണ്ഡിതന്മാർ അഹങ്കരിക്കുന്നുമില്ല. അതിനാൽ, നിറകുടസദൃശമായ ഈ അസാമാന്യ വ്യക്തിത്വത്തെ ദർശിക്കുമ്പോൾ, ആരാകിലെന്ത്? മിഴിയുള്ളവർ നിന്നിരിക്കും... എന്ന് കുമാരനാശാനെപ്പോലെ നമുക്കും പറയാതെ പറ്റില്ല. ചുണ്ടിൽ അലിവാർന്ന പുഞ്ചിരിയും, കണ്ണിൽ കരുണയും നെറ്റിത്തടത്തിൽ ദീർഘചിന്തയും മുഖത്ത് ചെംപനീർപ്പൂവും നടപ്പിൽ കർമ്മകുശലതയും വാക്കിൽ നന്മയും നോക്കിൽ ഉണർവും മനസ്സിൽ വെളിച്ചവും വസ്ത്രത്തിൽ കുലീനതയും ഒക്കെയുള്ള സുമുഖനും ദീർഘകായനുമായ ഇഗ്നാത്തിയോസ് തിരുമേനിയെപ്പറ്റി ആലംകാരികമായിപ്പറയട്ടെ; ഒരു ബലൂൺ മുകളിലേക്ക് ഉയരുന്നത് ഒരിക്കലും പുറമോടികൊണ്ടല്ല; മറിച്ച് അകംനിറഞ്ഞ രാസവിദ്യകൾ കൊണ്ടാണ്. അതുപോലെ അകംനിറഞ്ഞ നന്മയും കാരുണ്യവും ഉൽക്കർഷേഛയും കൊണ്ട് ഉയരത്തിലെത്തിയ ജോഷ്വാ പിതാവ് വൈവിധ്യപൂർണ്ണമായ തന്റെ പ്രവർത്തനങ്ങൾ തുടരട്ടെയെന്നും, സഭയേയും സമൂഹത്തെയും ദീർഘകാലം ശുശ്രൂഷിക്കാൻ ഇടവരട്ടെയെന്നും ഹൃദയപൂർവ്വം പ്രാർത്ഥിക്കുകയല്ലാതെ മറ്റെന്താണ് ഈയുള്ളവന് ചെയ്യാനാവുക?

www.malankaralibrary.com


# മാനവ കുലത്തിന്റെ കാവലാൾ

8



**ജ. അബ്ദുൽ വാഹിദ് അൽഖാസിമി**
ചീഫ് ഇമാം, അഴിക്കോട്
മുസ്ലിം ജമാഅത്ത്, തിരുവനന്തപുരം

**2012** ൽ ആണ് വിനീതൻ മാവേലിക്കര മുസ്ലിം ജമാഅത്തിന്റെ ചീഫ് ഇമാം ആയി ഉത്തരവാദിത്വം ഏറ്റെടുക്കുന്നത്. ഏകദേശം അതേ വർഷമാണെന്ന് തോന്നുന്നു മലങ്കര സുറിയാനി കത്തോലിക്ക സഭയ്ക്ക് മാർ ക്ലീമിസ് കത്തോലിക്കാബാവയിലൂടെ കർദിനാൾ പദവിയിലേക്ക് ഉയരുന്നത്. റോമിൽ നിന്നും നാട്ടിലേക്ക് മടങ്ങുന്ന ബാവാ തിരുമേനിക്ക് മാവേലിക്കരയിൽ നൽകുന്ന സ്വീകരണ പരിപാടിയിലേക്ക് ആണ് വിനീതൻ ആദ്യമായി ജോഷ്വാ പിതാവുമായി ഇടപഴകുന്നത്. അതൊരു തുടക്കമായിരുന്നു ശേഷം ഒരു പതിറ്റാണ്ടോളമായി നിലനിൽക്കുന്ന സൗഹൃദങ്ങൾ ഞങ്ങളുടെ ഇടയിൽ ഉണ്ടായി.

മാവേലിക്കരയിലെ ചെറുതും വലുതുമായ ധാരാളം പ്രോഗ്രാമുകളിൽ ഞങ്ങൾ രണ്ടുപേർക്കും ഒരുമിച്ചു കൂടാൻ ധാരാളം അവസരങ്ങൾ വന്നുചേർന്നു. കൂട്ടത്തിൽ ചെറുകോൽ ശുഭാനന്ദ ആശ്രമത്തിലെ ജനറൽ സെക്രട്ടറി സ്വാമി ഗീതാനന്ദനും ഞങ്ങളുടെ കൂട്ടത്തിൽ

www.malankaralibrary.com


കൂടിയപ്പോൾ മതമൈത്രിയുടെ പുതിയൊരു അധ്യായം മാവേലിക്കര യിൽ രചിക്കപ്പെടുകയുണ്ടായി. പലപ്പോഴും ഞങ്ങളെയെല്ലാം വിസ്മയിക്കുന്ന രൂപത്തിലാണ് ജോഷ്വാപിതാവ് പെരുമാറിയിരുന്നത്. ലാളിത്യം, വിനയം, സൽസ്വഭാവം, വിട്ടുവീഴ്ച മനോഭാവം, ആലോചിച്ച എടുക്കുന്ന തീരുമാനങ്ങൾ... ഇങ്ങനെ ഏവർക്കും പിൻപറ്റപ്പെടാൻ സാധിക്കുന്ന ഒരു മഹാസ്വാതികനായിരുന്നു പിതാവ് അവർകൾ.


മാവേലിക്കര അരമനയിൽ പിതാവ് ഉണ്ടെങ്കിൽ സ്വന്തം വീട്ടിൽ ചെന്ന് കയറുന്ന അനുഭവമാണ് ഉണ്ടായിരുന്നത്. ഒരുമിച്ചുള്ള യാത്രകൾ വളരെ മനോഹരമായിരുന്നു. പലദൂര യാത്രകളിലും പിതാവിന്റെ വാഹനത്തിൽ ഒരുമിച്ച് യാത്ര ചെയ്യാം എന്നുള്ള ആഗ്രഹം പിതാവി നോടുള്ള ബഹുമാനം വർദ്ധിപ്പിക്കുകയാണ് ചെയ്തത്. ലഹരിക്കെ തിരെ പിതാവ് നടത്തിക്കൊണ്ടിരിക്കുന്ന പോരാട്ടത്തിൽ പലപ്പോഴും പങ്കാളിയാകാൻ സാധിച്ചു എന്നുള്ളത് ജീവിതത്തിലെ നല്ല അനുഭവ ങ്ങളാണ്.

ജാതിമത ചിന്തകൾക്ക് അതീതമായി മനുഷ്യനെ മനുഷ്യനായി കാണുക എന്നുള്ള തത്വത്തിൽ പിതാവ് ഊന്നൽ കൊടുത്തിരുന്നു. സമൂഹത്തിലെ ചെറു തെറ്റുകൾക്കെതിരെപോലും പിതാവ് ശക്തമായി പ്രതികരിച്ചിരുന്നു. ക്രിസ്തുമസ്രാവിൽ മാവേലിക്കരയിൽ ഉള്ള മുഴുവൻ പ്രമുഖരെയും ഒരുമിച്ചുകൂട്ടിയുള്ള ക്രിസ്തുരാവ് ഇന്നും നമ്മുടെയെല്ലാം മനസ്സിൽ ഉറവപറ്റാത്ത രൂപത്തിലുള്ള ഓർമ്മകളായി നിലനിൽക്കുന്നു. ഒരുപക്ഷേ പിതാവിനെപ്പോലെ പിതാവ് മാത്രമേ കാണുകയുള്ളൂ. തിരക്കുപിടിച്ച ജീവിതത്തിൽ പിതാവിനെ കുറിച്ച് വിശാലമായി എഴുതണം എന്നുള്ള അതിയായ ആഗ്രഹമുണ്ടെങ്കിലും തിരക്കിന്റെ പേരിൽ ഈ ചുരുങ്ങിയ രൂപത്തിൽ പിതാവിന്റെ പേരിൽ ഇറക്കപ്പെടുന്ന ഗ്രന്ഥത്തിൽ വിനീതന്റെ ലേഖനവും ഉൾപ്പെടുത്തി യതിൽ അതിയായി സന്തോഷിക്കുന്നു. സർവ്വേശ്വരൻ പിതാവ് കാണിച്ചു തന്ന മഹനീയ മാതൃകകൾ പിൻപറ്റി സമൂഹത്തിൽ അന്തസ്സോടെ തലയുയർത്തി ഏകോദര സഹോദരങ്ങളെപോലെ ഏവരുടെ ഇടയിലും പ്രവർത്തിക്കുവാനുള്ള തുറവി നൽകുമാറാകട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട് വിനീതന്റെ തൂലിക ഉയർത്തുന്നു....

●

www.malankaralibrary.com


# സഹൃദയനായ ജോഷ്വാപിതാവ്



9

**മജീഷ്യൻ സാമ്രാജ്**

**അ**ഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയെ പോലൊരു വ്യക്തിത്വത്തെ ചുരുങ്ങിയ വാക്കുകളിലൂടെ വിവരിക്കുക എന്നുള്ളത് പ്രയാസമായിരിക്കുമെന്ന് മാത്രമല്ല, അപൂർണവുമായിരിക്കും. മധുരം ഒരു രുചിയാണ്. അത് വാക്കുകളിലൂടെ വിവരിക്കുന്നതിനേക്കാൾ അനുഭവിച്ചറിയുന്നതാണ് കൂടുതൽ യുക്തം. തീർച്ചയായും ഇഗ്നാത്തിയോസ് പിതാവ് അനുഭവിച്ചറിയേണ്ട ഒരു നല്ല വ്യക്തിത്വത്തിനുടമയാണ്. ഇഗ്നാത്തിയോസ് പിതാവിനെ അടുത്തറിയുമ്പോൾ അദ്ദേഹത്തിലൂടെ ഒരു മതമേലദ്ധ്യക്ഷൻ എപ്രകാരമുള്ള വ്യക്തിയായിരിക്കുമെന്ന് നാം തിരിച്ചറിയുന്നു. ലളിതമായ ജീവിത ശൈലി, വർണ വ്യത്യാസമില്ലാതെ ജാതിമത ചിന്തകൾക്കതീതമായി ആർക്കും എപ്പോഴും നിർഭയം സമീപിക്കാവുന്ന സുതാര്യമായ വ്യക്തിത്വമാണ് അദ്ദേഹത്തിന്റേത്.

www.malankaralibrary.com


ജോഷ്വാ തിരുമേനിയുമായി വർഷങ്ങളുടെ ബന്ധമാണ് എനിക്കുള്ളത്. പിതാവിന്റെ വീടിനടുത്താണ് ഞാൻ താമസിക്കുന്നത്. തിരുമേനിയെ കാണുവാൻ ഒരു ഔപചാരികതയും ഇല്ലാതെ എപ്പോൾ വേണമെങ്കിലും കാണുവാനുള്ള സ്വാതന്ത്ര്യം എല്ലാവരേയും പോലെ എനിക്കും തന്നിരുന്നു. ഞാൻ ഒന്ന് ഫോൺ ചെയ്യും, ചിലപ്പോൾ ഫോൺ ചെയ്യാതെയും അരമനയിലേക്ക് ചെല്ലും. ചെന്ന് കഴിഞ്ഞാൽ എന്നെ സ്വീകരിക്കുന്നരീതികളും എല്ലാം വ്യത്യസ്തമാണ്. എന്റെ എന്ത് സംരംഭങ്ങളെപ്പറ്റി പറഞ്ഞാലും അവ വേണ്ടവിധം കേട്ട് കാര്യമായിട്ട് അതിനെ കാണുന്ന ഒരു വ്യക്തിയാണ് പിതാവ്. അത് കാരണം ഞാൻ സഭാംഗം അല്ലെങ്കിൽപോലും തിരുമേനിയെ എന്റെ തിരുമേനി യായിട്ടാണ് കണ്ടിട്ടുള്ളത്. ഇനിയും പിതാവിനെ കാണാൻ ചെല്ലുമ്പോൾ പിതാവിന് തിരക്കാണങ്കിലും സാമ്രാജ് ഒരു കാര്യം ചെയ്യ് എന്റെ കാറിലോട്ട് കയറ് അല്ലെങ്കിൽ സാമ്രാജിന്റെ കാറിൽ ഞാൻ കയറാം എന്നു പറഞ്ഞ് കാറിൽ യാത്ര ചെയ്ത് ഞങ്ങൾ ഒന്ന് കറങ്ങി തിരികെ വരും. അത് എനിക്ക് ജീവിതത്തിൽ ലഭിച്ചിട്ടുള്ള ഒരു പ്രത്യേക സന്തോഷകരമായ അനുഭവമായിരുന്നു.

സാധാരണ തിരുമേനിമാരൊന്നും ഒരു വ്യക്തിയുടെ ഭവനത്തിൽ വരിക ചുരുക്കമാണ്. എന്നാൽ എന്റെ ഭവനത്തിൽ രണ്ട് മൂന്ന് പ്രാവശ്യം ജോഷ്വാ പിതാവ് വന്നിട്ടുണ്ട്. ഞങ്ങളുടെ സഭയിലൊക്കെ ഭവനത്തിൽ വരുന്നതിന് ചില നിബന്ധനകൾ ഒക്കെയുണ്ട്. എന്ത് ലാളിത്യമുള്ള ഒരു മനുഷ്യനാണ് പിതാവ്. എന്താണന്ന് അറിയില്ല. ഇതാണ് എന്നെ ആ മനുഷ്യനോട് കൂടുതൽ അടുപ്പിച്ചത്. എന്നോടെന്ന് മാത്രമല്ല അവിടെ ഞാൻ മനസിലാക്കിയ എല്ലാവരോടും അങ്ങനെയാണ്. അതു കൊണ്ടാണ് മാവേലിക്കരയിലുള്ള ജനസമൂഹത്തിന് അദ്ദേഹത്തോട് ഒരു പ്രത്യേക സ്നേഹം ഉള്ളത്. അദ്ദേഹം ഔദ്യോഗിക സ്ഥാനത്ത് നിന്ന് വിരമിക്കുന്നു എന്നറിഞ്ഞപ്പോൾ ഒരുപക്ഷേ സഭാംഗങ്ങളെക്കാൾ കൂടുതൽ നാനാജാതി ആളുകൾക്ക്, മാവേലിക്കര സ്വദേശികൾക്കാണ് ഷോക്കായിരിക്കുന്നത്. അതാണ് ആ വലിയ മനസിന്റെ ഉടമയായ പിതാവിന്റെ പ്രത്യേകത.

സാമുഹിക തിന്മകൾക്കെതിരെയുള്ള പോരാട്ടത്തിൽ പിതാവ് ഒരു മുന്നണിപോരാളിയാണ്. മദ്യത്തിനും മയക്കുമരുന്നിനും എതിരെ പിതാവിന്റെ പോരാട്ടം ശ്രദ്ധാർഹവും അഭിനന്ദനാർഹവുമാണ്. ഈ പ്രായത്തിലും എവിടെ വേണമെങ്കിലും ഈ ഒരു കാര്യത്തിന് പോയി നേതൃത്വം കൊടുക്കുന്നതിന് ഒരു മടിയുമില്ല എന്നുള്ളതാണ്

www.malankaralibrary.com


വാസ്തവം. അതിന് എത്ര ഓഡിയൻസ് ഉണ്ടോ, ചെയർ ഉണ്ടോ വലിയ വേദിയാണോ എന്നൊന്നും ചിന്തിക്കാതെ ആത്മാർത്ഥതയോടെ ആ സംരംഭത്തെ വിജയിപ്പിക്കുവാൻ അദ്ദേഹം ഓടിഎത്തുമായിരുന്നു. പേരും പ്രശസ്തിയും ഒന്നുമല്ല, അദ്ദേഹത്തിന്റെ തികഞ്ഞ ആത്മാർത്ഥ തയുടെ ബഹിർസ്ഫുരണമാണ് ഇവിടെ കാണാൻ കഴിയുന്നത്.

പിതാവ് ഇന്ന് മാവേലിക്കരയിലെ സജീവ സാന്നിദ്ധ്യമാണ്. ഒരു മതമേലദ്ധ്യക്ഷൻ തന്റെ ഭദ്രാസനത്തിലെ വിശ്വാസികളുടെ മാത്രം പിതാവല്ല, മറിച്ച് ആ സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും വേണ്ടി വിളിക്കപ്പെട്ടതും സമർപ്പിക്കപ്പെട്ടതുമായ ഒരു ശുശ്രൂഷകനാണെന്ന പിതാവിന്റെ ബോധ്യം തീർച്ചയായും ഉന്നതമാണ്.. പലരും തന്റെ മതമാണ് ഏറ്റവും വലുത്, സഭയാണ് ഏറ്റവും വലുത് എന്നുള്ള ചിന്താഗതിയിൽ, മറ്റുള്ള മതങ്ങളോടൊന്നും സഹകരിക്കാത്ത പല തിരുമേനിമാരെയും എനിക്കറിയാം. പക്ഷേ ജോഷ്വാപിതാവ് അതിൽ നിന്നെല്ലാം വ്യത്യസ്തനാണ്. ഈ കത്തീഡ്രലിന്റെ തൊട്ടുമുന്നിൽ ഒരു ചെറിയ അമ്പലമുണ്ട്. ഞാൻ മനസിലാക്കിയിടത്തോളം എല്ലാവർഷവും ഈ അമ്പലത്തിലെ ചടങ്ങുകളിൽ പിതാവ് എത്തി അവരുടെ ആഗ്രഹ ത്തിനനുസരിച്ച് ഉദ്ഘാടനമോ അല്ലെങ്കിൽ മറ്റെന്തെങ്കിലുമോ നടത്തി ക്കൊടുക്കാറുണ്ട്. ഇത് ഒരു വലിയ മനസിന്റെ ഉടമയായിട്ടുള്ള വർക്കു മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ.

എന്റെ ഈ കലാജീവിതത്തിൽ ഒരു പാട് വൈദികരേയും തിരു മേനിമാരേയും ഒക്കെ എനിക്കറിയാം. പക്ഷേ ജോഷ്വാപിതാവ് അതിൽ നിന്നൊക്കെ വ്യത്യസ്തനാണ്. എന്റെ മകന്റെ വിവാഹം ഞാൻ ഫോണിൽ കൂടി ക്ഷണിച്ചതേഉള്ളൂ. ആ വിവാഹം നടന്നത് ജോഷ്വാ തിരുമേനിയുടെയും ക്രിസോസ്റ്റം തിരുമേനിയുടെയും അതുപോലെ സി.എസ്.ഐയിലെ ഒരു തിരുമേനിയുടെയും സാന്നിദ്ധ്യത്തിലാ യിരുന്നു. എന്നാൽ ചിലതിരുമേനിമാർ ചില കാര്യങ്ങൾ പറയുന്നത് കേട്ടിട്ടുണ്ട്. അവരുണ്ടെങ്കിൽ ഞങ്ങളില്ല, ഈ സഭയുണ്ടെങ്കിൽ ഞാനില്ല എന്നൊക്കെ. അതിന്റെയൊക്കെ കാലംകഴിഞ്ഞു എന്നാൽ ജോഷ്വാ തിരുമേനിക്ക് യാതൊരു വേറുകൃത്യമോ യാതൊന്നും തന്നെയില്ല എന്നാണ് ഞാൻ മനസിലാക്കുന്നത്. അവിടെയാണ് ഞാൻ മറ്റുള്ള വരിൽ നിന്നും അദ്ദേഹത്തെ തിരിച്ചറിയുന്നത്.

മികച്ച ഒരു സംഘാടകനായിരുന്നു ജോഷ്വാപിതാവ്. മലങ്കര കത്തോലിക്കാ സഭയുടെ പുന്നമൂട്ടിൽ വെച്ച് നടന്ന പ്ലാറ്റിനം ജൂബിലി

www.malankaralibrary.com


ആഘോഷങ്ങളുടെ മുഖ്യ സംഘാടകൻ എന്ന നിലയിലാണ് ആദ്യമായി ജോഷ്വാ പിതാവിനെ പരിചയപ്പെടുവാൻ ഇടയാകുന്നത്. തുടർന്ന് മാവേലിക്കര രൂപതയുടെ സ്ഥാപനകാലം മുതൽ അതിന്റെ പ്രഥമ മെത്രാനായ പിതാവുമായി ഒരു നല്ല ബന്ധത്തിന്റെ തുടക്കം കൂടിയായിരുന്നു അത്. രൂപതയുടെ അതിർത്തി പ്രദേശത്തുള്ള മലങ്കര കത്തോലിക്കർ മാത്രമല്ല ആ അതിർത്തിക്കുള്ളിൽ വരുന്ന എല്ലാ വിഭാഗം ജനങ്ങളുടെയും ഒരു ഇടയൻ എന്ന വലിയ ബോധ്യം ആ പിതാവിനുണ്ടായിരുന്നു. ആടുകളെ അറിയുന്ന ഇടയൻ എന്നുള്ളതല്ല, മറിച്ച് ആടുകളുടെ ഗന്ധമുള്ള ഇടയനാവുക എന്ന ഫ്രാൻസിസ് മാർപ്പായുടെ മഹത്തായ ആഹ്വാനത്തെ അതേപടി അനുകരിച്ച് അതേപടി ജീവിക്കുന്ന ആടുകളുടെ ഗന്ധമുള്ള ഒരു നല്ല ഇടയനാണ് അഭിവന്ദ്യ ഇഗ്നാത്തിയോസ് പിതാവ്.

എല്ലാ മേഖലകളിലും അദ്ദേഹം ഒരു സജീവസാന്നിദ്ധ്യമായിരുന്നു. മതസാമൂഹിക സമുദായിക മേഖലകളിലല്ല മറിച്ച് മനുഷ്യനെ എല്ലാ തലത്തിലും പരിപാലിക്കുന്ന എല്ലാ മേഖലകളിലും പിതാവ് ഒരു നിറഞ്ഞ സാന്നിദ്ധ്യമാണ്. മാർക്കോസിന്റെ സുവിശേഷം 9-ാം അധ്യായം 40-ാം വാക്യത്തിൽ ഈശോ പറയുന്നു. നമുക്കെതിരല്ലാത്തവൻ നമ്മുടെ പക്ഷത്താണ്. ഈ ഒരു വലിയ എക്യുമെനിക്കൽ ചിന്താഗതി അതിനെ അതേ അർത്ഥത്തിൽ തന്നെ പിന്തുടരുകയും പ്രഘോഷിക്കുകയും ചെയ്ത ഒരു ഇടയനാണ് ഇഗ്നാത്തിയോസ് തിരുമേനി.

ഒരു ക്രൈസ്തവ ജീവിതസാക്ഷ്യത്തിന്റെ ഒരു നല്ല ഉദാഹരണമാണ് പിതാവിന്റെ ജീവിതം. എളിമയും കരുണയും സ്നേഹവും ഒത്തുചേർന്ന് ചെറിയവരിൽ പോലും ഈശോയെ ദർശിക്കുന്ന ഒരു മഹത്തായ ഒരു ഉത്തമനായ വ്യക്തിയാണ് ജോഷ്വാ പിതാവ് എന്ന് എനിക്ക് പല സന്ദർഭങ്ങളിലും ബോധ്യപ്പെട്ടിട്ടുള്ള ഒരു സംഗതിയാണ്. എളിമയും വിശുദ്ധിയും നിറഞ്ഞ തിരുമേനിയുടെ ജീവിത ശൈലി മാവേലിക്കരയിലെ ജനങ്ങളെ കൂടുതൽ വിശ്വാസത്തിലാണ് നയിക്കുക.


കലകളെ വളരെയധികം സ്നേഹിക്കുകയും പ്രോത്സാഹിക്കുകയും ചെയ്യുന്ന ഒരു നല്ല കലാഹൃദയമുള്ള സഹൃദനായ തിരുമേനി കൂടിയാണ് ജോഷ്വാപിതാവ്. ഏത് തുറകളിലുള്ള കലാകാരന്മാരെയും പ്രോത്സാഹിപ്പിക്കുന്ന ഒരു വ്യക്തിത്വമാണ് അദ്ദേഹത്തിന്റേത്. സംഗീതത്തേയും എഴുത്തുകാരെയും കവികളെയും നാടകത്തെയും

www.malankaralibrary.com


മാജിക്കിനെയും എന്നുവേണ്ട എല്ലാ കലാകാര ന്മാരെയും പ്രോത്സാഹി പ്പിച്ചിരുന്നു. പ്രത്യേകിച്ച് എനിക്ക് ഒരു പ്രത്യേക പരിഗണന തന്നിരുന്നു. അതിന് തെളിവാണ് അദ്ദേഹത്തിന്റെ നാമഹേതുക തിരുനാളിന് സഭയിലെ പല വലിയ മെത്രാൻമാർക്കുപോലും ഒരു മിനിറ്റ് സംസാരി ക്കാൻ അവസരം ലഭിക്കാതിരുന്നപ്പോൾ എനിക്ക് എന്റെ കലയെ പ്രോത്സാഹിപ്പിക്കാൻ രണ്ട് മിനിറ്റ് അവസരം നൽകി എന്നുള്ളത് ഞാൻ ഓർക്കുന്നു. മറ്റേതൊരു കലയേയും പോലെ ആസ്വദിക്കപ്പെടേണ്ട ഒന്നാണ് മാജിക്കെന്നും ഇതൊരു മികച്ച കലയാണെന്നും സമൂഹത്തെ ബോധ്യപ്പെടുത്തുന്നതിൽ എനിക്ക് പിതാവിൽ നിന്ന് ലഭിച്ച പിന്തുണ നന്ദിയോടെ സ്മരിക്കുന്നു. ഒരു നല്ല വ്യക്തി തീർച്ചയായും നല്ല ഒരു കലാസ്വാദകനും ആയിരിക്കും. അഭിവന്ദ്യ പിതാവിന് ദീർഘായുസ്സ് നേരുന്നതിനോടൊപ്പം ഭാവി പ്രവർത്തനങ്ങൾക്ക് എല്ലാവിധ പ്രാർത്ഥന കളും പിന്തുണയും ആശംസിക്കുന്നു.

www.malankaralibrary.com


# എന്റെ സതീർഥ്യൻ



10

**ചാമക്കാലായിൽ ജോസഫ് റമ്പാച്ചൻ**
മുൻ വികാർ ജനറാൾ, പത്തനംതിട്ട ഭദ്രാസനം

**ആ**യിരത്തിതൊള്ളായിരത്തി അറുപത്തെട്ട് ജൂൺ മാസത്തിൽ ഞാൻ തിരുവനന്തപുരം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ ഒരു കൊച്ചു സെമിനാരിക്കാരനായി ചേരുമ്പോൾ എന്റെ നേരെ സീനിയറായി പ്രിയപ്പെട്ട കോശി വർഗീസ് ഉണ്ടായിരുന്നു. അന്നു മുതൽ ഇന്നുവരെ വളരെ ഹൃദ്യമായ ഒരു സ്നേഹബന്ധം ഞങ്ങൾ തമ്മിൽ ഉണ്ടായിരുന്നു - അരോഗ്യദൃഢഗാത്രനായ, നന്നായി പഠിക്കുന്ന, നന്നായി പാടുന്ന, എല്ലാ കളികളും നന്നായി കളിക്കുന്ന ചുറുചുറുക്കുള്ള ഒരു നല്ല സെമിനാരിക്കാരൻ. ആദ്യവർഷം മൂന്ന് മാസത്തോളം ഞങ്ങളുടെ റെക്ടർ പ്രിയപ്പെട്ട കുര്യാക്കോസ് അച്ചനായിരുന്നു. ആ കാലയളവിൽ മൈനർ സെമിനാരിയുടെ കാർക്കശ്യമായ ഒരു ഭാവം ഞങ്ങൾക്ക് കാണുവാൻ സാധിച്ചു. അതിന് ശേഷം ദീർഘമായ കാലം ബഹു. ജോസഫ് ഞായല്ലൂർ അച്ചനായിരുന്നു ഞങ്ങളുടെ റെക്ടർ. മൂന്നുവർഷത്തെ മൈനർ സെമിനാരി പഠനത്തിന് ശേഷം ബഹു. കോശി വർഗീസ് തിരുച്ചിറപ്പള്ളി സെന്റ് പോൾസ് മേജർ സെമിനാരി

www.malankaralibrary.com


ലേയ്ക്കും, ഞാൻ സെന്റ് ജോസഫ് മംഗലാപുരം സെമിനാരിയിലേക്കും തത്വശാസ്ത്രപഠനത്തിന് പോയി. തത്വശാസ്ത്ര പഠനത്തിന് ശേഷം ഞങ്ങൾ നാലുപേർ ജോസ് ചാമക്കാലയിൽ, ബഹു. കോശി വർഗീസ്, ബഹു. ദാനിയേൽ കുഴിത്തടം, ബഹു. അലക്സാണ്ടർ കോയിക്കലേത്ത് തിരുവനന്തപുരത്ത് റീജൻസിക്കായി വരികയുണ്ടായി. ബഹു. കോശി ശെമ്മാശ്ശനെ പ്രധാനമായും സ്കൂളുകളിൽ KCSL പ്രവർത്തനത്തിനായിട്ടാണ് നിയോഗിച്ചത്. പട്ടം അരമനയിൽ താമസിച്ചുകൊണ്ട് വിവിധ സ്കൂളുകളിൽ KCSL പ്രവർത്തനങ്ങൾ വളരെ സ്തുത്യർഹമായി നിർവ്വഹിക്കാൻ സാധിച്ചു. എല്ലാവരുടെയും അഭിനന്ദനത്തിന് അർഹനാകുകയും ചെയ്തു.

റീജൻസിക്ക് ശേഷം വീണ്ടും തിരുച്ചിറപ്പള്ളി മേജർ സെമിനാരിയിൽ വളരെ സ്തുത്യർഹമായി ദൈവശാസ്ത്രം പൂർത്തിയാക്കി തിരുവനന്തപുരത്ത് എത്തി കോശി ശെമ്മാശനെ 1978 ഏപ്രിൽ മാസം 2-ാം തീയതി ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ തൃക്കൈയാൽ വൈദിക പദവിയിലേക്ക് ഉയർത്തി. ആദ്യകാലങ്ങളിൽ മാർത്താണ്ഡം പ്രദേശത്ത് തന്റെ പൗരോഹിത്യശുശ്രൂഷ ആരംഭിച്ചു. അതുപോലെ, മാർത്താണ്ഡം കോളേജിൽ ഡിഗ്രി പഠനവും പൂർത്തിയാക്കിയ-വന്ദ്യപിതാവ് കോശി അച്ചനെ ചെന്നൈ പാടി ദേവാലയത്തിലേക്കും അതിനോട് ചേർന്നുള്ള ഹയർ സെക്കന്ററി സ്കൂളിന്റെ ചുമതലയിലേക്കും അയച്ചു. വന്ദ്യ ജോർജ്ജ് ജേക്കബ് അച്ചൻ തന്റെ കഠിനാദ്ധ്വാനം വഴി വളരെ ശക്തമായ ഒരു ഇടവക സമൂഹത്തെ രൂപപ്പെടുത്തിയിരുന്നു. ബഹു. കോശി അച്ചൻ ഏതാണ്ട് ദീർഘമായ പതിനാല് വർഷത്തോളം വളരെ സ്തുത്യർഹമായ ശുശ്രൂഷ നടത്തി. സ്കൂളിനെ വളരെ ഉയരങ്ങളിലേക്ക് കൊണ്ടു പോകുവാൻ അച്ചന് സാധിച്ചു.

ഇന്ന് കാണുന്ന മാർ ഗ്രിഗോറിയോസ് ആർട്സ് & സയൻസ് കോളജ് അദ്ദേഹത്തിന്റെ അശ്രാന്തപരിശ്രമത്തിന്റെ ഫലമാണ്. തമിഴ്നാട് ഗവൺമെന്റിൽ നിന്നും ഏതാണ്ട് 5 ഏക്കർ വസ്തു മാസഗഡുക്കൾ അടച്ചു സ്വന്തമാക്കാൻ ബഹു. അച്ചന് സാധിച്ചു. വളരെ ബുദ്ധിപൂർവ്വമായ ഇടപെടൽ വഴി മാത്രമാണ് ഈ വസ്തു സഭയ്ക്ക് സ്വന്തമായത്. ഇന്ന് വളരെ നന്നായി നടക്കുന്ന ഒരു ആർട്ട്സ് & സയൻസ് കോളേജ് ആണ്. ഇപ്പോൾ Govt. Accredition ഈ കോളജിന് ലഭിച്ചു എന്നുള്ളത് അഭിമാനകരമാണ്.

www.malankaralibrary.com


ഈ കാലയളവിൽ വിദ്യാഭ്യാസത്തിൽ ഡോക്ടറേറ്റ് സമ്പാദിക്കുവാൻ ബഹു. കോശി അച്ചന് സാധിച്ചു 1997-ൽ അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമേനി തിരുവനന്തപുരം അതിരൂപതാ മെത്രാപ്പോലീത്തയായി ചുമതല എടുത്തപ്പോൾ ബഹു. കോശി അച്ചനെ തിരുവനന്തപുരത്ത് അരമനയിൽ തന്റെ സഹായിയായി - വികാർ ജനറൽ ആയി നിയമിച്ചു. അതേ തുടർന്ന് 1998-ൽ അദ്ദേഹത്തെ കോർ എപ്പിസ്കോപ്പ ആയി ഉയർത്തുകയും തുടർന്ന് 1998 ൽ അദ്ദേഹത്തെ തിരുവനന്തപുരം അതിരൂപതയുടെ സഹായ മെത്രാനായി നിയമിക്കുകയും ചെയ്തു. 8 വർഷകാലത്തോളം വളരെ ഭംഗിയായി ഈ ശുശ്രൂഷ വന്ദ്യപിതാവ് നിർവ്വഹിച്ചു.

2007 -ൽ അദ്ദേഹത്തെ അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് പിതാവ് മാവേലിക്കര രൂപത രൂപപ്പെടുത്തി അതിന്റെ പ്രഥമ മെത്രാനായി നിയോഗിച്ചു. അന്നുമുതൽ ഇന്നുവരെ ഈ രൂപതയെ അതിന്റെ എല്ലാ വളർച്ചയിലും അദ്ദേഹം ഉയർത്തികൊണ്ടുവന്നു. ഇന്ന് പൂർണ്ണ വളർച്ചയായ രൂപതയാണ് മാവേലിക്കര രൂപത. വളരെ ത്യാഗവും കഷ്ടങ്ങളും സഹിച്ചാണ് വന്ദ്യപിതാവ് ഈ രൂപത വളർത്തിയത്. 2022 അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം വളരെ സന്തോഷവും, നന്ദിയും നിറഞ്ഞ വർഷമാണ്. അദ്ദേഹത്തിന്റെ ശ്രേഷ്ഠാചാര്യ ശുശ്രൂഷയുടെ സിൽവർ ജൂബിലി ആഘോഷമായിരുന്നു അന്ന്. ദൈവത്തിന് എത്ര നന്ദി പറഞ്ഞാലും മതിയാകുകയില്ല. എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുന്ന മൂന്നു കാര്യങ്ങൾ.

ഒന്നാമതായി, അദ്ദേഹം വളരെ ലളിതമായ ഒരു ജീവിത ശൈലിയുടെ ഉടമയാണ്. സുവിശേഷം പറയും, ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും എന്ന്. അദ്ദേഹത്തിന്റെ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും ഈ ലാളിത്യം നമുക്കു കാണാൻ കഴിയും. മദ്രാസ് ഇടവകാംഗങ്ങൾ പറയുമായിരുന്നു ഒരു മനോരമ പത്രം ഉണ്ടെങ്കിൽ ജോഷ്വാ പിതാവിന് എവിടേയും കിടന്ന് ഉറങ്ങാൻ കഴിയും. ഭക്ഷണത്തിന്റെ കാര്യത്തിലും, വസ്ത്രത്തിന്റെ കാര്യത്തിലും ജീവിതത്തിന്റെ മറ്റു കാര്യങ്ങളിലും പിതാവ് ഈ ലാളിത്യം സൂക്ഷിച്ചിരുന്നു. യാതൊരുവിധ ആഢംബരങ്ങളും അദ്ദേഹത്തിന്റെ ജീവിതത്തിൽ ഉണ്ടായിരുന്നില്ല. അത് സെമിനാരി ജീവിതം മുതൽ പ്രകടമായിരുന്നു. വൈദികനായപ്പോഴും മെത്രാൻ ആയപ്പോഴും അത് വർദ്ധിച്ചതല്ലാതെ അല്പം പോലും കുറഞ്ഞില്ല. ഏതു ജീവിതസാഹചര്യത്തിലും അദ്ദേഹത്തിന് ജീവിക്കാൻ കഴിയും. വി. പൗലോസ് പറയുന്നതുപോലെ

www.malankaralibrary.com


ഫിലി 4:11 'ഏതു സാഹചര്യത്തിലും സംതൃപ്തിയോടു കഴിയുവാൻ ഞാൻ പഠിച്ചിട്ടുണ്ട്. താഴ്ന്നനിലയിൽ ജീവിക്കാൻ എനിക്കറിയാം. സമൃദ്ധിയിൽ ജീവിക്കാനും, ഏതു സാഹചര്യത്തിലും കഴിയുവാനും എനിക്ക് പരിശീലനം ലഭിച്ചിട്ടുണ്ട്. അത്ര സുഭിക്ഷത്തിലും, ദുർഭിക്ഷ ത്തിലും സമൃദ്ധിയിലും ദാരിദ്രത്തിലുമെല്ലാം എന്നെ ശക്തനാക്കുന്ന വനിലൂടെ എല്ലാം ചെയ്യുവാൻ എനിക്ക് സാധിക്കും.' ജീവിതത്തിൽ ഒരു ആഢംബരത്തിനും പിതാവ് സ്ഥാനം കൊടുത്തിരുന്നില്ല. വളരെ ലളിതജീവിതം നയിച്ചിരുന്നു.

രണ്ടാമതായി, ഞാൻ കോശി അച്ചനിൽ കണ്ട ഏറ്റവും വലിയ ഗുണം രോഗികളോടു അച്ചൻ കാണിക്കുന്ന സ്നേഹമാണ്. ബഹു. അച്ചൻ ചെന്നൈയിൽ ആയിരുന്നപ്പോൾ ധാരാളം ആളുകൾ ചികിത്സ യ്ക്കായി ചെന്നൈയിൽ വരുമായിരുന്നു. കോശി അച്ചൻ അവരെ റെയിൽവേ സ്റ്റേഷനിൽ പോയി സ്വീകരിച്ച് സ്വന്തം കാറിൽ പാടി ദേവാലയത്തിൽ കൊണ്ട് വന്ന് ഭക്ഷണം നല്കും. എല്ലാ സൗകര്യ ങ്ങളും ചെയ്തു കൊടുത്ത് അവർക്കു പോകേണ്ട ആശുപത്രിയിൽ അവരെ കൊണ്ടുപോയി കാണേണ്ട ഡോക്ടറെ കാണിച്ച് എന്താണ് ചികിത്സ വേണ്ടത് എന്നറിഞ്ഞ് അതനുസരിച്ച് അതിനുള്ള എല്ലാ ക്രമീകരണവും ചെയ്യും. ചികിത്സകഴിഞ്ഞ് തിരിച്ച് നാട്ടിലേക്ക് ട്രെയിൻ കയറ്റി വിടുന്നതുവരെ അച്ചന് വിശ്രമമില്ല. തന്റെ സമയവും സൗകര്യവും എല്ലാം മാറ്റിവച്ച് ആ രോഗിക്ക് മുൻഗണന കൊടുത്ത് വേണ്ടിവന്നാൽ പണവും കൊടുത്ത് അവരെ സമാധാനത്തോടെ പറഞ്ഞയക്കുന്നതാണ് പതിവ്. ഇത് ഒരു ദിവസമോ രണ്ടു ദിവസമോ അല്ല. ആഴ്ചയിൽ ഏറ്റവും കുറഞ്ഞത് രണ്ട് മൂന്ന് പേർ; അങ്ങനെ വർഷം മുഴുവൻ. "ഞാൻ രോഗിയായിരുന്നു നിങ്ങൾ എന്നെ വന്നു കണ്ടു." തന്റെ ഈശീലം മെത്രാനായശേഷം കൂടിയതല്ലാതെ അല്പം പോലും കുറഞ്ഞിട്ടില്ല.

രാത്രിയെന്നോ, പകലെന്നോ വ്യത്യാസ മില്ലാതെ ആശുപത്രിയി ലോ വീട്ടിലോ എന്ന വ്യത്യാസമില്ലാതെ രോഗീസന്ദർശനം അദ്ദേഹ ത്തിന്റെ പതിവായിരുന്നു. രോഗാവസ്ഥയിൽ അനേകർ പിതാവിനെ കാണാൻ ആഗ്രഹം പ്രകടിപ്പിക്കും. അതെല്ലാം ഒരു മടിയും കൂടാതെ അദ്ദേഹം നിർവ്വഹിക്കും. അതിന് തന്റെ രൂപതയെന്നോ വേറെ രൂപത കൾ എന്നോ അദ്ദേഹത്തിന് വ്യത്യാസമില്ല. ആരെങ്കിലും പറഞ്ഞറി ഞ്ഞാൽ മതി. പിതാവ് രാത്രിയുടെ ഏതെങ്കിലും യാമത്തിൽ ആ രോഗിയെ സന്ദർശിച്ചിരിക്കും. പിതാവിന്റെ സന്ദർശനം നല്കുന്ന


www.malankaralibrary.com


ആശ്വാസം അനേകർ എന്നോടു പങ്കുവച്ചിട്ടുള്ളത് ഞാൻ ഓർക്കുകയാണ്. പല ആശുപത്രികളിലേയും പ്രത്യേകിച്ച് പുഷ്പഗിരി ആശുപത്രിയിലെ ഒരു നിത്യസന്ദർശകനാണ് പിതാവ്. അതുപോലെ മരണവീട്-എന്തെങ്കിലും നിവൃത്തിയുണ്ടെങ്കിൽ മരിച്ചടക്ക് പിതാവ് മുടക്കില്ല. പോകാൻ സാധിച്ചില്ലെങ്കിൽ വളരെ താമസിക്കാതെ ആ വീടുകൾ സന്ദർശിച്ച് കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കുക, പ്രാർത്ഥിക്കുക പിതാവിന്റെ ഒരു പ്രത്യേകതയാണ്.

മൂന്നാമതായി, ഏറ്റെടുത്ത കാര്യത്തോടുള്ള ആത്മാർത്ഥതയാണ്. എന്ത് വില കൊടുത്തും അത് ഏറ്റവും ഭംഗിയായി പൂർത്തിയാക്കുന്നത് നമുക്ക് കാണാം. മദ്രാസിൽ സ്കൂളിന്റെ ചുമതല ഏറ്റെടുത്ത് അത് ഉയരങ്ങളിലേക്ക് കൊണ്ടുപോകാൻ കഴിഞ്ഞു. മദ്രാസിൽത്തന്നെ എൻജിനീയറിംഗ് കോളേജിന് വേണ്ടി സ്ഥലം സ്വന്തമാക്കാൻ അച്ചൻ സഹിച്ച ത്യാഗം അവിസ്മരണീയമാണ്. അതിലൊക്കെ ഉപരി തന്നെ വിശ്വസിച്ചു സഭ ഏല്പിച്ച മാവേലിക്കര രൂപത പതിനെട്ട് വർഷം കൊണ്ട് എല്ലാ അർത്ഥത്തിലും ഒരു പൂർണ്ണ രൂപതയാക്കുവാൻ പിതാവിന് സാധിച്ചു. യാതൊരു ബാദ്ധ്യതകളും ഇല്ലാതെ എന്നാൽ എല്ലാ അത്യാവശ്യ സൗകര്യങ്ങളും ഒരുക്കുവാൻ സാധിച്ചു. കത്തീഡ്രൽ, അരമന, മൈനർ സെമിനാരി, വൈദികർക്കുള്ള പരിശീലനകേന്ദ്രം- അതുപോലെ ആർട്ട്സ് & സയൻസ് കോളേജ്, സ്കൂളുകൾ, മറ്റു സ്ഥാപനങ്ങൾ, ധാരാളം ദേവാലയങ്ങൾ, വൈദിക മന്ദിരങ്ങൾ ഇതെല്ലാം പിതാവിന്റെ നിശ്ചയദാർഢ്യത്തിന്റെ പരിണിതഫലങ്ങളാണ്. വന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിന് സർവ്വമംഗളങ്ങളും നേരുന്നു.

www.malankaralibrary.com


# ധന്യമാം ജീവിതം



11

**ചുനക്കര ജനാർദ്ദനൻ നായർ**
സാഹിത്യപോഷിണി
ചീഫ് എഡിറ്റർ

**അ**നിർവചനീയമായ മനുഷ്യസ്നേഹത്തിന്റെ ഉറവിടം ഉത്ഭവിച്ചെത്തുന്ന മൃദുലമായ പുഞ്ചിരിക്കുടമയാണ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി. ആ മന്ദസ്മിതം ഏവരുടേയും മനസ്സ് കുളിർപ്പിക്കും. ഹൃദയനൈർമ്മല്യം ശോഭയാക്കിയ മിഴിരണ്ടിലെയും താരകരശ്മികളിൽ നാം അറിയാതെ നമസ്കരിക്കും.

സൗമ്യമായ പെരുമാറ്റമാണ് അദ്ദേഹത്തിന്റെ ആകർഷണീയത. നിന്നെ പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക എന്ന യേശുദേവന്റെ സിദ്ധാന്തം പ്രാവർത്തികമാക്കാൻ അക്ഷരം പ്രതി ശ്രമിച്ചിട്ടുണ്ട് മാവേലിക്കര ബിഷപ്പ്. സമീപത്തെത്തുമ്പോൾ വിശിഷ്ടമായ ആത്മീയ സ്ഫുരണങ്ങൾ വട്ടം ചുറ്റുന്നത് എനിക്ക് അനുഭവവേദ്യമായിട്ടുണ്ട്. അത് തന്നെയാണ് മറ്റുള്ളവരിൽ നിന്നും അദ്ദേഹത്തെ വേറിട്ട് നിർത്തുന്നതെന്ന വിശേഷം.

വിശുദ്ധ ഗ്രന്ഥത്തെ പുണ്യമായി കരുതുന്നതുപോലെ മറ്റ് പുസ്തകങ്ങളെയും തിരുമേനി ബഹുമാനിച്ചു. സമകാലിക സാഹിത്യ

www.malankaralibrary.com


പ്രസിദ്ധീകരണങ്ങളെ ഉൾക്കൊണ്ട് വായിക്കുകയും എഴുതുകയും പ്രഭാഷണങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നതിൽ അതീവജാഗ്രത അദ്ദേഹം കാട്ടുന്നുണ്ട്. കാത്തോലിക്കാസഭയുടെ ബിഷപ്പ് മാത്രമല്ല ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി. മധ്യതിരുവിതാംകൂറിലെ സാംസ്കാരികസഭയുടെ ബിഷപ്പ് കൂടിയാണ് അദ്ദേഹമെന്ന് ഞാൻ കരുതുന്നു.

ഏറെ വർഷങ്ങൾക്ക് മുൻപാണ് ഞാൻ തിരുമേനിയെ പരിചയപ്പെടുന്നത്. അന്നു മുതൽ ഇപ്പോൾ വരെയും ഉലച്ചിൽ തട്ടാതെ സൗഹൃദം കാത്തുസൂക്ഷിക്കാൻ അദ്ദേഹം ശ്രദ്ധിക്കുന്നു. എന്നോട് മാത്രമല്ല ഉന്നത പദവിയുടെ മഹത്ത്വത്തിന്റെ പ്രൗഢിയോടെയെല്ല മറ്റുള്ളവരോടും അദ്ദേഹം ഇടപെടുന്നത്. ബഹുജനങ്ങളോട് വലുപ്പച്ചെറുപ്പം കാട്ടാതെ ജനകീയനായി നിറഞ്ഞു നിൽക്കുന്നു. ഏവരും സമൻമാർ ജനങ്ങൾക്കിടയിലൂടെ നടന്ന് പോകുന്നതിൽ താത്പര്യം കാണിക്കുന്നു. നല്ല ഇടയനായി സൗഹൃദത്തിന്റെ ആൾരൂപമായി തിരുമേനി ഉദിച്ചുനിൽക്കുന്നു.

ശാന്തതയാണ് തിരുമേനിയുടെ മുഖമുദ്ര. നിരാശ അദ്ദേഹത്തിന്റെ നിഘണ്ടുവിലില്ല. നാനാജാതി മതസ്ഥരും ബിഷപ്പിന്റെ ഹൃദയത്തിലുണ്ട്. ഒരു തവണ കണ്ട മുഖത്തിനെ പിന്നീടൊരിക്കലും തിരുമേനി മറക്കില്ല. തിരിച്ചറിയും. എനിക്കും ആ സ്നേഹപാശത്തിൽ കുടുങ്ങാനായതിൽ ഏറെ അഭിമാനമുണ്ട്. ജനങ്ങളോട് സൗമ്യമായി പെരുമാറണമെന്ന് മന്ദസ്മിതം കൈമുതലായുള്ള തിരുമേനിയിൽ നിന്ന് എനിക്ക് പഠിക്കാനിടവന്നു.

മദർതെരേസയെ വാഴ്ത്തപ്പെട്ടവളായി വത്തിക്കാനിൽ പ്രഖ്യാപിക്കുമ്പോൾ എന്റെ ഹൃദയത്തിലും ആനന്ദം അലതല്ലി. അതിന് മറ്റൊരു കാരണം കൂടിയുണ്ട് എന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധീ കരിച്ചുവന്ന സാഹിത്യപോഷിണി മാസികയിൽ മദറിനെപ്പറ്റി ഒരു കവിത കൊടുത്തിരുന്നു. അത് വായിച്ച് ജോഷ്വാ തിരുമേനി ആ കവിതയെ ഒരു സംഗീതശില്പമാക്കി. ആ ദിവ്യ സമയത്ത് പ്രശസ്ത ഗായിക ഉഷാ ഉതുപ്പിന്റെ നാദത്തിൽ വത്തിക്കാനിലെ ആ തിരുസന്നിധിയിൽ എത്തിച്ചു എന്നത് ജീവിതകാലത്തൊരിക്കലും എനിക്ക് മറക്കാനാകില്ല. അതിന് ഇടവരുത്തിയത് മാവേലിക്കരയുടെ ബിഷപ്പിന്റെ അകമഴിഞ്ഞ വാത്സല്യം മൂലമാണ്.

www.malankaralibrary.com


നല്ല പ്രഭാഷകനായ തിരുമേനിയുടെ നിരവധി പ്രഭാഷണങ്ങൾ ആകാശവാണി അവതരിപ്പിച്ചിട്ടുണ്ട്. പുതുതലമുറയെ കാർന്നുതിന്നു കൊണ്ടിരിക്കുന്ന ലഹരിക്കെതിരെ സന്ധിയില്ലാത്ത പോരാട്ടം നടത്തുന്നവർക്കൊപ്പം നെടുനായകത്വം തിരുമേനി വഹിക്കുന്നുണ്ട്.

നന്മയുടെ തിരുവെട്ടം സമൂഹമാകെ തെളിക്കാനുള്ള അദ്ദേഹ ത്തിന്റെ പലവിധ ഉദ്യമങ്ങളും അഭിനന്ദനാർഹമാണ്.

പരിപാവനമായ ഒരു ശ്രേഷ്ഠജിവിതം യേശുദേവൻ അരുൾ ചെയ്ത് നൽകി മാവേലിക്കരയ്ക്ക് ബിഷപ്പായി ഏൽപ്പിച്ച് ഞങ്ങളെ യൊക്കെ ആശീർവദിച്ച ജോഷ്വാ മാർ ഇഗ്നോത്തിയോസ് തിരുമേനിയെ മറക്കാനെനിക്കാവതില്ല. ആരാനുമുണ്ടോ വേറേ......

www.malankaralibrary.com


# കർമ്മനിരതനായ ഇടയശ്രേഷ്ഠൻ



**റവ. ഡോ. ചാൾസ് ലിയോൺ**
എക്സിക്യൂട്ടീവ് സെക്രട്ടറി
സി.സി.ബി.ഐ. കമ്മീഷൻ ഫോർ
ദൈവവിളി, സെമിനാരി, വൈദികർ,
സമർപ്പിതർ, ബാംഗ്ലൂർ

12

**ഇ**ഗ്നാത്തിയോസ് പിതാവിനെക്കുറിച്ച് ഞാൻ ഓർക്കുമ്പോൾ ദൈവത്തിന് നന്ദിയാണ് ആദ്യമേ പറയുന്നത്. ദൈവികത്വവും മനുഷ്യത്വവും ഒരുപോലെ ഒരു വ്യക്തിയിൽ എങ്ങനെയാണ് രൂപമെടുക്കുന്നത്. അതിന്റെ വലിയൊരു മകുടോദാഹരണമാണ് ആദരണീയനായ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ്. He is fully human and full divine. ഒരുവിധത്തിലും ഉള്ള അഭിനയങ്ങൾ ഇല്ലാത്ത ജീവിതത്തിന്റെ ഉടമ. അഭിവന്ദ്യപിതാവിനെ ഞാൻ തിരുവനന്തപുരം അതിരൂപതയുടെ സഹായ മെത്രാനായിട്ടാണ് ആദ്യമായി അറിയുന്നത്. അപ്പോഴൊക്കെ ഞങ്ങളെ വശീകരിച്ച ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു അദ്ദേഹം. ഞാനും തിരുവനന്തപുരം സ്വദേശിയായതുകൊണ്ട് ഞങ്ങളുടെ അതിരൂപതയുടെ പല പരിപാടികളിലും, കൂടാതെ പാളയം പള്ളിയിലും ഞങ്ങളുടെ ഇടവകകളിലുമൊക്കെ വരുന്ന ഒരു പിതാവായിരുന്നു ജോഷ്വാ മാർ ഇഗ്നാത്തിയോസ്. വളരെ അനൗപചാരികമായരീതിയിൽ

www.malankaralibrary.com


എല്ലാവരോടും സ്നേഹവും സൗഹൃദവും പേരുപറഞ്ഞ് വിളിക്കുവാനുമുള്ള വ്യക്തിത്വം. അദ്ദേഹം ഞങ്ങളുടെ പാളയം പള്ളിയിൽ ഒരു വിവാഹം ആശീർവദിക്കുവാൻ വന്നത് ഞാൻ ഓർക്കുകയാണ്. ആരുടേതാണന്ന് അറിയില്ല. ഒരു സുഹൃത്തിന്റേതാണന്ന് തോന്നുന്നു. അപ്പോഴാണ് അദ്ദേഹത്തിന്റെ മാഹാത്മ്യം തിരിച്ചറിഞ്ഞത്. അദ്ദേഹം മലങ്കര സഭയിൽ ആണെങ്കിലും ലത്തീൻ രൂപതയിലുള്ള ഒരു വിവാഹം ആശീർവദിക്കുവാൻ വന്നപ്പോൾ ലത്തീൻ സഭയുടെ തന്നെ ആരാധനാവസ്ത്രം ധരിക്കുകയും ലത്തീൻ ക്രമത്തിലുള്ള ആരാധനയ്ക്ക് ഭാഗമാകുകയും ചെയ്തു. അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുള്ള എളിമ, പിതാവിന്റെ സാന്നിധ്യം ആ കുടുംബത്തിനു നൽകിയ സന്തോഷം ഞാൻ ഇപ്പോഴും ഓർക്കുകയാണ്.

അതിനുശേഷം ഞാൻ അഭിവന്ദ്യ പിതാവിനെ കാണുന്നത് കെ. സി.ബി.സി. വിദ്യാഭ്യാസ കമ്മീഷൻ സെക്രട്ടറിയായപ്പോഴാണ്. എന്നെ നിയമിച്ചതിനുശേഷം അദ്ദേഹമാണ് എന്നെ വിളിച്ചത്. ഞാൻ അങ്ങോട്ട് വിളിക്കുകയായിരുന്നില്ല. എന്നെ വിളിച്ചിട്ട്, ചാൾസ് അച്ചനെ സെലക്ട് ചെയ്തു, സെക്രട്ടറിയായിട്ട് തുടരണം. നമുക്ക് ആദ്യം ഒരു മീറ്റിംഗ് കൂടണം എന്ന് പറഞ്ഞു. എപ്പോൾ ഫോണിൽ വിളിച്ചാലും ഫോൺ എടുക്കുക, എന്തിന് വിളിച്ചാലും ആ പരിപാടിയിൽ പങ്കെടുക്കുക, ഒരു പരിപാടിക്ക് മുമ്പായിട്ട് നമ്മളോട് എന്തൊക്കെയാണന്ന കാര്യം അന്വേഷിക്കുക, നമ്മൾ ഒരു കാര്യം അങ്ങോട്ട് പറയുമ്പോൾ അതിനെ പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് നൂറുശതമാനം പിന്തുണക്കുക ഇതൊക്കെ ചിന്തിക്കുമ്പോൾ എത്ര വലിയ കാര്യമാണ്. കൂടാതെ വളരെ ക്രമീകൃതമായി കാര്യങ്ങൾ ചെയ്യണമെന്നും, ഒരു കാര്യം മറ്റൊരു കാര്യത്തോട് ബന്ധപ്പെടുത്തി അതിനെ പരിപോഷിപ്പിക്കണമെന്നും, ഒരു ഉദ്ദേശ ലക്ഷ്യത്തോടെ കൂടിമാത്രമേ കമ്മീഷൻ പ്രവർത്തിക്കാവൂ എന്നും ഒക്കെ അദ്ദേഹത്തിന് ചില നിർബന്ധങ്ങൾ ഉണ്ട്. അതും എന്നെ വളരെയേറെ സഹായിച്ചിട്ടുണ്ട്.

പ്രത്യേകിച്ചും സ്കൂൾ-കോളേജ് മാനേജർമാരുടെ, ടീച്ചേഴ്സ് ഗിൽഡ് പ്രസ്ഥാനങ്ങളൊക്കെ വളർത്തിയെടുക്കാൻ അന്ന് സാധിച്ചതിന്റെ ഒറ്റകാരണം അഭിവന്ദ്യ ജോഷ്വാ പിതാവിന്റെ ക്രിയാത്മകമായ ഇടപെടലാണ്. അദ്ദേഹം കെ.സി.ബി.സിയുടെ വിദ്യാഭ്യാസ കമ്മീഷൻ സെക്രട്ടറി ആയതുകൊണ്ട് തന്നെ പല രീതിയിലും വിദ്യാഭ്യാസത്തെക്കുറിച്ച് വ്യക്തമായ ഒരു കാഴ്ചപ്പാട് ഉണ്ടായിരുന്നു. സംസ്ഥാനത്തെ വിദ്യാഭ്യാസകമ്മീഷൻ സെക്രട്ടറി ആയപ്പോൾ ആ കാഴ്ചപ്പാടിനെ

www.malankaralibrary.com


കൂടുതൽ പോഷിപ്പിക്കുവാൻ ആത്മാർത്ഥമായി പരിശ്രമിക്കുമായിരുന്നു. ഒരു കമ്മീഷൻ ചെയർമാൻ എന്ന നിലയ്ക്ക് ഒരു ഉദ്ഘാടകനും ഒരു പരിപാടിക്ക് മുഖം കാണിച്ചുപോകുന്ന വ്യക്തിത്വവുമല്ല അഭിവന്ദ്യ പിതാവ്, മറിച്ച് ആരംഭം മുതൽ അവസാനം വരെ ഉണ്ടാകുകയും, ഓരോ കാര്യങ്ങളും ഗൗരവപൂർവ്വം എടുക്കുകയും അത് ഓർത്തിരിക്കുകയും അതിനെ ബന്ധപ്പെടുത്തി സംസാരിക്കുകയും ചെയ്യും.

ടീച്ചേഴ്സ് ഗിൽഡിനെ പ്രോത്സാഹിപ്പിച്ച കാര്യത്തിൽ അഭിവന്ദ്യ ജോഷ്വാ പിതാവിന്റെ പങ്ക് വളരെ വലുതാണ്. ഒന്നുരണ്ട് കാര്യങ്ങൾ പറയുമ്പോൾ, പിതാവ് പരിപാടികളിൽ വന്നെത്തുകയും അതിൽ പൂർണ്ണമായി പങ്കെടുക്കുകയും ചെയ്തു എന്നതാണ്. ടീച്ചേഴ്സ് ഗിൽഡുമായി ബന്ധപ്പെട്ടാണ് നമ്മൾ സൂപ്പർ മുപ്പത് എന്ന ഒരു പ്രോജക്ട് വിഭാവനം ചെയ്തത്. അഭിവന്ദ്യ പിതാവ് ആറു മേഖലയിൽ ആ പ്രോജക്ട് സ്വീകരിക്കുകയും അതിലൂടെ വിദ്യാഭ്യാസ ഉന്നതി നമ്മുടെ സമൂഹത്തിൽ ഉണ്ടാകണമെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുകയും ചെയ്തു. രണ്ടാമത് ടീച്ചേഴ്സിന്റെ നിയമനവുമായി ബന്ധപ്പെട്ടതാണ്. സെക്രട്ടറിയേറ്റ് പടിക്കൽ നിരാഹാരം കിടക്കാൻ ഞാൻ സന്നദ്ധനാണ് എന്നു വരെ പറയുകയും അങ്ങനെ സെക്രട്ടറിയേറ്റ് പടിക്കലുള്ള സമരം ഏകദിന ഉപവാസദിനമായി വിഭാവനം ചെയ്യുവാനുള്ള ഒറ്റക്കാരണം അഭിവന്ദ്യ പിതാവാണ്.

അതായത് ജോലിചെയ്യുന്ന അധ്യാപകർക്ക് വേതനം ലഭിക്കാൻ വേണ്ടി ഏതറ്റംവരെയും പോകാൻ അദ്ദേഹം സന്നദ്ധനായിരുന്നു. നാലു പ്രാവശ്യം മുഖ്യമന്ത്രിയെ കാണാനായിട്ട് ഞങ്ങളോടൊപ്പം സമയമെടുത്ത് കൂടെവന്നു. ഇതെങ്ങനെ സാധിക്കുന്നുവെന്ന് ചോദിച്ചാൽ തികച്ചും നമ്മുടെ ചിന്തക്കും ബുദ്ധിക്കും അതീതമായിട്ടുള്ളതാണ്. അത്രകണ്ട് ഒരു അർപ്പണബോധം അദ്ദേഹത്തിലുണ്ട്. വീണ്ടും ഞാൻ ഓർക്കുന്നത് അദ്ദേഹത്തിന് ഇത്രമാത്രം യാത്രചെയ്യുവാൻ എങ്ങനെയാണ് സാധിക്കുക എന്നതാണ്. നമ്മൾ പറയുന്ന സമയത്ത് കൃത്യമായി അദ്ദേഹം വരും, തിരികെ പോകും, വീണ്ടും വരും. നമ്മളാണെങ്കിൽ യാത്രാചെലവ് നോക്കും, സമയം നോക്കും, ശാരീരിക ബുദ്ധിമുട്ടുകൾ നോക്കും. ഇതൊന്നും പിതാവിന് നോട്ടമില്ല എന്നുള്ളതാണ് സത്യാവസ്ഥ. നമ്മൾ നോക്കുമ്പോൾ വ്യത്യസ്തമായിട്ടുള്ള ഒരു അനുഭവം. ഓരോ പരിപാടിക്കുവരുമ്പോഴും അദ്ദേഹം സംസാരിക്കുന്നത് എന്തൊക്കെ വിഷയങ്ങളാണ്. അതിൽ എന്തൊക്കെ തീരുമാനങ്ങളാണ്

www.malankaralibrary.com


ഉള്ളത്, അത് എവിടെ തുടങ്ങണം, ഒരു പരിപാടി തുടങ്ങുമ്പോൾ എവിടെ എത്തിനില്ക്കണം എന്നതിനെക്കുറിച്ചൊക്കെ അദ്ദേഹത്തിന് കൃത്യമായ ലക്ഷ്യമുണ്ട്.

സുഹൃത്ബന്ധം സൂക്ഷിക്കുന്ന വ്യക്തിത്വം കൂടിയാണ് പിതാവ്. ഞാൻ ഇപ്പോഴും ഓർക്കുന്നത്, എന്റെ ഒരു ബന്ധു സുഖമി ല്ലാതെ കായംകുളത്ത് കിടക്കുന്നു. ഞാൻ കൂടെവരുന്നു എന്നു പറഞ്ഞ് അദ്ദേഹം എന്റെ കൂടെ വന്നു. എന്നുമാത്രമല്ല അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും അവരോടൊപ്പം ചെലവഴിക്കുവാനും അദ്ദേഹം സമയം കണ്ടെത്തി. ആളുകളുടെ പേര് ഓർക്കുവാനുള്ള അസാധാ രണ കഴിവും പിതാവിനുണ്ട്. സഭയെക്കുറിച്ചുള്ള, മലങ്കര സഭയെക്കു റിച്ചുള്ള ബോധം, ഭാരതസഭയെക്കുറിച്ചുള്ള കാഴ്ചപ്പാട്, കേരള സഭയെ നയിക്കാനുള്ള ശക്തി ഇങ്ങനെ പല സദ്ഗുണങ്ങളും നിറഞ്ഞ വ്യക്തി ത്വം. മാനുഷികമായിട്ടുള്ള വളരെയധികം നല്ല ഗുണങ്ങളും അതു പോലെ ദൈവികമായിട്ടുള്ള പ്രാർത്ഥനാചൈതന്യവും തന്റെ സാന്നി ധ്യംകൊണ്ടും വാക്കുകൾകൊണ്ടും അദ്ദേഹം മനുഷരെ കൂടുതൽ ഉത്സാഹഭരിതരാക്കുന്നു.

അഭിവന്ദ്യ പിതാവിന്റെ 75-ാം ജന്മദിനത്തിലും പ്രധാനാചാര്യ ശുശ്രൂഷയിൽ നിന്നുള്ള വിരമിക്കലും ഓർക്കുമ്പോൾ നന്ദി പറയുവാ നാണ് എന്റെ മനസ് മുതിരുന്നത്. കാരണം ഇത്ര നല്ല ഒരു മനുഷ്യനെ സഭയ്ക്കു നൽകിയതിന് ദൈവത്തിന് നന്ദി. യേശുക്രിസ്തുവിന്റെ കൃപാ പൂർണ്ണമായ മുഖം - Compassional face അത് നൽകുവാൻ മാത്ര മുള്ള അദ്ദേഹത്തിന്റെ ചാതുര്യം. പിതാവിന് ദീർഘായുസും സഭയെ കൂടുതൽ പ്രചോദിപ്പിക്കാനുള്ള കഴിവും നൽകി ദൈവം അനുഗ്രഹി ക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ഇങ്ങനെ ഒരു സംരംഭം ചെയ്യുവാൻ മുന്നിട്ടിറങ്ങിയ മാവേലിക്കര ഭദ്രാസനത്തിലെ സി.റ്റി. വർഗീസ് സാറിന്റെ നേതൃത്വത്തെ അഭിനന്ദിക്കുകയും ചെയ്യുന്നു.

www.malankaralibrary.com


# ആത്മബന്ധങ്ങളുടെ കാവലാൾ

13



**പീറ്റർ സി. ഏബ്രഹാം**
സാഹിത്യകാരൻ

"**കു**ഞ്ഞ് കൂടെ പോരുന്നോ ?" ഈ ചോദ്യം ഒരുൾവിളിപോലെ മണികെട്ടിയ കിഴക്കേവീട്ടിലെ ജോയിച്ചൻ എന്ന ബാലന്റെ ഹൃദയത്തിൽ കിടന്നു മുഴങ്ങി. ദൈവമല്ലാതെ മറ്റാരും കൂട്ടില്ലാതെ പോയ ഏകാന്തബാല്യത്തിൽ ആ ദൈവവിളി മാത്രമായിരുന്നു ഏക പിടിവള്ളി. ആറാം വയസ്സിൽ അപ്പനും ഏഴാം വയസ്സിൽ അമ്മയും നഷ്ടപ്പെട്ടുപോയ അനാഥബാല്യത്തിന്റെ കണ്ണീർക്കയത്തിൽ നിന്നും രക്ഷിക്കാൻ ദൈവം വന്നു വിളിക്കുന്നതുപോലൊരു അനുഭവം. കുടുംബപൈതൃകമായി കിട്ടിയ ദൈവോന്മുഖതയാൽ സമ്പന്നമായിരുന്നു ആ ബാല്യം. ഉമ്മച്ചൻ എന്ന വല്യപ്പച്ചന്റെ സഭാതീക്ഷ്ണതയും പിതാവ് വറുഗീസിന്റെ ദീനാനുകമ്പയും അമ്മയായ അന്നമ്മയുടെ ഭക്തിയും ജോയിച്ചന്റെ സ്വഭാവത്തെ ആത്മീയസാന്ദ്രമാക്കിയിരുന്നു. മിക്കപ്പോഴും രാത്രി ഏറെ വൈകി മാത്രം വീട്ടിലെത്താൻ കഴിഞ്ഞിരുന്ന പിതാവ് അപ്പോഴേക്കും ഉറങ്ങിപ്പോയ മക്കളെ വിളിച്ചുണർത്തി കുടുംബപ്രാർത്ഥന നടത്തുന്നതിൽ നിഷ്ഠനായിരുന്നു. രണ്ടാംലോകമഹായുദ്ധ

www.malankaralibrary.com


കെടുതി മൂലം പട്ടിണിയിൽപ്പെട്ട പാവങ്ങൾക്ക് റേഷനരി കൊണ്ടു പോയി കൊടുത്ത് മിച്ചമുള്ളതുമായി വീടണഞ്ഞിരുന്ന ആ നല്ല അപ്പന്റെ അഗതികളോടുള്ള കാരുണ്യസമീപനം ജോയിച്ചന്റെ ഇളംമനസ്സിൽ ആഴത്തിൽ പതിഞ്ഞുകിടന്നിരുന്നു.

സ്വർഗ്ഗത്തിലെ മാലാഖ കണക്കേ, ഇടവകപ്പള്ളിയായ കിഴക്കേത്തെരുവ് സെന്റ് മേരീസ് ദേവാലയത്തിലെ മദ്ബഹായിൽ അവൻ അൾത്താരാ ബാലനായി. ബഹു. തച്ചേട്ടച്ചൻ തുടങ്ങിയ വികാരിമാരുടെ കണ്ണിലുണ്ണിയായിരുന്ന ബാലനെ അവർ ശുശ്രൂഷയ്ക്കായി പോകുന്ന മറ്റ് ദേവാലയങ്ങളിലും ശുശ്രൂഷകനായി കൂടെ കൊണ്ടുപോയിരുന്നു. ദേവാലയ പരികർമ്മങ്ങൾക്കായി തിരുവനന്തപുരത്തു നിന്നും കൊട്ടാരക്കര പ്രദേശത്ത് എത്തുന്ന വൈദികരെ ജോയിച്ചന്റെ പിതാവ് സ്വന്തം ലോറിയിൽ കയറ്റി യഥാസ്ഥാനങ്ങളിൽ എത്തിക്കുകയും ശുശ്രൂഷകൾക്കുശേഷം അവരെ തിരികെ അതേ വാഹനത്തിൽ കൊട്ടാരക്കര ബസ്സ്റ്റാന്റിൽ എത്തിച്ച് യാത്രയാക്കുകയും ചെയ്യുമായിരുന്നു. പെറ്റമ്മയുടെ വാത്സല്യം നുകർന്നു മതിയാവാതെ പോയ ആ ബാലൻ ആത്മീയമാതാക്കളുടെ സാന്നിദ്ധ്യത്തിനായി ദാഹിച്ചു.

അതിനാലാണ് പന്ത്രണ്ടു വയസ്സു മാത്രമുള്ള ആ കുഞ്ഞ് വികാരിയച്ചന്റെ അടുത്തുചെന്ന് ഇങ്ങനെ അപേക്ഷിച്ചത്; "സൺഡേ സകൂൾ ക്ലാസിൽ ഞങ്ങളെ പഠിപ്പിക്കാൻ ഒരു സിസ്റ്ററിനെയെങ്കിലും അയച്ചു തരാൻ മദറിന്റെ പേർക്ക് അച്ചൻ ഒന്ന് എഴുതണേ". മേരീമക്കൾ മഠത്തിന്റെ സ്ഥാപകയായ മദർ മേരി കല്ലറയ്ക്കലിന്റെ വിലാസം കൊടുത്തുകൊണ്ട് വികാരിയച്ചൻ ആ ബാലനോട് പറഞ്ഞു; "മോൻ തന്നെ മദറിന്റെ പേർക്ക് ഒന്നെഴുത്". ആ പന്ത്രണ്ടുകാരന്റെ ആഗ്രഹത്തിനുമുമ്പിൽ അതിശയം കൂറി നിന്ന മദർ അവന്റെ കത്തുകിട്ടിയ ഉടൻ നേരിട്ട് കിഴക്കെത്തെരുവിലെത്തി. മഠം തുടങ്ങാൻ മണികെട്ടിയ വീട് നിരുപാധികം ഒഴിഞ്ഞുകൊടുക്കാമെന്ന തീരുമാനം മദറിനെ സന്തോഷിപ്പിച്ചു. അങ്ങനെ സ്വഭവനത്തിൽ വി.കുർബ്ബാന അർപ്പിക്കാനുള്ള ചാപ്പൽ വരെ സജ്ജമാക്കി കഴിഞ്ഞപ്പോൾ ആ കുഞ്ഞിന്റെ ആനന്ദം വർണ്ണനാതീതമായിരുന്നു. ആ ചാപ്പലിൽ ദിവ്യബലി അർപ്പിച്ച ആർച്ച് ബിഷപ്പ് ബെനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ ശുശ്രൂഷകനായി ജോയിച്ചൻ അപാരമായ ചാരിതാർത്ഥ്യത്തോടെ ധൂപം വീശി നിന്നു. പിന്നീട് കൊട്ടാരക്കര പ്രദേശത്ത് ഗ്രിഗോറിയോസ് തിരുമേനി എഴുന്നള്ളുമ്പോഴെല്ലാം ശുശ്രൂഷകനായി അച്ചന്മാർ അയച്ചിരുന്നത് ജോയിച്ചനെ

www.malankaralibrary.com


ആയിരുന്നു. "കുഞ്ഞ് കൂടെ വരുന്നോ?" വന്ദ്യ പിതാവ് ക്രിസ്തുവിന്റെ അഭിഷേക വഴിയിലേക്ക് ആ ബാലനെ വാത്സല്യത്തോടെ മാടി വിളിച്ചു. പത്താം തരത്തിൽ ജയിച്ച ഉടൻ വൈദീക പഠനത്തിനായി ആ ബാലപാദങ്ങൾ ഉത്സാഹത്തോടെ മുന്നോട്ടുവച്ചു. കുറേക്കൂടി പഠിച്ചിട്ട് ആവട്ടെ എന്ന ചർച്ചക്കാരുടെ വിലക്കിനെ മറികടന്ന് "അവന്റെ ഇഷ്ടം പോലെയാവട്ടെ" എന്ന വല്യപ്പച്ചനായ ഉമ്മച്ചന്റെ സ്വരം അവനു തുണയായി.

ജോയിച്ചൻ അങ്ങനെ കോശി വറുഗീസ് ശെമ്മാശനിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടു. മനസിന്റെ നന്മകളെ ആവോളം പരിപോഷിപ്പിക്കാനും ദോഷകരമായവയെ പിഴുതെറിയാനും ആ സെമിനാരിക്കാലം ഒട്ടൊന്നുമല്ല സഹായിച്ചത്. സത്യം തുറന്നു പറയാനുള്ളതാണെന്നും വിരലുകൾ തിന്മയ്ക്കെതിരേ ചൂണ്ടാനുള്ളതുമാണെന്നുള്ള നിശിതബോധമുണ്ടായിരുന്നു, പണ്ടേ. ധാർഷ്ട്യത്തിന്റെ ലാഞ്ചന നിഴലിട്ട സ്വഭാവം മെരുക്കപ്പെടേണ്ടതാണെന്ന തോന്നൽ ആദ്യമായി മനസിൽ അങ്കുരിച്ചതും സെമിനാരിക്കാലത്തു തന്നെ. എളിമ എന്ന പുണ്യത്തിന്റെ വിളനിലങ്ങളായിരുന്ന പ്രൊഫസറൻമാരുടെ ശിക്ഷണത്തിൽ തൃശിനാപ്പള്ളി സെന്റ് പോൾസ് സെമിനാരിയിലെ പഠനകാലത്തിലൂടെ ഈ അഹംബോധത്തെ അമർച്ച ചെയ്യാൻ കോശിശെമ്മാശനു സാധിച്ചു. വിനയം എന്ന സുകൃതം ഉള്ളിൽ വളരാൻ പ്രാർത്ഥനയാചിച്ചുകൊണ്ട് സന്ന്യാസികളായ ഗുരുവരന്മാരുടെ പേർക്ക് എഴുതി അപേക്ഷിക്കുകപോലും ചെയ്തിട്ടുണ്ട് ശെമ്മാശൻ. സാർവ്വജനീനതയുടെ വിശാലഭാവം ഉള്ളിൽ വളർത്താൻ പ്രാപ്തമായ ഒരു അസുലഭാവസരം മാർ ഗ്രിഗോറിയാസ് പിതാവ്, ശെമ്മാശന്റെ ഫിലോസഫി പഠനാനന്തരം കൽപിച്ചു നൽകുകയുണ്ടായി. ദക്ഷിണേന്ത്യയിലെ കത്തോലിക്കാ വിദ്യാർത്ഥികളുടെ ഏകോപനച്ചുമതലയായിരുന്നു അത്. പിൽക്കാലത്ത് മാർ ഇഗ്നാത്തിയോസ് പിതാവിന് വിഭാഗീയതയുടെ സർവ്വ അതിരുകളും ഭേദിച്ച് ജനതയെ വിശാലമായ തലത്തിൽ ഒരുമയുടെ കരവലയത്തിൽ ചേർത്തു നിർത്താൻ കഴിയുന്നുണ്ടെങ്കിൽ ആ അസാധാരണമായ സമശീർഷമനോഭാവത്തിന്റെ ആദ്യപരിശീലനമായിരുന്നു ആ ഏകോപനസപര്യ എന്നുപറയാം.

നിരവധിയായ പ്രതിസന്ധികളുടെ മുൾപ്പടർപ്പുകൾ നടപ്പാതയിൽ വഴി മുടക്കി കിടന്നിട്ടും തീക്ഷ്ണവിശ്വാസത്തിന്റെ ആത്മീയ അഭയമന്ത്രം ഉരുക്കഴിച്ച് അവയെ മറികടന്ന് ബഹുദൂരം മുന്നേറാൻ വന്ദ്യ

www.malankaralibrary.com


തിരുമേനിക്കു കഴിഞ്ഞു. അലറി ഒഴുകുന്ന ആറിന്റെ മുകളിലൂടെയുള്ള ഇടുങ്ങിയ തീവണ്ടിപ്പാളത്തിൽ തെല്ലു വഴിമാറാൻ ഇത്തിരിപോലും ഇട മില്ലാതെ കുടുങ്ങിപ്പോയ, സംഭീതമായ മരണ സാഹചര്യത്തിൽ നിന്നുപോലും എത്ര അതിശയകരമായാണ് ഈശ്വരൻ ആ അമൂല്യ ജീവനെ സംരക്ഷിച്ച് സഭയ്ക്കും സമൂഹത്തിനും വേണ്ടി തിരികെത്ത ന്നത് ! സ്വന്തം കാര്യങ്ങൾക്കായി ഒരു ജീവിതം വേണ്ടെന്നും സമൂഹ ത്തിലെ നിർധനരും നിസഹായരുമായവർക്കായി സമർപ്പിക്കാനുള്ളതാ വണം ജീവിതം എന്നുമുള്ള വന്ദ്യപിതാവിന്റെ ദർശനം ആ ജീവിതത്തെ വേറിട്ടുനിർത്തുന്നു. അക്ഷോഭ്യതയാണാ പ്രകൃതത്തിന്റെ മറ്റൊരു ഗുണ വശം. ചെറുപുഞ്ചിരിയോടെ മാത്രമുള്ള ആ ഇടപെടലുകളുടെ സ്നിഗ്ദ്ധത ആസ്വദിക്കാത്ത ആരുണ്ട് നമ്മുടെ ഇടയിൽ ! ഓർമ്മശ ക്തിയുടെ വജ്രകൂർമ്മത ജന്മസമ്മാനമായുള്ള പിതാവ് സകലരേയും പേരുചൊല്ലിവിളിച്ച് സമാശ്വസിപ്പിക്കുന്നതും സമാദരിക്കുന്നതും സാരസ്യം മൊഴിയുന്നതുമൊക്കെ കേട്ട് നാം വിസ്മയിച്ചു നിന്നുപോ യിട്ടില്ലേ ! കിടയറ്റ വാഗ്മിത്തത്താൽ പ്രഭാഷണവേദികളെ മധുരതരള മാക്കുന്ന പിതാവ് ധർമ്മോക്തികളുടെ അനുഗൃഹീത ജിഹ്വയായി ശക്തി യുക്തം വാദിക്കുന്നതും കാണാം. അന്ധതമസിനെ ആട്ടിയോടിക്കാൻ പാകത്തിൽ, പ്രത്യേകിച്ച് മദ്യവർജ്ജന പ്രസ്ഥാനത്തിന്റെ അമരക്കാര നായി നിന്ന് സെക്രട്ടറിയേറ്റ് നടയിലെ സത്യാഗ്രഹ ഭൂമിയിൽ മാത്ര മല്ല, കേരളത്തിൽ അങ്ങോളമിങ്ങോളം എത്രയെത്ര ഇടങ്ങളിലാണ് മാനി ഷാദയുടെ ഉഗ്രഭേരി ആ വാഗ്ഭടൻ ഉയർത്തിയിട്ടുള്ളത്. എല്ലാം ജനത യുടെ സ്വച്ഛജീവിതത്തെ പ്രതിയായിരുന്നു. 'ഒരാൾ എന്നെ വിളിച്ചാൽ ദൈവം എന്നെ വിളിക്കുന്നതായിട്ടാണ് ഞാൻ കരുതുന്നത്. ജനത്തിന്റെ സ്വരം ദൈവത്തിന്റെ സ്വരമാണ്'. ഇങ്ങനെ ജീവൽവ്രതവാക്യങ്ങൾ ഏറ്റു പറയുന്ന പിതാവ് ക്രിസ്തു വിഭാവനം ചെയ്ത നല്ലിടയനിലേക്ക് ഭാവാ ന്തരപ്പെടുകയായിരുന്നു.

മണ്ടക്കാട്ട് ലഹളക്കാലത്ത് കുപ്പായം ധരിച്ചു നടക്കാൻ പുരോ ഹിതന്മാർ ഭയന്നു കഴിഞ്ഞ കാലത്തുപോലും സധൈര്യം കുപ്പായം ധരിച്ചുകൊണ്ടുതന്നെ സഞ്ചരിച്ചിരുന്ന പിതാവ്,"വരൂ നമുക്കും അവ നോടൊപ്പം പോയി മരിക്കാം" എന്നുപറഞ്ഞ സെന്റ് തോമസിന്റെ യഥാർത്ഥ ശിഷ്യനായിത്തീരുകയായിരുന്നില്ലേ. വൈദീകനായിരുന്ന കാലത്ത് മരണാസന്നനായ ഒരു ഇടവകാംഗത്തിന് തൈലാഭിഷേക ശുശ്രൂഷ നൽകാനായി സ്കൂട്ടറിൽ സഞ്ചരിച്ചു തുടങ്ങിയപ്പോൾ അന്നു ഭാരതബന്ദ് ആകയാൽ ഒരു പറ്റം ആക്രമികൾ തക്കലയിൽ വച്ച്

www.malankaralibrary.com


വണ്ടി തടഞ്ഞ് തിരികെപ്പോകാൻ ശഠിച്ചു. "എന്റെ ആവശ്യത്തിനു വേണ്ടിയല്ല ! 'മരിക്കാറായിക്കിടക്കുന്ന ഒരാളിനുവേണ്ടിയാണ് പോകുന്നത്' എന്നുപറഞ്ഞിട്ടും അവർ ഭീഷണിയുടെ സ്വരത്തിൽ ആക്രോശിച്ചു! "പോയാൽ ജീവനോടെ തിരിച്ചുവരില്ല". 'എനിക്കു തിരിച്ചുവരണമെന്നില്ല! എന്നാലും ആ രോഗിയെ എനിക്കു കണ്ടേ മതിയാകൂ' എന്ന് സധൈര്യം പറഞ്ഞുകൊണ്ട് അപരനുവേണ്ടി പ്രാണനർപ്പിക്കാൻ സന്നദ്ധനായ അച്ചൻ സ്കൂട്ടർ മുന്നോട്ടെടുത്തു പോവുകയായിരുന്നു.

നന്മ ചെയ്തുകൊണ്ട് ചുറ്റി സഞ്ചരിക്കാൻ സ്വർഗ്ഗം നിയോഗിച്ച വന്ദ്യ താതന്റെ പൂജ്യപാദങ്ങൾ മുദ്രണം ചെയ്യാത്ത ഇടങ്ങൾ കുറവാണ്, സ്വദേശത്തും വിദേശങ്ങളിലും. ഏറ്റം കൂടുതൽ സഞ്ചരിക്കുന്നവരെന്നു കേരള ജനത അടയാളപ്പെടുത്തിയ രണ്ടു മഹത്തുക്കളുണ്ടായിരുന്നു, പണ്ട്. ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവും ഡോ. സുകുമാർ അഴീക്കോടും. ഇന്നു കേരളീയർ അവർക്കൊപ്പം ജോഷ്വാ മാർ ഇഗ്നാത്തിയോസ് എന്ന നാമം കൂടി ആ ശ്രേണിയിൽ എഴുതിച്ചേർത്തിരിക്കുന്നു. അവിശ്രമമുള്ള ഇത്തരം ബഹുദൂര യാത്രകൾക്കിടയിൽ ഒരു പരിചിത മുഖത്തെ വഴിവക്കിലെങ്ങാനും കണ്ടാൽ വേഗം കാർ നിർത്തി കുശലോപചാരങ്ങൾ ചൊല്ലി, വേണ്ടി വന്നാൽ കൂടെ കയറ്റി യഥാസ്ഥാനത്തിറക്കി യാത്ര തുടരുന്ന ഈ ആചാര്യൻ അക്ഷരാർത്ഥത്തിൽ ജനതയുടെ നല്ലിടയനായി മാറുന്നു. സ്നേഹബന്ധത്തിന്റെ ഇത്ര ദൃഢമായ ഇഴയടുപ്പം കാത്തുസൂക്ഷിക്കുന്ന പിതാവിനോട് ഒരിക്കൽ ഒരു മാധ്യമ പ്രവർത്തകൻ ആരാഞ്ഞു! "മാവേലിക്കര രൂപതയുടെ ആദ്യ മെത്രാപ്പൊലീത്ത എന്ന നിലയിൽ തിരുമേനിയുടെ കർമ്മ വൈഭവങ്ങൾ അദ്ഭുതകരമായി തോന്നുന്നല്ലോ. എന്താണീ വളർച്ചയുടെ പിന്നിലെ കാരണങ്ങൾ?" അതിനു പിതാവു നൽകിയ മറുപടി ഇതാണ്. "എന്റെ രൂപതയിൽ എസ്റ്റേറ്റോ കോളേജുകളോ ഒന്നുമില്ല, ജനങ്ങളാണ് എന്റെ സമ്പത്ത്, അവരിലൂടെയാണ് ഇതൊക്കെ സാധ്യമായത്".

വിദ്യാഭ്യാസത്തിന്റെ ഉപരിതലങ്ങളിലേക്ക് പിതാവ് കടന്നതും ഡോക്ടറേറ്റുനേടിയതുമെല്ലാം ഇന്ത്യയിലെ അവികസിത ഗ്രാമീണ തലമുറകൾക്ക് പ്രയോജനം ലഭിക്കുന്നതിനുവേണ്ടിയായിരുന്നു. കേരളത്തിന്റെയും തമിഴ്നാട്ടിലെയും ഉന്നതവിദ്യാഭ്യാസ രംഗങ്ങൾ തമ്മിലുള്ള സമാന - വൈജാത്യ- താരതമ്യ പാഠങ്ങൾ ഉൾക്കൊള്ളുന്നതായിരുന്നു, Schools Effectiveness Through Leadership Style and Organizational Health എന്ന വിഷയത്തിൽ മദ്രാസ് യൂണിവേഴ്സിറ്റിയിൽ

www.malankaralibrary.com


പിതാവ് സമർപ്പിച്ച ഡോക്ടറൽ പ്രബന്ധം. ഗംഭീരോദാത്തമായ ഈ പ്രബന്ധത്തെപ്പറ്റി വൈസ് ചാൻസലർ ആയിരുന്ന ഡോ.സിറിയക് തോമസ് പ്രകീർത്തിച്ചെഴുതി! "ഇതൊരു മെത്രാന്റെ തമാശയല്ല, മറിച്ച് ഒരു മെത്രാന്റെ പണ്ഡിത തൽപരതയുടെയും പ്രചോദനാത്മകമായ ഉൾക്കാഴ്ചയുടെയും ലോകജീവിതത്തിന്റെ നേർക്കുള്ള ക്രിയാത്മക മായ വിക്ഷണത്തിന്റെയും ഉത്തമ സാക്ഷാത്കാരമാണ്. ദൈവത്തെയും മനുഷ്യനെയും പ്രസാദിപ്പിക്കുന്ന ഉയരങ്ങളിലേക്ക് അദ്ദേഹം നിശ്ചയി ക്കപ്പെട്ടിരിക്കുന്നു എന്നത് കാലം തെളിയിക്കുമെന്ന് എനിക്കുറപ്പുണ്ട്". ഇരുപത്തഞ്ചു കൊല്ലങ്ങൾക്കുമുമ്പ് ഡോ.സിറിയക് സാർ കുറിച്ചുവച്ച പ്രവചനപ്രതീക്ഷകൾ ഒന്നൊന്നായി നിറവേറ്റപ്പെടുന്നതിന് കാലവും നമ്മളും ഇന്ന് സാക്ഷികൾ ! മെത്രാൻ സമിതി നിശ്ചയിച്ച എഡ്യുക്കേ ഷൻ കമ്മിറ്റിയുടെ ചെയർമാനായി ദീർഘകാലം പ്രവർത്തിക്കുകവഴി കാത്തലിക് വിദ്യാഭ്യാസം സർവ്വസ്വീകാര്യമായി എങ്ങനെ നടത്തണം എന്ന കാര്യത്തിൽ തിരുമേനി വ്യക്തമായ മാർഗ്ഗരേഖകൾ സമർപ്പിച്ചു. മാത്രമല്ല, കന്യാകുമാരി മുതൽ കാശ്മീർ വരെയുള്ള പതിന്നാലു പ്രവ ശ്യകളിലും ഉന്നത വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ സഭാതല കർമ്മ ങ്ങളെ പിതാവ് കാര്യക്ഷമമായി ഏകോപിപ്പിക്കുകയും ചെയ്തു.

മാർ ഈവാനിയോസ് പിതാവ്, പിൻഗാമിയായി മാർ ഗ്രിഗോറി യോസ് പിതാവിനെ കണ്ടെത്തിയതുപോലെ മാർ ഗ്രിഗോറിയോസ് തിരു മേനി മുന്നമേ കണ്ടെത്തിയിരുന്ന ഒരു വൈദിക രത്നമായിരുന്നു ബഹു. കോശി വറുഗീസ് അച്ചൻ. പട്ടം കിട്ടിയ ഉടനുള്ള ആദ്യ നിയമനം തന്നെ 350 ലേറെ കുടുംബങ്ങളുള്ള, മലങ്കര സഭയിലെ ഏറ്റവും വലിയ ഇടവ കകളിലൊന്നായ കിരാത്തൂരിൽ സഹായക വൈദികൻ എന്ന നിലയി ലായിരുന്നു. അന്നത്തെ പൊതുയോഗത്തിൽ ജനാവലിക്കിടയിൽ നിന്നും ആ കൊച്ചച്ചനെ ഗ്രിഗോറിയോസ് പിതാവ് പേരുചൊല്ലി വിളിച്ച് വേദിയിലേക്കു വരുത്തി തൊട്ടരികിൽ ഇരുത്തുകയും പ്രസംഗമദ്ധ്യേ ഇങ്ങനെ പറയുകയും ചെയ്തു; 'ഈ കൊച്ചച്ചനിൽ ഞാൻ വളരെയേറെ കാര്യങ്ങൾ പ്രതീക്ഷിക്കുന്നുണ്ട്.' മാർ ഗ്രിഗോറിയോസ് പിതാവ് വിട വാങ്ങൽ പ്രസംഗം നടത്തിയ 1994 ജൂലൈ 15 ന് മാർ ഈവാനിയോസ് അനുസ്മരണ പ്രഭാഷണം പട്ടം കത്തീഡ്രലിൽ നടത്താൻ പിതാവ് തെരഞ്ഞെടുത്തതും വന്ദ്യ കോശി വറുഗീസ് അച്ചനെ തന്നെയായിരു ന്നു. ഗ്രിഗോറിയോസ് തിരുമേനിയുടെ സ്വപ്ന ഭൂമികയായിരുന്ന പാഡി പ്രദേശത്തെ കേവലം ചെളിനിലം എന്ന പരിഹാസത്തിൽ നിന്നും കോളേജ് ഉൾപ്പടെയുള്ള പ്രശ്സ്തങ്ങളായ വിദ്യാഭ്യാസ നിലയങ്ങളുടെ

www.malankaralibrary.com


പുരോഗമനനഗരമായി പരിവർത്തനം ചെയ്യിക്കുന്നതിൽ ബഹു. ജോർജ്ജ് ജേക്കബ് കിഴക്കേതിൽ അച്ചനൊപ്പം നിന്ന്14 വർഷം ചോര നീരാക്കി അദ്ധ്വാനം ചെയ്ത വ്യക്തിയാണ് ബഹു.കോശി വറുഗീസ് കിഴക്കേവീട്ടിൽ അച്ചൻ.

പിതാവിനെപ്പറ്റി ഞാനീ ലേഖനത്തിലൂടെ തുറന്നെഴുതിയ മഹിതഭാവങ്ങളിലേറെയും ഞാൻ നേരിട്ടനുഭവിച്ചവ തന്നെയാണ്. ദുഃഖസാന്ദ്രമായ നിമിഷങ്ങളിൽ വന്ദ്യ തിരുമേനിയുടെ സാന്ത്വനസാമിപ്യം എത്രയോ തവണ ഞങ്ങൾ അനുഭവിച്ചിട്ടുണ്ട്. പാളയം ബഥനി ഹോസ്റ്റൽ മഠത്തിൽ വന്ദ്യ പിതാവ് പ്രാർത്ഥിച്ചുകൊണ്ടുനിൽക്കുമ്പോഴാണ് ഞങ്ങളുടെ സിസ്റ്റർ അമ്മാമ്മ (റവ. സി.ശാലീത്ത S.I.C) സ്വപ്രാണനെ ദൈവകരങ്ങളിൽ സമർപ്പിച്ചത്. എന്റെ പിതാവിന്റെ ശവസംസ്കാരം നടത്തി അനുഗ്രഹിച്ചത് മാർ ഇഗ്നാത്തിയോസ് പിതാവും മാർ കുറിലോസ് പിതാവും ചേർന്നായിരുന്നു. എന്റെ പിതാവിന്റെ ചരമദശാബ്ദിയിൽ ഓർമ്മകുർബ്ബാന അർപ്പിച്ചും അന്നുതന്നെ എന്റെ രണ്ടാം പുത്രന്റെ മാമോദീസ ശുശ്രൂഷ നടത്തിത്തന്നും, റോമർ 6:3-11 വാക്യങ്ങൾ ഉദ്ധരിച്ചുകൊണ്ട് ജ്ഞാനസ്നാനത്തേയും ക്രിസ്തുവിന്റെ മരണത്തെയും സംയോജിപ്പിച്ച് സന്ദർഭോചിതമായി വന്ദ്യ പിതാവ് ഒരുജ്ജ്വല പ്രഭാഷണം ചെയ്തും ഞങ്ങളെ അനുഗ്രഹിച്ചു. തീർന്നില്ല, ചിക്കൻ ഗുനിയ പിടിപെട്ട് വിശ്രമത്തിലായിരുന്ന എന്നെത്തേടി ആ നല്ലിടയൻ വീട്ടിലെത്തി പ്രാർത്ഥിച്ചുമടങ്ങിയതും നന്ദിയോടെ ഞാനോർക്കുന്നു.

ഒരുപക്ഷേ, വന്ദ്യപിതാവ് ഔദ്യോഗിക ഭരണതലത്തിൽ നിന്നു വിരമിച്ചേക്കാം. അതുകേവലം നൈയാമികം. എന്നാൽ ഒരു രൂപതാതിർത്തിക്കുള്ളിലെ നിയതധർമ്മങ്ങളിൽ നിന്നും മുക്തമായി, സഭയുടെ മാത്രമല്ല, മാനവികതയുടെ അതിവിശാലമായ മണ്ഡലങ്ങളിൽ ധർമ്മദീപ്തിയായും അനുഭവനിറവാർന്ന ഗുരുപ്രകാശമായും നീണ്ടുവാഴാനുള്ള സ്വർഗ്ഗത്തിന്റെ വിളി കൂടിയാണീ പരിവർത്തനമുഹൂർത്തം എന്നുതന്നെയാണെന്റെ വിചാരവും വിശ്വാസവും.

www.malankaralibrary.com


# കരുത്തേകുന്ന വ്യക്തിത്വം



14

**ഡോ. ഗീവർഗീസ് കൈതവന**
ഡയറക്ടർ,
മാർ ഇവാനിയോസ് കോളേജ്, മാവേലിക്കര

**അ**ഭിവന്ദ്യ ഇഗ്നാത്തിയോസ് പിതാവിന്റെ ജീവിത വിജയത്തിനു പിന്നിലെ കാരണങ്ങൾ ഓർത്തെടുക്കാനാണ് ഈ ദിവസങ്ങളിലെ ഇടവേളകൾ വിനിയോഗിച്ചത്. ഋതുഭേദങ്ങൾക്കിടയിലും നമുക്കൊപ്പമുള്ള പിതാവിന്റെ നന്മകൾ, ചുരുങ്ങിയ വാക്കാൽ സംഗ്രഹിക്കുക എന്നത് ദുഷ്കരമാണ്.

1998 നു മുമ്പുള്ള കോശി വർഗീസ് അച്ചനുമായി ബന്ധമുള്ളവരും 1998 ജൂൺ 29 ശേഷം ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിനെ അടുത്തു നിന്നും അകലെ നിന്നും കണ്ടറിഞ്ഞതിന്റെ പശ്ചാത്തലമാണ് ഈ ആശംസകൾക്ക് പിന്നിലുള്ളത്.

ഒന്നാമതായി, വിശ്രമമില്ലാതെ പ്രവർത്തന നിരതനാകുമ്പോഴും എന്തായിരുന്നു പിതാവിന്റെ ജീവിതത്തിലെ അഭയശില എന്നു ചിന്തിക്കാം? ദൈവിക പുണ്യങ്ങളായ വിശ്വാസം, പ്രത്യാശ, ഉപവി എന്നിവയിലധിഷ്ഠിതമായ ഒരു ആത്മീയ ജീവിതം പിതാവിനുണ്ട്

www.malankaralibrary.com


എന്നതാണ് അതിനുത്തരം. ജോഷ്വാ പിതാവിന്റെ ഇടയ ശുശ്രൂഷയുടെ കാതൽ ഈ ദൈവികപുണ്യങ്ങളിൽ നങ്കൂരമിട്ടിരിക്കുന്നു. സഭയിലും സമൂഹത്തിലും തലയുയർത്തി നിൽക്കാൻ തക്കവണ്ണം ഈ ഭദ്രാസനത്തെ വളർത്താൻ ഇരവിലും പകലിലും പിതാവിനെ ശക്തിപ്പെടുത്തിയത് ദൈവത്തിലുള്ള ആഴമാർന്ന വിശ്വാസവും പ്രതിസന്ധികളിൽ തകർന്നുപോകാതെ ദൈവം കരുതും എന്ന പ്രത്യാശയും ദൈവസ്നഹത്തോടുള്ള ആത്മാർത്ഥമായ തുറവിയുമാണ്! മറ്റൊരു വിധത്തിൽ പറഞ്ഞാൽ, വിശ്വാസത്തിന്റെ വാതിലും പ്രത്യാശയുടെ തീർത്ഥാടകനും സ്നേഹത്തിന്റെ ആനന്ദവും പിതാവിൽ ഒന്നാകുന്നു!

മനുഷ്യനോടുള്ള പിതാവിന്റെ സമീപനത്തിനു പിന്നിലെ കാരണം എന്താണെന്നതാണ് രണ്ടാമത്തെ ചിന്ത! പിതാവിൽ രൂപപ്പെട്ടതും പിതാവ് വളർത്തിയെടുത്തതുമായ ധാർമ്മിക പുണ്യങ്ങൾ ആണ് അത്തരം സമീപനത്തിന്റെ അടിസ്ഥാനം. വിവേകം, നീതി, മനസ്ഥൈര്യം, ആത്മസംയമനം, ഇവ മനുഷ്യനോടുള്ള പിതാവിന്റെ ബന്ധത്തിന് ആഴമാർന്ന അർത്ഥവും വ്യാപ്തിയും നൽകുന്നു. സഭയിലും പൊതു സമൂഹത്തിലും മനുഷ്യനെ ബാധിക്കുന്ന പ്രശ്നങ്ങളിൽ ഇടപെടുവാനും പരിഹരിക്കുവാനും പിതാവിനെ സജ്ജനാക്കുന്നത് ഈ പുണ്യങ്ങളോടുള്ള പിതാവിന്റെ തുറവിയും പ്രതിബദ്ധതയുമാണ്. വിവേകത്തോടെ കാര്യങ്ങളിൽ ഇടപെടാൻ തക്കവണ്ണം ചടുലതയുള്ള വ്യക്തിത്വം! ഓരോ വ്യക്തിക്കും അവകാശമായതു ലഭ്യമാകണം എന്ന നീതിബോധം! ആരെയും കൂസാക്കാതെ ചങ്കൂറ്റത്തോടെ പ്രതിസന്ധികളെ അഭിമുഖീകരിക്കാൻ തക്കവണ്ണമുള്ള മനസ്ഥൈര്യം! അതേ സമയം, വൈതരണികളെ ആത്മ സംയമനത്തോടെ കൈകാര്യം ചെയ്യാനുള്ള നൈപുണ്യം! ഇവയൊക്കെ പിതാവിനെ മറ്റുള്ളവരിൽ നിന്ന് തികച്ചും വ്യത്യസ്തനാക്കുന്നു!

മൂന്നാമത്തെ ചിന്ത എന്നത് അഭിവന്ദ്യ പിതാവിന്റെ വാക്കിനെയും പ്രവർത്തിയെയും ബന്ധിപ്പിക്കുന്ന ഘടകത്തെ സംബന്ധിച്ചുള്ളതാണ്. അഭി. പിതാവിന്റെ പ്രസംഗങ്ങളിൽ ആവർത്തിച്ചു മുഴങ്ങുന്ന വാക്കാണ് മനഃസാക്ഷി. മനഃസാക്ഷിയുടെ സ്വരം ശ്രവിച്ചു കൊണ്ടാണ് പിതാവ് തന്റെ വാക്കിനെയും പ്രവർത്തിയെയും ജീവിതത്തിൽ ഏകോപിപ്പിക്കുന്നത്. വിശ്വാസം, പ്രത്യാശ, ഉപവി, വിവേകം, നീതി, മനസ്ഥൈര്യം, ആത്മസംയമനം ഇവ സമഞ്ജസമായി സമ്മേളിക്കുന്ന ഒരു മനഃസാക്ഷി പിതാവ് തന്റെ ജീവിതത്തിൽ രൂപീകരിച്ചിട്ടുണ്ട്. ഈ

www.malankaralibrary.com


മനഃസാക്ഷിയുടെ പിൻബലത്തിലാണ് പിതാവ് രാപ്പകൽ മാനവ സേവയും മാധവ സേവയും ഒരേ നാണയത്തിന്റെ ഇരു പുറങ്ങളായി കണ്ട് തന്റെ ജീവിതത്തെ അപരനായി സമർപ്പിക്കുന്നത്.

അതുകൊണ്ട് തന്നെയാണ്, അമലഗിരി അരമനയുടെ നാലു ചുമരുകൾക്കുള്ളിലോ ഭദ്രാസനത്തിന്റെ അതിരുകൾക്കുള്ളിലോ മാത്രം തന്റെ പ്രവർത്തനത്തെ ചുരുക്കാതെ തന്റെ സാന്നിദ്ധ്യം ആവശ്യമുള്ള വരിലേക്ക് ഒരു പുഴപോലെ ഒഴുകിയെത്തുന്നത്. തന്റെ മന:സാക്ഷി യുടെ മൃദുമന്ത്രണം തന്റെ പ്രവർത്തികളുമായി ചേർന്നുപോകു ന്നുണ്ടോ എന്ന് പരിശോധിക്കുകയും ആവശ്യമെങ്കിൽ അവയെ പുനഃപരിശോധിക്കുകയും ചെയ്യുന്നത് അനുനിമിഷം മനഃസാക്ഷിയെ കൃത്യമായി ശ്രവിക്കുന്നതിനാലാണ്! മണിപ്പൂരിലെ കലാപ പ്രദേശങ്ങളിൽ ശാന്തി മന്ത്രമായും മരണവീടുകളിൽ കാരുണ്യമായും ആശുപത്രികളിൽ സാന്ത്വനമായും ജയിലുകളിൽ പ്രത്യാശയായും സമരവേദികളിൽ ഉറച്ചനിലപാടായും ക്യാമ്പുകളിൽ കൈത്താങ്ങായും മതാന്തര സഭൈക്യ വേദികളിൽ ഐക്യത്തിന്റെയും സമാധാന ത്തിന്റെയും പാലമായും പിതാവ് മാറുന്നത് മനഃസാക്ഷിയുടെ സ്വരം ദൈവസ്വരമായി തിരിച്ചറിയുന്നതിനാലാണ്.

നാലാമതായി, മാവേലിക്കര ഭദ്രാസനത്തിന്റെ ഇന്നു കാണുന്ന വളർച്ചയ്ക്കുള്ള പ്രധാന കാരണം പിതാവിന്റെ ഒരു പ്രത്യേക സ്വഭാവ സവിശേഷതയാണ്. പിതാവു നൽകുന്ന പ്രവർത്തന സ്വാതന്ത്ര്യം അഥവാ വർക്കിംഗ് ഫ്രീഡം എന്ന് ആ നിലപാടിനെ വിളിക്കാം! ഇടവകയും സ്ഥാപനങ്ങളും സംവിധാനങ്ങളും എല്ലാത്തിലും പിതാവിന്റെ ദർശനം ഉണ്ടെങ്കിലും ഓരോന്നിനും അതിന്റേതായ രീതിയിൽ പ്രവർത്തിക്കാനും വളരാനുമുള്ള ഒരു സ്വാതന്ത്ര്യം പിതാവ് അനുവദിച്ചു കൊടുത്തിട്ടുണ്ട്! Principle of subsidiarity എന്ന തത്വം അവഗാഹതയോടെ കൈകാര്യം ചെയ്ത വ്യക്തിത്വമാണ് പിതാവി ന്റേത്. ഒരു പള്ളിയോ സ്ഥാപനമോ സംവിധാനമോ ഒരച്ചനെ ഏൽപ്പിച്ചി ട്ടുണ്ട് എങ്കിൽ, ആ വ്യക്തിയെയും അദ്ദേഹത്തിന്റെ കഴിവിനെയും വിശ്വസിച്ചുകൊണ്ട്,. 'സ്വാമിയങ്ങോട്ട് ചെയ്യ്... എല്ലാം നടക്കും. നമുക്ക് ഇന്നദിവസം പണി തീർക്കണം. ഈ ദിവസം കൂദാശ ചെയ്യണം എന്നു പറഞ്ഞുകൊണ്ട്, അനുവാദവും അനുഗ്രഹവും ആശീർവാദവും പ്രോത്സാഹനവും ഒറ്റ പാക്കേജ് ആയി നൽകുന്ന വ്യക്തിത്വം! സത്യത്തിൽ, ഈ വർക്കിംഗ് ഫ്രീഡവും Principle of subsidiarity-യും ഭദ്രാസനത്തിന്റെ വളർച്ചയ്ക്ക് മുതൽക്കൂട്ടായിരുന്നു.

www.malankaralibrary.com


പിതാവിന്റെ ജീവിത വിജയത്തിന് പിന്നിലെ അഞ്ചാമത്തെ കാരണത്തെ കുറിച്ചാണ് ഇനി പറയുന്നത്. ഔപചാരികതയുടെയോ ഔദ്യോഗികതയുടെയോ ആടയാഭരണങ്ങൾ ഒന്നും ഇല്ലാതെയുള്ള ഒരു വ്യക്തിത്വം പിതാവിനുണ്ട്.. പ്രോഗ്രാമുകളിൽ കൃത്യനിഷ്ഠ പാലിക്കുന്ന വ്യക്തിയാണ് പിതാവ്. എന്നാൽ, മറ്റു സമയങ്ങളിൽ കൃത്യമായ ടൈം ടേബിൾ വച്ചുള്ള ഒരു ജീവിതശൈലിയൊന്നും പിതാവ് പിന്തുടരുന്നില്ല എന്നതാണ് വാസ്തവം. മുൻകൂട്ടിയുള്ള അപ്പോയ്ന്റ്മെന്റുകളോടു മാത്രമേ തന്നെ സന്ദർശിക്കാവൂ എന്നോ ഇത്ര മണിക്കേ വിളിക്കാവു എന്നോ, സെക്രട്ടറിയോട് പറഞ്ഞിട്ടേ തന്നെ കാണാൻ സാധിക്കുകയുള്ളു എന്ന തരത്തിലുള്ള പിടിവാശികളും പിതാവിന് ഇല്ല. രാത്രിയെങ്കിൽ രാത്രി. ഇനി അത് പാതിരാത്രി ആണെങ്കിലും കുഴപ്പമില്ല. ആർക്കും എപ്പോഴും സ്വാഗതം. അതുകൊണ്ട് തന്നെ, അരമനയുടെ പ്രധാനവാതിൽ ഒരിക്കലും പൂട്ടാറില്ല. ആർക്കും എപ്പോഴും വരാൻ വേണ്ടി തുറന്നുകിടക്കുന്നത് അരമനയുടെ വാതിലുകൾ മാത്രമല്ല, പിതാവിന്റെ ഹൃദയം കൂടിയാണ്.

സഭയിലും സമൂഹത്തിലും എന്തിനേറെ മെത്രാൻമാർക്കിടയിലും ജോഷ്വാ മാർ ഇഗ്നാത്തിയോസ് എന്ന പേര് അതിശയിപ്പിക്കുന്ന ഗാംഭീര്യമുള്ള ആൾരൂപമായി മാറുന്നുണ്ടെങ്കിലും അടുത്തറിയുമ്പോൾ മനസിലാകും. കൈകൊട്ടി പൊട്ടിച്ചിരിക്കുന്ന, തമാശകൾ പങ്കുവയ്ക്കുന്ന, മൃതസംസ്കാരങ്ങളിൽ പൊട്ടികരയുന്ന, മുഖം നോട്ടമില്ലാതെ പറയേണ്ടതു പറയുന്ന ഒരു സാധാരണക്കാരനാണ് പിതാവെന്ന് ! മാത്രമല്ല, എല്ലാവരും എപ്പോഴും തന്നെ വിളിച്ച് കാര്യങ്ങൾ പറയണമെന്നോ എല്ലാ വിശേഷ അവസരങ്ങളിലും നിർബന്ധമായും തന്നെ വിളിച്ച് ആശംസകളറിയിക്കണമെന്നോ ഉള്ള നിർബന്ധങ്ങൾ ഒന്നും തന്നെയില്ലാത്ത ഒരാൾ ! നിങ്ങൾ വിളിച്ചാലും വിളിച്ചില്ലെങ്കിലും ഞാനിവിടെയുണ്ട്. വേണമെങ്കിൽ, ധൈര്യമായിട്ട് നിങ്ങൾ മറന്നോളൂ, ഓർമ്മപ്പെടുത്താനായി സദാ ഞാനിവിടെ യുണ്ടല്ലോ' എന്ന് നിശബ്ദം പ്രസ്താവിക്കുന്ന ഒരു തരം തീരാസ്നേഹം! അത്തരം സ്നേഹവും കരുതലും മനുഷ്യന് ചുറ്റിലുമുള്ള കാലത്തോളം ജീവിതത്തിന് എന്തൊരു സൗന്ദര്യമാണ്! അത്തരമൊരു സൗന്ദര്യമാണ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ്!

അടുത്തിടെ വായിച്ച കവിതയിലെ വരികൾ പിതാവിന്റെ ജീവിതത്തെ വരച്ചിടുന്നവയാണ്: എന്നെക്കുറിച്ചാണെങ്കിൽ എന്റെ

www.malankaralibrary.com


പാതയോടു ചോദിക്കുക, നിഴലിനോട് ചോദിക്കുക. ഒരു കള്ളച്ചുവടോ കള്ളയുറക്കമോ ഉണ്ടായിരുന്നില്ല എന്നവർ പറയും. എന്നെക്കുറിച്ചാണെങ്കിൽ പൂക്കളോട് ചോദിക്കുക. വസന്തങ്ങളോട് ചോദിക്കുക. ഒരു സുഗന്ധവും അവരുടെ കൈകളിൽനിന്നു കവർന്നെടുത്തിട്ടില്ലെന്ന് അവർ ഏറ്റുപറയും. എന്നെക്കുറിച്ചാണെങ്കിൽ നിശയോട് ചോദിക്കുക നിലാവിനോട് ചോദിക്കുക. തന്ന കിനാവുകളെല്ലാം തിരികെ നൽകിയിട്ടുണ്ടെന്ന് അവർ സാക്ഷ്യം പറയും. എന്നെക്കുറിച്ചാണെങ്കിൽ എന്നോടു ചോദിക്കുക മൗനാക്ഷരങ്ങൾ നിറച്ച ഒരു കടലാസുകീറ് ഞാൻ നിങ്ങൾക്കു തരും അതിൽ നിങ്ങളെന്നെ വായിച്ചെടുക്കുക.

അഭിവന്ദ്യ പിതാവിന്റെ ദർശനത്തെയും പ്രാഭവത്തെയും വായിച്ചെടുക്കാൻ ഇനിയും ധാരാളം നാമഹേതുക തിരുനാളുകൾ വേണ്ടി വന്നേക്കും !. വസന്തവും ഗ്രീഷ്മവും ഹേമന്തവും ശിശിരവുമൊക്കെ മാറി മാറി വന്നാലും പുതു തലമുറയ്ക്ക് വായിച്ചു വളരാൻ പിതാവിന്റെ ജീവിതം കാരണമാകട്ടെ എന്ന് ആശംസിക്കുന്നു.

www.malankaralibrary.com


# വിദ്യാഭ്യാസ വിചക്ഷണൻ



15

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
പ്രൊ-പ്രോട്ടോസിഞ്ചെല്ലൂസ്
എറണാകുളം-അങ്കമാലി മേജർ അതിരൂപത

**1950** മെയ് 24-ന് കിഴക്കേവീട്ടിൽ ഉമ്മൻ വർഗീസിന്റെയും അന്നാമ്മ വർഗീസിന്റെയും മകനായി ജനിച്ച കോശി വർഗീസ് തന്റെ പതിനേഴാം വയസ്സിൽ തിരുവനന്തപുരത്തെ വിശുദ്ധ അലോഷ്യസിന്റെ നാമധേയത്തിലുള്ള മൈനർ സെമിനാരിയിൽ ചേർന്ന് വൈദികനാകാനുള്ള തന്റെ വിളിയോട് പ്രത്യുത്തരിച്ച് പരിശീലനം ആരംഭിച്ചു. മാർ ഈവാനിയോസ് കോളേജിലെ പ്രീഡിഗ്രി പഠനത്തിനുശേഷം തിരിച്ചിറപ്പള്ളിയിലെ വിശുദ്ധ യൗസേപ്പിതാവിന്റെ നാമത്തിലുള്ള മേജർ സെമിനാരിയിൽ തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും പരിശീലനം പൂർത്തിയാക്കി 1978 ഏപ്രിൽ 2-ന് നിത്യപുരോഹിതനായ യേശുക്രിസ്തുവിന്റെ ശുശ്രൂഷാപൗരോഹിത്യത്തിലേക്ക് ഉയർത്തപ്പെട്ടു. രണ്ടായിരാമാണ്ടിൽ മദ്രാസ് യൂണിവേഴ്സിറ്റിയിൽനിന്ന് ഡോക്ടറേറ്റ് സമ്പാദിച്ചു. അദ്ദേഹം വികാരിയായും സ്കൂൾ പ്രിൻസിപ്പലായും മിഷനറിയായും 1996 വരെ വിവിധ ഇടങ്ങളിൽ പ്രവർത്തിച്ചു. തുടർന്ന്, 1996-ൽ തിരുവനന്തപുരം അതിരൂപതയുടെ വികാരി ജനറാളായും

www.malankaralibrary.com


കോർ എപ്പിസ്കോപ്പയായും 1998-ൽ അതിരൂപതയുടെ സഹായ മെത്രാനായും നിയമിക്കപ്പെട്ടു. 2007-ൽ പുതുതായി രൂപീകരിച്ച മാവേലിക്കര രൂപതയുടെ പ്രഥമ മെത്രാനായി നിയോഗിക്കപ്പെട്ട അദ്ദേഹം ജോഷ്വാ മാർ ഇഗ്നാത്തിയോസ് എന്ന നാമമാണ് സ്വീകരിച്ചത്. ജനഹൃദയങ്ങളിൽ തന്റെ സ്ഥാനം ഉറപ്പിക്കാൻ പര്യാപ്തമാകുമാറ് കഴിഞ്ഞ 18 വർഷങ്ങൾകൊണ്ട് മാവേലിക്കര രൂപതയ്ക്ക് വലിയ വളർച്ച കൈവരിക്കാൻ അദ്ദേഹം നേതൃത്വം കൊടുത്തു. വിശ്വാസത്തിന്റെ കാര്യത്തിലും മാതൃകായോഗ്യമാംവിധം വളരുന്നതിന് രൂപതയ്ക്ക് നേതൃത്വം കൊടുത്ത ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ് എന്നും രൂപതാമക്കളുടെ ഹൃദയത്തിൽ സ്ഥാനംപിടിച്ചിട്ടുണ്ട്.

കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷൻ സെക്രട്ടറി (2013-17), കെ.സി.ബി.സി. യുടെ ഡെപ്യൂട്ടി സെക്രട്ടറി ജനറാൾ (2020-24) എന്നീ തസ്തികകൾ വഹിച്ച എളിയ ശുശ്രൂഷകൻ എന്ന നിലയിലാണ് ഞാൻ അഭിവന്ദ്യ ജോഷ്വാ പിതാവിനെ പരിചയപ്പെടുന്നത്. കേരള ലേബർ മൂവ്മെന്റിന്റെ (KLM)-യും വിദ്യാഭ്യാസ കമ്മീഷന്റെയും ചെയർമാൻ എന്ന നിലയ്ക്കും കെ.സി.ബി.സി. ഭാരവാഹി എന്ന നിലയ്ക്കും ജോഷ്വാ പിതാവ് വലിയ സംഭാവന കേരള സഭയ്ക്ക് നൽകിയിട്ടുണ്ട്. നല്ല വാഗ്മി എന്ന് അറിയപ്പെടുന്ന പിതാവ് മികച്ച സംഘാടകനും എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ പകരം വയ്ക്കാനില്ലാത്ത ശക്തനായ വക്താവുമാണ്. വിവിധ സഭകൾ ഒരുമിച്ച് പ്രവർത്തിക്കുമ്പോഴാണ് യേശുക്രിസ്തു വിഭാവനം ചെയ്തിട്ടുള്ള ദൈവരാജ്യം സംജാതമാക്കാൻ കഴിയുക എന്ന ബോധ്യം എക്യുമെനിക്കൽ പ്രസ്ഥാനങ്ങളുടെ നേതൃശുശ്രൂഷയിലൂടെ അദ്ദേഹം നമുക്കു നൽകുന്നു. ഒന്നിച്ചിരിക്കാനും, ചിന്തിക്കാനും, പ്രാർത്ഥിക്കാനും പ്രവർത്തിക്കാനും യേശുവിന്റെ സുവിശേഷത്തിൽ വിശ്വസിക്കുന്ന നമുക്ക് കഴിഞ്ഞില്ലെങ്കിൽ അത് എതിർസാക്ഷ്യമായിതീരുമെന്ന തിരിച്ചറിവ് ഈ പ്രസ്ഥാനത്തെ ശക്തിപ്പെടുത്താൻ നമുക്കു കരുത്താകും.

തൊഴിലാളികളോട് പ്രത്യേകിച്ചും അടിസ്ഥാനവർഗ തൊഴിലാളികളോട് ഐക്യപ്പെടുന്ന, അവർക്കുവേണ്ടി ശബ്ദിക്കുന്ന ശൈലി അദ്ദേഹത്തിനുണ്ട്. സർക്കാരിൽനിന്നും ന്യായമായും ലഭിക്കേണ്ട സേവനങ്ങളും ആനുകൂല്യങ്ങളും അവർക്കുവേണ്ടി നേടിയെടുക്കാൻ KLM-നെ ശക്തിപ്പെടുത്തി പ്രവർത്തനോന്മുഖമാക്കാൻ അഭിവന്ദ്യ പിതാവ് അതീവശ്രദ്ധാലുവായിരുന്നു. അസംഘടിതരും ശബ്ദമില്ലാത്ത

www.malankaralibrary.com


വരുമായ തൊഴിലാളികൾക്കുവേണ്ടി എന്നും മുൻപന്തിയിൽനിന്ന് കത്തോലിക്കാ സഭയുടെ ശബ്ദവും ചൈതന്യവുമായി അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

അനുഗ്രഹീത വിദ്യാഭ്യാസവിചക്ഷണനാണ് അഭിവന്ദ്യ ജോഷ്വാ പിതാവ്. വിദ്യാഭ്യാസമേഖലയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കൊണ്ടുവന്ന മാറ്റങ്ങളെയും പുതിയ വ്യവസ്ഥകളെയും സുക്ഷ്മത യോടെ പഠിക്കുന്നതിനും സഭയുടെ നിലപാടുകൾ വ്യക്തതയോടെ പറയുന്നതിനും അദ്ദേഹം മടികാണിച്ചിട്ടില്ല. മന്ത്രിതല ചർച്ചകളിൽ പങ്കെടുക്കുമ്പോൾ ഉദ്യോഗസ്ഥരുടെ ദീർഘവീക്ഷണ കുറവുകൊണ്ട്, വിദ്യാഭ്യാസമേഖലകളിൽ ദൂരവ്യാപകമായ ഭവിഷത്ത് ഉണ്ടാക്കുന്ന നയങ്ങളോടും നിയമനിർമ്മാണത്തോടുമുള്ള വിയോജിപ്പ് കാര്യ കാരണസഹിതം അറിയിക്കുവാൻ അഭിവന്ദ്യ പിതാവ് ഉദ്യമിച്ചിട്ടുണ്ട്.


താൻ ഏറ്റെടുത്തതും നേതൃത്വം കൊടുത്തതുമായ പദ്ധതികളിൽ തികഞ്ഞ അർപ്പണ മനോഭാവത്തോടെ പ്രവർത്തിച്ചിട്ടുള്ള ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ് അനുകരണാർഹമായ മാതൃകയാണ് സമൂഹത്തിന് നൽകിയിട്ടുള്ളത്.

വ്യക്തിപരമായി പറഞ്ഞാൽ വളരെ എളിമയോടെ വൈദികരോടും സന്യസ്തരോടും അത്മായരോടും ഇടപഴകുന്ന പ്രകൃതമാണ് പിതാവി ന്റേത്. പൊതുസമൂഹത്തിലെ വിവിധ തലത്തിലുള്ള വ്യക്തികളും സമൂഹങ്ങളുമായി ബന്ധപ്പെടുമ്പോഴും ഈ ഹൃദ്യത അദ്ദേഹം സൂക്ഷി ക്കുന്നതുകാണാം. ആരോടും പരിഭവം കാണിക്കാതെയും ആരെയും അവഗണിക്കാതെയും മാറ്റിനിറുത്താതെയും ഇടപഴകുന്ന ശൈലി അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ മനോഹാരിതയാണ്. തുറന്നു സംസാരിക്കാനും വ്യത്യസ്ത അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനും നൽ കുന്ന സ്വാതന്ത്ര്യം വ്യക്തിബന്ധങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതും പ്രതിപക്ഷ ബഹുമാനം ഊട്ടിയുറപ്പിക്കുന്നതുമാണ്.

വിശുദ്ധമായ പൗരോഹിത്യശുശ്രൂഷയും ശ്രേഷ്ഠാചാര്യത്വവും സഫലമാക്കിക്കൊണ്ട് കർമ്മനിരതനായി മുന്നേറുന്ന അഭിവന്ദ്യ പിതാവിന് ഹൃദയപൂർവം ആശംസകൾ!

www.malankaralibrary.com


# ജോഷ്വാ പിതാവിന്റെ രാഷ്ട്രീയ കാഴ്ചപ്പാടുകൾ



16

**ഡോ. കെ.വി. തോമസ്കുട്ടി**
മുൻ പ്രിൻസിപ്പാൾ,
സെന്റ് ജോൺസ് കോളേജ്, അഞ്ചൽ

**ഒ**രു സമുദായാചാര്യന് രാഷ്ട്രീയമാകാമോ? മത നേതാക്കന്മാർ രാഷ്ട്രീയത്തിൽ ഇടപെടുന്നതിനോട് പൊതുവേ വലിയ സ്വീകാര്യത ഇല്ല. മതം രാഷ്ട്രീയത്തിൽ ഇടപെടരുത് എന്ന് താത്വികമായി അഭിപ്രായപ്പെടുകയും പ്രായോഗികമായി ഇടപെടുകയും ചെയ്യുന്ന സാമൂഹ്യ പരിതസ്ഥിതിയും നമ്മുടെ മുൻപിലുണ്ട്. രാഷ്ട്രീയ അവബോധമുള്ള ഏതൊരു പൗരനും രാഷ്ട്രീയത്തിൽ പങ്കെടുക്കുവാനുള്ള അവകാശമുണ്ട്. എന്നാൽ മതസംഘടനകളുടേയും ആത്മീയ നേതൃത്വത്തിന്റെയും രാഷ്ട്രീയ ഇടപെടലുകൾ പൊതുജനങ്ങളിൽ ആശയക്കുഴപ്പം ഉണ്ടാക്കാനും മത-രാഷ്ട്രീയ അതിരുകൾ അസ്പഷ്ടമാക്കാനും സാധ്യതയുണ്ട്. മതവും രാഷ്ട്രീയവും തമ്മിലുള്ള അതിരുകൾ ഭേദിക്കാതെ, എന്നാൽ പൊതുസമൂഹത്തിലെ ജനകീയ ആവശ്യങ്ങൾക്കായി തന്റെ സ്വരവും നിലപാടുകളും വ്യക്തമാക്കുന്ന ഒരാളായിരുന്നു ജോഷ്വാ മാർ ഇഗ്നാത്തിയോസ്. ഒരിക്കൽപോലും രാഷ്ട്രീയ പാർട്ടികളുടെ

www.malankaralibrary.com


പ്രതിനിധിയാകാതെയും രാഷ്ട്രീയ ആസക്തിയെ മുൻനിർത്താതെയും അദ്ദേഹം ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ശക്തമായ നിലപാടുകൾ എടുത്തിരുന്നു. വിദ്യാഭ്യാസം, സാമൂഹിക നീതി, ദാരിദ്ര്യനിവാരണം എന്നിവയിന്മേൽ അഗാധമായ താൽപര്യമുണ്ടായിരുന്ന അദ്ദേഹം സാമൂഹിക നീതിയും ഐക്യവും കാത്തുസൂക്ഷിക്കുവാൻ മതനേതാക്കൾക്ക് എന്തൊക്കെ ചെയ്യാനാകുമെന്ന് ജീവിതത്തിലൂടെ കാട്ടികൊടുക്കുന്നു.

1950 ജനുവരി 26 ന് ഇന്ത്യ സ്വന്തമായി ഭരണഘടന അംഗീകരിക്കപ്പെട്ട് ഒരു സ്വതന്ത്ര ജനാധിപത്യ റിപ്പബ്ലിക് ആയി മാറി. ബാലാരിഷ്ടതയിലുള്ള ഒരു രാഷ്ട്രത്തിന്റെ സാമൂഹ്യ, സാമ്പത്തിക, രാഷ്ട്രീയ, സാംസ്കാരിക പ്രതിസന്ധികളും പ്രശ്നങ്ങളും അതിജീവിക്കാനുള്ള കഠിന പ്രയത്നത്തിന്റെ നാളുകളായിരുന്നു തുടർന്നുള്ള വർഷങ്ങൾ. 1950 മെയ് 24 ന് അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിന്റെ ജനനം. കോശി വർഗീസ് എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. സാമുദായിക കലാപങ്ങളും, ഭീകര പ്രവർത്തനങ്ങളും, നക്സലിസവും ദേശീയ താത്പര്യങ്ങൾ പിടിച്ചുലയ്ക്കുന്ന ഇന്ത്യൻ സമൂഹത്തെ കണ്ടറിഞ്ഞാണ് കോശി വർഗീസ് കൗമാരത്തിലേക്കും യൗവനത്തിലേക്കും നടന്നു കയറിയത്. വിഭജനത്തിനുശേഷം ലക്ഷക്കണക്കിന് ആളുകൾ പാലായനം ചെയ്തു പരിചയമില്ലാത്ത സ്ഥലങ്ങളിൽ അഭയാർത്ഥികളായി കഴിയാൻ നിർബന്ധിതരായി. മത തീവ്രവാദം, സാമൂഹിക അസമത്വം, കാർഷികമേഖലയിലെ പ്രതിസന്ധികൾ എന്നിവ വ്യാപകവും തീവ്രവുമായ ദാരിദ്ര്യത്തിനും തൊഴിലില്ലായ്മയ്ക്കും സാമ്പത്തിക അസമത്വത്തിനും വഴിവെച്ചു. ദുർബലമായ ആരോഗ്യ പരിപാലന സംവിധാനം, രോഗങ്ങൾ, പോഷണക്കുറവുകൾ എന്നിവയും വലിയ വെല്ലുവിളികളായി നിലകൊണ്ടു. 1967-ൽ പത്താം ക്ലാസ് പാസ്സായി വൈദിക പരിശീലനത്തിന് പോയി എങ്കിലും തന്റെ ചുറ്റുപാടുകളും പൊതുവായ രാഷ്ട്രീയ സാമൂഹ്യ സാമ്പത്തിക പരിസരവും കോശി വർഗീസിന്റെ സാമൂഹ്യ അവബോധത്തെയും ചിന്താമണ്ഡലത്തെയും ആഴത്തിൽ സ്വാധീനിച്ചിരുന്നു എന്നത് പിൻകാലത്തെ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളും ചിന്തകളും സാധൂകരിക്കുന്നു.

1978-ൽ കോശി വർഗീസ് വൈദികനായി. 1962ലെയും 1967ലെയും ചൈനയുമായുള്ള അതിർത്തി തർക്കങ്ങളും, 1947, 1965, 1971, 1999 വർഷ

www.malankaralibrary.com


ങ്ങളിൽ പാകിസ്ഥാനുമായുള്ള യുദ്ധങ്ങളും അതിനോടനുബന്ധിച്ചു ഇന്ത്യൻ സമൂഹത്തിൽ രൂപപ്പെട്ട ദാരിദ്രവും, കലാപങ്ങളും പക്വമായ രാഷ്ട്രീയ മനസ് രൂപപ്പെടുത്തുന്നതിനും അദ്ദേഹത്തെ സഹായിച്ചു.

ചരിത്രത്തിലും സാമ്പത്തിക ശാസ്ത്രത്തിലും അദ്ദേഹം ബിരുദം നേടി. രാഷ്ട്ര തത്വമീമാംസാ പഠനം അദ്ദേഹത്തിന്റെ ചിന്തയെ സ്ഫുടം ചെയ്തെടുക്കാൻ സഹായിച്ചു. രാഷ്ട്ര പുരോഗതിയുടെയും സാമ്പത്തിക അഭിവൃത്തിയുടെയും അടിത്തറ വിദ്യാഭ്യാസമാണെന്ന തിരിച്ചറിവിൽ ഫാ. കോശി വർഗീസ് മധുരൈ കാമരാജ് സർവകലാശാലയിൽ നിന്നും വിദ്യാഭ്യാസത്തിൽ ബിരുദാനന്തര ബിരുദം നേടി. ചെന്നൈ സ്റ്റെല്ല മേരീസ് കോളേജിലെ വിദ്യാഭ്യാസത്തിൽ ഗവേഷണം നടത്തി മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്നും വിദ്യാഭ്യാസത്തിൽ ഡോക്ടറേറ്റ് നേടി. ഈ അറിവ് പിന്നോക്ക പ്രദേശങ്ങളിൽ മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് അദ്ദേഹത്തെ പ്രേരിപ്പിച്ചു. ചെന്നൈ സേക്രഡ് ഹാർട്ട് സ്കൂൾ, പാഡിയിലെ മാർ ഗ്രീഗോറിയോസ് കോളേജ് മാത്രമല്ല, തമിഴ്നാടിന്റെ വിവിധ ഭാഗങ്ങളിൽ ഒട്ടേറെ പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനങ്ങളും അദ്ദേഹം സ്ഥാപിച്ചു. 2010 മുതൽ ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ വിദ്യാഭ്യാസ കമ്മീഷന്റെ അധ്യക്ഷനാണ് അദ്ദേഹം. മാവേലിക്കര ഭദ്രാസനത്തിലെ ലോ കോളേജ് ഉൾപ്പെടെയുള്ള കലാലയങ്ങളും, സാങ്കേതിക പരിശീലന കേന്ദ്രങ്ങളും മറ്റനവധി സ്കൂളുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിന്റെ രാഷ്ട്രീയ അവബോധത്തിന്റെ പ്രതിഫലനമാണ്.

തന്റെ മുൻപിലുള്ള തീവ്രമായ സാമൂഹ്യയാഥാർഥ്യത്തോട് ഇടപെടാനുള്ള ഉപാധിയായി തന്റെ കയ്യിലെ അറിവ് ഫലപ്രദമായി ഉപയോഗിച്ചു. അദ്ദേഹം ആർജിച്ച അറിവും ലോക പരിചയവും, സാമൂഹ്യമായ പ്രയോഗതലത്തിലേക്ക് കൊണ്ടുവന്നു അഥവാ, തന്റെ തന്നെ സ്വകാര്യ ലോകത്തിൽ അവസാനിക്കാതെ ചുറ്റുമുള്ള ലോകത്തിലേക്ക് നാനാതലത്തിൽ പരിഭാഷപ്പെടുത്തി.

ഒരു ക്രിസ്ത്യൻ പുരോഹിതൻ എന്ന നിലയിലും സമുദായികാചാര്യൻ എന്ന നിലയിലുമാണ് മാർ ഇഗ്നാത്തിയോസ് മനസിലാക്കപ്പെടുകയും വായിക്കപ്പെടുകയും ചെയ്തിട്ടുള്ളത്. എന്നാൽ അതോടൊപ്പം പക്വമതിയായ ഒരു രാഷ്ടീയ നിരീക്ഷകനും സ്വതന്ത്രമായ

www.malankaralibrary.com


രാഷ്ടീയ നിലപാടുകൾ ഉള്ള ആളുമായിരുന്നു അദ്ദേഹം. അക്രമാസക്തമായ രാഷ്ടീയ നിലപാടുകളോട് പ്രതിരോധം സൃഷ്ടിക്കാൻ അദ്ദേഹം ശ്രദ്ധിച്ചു.

ജനാധിപത്യത്തെക്കുറിച്ചുള്ള ഒരു പൊതു തെറ്റായധാരണ ജനാധിപത്യം ഭൂരിപക്ഷഹിതമാണ് എന്നതാണ്. വോട്ടിന്റെയും ഭരണസംവിധാനത്തിന്റെയും പരിമിതിക്കുള്ളിൽ ജനാധിപത്യത്തെ ഒതുക്കി നിർത്തിയാൽ അത് ഒരുപക്ഷെ ശരിയാണെന്നു തോന്നാനും മതി. ഒരാൾക്കു മാത്രമായി ഒരു ജനാധിപത്യ ഭരണസംവിധാനം രൂപപ്പെടുത്തുക അസാധ്യമാണ്. അതിന് ഒരു സാമൂഹ്യ മാനമുണ്ട്. സഹജീവികളോടുള്ള ആദരവും പരിഗണനയുമില്ലാതെ ജനാധിപത്യം പൂർണമാകില്ല. അത് വോട്ടെടുപ്പിനും ഭരണസംവിധാനത്തിനും മീതെയാണ്. അതൊരു ജീവിത രീതിയാണ്. അതുകൊണ്ട് അദ്ദേഹം ജനാധിപത്യത്തെയും രാഷ്ട്രീയ പ്രവർത്തനത്തെയും ഒരു രാഷ്ട്രീയാവിഷ്ക്കാരരീതി മാത്രമായി കണ്ടില്ല. സമൂഹത്തെക്കുറിച്ചുള്ള ഉത്തമ ധാരണ ഇഴുകിച്ചേർത്തുള്ളതാണ് അദ്ദേഹത്തിന്റെ ജനാധിപത്യബോധം.

ഫ്രഞ്ച് വിപ്ലവത്തിന്റെ ഉൽകൃഷ്ട സൂത്രവാക്യങ്ങൾ മാർ ഇഗ്നാത്തിയോസ് പ്രഭാഷണങ്ങളിൽ മുഴങ്ങികേട്ടിട്ടുള്ളത് ഈ ബോധ്യത്തിൽ നിന്നാണ്. ഏതൊരു രാഷ്ട്രീയ പ്രവർത്തനത്തിന്റെയും പ്രക്ഷോഭത്തിന്റെയും അന്തിമലക്ഷ്യം സ്വാതന്ത്ര്യം സമത്വം സാഹോദര്യം എന്ന മഹാതത്വമാണെന്ന് അദ്ദേഹം വിശ്വസിച്ചു. ജനാധിപത്യം ഭരണകൂടമല്ല, സഹജീവികളുടെ സഹവർത്തിത്തമാണ്. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നപോലെ ഒന്നിൽ നിന്ന് മറ്റൊന്ന് വേർപെടുത്താനാവാത്ത ജീവിത ക്രമമായി സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവയെ അദ്ദേഹം കണ്ടു.

മലങ്കര അല്മായ പ്രസ്ഥാനത്തിന്റെ വാർഷിക വേളയിൽ അദ്ദേഹം നടത്തിയ പ്രഭാഷണം അല്മായരുടെ കേവല രാഷ്ട്രീയ പ്രവർത്തനത്തിലേക്കുള്ള ആഹ്വാനമായിരുന്നില്ല; മറിച്ചു രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഔന്നത്യമുള്ള പടവുകളിലൂടെ ഒരു യാത്രയായിരുന്നു. വ്യത്യസ്തരായിരിക്കാനും വ്യത്യസ്തതയുടെ പേരിൽ ഇരകളാക്കപ്പെടാതിരിക്കാനുമുള്ള സ്വാതന്ത്ര്യം ജനാധിപത്യവുമായി ചേർത്തുവച്ചു വായിച്ചു. സഭയിലായാലും സമൂഹത്തിലായാലും എല്ലാ മനുഷ്യർക്കും തുല്യ മൂല്യമുള്ള രാഷ്ട്രീയ സാഹചര്യത്തിലെ ഇത് സാധ്യമാവൂ എന്ന്

www.malankaralibrary.com


അദ്ദേഹം വിശ്വസിച്ചു. ജാതി വിവേചനത്തെയും തൊട്ടുകൂടായ്മയെയും അദ്ദേഹം വിമർശിച്ചു. സ്ത്രീകളുടെ ഉന്നമനത്തിനും പൊതു ഇടങ്ങളിൽ അർഹമായ ആദരവ് ലഭിക്കുന്നതിനും അനുകൂലമായ സാഹചര്യം രൂപപ്പെടണമെന്നു നിർബന്ധിച്ചു. അതിനുള്ള രൂപപ്പെടുത്തലിലാണ് താൻ സ്ഥാപിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ അദ്ദേഹം ശ്രമിച്ചത്.

മാർ ഇഗ്നാത്തിയോസ് എന്നത് ഒരാളുടെ പേരല്ല, അരനൂറ്റാണ്ടു കാലത്തെ പൗരോഹിത്യ ജീവിതത്തിലൂടെ രൂപപ്പെടുത്തിയ വിപുലമായ സാമൂഹ്യ ബന്ധങ്ങളുടെ ഒരു വലിയ സ്നേഹ പ്രപഞ്ചത്തിന്റെ പേരാണ്. താൻ ഒറ്റക്കൊരാളായി നിൽക്കുമ്പോഴും വലിയ സ്നേഹപ്രപഞ്ചത്തെ ചേർത്ത് നിർത്താനാകുന്ന ആന്തരികബലം മാർ ഇഗ്നാത്തിയോസ് പിതാവിൽ കാണാനാവുന്നത് എല്ലാവരേയും ഒരേപോലെ വിലമതിക്കുന്ന രാഷ്ട്രീയ അവബോധത്തിന്റെ ആകെ തുകയാണ്.

www.malankaralibrary.com


# അശരണരുടെ സ്നേഹതീരം



17

**മദർ റോസ്‌ലിൻ എസ്.എം.**
സ്നേഹതീരം, വിളക്കുടി

**എ**ന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തു കൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തു തന്നത്. (മത്തായി: 25:40) എന്ന തിരുവചനം ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായെ സംബന്ധിച്ചിടത്തോളം വളരെ അന്വർത്ഥവും പിതാവിന്റെ ജീവിതശൈലിയും ആണ്. അഭിവന്ദ്യനായ ജോഷ്വാ പിതാവിനെ ഞാൻ ആദ്യമായി കാണുന്നതും പരിചയപ്പെടുന്നതും എന്റെ സന്യാസ സമർപ്പണത്തിന്റെ ആരംഭകാലത്താണ്. (1981) പിതാവിന്റെ ലാളിത്യവും നിറപുഞ്ചിരിയും ആത്മീയതയും സത്പ്രവർത്തികളും എന്നെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്.

മനസ്സിന്റെ സമനില തെറ്റിയ, ബന്ധുക്കളാൽ ഉപേക്ഷിക്കപ്പെട്ട നിരാലംബരും നിരാശ്രയരുമായി തെരുവിൽ അലഞ്ഞു നടക്കുന്ന അമ്മമാരെയും കുഞ്ഞുങ്ങളെയും സംരക്ഷിക്കുന്ന സ്ഥാപനമായ സ്നേഹ

www.malankaralibrary.com


തീരത്തിന്റെ ആരംഭകാലത്ത് വളരെയധികം പ്രതിസന്ധികളിലൂടെ ഞാൻ കടന്നുപോയപ്പോഴാണ് പിതാവിന്റെ സാന്നിധ്യവും സഹായവും അനുഭവിക്കുവാൻ കഴിഞ്ഞത്. ഞങ്ങളുടെ ഭവനവുമായി ബന്ധപ്പെട്ട ആധ്യാത്മിക ഭൗതിക തലങ്ങളിലെല്ലാം പിതാവിന്റെ ജീവസാന്നിധ്യം വളരെ മഹത്വരമാണെന്ന് എടുത്തു പറയുന്നതിൽ ഞാൻ വളരെയധികം ആനന്ദമുള്ളവളാണ്. മാനസികമായും ശാരീരികമായും അസ്വസ്ഥത പേറുന്നവരോട് പ്രത്യേകിച്ച് അമ്മമാരോടും കുഞ്ഞുങ്ങളോടും പിതാവിനുള്ള സ്നേഹവും കരുതലും വർണ്ണനാതീതം തന്നെ.

അസ്വസ്ഥമായിരിക്കുന്ന വിഹ്വലമനസ്സുകൾക്ക് ആശ്വാസം നൽകുക, പാവപ്പെട്ടവരെ സഹായിക്കുക, നിരാലംബർക്ക് ആശ്രയമാകുക, നിരാശയുടെ പടുകുഴിയിലാണ്ടവർക്ക് പ്രത്യാശയുടെ നുറുങ്ങുവെട്ടം പകരുക, മരണാസന്നരായ രോഗികളെ സന്ദർശിക്കുക ഇതെല്ലാം സഭയ്ക്കുള്ളിൽ ജാഗരൂകതയോടെ നിലകൊള്ളുന്ന അജപാലകനായ ജോഷ്വാപിതാവിന്റെ സ്വഭാവ സവിശേഷതകളാണ്. ഇടയ്ക്കിടക്കുള്ള പിതാവിന്റെ സ്നേഹതീര സന്ദർശനം എന്നോടുള്ള സ്നേഹംകൊണ്ട് മാത്രമല്ല മറിച്ച് എന്നോടൊത്ത് താമസിക്കുന്ന പ്രിയപ്പെട്ട അമ്മമാരോടും കുഞ്ഞുങ്ങളോടുമുള്ള കരുതലും സ്നേഹവും പരിഗണനയും കൊണ്ടാണെന്ന് എനിക്ക് എടുത്തുപറയുവാൻ സാധിക്കും. അതുപോലെ തന്നെ പിതാവിന്റെ സാന്നിധ്യവും സഹകരണവുമെല്ലാം ഞങ്ങൾക്കെല്ലാവർക്കും സന്തോഷത്തിമിർപ്പിന്റെ അലടയികളാണെന്നുള്ളതാണ് മറ്റൊരു യാഥാർത്ഥ്യം.

ഞങ്ങളുടെ ഭവനവുമായി ബന്ധപ്പെട്ട ഏതൊരു ആവശ്യങ്ങൾക്കും പിതാവിനെ സമീപിക്കുമ്പോൾ പിതാവ് ഞങ്ങളോട് കാണിക്കുന്ന സ്നേഹവും താൽപര്യവും കരുതലുമൊക്കെ എനിക്ക് മറ്റുള്ളവരിലേക്ക് കുറേക്കൂടി ഇറങ്ങി പ്രവർത്തിക്കുവാൻ കരുത്തും ധൈര്യവും പകരുന്നതാണ്. സ്ഥലമോ സാഹചര്യമോ നോക്കാതെ ഏതവസ്ഥയിലും എവിടെയും എപ്പോഴും ആവശ്യങ്ങൾ കണ്ടറിഞ്ഞ് പ്രവർത്തിക്കുന്ന ഒരു വിശാല ഹൃദയത്തിന്റെ ഉടമയാണ് നമ്മുടെ പിതാവ്.

എന്റെ പ്രിയ മാതാപിതാക്കളുടെ രോഗാവസ്ഥയിൽ രോഗിലേപനം നൽകിയതും വേർപാടിന്റെ നിർണായക നിമിഷങ്ങളിൽ സ്നേഹസന്ദർശനത്തിലൂടെ ധൈര്യം പകർന്നു തന്നതുമെല്ലാം ഞാൻ അയവിറക്കുന്ന ഓർമ്മകളാണ്. ഇത് എന്റെ മാത്രം അനുഭവമല്ല, ഇതുപോലെ വേർപാടിന്റെ വേദനയിലാണ്ടവരുടെ ഭവനങ്ങളെ സന്ദർശിക്കുന്നതും

www.malankaralibrary.com


അവർക്കായി പ്രാർത്ഥിക്കുന്നതും പിതാവിന്റെ ഒരു ജീവിതചര്യ കൂടിയാണ്.

ദൈവപരിപാലനയിൽ ആശ്രയിച്ചു മുന്നേറുന്ന ഞങ്ങളുടെ ഭവനത്തിലേക്ക് സഹായ സഹകരണവുമായി മറ്റുള്ളവരെ കൂട്ടികൊണ്ടുവരുവാനും പിതാവ് സമയം കണ്ടെത്താറുണ്ട്. ഒരു അപ്പന്റെ സ്നേഹ വാൽസല്യങ്ങളോടെ എന്നോടും എന്റെ മക്കളോടും പിതാവ് കാണിച്ചുകൊണ്ടിരിക്കുന്ന ആ നല്ല മനസ്സിനെ ഞാനും എന്റെ മക്കളും എന്നും നന്ദിയോടെ ഓർത്തു പ്രാർത്ഥിക്കുന്നുണ്ട്. തന്റെ ഉത്തരവാദിത്വങ്ങൾ ഏറ്റവും വിശ്വസ്തതയോടെ, വിശുദ്ധിയോടെ പൂർത്തിയാക്കുവാനുള്ള തിരക്കുപിടിച്ച പിതാവിന്റെ ജീവിതയാത്രക്കിടയിലും എല്ലാവർക്കും എല്ലാവരുമായി ജ്വലിച്ചു നിൽക്കുവാൻ പിതാവിന് സാധിക്കുന്നു എന്നത് മറ്റൊരു വസ്തുത കൂടിയാണ്. തന്റെ എളിയ ജീവിതത്തിലൂടെ ഇനിയും അനേകായിരങ്ങളെ ഈശോയിലേക്ക് നയിക്കുവാനുള്ള ആയുസ്സും ആരോഗ്യവും സർവ്വശക്തൻ പ്രദാനം ചെയ്യട്ടെ എന്ന് ഹൃദയത്തിന്റെ നിറവിൽ നിന്നും സ്നേഹതീരം കുടുംബാംഗങ്ങൾ ഒന്ന് ചേർന്ന് പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു.

www.malankaralibrary.com


# സുവിശേഷ ദൗത്യം വിദ്യാഭ്യാസത്തിലൂടെ



**അഡ്വ. ഡോ. തോമസുകുട്ടി പനച്ചിക്കൽ**
അക്കാഡമിക് അഡ്വൈസർ,
മാർ ഗ്രീഗോറിയോസ് ലോ കോളേജ്,
തിരുവനന്തപുരം

18

സകല ജനപദങ്ങളുടെയും സമ്പൂർണ്ണ വിമോചനത്തിനായി മനുഷ്യനായി അവതരിച്ച ക്രിസ്തു യേശുവിന്റെ ശുശ്രൂഷയുടെ പിന്തുടർച്ചയുടെ നിർവഹണം ആണ് പരിശുദ്ധ സഭയുടെ ദൗത്യം. കാലദേശങ്ങൾക്ക് അനുയോജ്യമായ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ട് സഭ ഈ നിയോഗത്തെ പൂർണ്ണതയിൽ എത്തിക്കുന്നു. അജ്ഞതയും നിരക്ഷരതയും അന്ധകാരമാണ്; ലോകത്തെ അന്ധകാരത്തിൽനിന്ന് പ്രകാശത്തിലേക്ക് നയിക്കുവാൻ ആണ് ദൈവപുത്രൻ ലോകത്തിലേക്ക് വന്നത്. അതുകൊണ്ടുതന്നെ അജ്ഞതയുടെ അന്ധകാരം അകറ്റി ലോകത്തിന് പ്രകാശം നൽകുക എന്നത് സഭയുടെ പ്രധാന ദൗത്യങ്ങളിൽ ഒന്നായി തന്നെ അവൾ കാണുന്നു. സഭയുടെ സവിശേഷമായ ഈ ദൗത്യത്തിൽ ക്രിയാത്മകമായി പങ്കുചേർന്നുകൊണ്ട് വ്യത്യസ്തമായ ഒരു പന്ഥാവ് വെട്ടിത്തെളിച്ച ശ്രേഷ്ഠമായ

www.malankaralibrary.com


വ്യക്തിത്വമാണ് മാവേലിക്കര രൂപതയുടെ പ്രഥമ മെത്രാപ്പോലീത്ത ആയ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്യോസ്. ഭാരത കത്തോലിക്ക മെത്രാൻ സമിതി (CBCI) യുടെയും കേരള കത്തോലിക്ക മെത്രാൻ സമിതി (KCBC) യുടെയും വിദ്യാഭ്യാസ കമ്മീഷനുകളുടെ അധ്യക്ഷൻ എന്ന നിലയിൽ ഭാരതത്തിലെ കത്തോലിക്ക വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് പിതാവ് നൽകിയിട്ടുള്ള നേതൃത്വവും ദിശാബോധവും അദ്ദേഹം എടുത്തിട്ടുള്ള സുധീരമായ നിലപാടുകളും നിസ്തുലവും ശ്രദ്ധേയവുമാണ്.

സഭയുടെ പ്രഖ്യാപിതമായ നയപരിപാടികളുമായി ചേർന്നുനിന്നു കൊണ്ട്, തന്റേതായ ഒരു മുഖം വിദ്യാഭ്യാസ മേഖലയിലെ കർമ്മ പദ്ധതികൾക്ക് നൽകുവാൻ അദ്ദേഹത്തിന് കഴിയുന്നു എന്നത് ഏറ്റവും ശ്രദ്ധേയമാണ്. ബിരുദാനന്തര ബിരുദത്തിനും ഡോക്ടറൽ ബിരുദത്തിനും അദ്ദേഹം തെരഞ്ഞെടുത്തത് തന്റെ ഇഷ്ട വിഷയമായ 'വിദ്യാഭ്യാസം' തന്നെയാണ് എന്നത് അദ്ദേഹത്തെ വ്യത്യസ്തനാക്കുന്നു. പ്രശസ്തമായ മദ്രാസ് സർവകലാശാലയിൽ നിന്നും നേടിയ ഡോക്ടറൽ ബിരുദത്തിലൂടെ തന്റെ തന്നെ അറിവിന്റെ സീമകൾ വളർത്തുന്നതിനേക്കാൾ അദ്ദേഹം ആഗ്രഹിച്ചത് പൊതുസമൂഹത്തിന്റെ ഉന്നമനമാണ്.

## വിദ്യാഭ്യാസത്തിലൂടെ വികസനം

2024 ജൂൺ ലക്കം 'കാരുണികൻ' മാസികയ്ക്ക് നൽകിയ ഒരു അഭിമുഖത്തിൽ പിതാവ് ഊന്നിപ്പറയുന്ന ശ്രദ്ധേയമായ ഒരു വസ്തുതയാണ്, 'വിദ്യാഭ്യാസമാണ് വികസനത്തിന്റെ താക്കോൽ' എന്നത്. സ്വർഗം തന്നെ ഏൽപ്പിച്ച സുവിശേഷ ദൗത്യത്തിന്റെ ഭാഗമായി തന്നെയാണ് വിദ്യാഭ്യാസ മേഖലയിലെ തന്റെ വിവിധ പ്രവർത്തനങ്ങളെ പിതാവ് നോക്കിക്കാണുന്നത്. അത് സഭയുടെ മിഷൻ പ്രവർത്തനങ്ങളുടെ മൂലക്കല്ലാണ്; അതുവഴി മാത്രമാണ് ധർമ്മ ബോധമുള്ള തലമുറയെ വാർത്തെടുക്കുവാനും ശ്രേഷ്ഠമായ സമൂഹങ്ങൾക്ക് രൂപംകൊടുക്കുവാനും സാധിക്കുന്നത്. തനിക്കു ശുശ്രൂഷിക്കാനായ ഇടങ്ങളിൽ എല്ലാം ഒരു ആത്മീയ നേതാവ് എന്നതിനോടൊപ്പംതന്നെ എല്ലാം തികഞ്ഞ ഒരു വിദ്യാഭ്യാസ പ്രവർത്തകനായും സമൂഹങ്ങളെ സേവിക്കുവാൻ പിതാവിനു കഴിഞ്ഞു. ഇതിനായി പരമ്പരാഗതമായ ശൈലിയിൽ നിന്നും വ്യത്യസ്തമായ ഒരു സമീപനമാണ് അദ്ദേഹം അവലംബിച്ചത്. മദ്രാസിലെ പാടിയിൽ അദ്ദേഹം ആരംഭിച്ച വിദ്യാലയം

www.malankaralibrary.com


ഇതിന്റെ ഒരു മികച്ച ഉദാഹരണമാണ്. ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ സാധാരണയായി സമ്പന്നരുടെയും സമൂഹത്തിലെ പ്രഗൽഭരുടെയും മക്കളെ ലക്ഷ്യം വെയ്ക്കുമ്പോൾ സമീപവാസികളായ സാധാരണക്കാരുടെ മക്കൾക്ക് പ്രവേശനം നൽകിക്കൊണ്ട് പിതാവ് (അന്നത്തെ കോശി ഗീവർഗീസ് അച്ചൻ) സമൂഹത്തിന് മാതൃകയായി. വിദ്യാലയ നടത്തിപ്പിലൂടെ സാമ്പത്തിക നേട്ടമല്ല, മറിച്ച്, ജാതിമതഭേദമില്ലാതെ സമൂഹത്തിന് മുഴുവൻ ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകണം എന്നതാണ് അദ്ദേഹത്തെ ഇതിനു പ്രേരിപ്പിച്ചത്. ഈ സമീപനം ധന്യനായ മാർ ഈവാനിയോസ് പിതാവ് സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ പ്രൊഫസർ ആയി സേവനം അനുഷ്ഠിക്കുമ്പോൾ (1913-1919) തനിക്ക് ശമ്പളമായി അവിടെനിന്നും ലഭിച്ച ഭാരിച്ച പ്രതിഫലം കൊണ്ട്, നാട്ടിൽ നിന്നും അനേകം യുവാ ക്കളെ അക്കാലത്തെ പ്രശസ്തമായ, സെറാമ്പൂർ, കൽക്കട്ട, അലഹബാദ്, മദ്രാസ് തുടങ്ങിയ യൂണിവേഴ്സിറ്റികളിൽ വിട്ടുപഠിപ്പിച്ചിരുന്നു എന്നത് നമുക്കറിയാമല്ലോ.

## വിദ്യാഭ്യാസത്തിന്റെ സമഗ്രത

വിദ്യാഭ്യാസ പ്രക്രിയ ഔപചാരിക വിദ്യാഭ്യാസത്തിൽ (Formal Education) മാത്രം ഒതുങ്ങി നിൽക്കേണ്ടുന്ന ഒന്നല്ല. അനൗപചാരിക വിദ്യാഭ്യാസവും (Incidental Education) ഔപചാരിക വിദ്യാഭ്യാസത്തോട് ചേർന്നു നിൽക്കുമ്പോഴാണ് വിദ്യാഭ്യാസ പ്രക്രിയ സമഗ്രവും ജീവിതഗന്ധിയും ആയിത്തീരുന്നതെന്ന് പിതാവ് പലപ്പോഴും പ്രസ്താവിച്ചിട്ടുണ്ട്. മാവേലിക്കര രൂപതയുടെ സാമൂഹ്യ സേവന പ്രസ്ഥാനമായ 'ചേതന'യിലൂടെ പിതാവ് രൂപകല്പന ചെയ്തു നടപ്പാക്കിയ വിവിധ കർമ്മപരിപാടികൾ പിതാവിന്റെ ഈ കാഴ്ചപ്പാടിനെ ശരിവെക്കുന്നതാണ്. വിദ്യാഭ്യാസത്തിലൂടെ തലച്ചോർ വികസിച്ചാൽ മാത്രം പോരാ, മറിച്ച്, ഹൃദയവും ദൃഷ്ടിയും വികസിക്കണം എന്ന് പിതാവ് പറയാറുണ്ട്. വിദ്യാഭ്യാസം ഒരാളുടെ അറിവിനെ വർധിപ്പിക്കുക മാത്രമല്ല, ആ വ്യക്തിയുടെ ധാർമ്മികബോധത്തെയും ദേശബോധത്തെയും പൗരബോധത്തെയും ക്രിയാത്മകവും ഫലപ്രദവുമായി വളർത്തുക കൂടി ചെയ്യണമെന്നാണ് പിതാവ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. കലാലയങ്ങളും വിദ്യാലയങ്ങളുമായി ബന്ധപ്പെട്ട വേദികളിൽ എല്ലാം തന്റെ ഈ കാഴ്ചപ്പാട് പങ്കുവെയ്ക്കുവാൻ പിതാവ് ശ്രദ്ധിച്ചിട്ടുണ്ട്. പരിശുദ്ധ പോൾ VI മാർപാപ്പ 1967-ൽ പുറപ്പെടുവിച്ച populorum progressio (ജനതകളുടെ പുരോഗതി) എന്ന ചാക്രിക ലേഖനത്തിൽ'

www.malankaralibrary.com


വികസനം എന്നത് സാമ്പത്തിക വികസനം എന്നതിൽ മാത്രം പരിമിതപ്പെടുത്തേണ്ട ഒന്നല്ല, മറിച്ച്, അത് വ്യക്തിപരവും സാംസ്കാരികവുമായ മാനം കൈവരിക്കേണ്ടതുണ്ട്' എന്ന് പ്രസ്താവിക്കുന്നുണ്ട്; അത് നീതിപരവും സാമൂഹിക ഉത്തരവാദിത്വങ്ങളുമായി ബന്ധപ്പെട്ടുള്ളതും ആയിരിക്കണം. വികസനത്തിന്റെ ഈ സമഗ്രഭാവമാണ് വിദ്യാഭ്യാസത്തിലൂടെ കൈവരിക്കണമെന്ന് അഭിവന്ദ്യ ഇഗ്നാത്യോസ് പിതാവും പ്രസ്താവിക്കുന്നത്. പിതാവിന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ എല്ലാം ഈ ദിശയിൽ ഉള്ളതാണ്.

## സാമൂഹിക രൂപാന്തരീകരണം വിദ്യാഭ്യാസത്തിലൂടെ

സാമൂഹിക മാറ്റത്തിനുള്ള ഒരു ചാലക ശക്തിയാണ് വിദ്യാഭ്യാസം എന്ന് അദ്ദേഹം കണ്ടു. സഭ എക്കാലവും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും അധസ്ഥിതരുടെയും, ദരിദ്രരുടെയും പക്ഷം ചേർന്ന് അവരുടെ സമഗ്ര വിമോചനത്തിനുള്ള ഒരു പ്രധാന ഉപാധിയായി വിദ്യാഭ്യാസത്തെ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഈ ലക്ഷ്യത്തോടെ വിദ്യാഭ്യാസ പ്രക്രിയയിൽ പങ്കുചേരുമ്പോൾ അത് പഠിതാക്കളിൽ ആത്മവിശ്വാസവും സ്വയബോധവും കർമ്മകുശലതയും, സർവ്വോപരി കാര്യശേഷിയും ഉണ്ടാക്കുന്നു. താനും എന്റെ സമൂഹവും തങ്ങൾ ആയിരിക്കുന്ന പിന്നോക്ക അവസ്ഥയിൽ നിന്ന് കരകയറുവാൻ ഗുണനിലവാരമുള്ള വിദ്യാഭ്യാസം അനിവാര്യമാണെന്ന് തിരിച്ചറിയുമ്പോൾ, അവർക്കു തെളിമയാർന്ന ദിശാബോധം കൈവരിക്കുന്നതിന് കഴിയും. ഇത് സൃഷ്ടിക്കുവാൻ ബോധപൂർവ്വമുള്ള പരിശ്രമങ്ങൾ ഉണ്ടാക്കേണ്ടത് അനിവാര്യം ആണ് എന്ന അദ്ദേഹത്തിന്റെ നിലപാട് ശ്രദ്ധേയമാണ്.

വിദ്യാഭ്യാസത്തിലൂടെ മനുഷ്യന്റെ സമഗ്രവികസനമാണ് സാധ്യമാകുന്നത്. അത് ബൗദ്ധികമായും ധാർമികമായും സാമൂഹികമായും ആത്മികമായും അവനെ ഉയർത്തുന്നു. വിദ്യാഭ്യാസത്തെ സംബന്ധിച്ചുള്ള രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖയായ Gravissum education (1965 ഒക്ടോബർ 25) എന്ന ഡോക്യുമെന്റ് ഈ വിഷയത്തിൽ ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. എല്ലാ മനുഷ്യർക്കും മനുഷ്യ വ്യക്തിത്വത്തിന്റെ മാഹാത്മ്യം ഉള്ളതുകൊണ്ട് അവർക്ക് എല്ലാവർക്കും തന്നെ ഉചിത വിദ്യാഭ്യാസം ലഭിക്കാൻ അവകാശമുണ്ട്. അതുകൊണ്ടാണ് ഇന്ത്യൻ ഭരണഘടനയുടെ 86 ഭേദഗതിയിലൂടെ ഭരണഘടനയോട് കൂട്ടിച്ചേർത്ത്

www.malankaralibrary.com


ആർട്ടിക്കിൾ 21-എ പ്രകാരം, 6-14 ഇടയിൽ പ്രായമുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധവുമായ വിദ്യാഭ്യാസം നൽകണമെന്ന് ശുപാർശ ചെയ്തിരിക്കുന്നത്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വിദ്യാഭ്യാസത്തെ കുറിച്ചുള്ള പ്രമാണരേഖയിൽ വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യമായി എടുത്തു പറയുന്നതാണ്. 'ധീരതയോടും സ്ഥിര പരിശ്രമത്തോടും കൂടി പ്രയാസങ്ങളെ നേരിട്ട് സ്വജീവിതം കരുപ്പിടിപ്പിക്കുവാനും യഥാർത്ഥ സ്വാതന്ത്ര്യം നേടാനുള്ള ഉത്തരവാദിത്വബോധം അചിരേണ സമാർജിക്കാനും അവരെ സഹായിക്കണം 'എന്നും സാമൂഹിക ജീവിതത്തിൽ പങ്കുവഹിക്കാൻ അവരെ പരിശീലിപ്പിക്കണം എന്നും ഉള്ളത്. പ്രസ്തുത പ്രമാണ രേഖയിൽ ശരിയായ മനസ്സാക്ഷി രൂപീകരണത്തിൽ വിദ്യാഭ്യാസത്തിനുള്ള പങ്ക് എടുത്തു കാണിക്കുന്നുണ്ട്. അഭിവന്ദ്യ പിതാവിന്റെ വിദ്യാഭ്യാസ ദർശനങ്ങൾ രൂപീകരിക്കപ്പെടുന്നത് പ്രവർത്തികമാക്കപ്പെടുന്നതും പ്രസ്തുത പ്രമാണവുമായി ചേർത്തിണക്കിയ വിധത്തിലും രീതിയിലും ആണെന്നുള്ളത് നമ്മെ വിസ്മയിപ്പിക്കുക തന്നെ ചെയ്യും.

സാമൂഹിക രൂപാന്തരീകരണം വിദ്യാഭ്യാസത്തിലൂടെ സാധ്യമാകണമെങ്കിൽ പഠിതാക്കളിൽ വിമർശനാത്മക അവബോധവും വളർത്തി എടുക്കേണ്ടതായിട്ടുണ്ട്. അവർ അസന്തുലിതമായ സാമൂഹിക മാനദണ്ഡങ്ങളെയും അസമത്വ സംവിധാനത്തെയും വ്യാപകമായ ദാരിദ്ര്യത്തെയും വിവേചനത്തെയും ചോദ്യം ചെയ്യുവാൻ കഴിവുള്ളവരാകേണ്ടതുണ്ട്. തുല്യതയും സാന്നിധ്യവും ഉറപ്പാക്കുന്ന ഒരു മൂല്യബോധ രൂപീകരണം വിദ്യാഭ്യാസത്തിലൂടെ ലഭ്യമാകേണ്ടതായിട്ടുണ്ട്. പിതാവിന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ സൂക്ഷ്മമായി നിരീക്ഷിച്ചാൽ ഇവയെല്ലാം തന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുവാൻ പിതാവ് കാണിക്കുന്ന താല്പര്യം നമുക്ക് മനസ്സിലാക്കുവാൻ കഴിയും. 2015-ൽ പിതാവ് മാവേലിക്കരയിൽ ആരംഭിച്ച മാർ ഇവാനിയോസ് കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിന്റെ ആപ്തവാക്യമായ lueem sequimor (we follow the light ഞങ്ങൾ പ്രകാശത്തെ അനുധാവനം ചെയ്യുന്നു) എന്നത് പിതാവിന്റെ വിദ്യാഭ്യാസ ദർശനത്തിന്റെ സംക്ഷിപ്ത രൂപം തന്നെയാണ്. ലോകത്തിന്റെ പ്രകാശമായ ക്രിസ്തുവിനെ അനുകരിച്ചുകൊണ്ട് ആ പ്രകാശം ജനപദങ്ങൾക്ക് പകർന്നു നൽകുന്ന ശുശ്രൂഷ ആണല്ലോ പിതാവ് നടത്തുന്നത്. 2015-ൽ ആരംഭിച്ച ഈ കലാലയം 2025-ൽ യൂണിവേഴ്സിറ്റി ഗ്രാൻഡ് കമ്മീഷന്റെ കീഴിലുള്ള ദേശീയ സമിതിയായ NAAC (National Assessment

www.malankaralibrary.com


and Accreditation Council) ന്റെ അക്രഡിറ്റേഷൻ നേടിയെന്നുള്ളതും അഭിമാനകരമായ നേട്ടമാണ്. പാഠ്യപാഠ്യേതര മേഖലകളിലും സാമൂഹിക പ്രതിബദ്ധതയുടെ തലത്തിലും ഈ കലാലയം വരിച്ച നേട്ടങ്ങളാണ് ഈ വിജയത്തിന്റെ പിന്നിൽ എന്ന് നിസംശയം പറയാം. 2015-ൽ പുതുതായി ക്ലാസുകൾ ആരംഭിച്ചപ്പോൾ ഈ കലാലയം ദേശീയ നിലവാരം പുലർത്തുന്ന മികവിന്റെ കേന്ദ്രമായി വളരുമെന്ന് പ്രഖ്യാപിച്ചത് ഒരു പ്രവചനം ആയിരുന്നു എന്നത് കാലം തെളിയിച്ചിരിക്കുന്നു. സ്വാശ്രയമേഖലയിലുള്ള താരതമ്യേന ചെറുപ്പമായ ഈ കോളേജ് യൂണിവേഴ്സിറ്റി തലത്തിൽ നേടുന്ന റാങ്കുകളും ഉയർന്ന വിജയശതമാനവും ഈ സ്ഥാപനത്തിന്റെ ഗുണനിലവാരത്തിലേക്ക് കൃത്യമായി വിരൽ ചൂണ്ടുന്നു.

അഭിവന്ദ്യ പിതാവിന്റെ ചടുലമായ വിദ്യാഭ്യാസ പ്രവർത്തനത്തിന്റെ മറ്റൊരു ഉദാഹരണമാണ് 2023-ൽ ചെങ്ങന്നൂരിലെ പുലിയൂരിൽ സ്ഥാപിച്ച മാർ ഇവാനിയോസ് ലോ കോളേജ്. വിശുദ്ധ ബൈബിളിലെ "Righteounsess is immortal" നീതി അനശ്വരമാണ് (ജ്ഞാനം 1:15) എന്ന തിരുവചനം ആപ്തവാക്യമായി എടുത്തിരിക്കുന്ന ഈ സ്ഥാപനത്തിന്റെ സ്ഥാപനോദ്ദേശം നീതിബോധവും ധർമ്മനിഷ്ഠയുമുള്ള അഭിഭാഷകരേയും നിയമജ്ഞരേയും വാർത്തെടുക്കുകയും അവരെ നീതിന്യായ മേഖലയിൽ പ്രവർത്തിക്കാൻ ശക്തരാക്കുകയും ആണ്. നീതി നിഷേധിക്കപ്പെടുകയും അപ്രാപ്യമാകുകയും ചെയ്യുന്ന സാഹചര്യങ്ങൾ നിലവിലുള്ള ഒരു കാലഘട്ടത്തിൽ ഈ കലാലയം സമൂഹത്തിൽ ഗുണപരമായ മാറ്റം കൊണ്ടുവരും എന്നതിൽ തർക്കമില്ല.

**ഉപസംഹാരം**

വിദ്യാഭ്യാസത്തിലൂടെ വിമോചനമെന്ന മഹത്തായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് കഴിഞ്ഞ അരനൂറ്റാണ്ടുകാലമായി അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ് സമാനതകളില്ലാത്ത വിദ്യാഭ്യാസ ശുശ്രൂഷയാണ് സഭയിലും സമൂഹത്തിലും നിർവ്വഹിക്കുന്നത്. ആഗോള സഭയുടെയും മലങ്കര സുറിയാനി കത്തോലിക്കാസഭയുടെയും സാമൂഹിക പ്രബോധനങ്ങളോടും പ്രവർത്തനശൈലിയോടും ചേർന്ന് തന്റേതായ പന്ഥാവിലൂടെ പിതാവ് നടത്തുന്ന വിദ്യാഭ്യാസ ശുശ്രൂഷ അത്യന്തം ശ്ലാഘനീയമാണ്. പാവങ്ങളോട് പക്ഷംചേർന്ന് അവർക്കുവേണ്ടി, അവരിലൊരുവനായി, അദ്ദേഹം ചെയ്യുന്ന ഇടപെടലുകൾ ഉദാത്തമാണ്. രാജ്യത്തിന്റെ സുസ്ഥിതിയ്ക്കും ശ്രേയസ്സിനും ഉതകുന്നവിധം

www.malankaralibrary.com


സമൂഹത്തിനു ലക്ഷ്യബോധം നൽകുവാൻ വിദ്യാഭ്യാസ മേഖലയിലൂടെ അദ്ദേഹം നടത്തുന്ന പരിശ്രമങ്ങൾ സമൂഹത്തിൽ ഗുണപരമായ മാറ്റം ഉണ്ടാക്കുന്നുണ്ട് എന്നത് നിസ്തർക്കമായ വസ്തുതയാണ്. അറിവാണ് വെളിച്ചം; വെളിച്ചമാണ് ദൈവം. അതുകൊണ്ടുതന്നെ വിദ്യാഭ്യാസ ശുശ്രൂഷ എന്നത് ദൈവരാജ്യ ശുശ്രൂഷയും സുവിശേഷ ദൗത്യവുമാണ്. ഈ ശ്രേഷ്ഠപുരോഹിതന്റെ ശുശ്രൂഷ ഈ നാടിനും നാട്ടാർക്കും ഏറിയകാലം ലഭിയ്ക്കുവാൻ സ്വർഗ്ഗം കനിയട്ടെ. ആയുരാരോഗ്യ സൗഖ്യത്തോടെ പിതാവിനെ സ്വർഗ്ഗത്തിലെ ദൈവം കാക്കട്ടെ.

www.malankaralibrary.com


# കനിവിന്റെ നീർച്ചാൽ



**സി.ജി. തോമസ് ചിറക്കടവിൽ**
Rtd. ജോയിന്റ് സെക്രട്ടറി,
കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ

**19**

**46** വർഷം പുരോഹിത ശുശ്രൂഷചെയ്തതിൽ 26 വർഷവും 6 മാസവും അഭിവന്ദ്യ ബിഷപ്പായും മാവേലിക്കര ഭദ്രാസനത്തിന്റെ അധിപനായും സ്തുത്യർഹമായ സേവനമാണ് അനുഷ്ഠിച്ചിട്ടുള്ളത്. അദ്ദേഹത്തെ ദർശിക്കുവാനും അടുത്തറിയുവാനും സാധിച്ചിട്ടുള്ള വർക്ക് അവരുടെ നിത്യജീവിതത്തിന്റെ വഴികാട്ടിയായിരുന്നു. ഇപ്പോൾ വിരമിക്കുന്നുവെങ്കിലും ഒരിക്കലും അണയാത്ത ആത്മീയ തേജസ്സാണ് ആ ഇടയൻ.

സഭ മാനവസേവനത്തിനുള്ളതാണന്ന അടിയുറച്ച വിശ്വാസമാണ് അദ്ദേഹത്തിന് ഉണ്ടായിരുന്നത്. കർമ്മമെന്നാൽ സ്നേഹം, മമദീപ മെന്നും അദ്ദേഹം കരുതിയിരുന്നു. കാരുണ്യത്തിന്റെ സ്പർശനത്തിന്റെ വിത്ത് സഭയിൽ മാത്രമല്ല വിതറിയത്, അതിനു വെളിയിലേക്കും വിതച്ചു. അവിടെയെല്ലാം ഐശ്വര്യത്തിന്റെ കതിർക്കുലകൾ ഉണ്ടായി. തീർത്തും ധന്യമായ ഒരു ജീവിതത്തിന്റെ ഉടമ. ഏതു നൊമ്പരവും പങ്കുവെയ്ക്കാൻ എപ്പോഴും സന്നദ്ധനായിരുന്നു. കനിവിന്റെ നീർച്ചാ ലുകൾ അദ്ദേഹത്തിൽ നിന്നും ഒഴുകി. എങ്കിലും സദാ പുഞ്ചിരി തൂകുന്ന മുഖവുമായിട്ടാണ് എല്ലാവരോടും ഇടപെടുന്നത്. അങ്ങനെ സഭാമക്കൾക്ക് ഒരു നല്ല പിതാവായിരുന്നു.

www.malankaralibrary.com


അഭിവന്ദ്യ തിരുമേനി പാവപ്പെട്ടവരിൽ ദൈവത്തെ ദർശിച്ചിരുന്നു. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. (ലൂക്കാ 4:18) എന്ന യേശുവിന്റെ മാനിഫെസ്റ്റോ യുടെ അടിസ്ഥാനത്തിൽ അദ്ദേഹം പാവങ്ങളുടെ പക്ഷം പിടിച്ചിരുന്നു. ആദർശംകൊണ്ടും കർമ്മപരിപാടികൾകൊണ്ടും പാവങ്ങളോട് പ്രത്യേകം കരുതൽ കാട്ടിയിരുന്നു. അശരണർക്ക് അത്താണിയായും രോഗികൾക്ക് ആശ്വാസമായും അന്വേഷണോത്സുകികൾക്ക് ആചാര്യ നായും ഒരു ആദ്ധ്യാത്മിക നേതാവായും ഇന്നുവരെയും ജ്വലിച്ചിരുന്നു. അപ്രകാരം കൂടുതൽ മഹത്തരമായി ഉജ്ജ്വലിക്കട്ടെ! വിശാല വീക്ഷണവും സമുദായങ്ങൾ തമ്മിലുള്ള ധാരണയും സ്നേഹവും അദ്ദേഹം പുലർത്തിയിരുന്നു. ആ സാഹചര്യങ്ങളിലെല്ലാം, എല്ലാ വർക്കും അദ്ദേഹം ആദരണീയനാണ്, പ്രിയങ്കരനാണ്.

ക്രൈസ്തവ മൂല്യങ്ങളിൽ ഉറച്ചുനിന്നുകൊണ്ട് ജീവിച്ചു, പ്രസംഗിച്ചു പ്രവർത്തിച്ചു. പാണ്ഡിത്യം, സംഘടനാശേഷി പ്രസംഗ വൈഭവം എന്നിവയുണ്ടായിരുന്നു. പ്രാർത്ഥനാജീവിതവും ജീവിത വിശുദ്ധിയും സ്വഭാവശ്രേഷ്ഠതയും ആദർശമഹിമയും എടുത്തു പറയേണ്ടത്. ജീവിതത്തിൽ നേട്ടങ്ങൾ കൊയ്തെടുക്കുവാനും സ്വപ്നങ്ങൾ പൂവണിയിക്കുവാനും വേണ്ടി അദ്ദേഹം ആദർശങ്ങൾ ബലികഴിക്കില്ല. ലക്ഷ്യങ്ങൾ ഉത്തമവും മാർഗ്ഗങ്ങൾ സംശുദ്ധവുമായി രുന്നു. ആരുടെമേലും ആധിപത്യം സ്ഥാപിച്ചില്ല. കാര്യങ്ങൾ അടിച്ചേല് പിച്ചില്ല. എല്ലാ കർമ്മ മണ്ഡലങ്ങളിലും സുതാര്യത പ്രകടിപ്പിച്ചിരുന്നു. എളിമയും ശാന്തതയും ലാളിത്യവും കഠിനാ ദ്ധ്വാനവും ജീവിതമുദ്ര യായിരുന്നു. ആദർശജീവിതം കുരിശിന്റെ ജീവിതമാണെന്ന് അദ്ദേഹ ത്തിന് അറിയാമായിരുന്നു. ധർമ്മം നിലനിർത്താൻ സഹനവും ത്യാഗവും അനിവാര്യമാണെന്ന് മനസ്സിലാക്കിയിരുന്നു. മനുഷ്യന്റെ സമഗ്രപുരോഗതി ആഗ്രഹിച്ചു. അദ്ദേഹം നമ്മുടെ മനസ്സിൽ മായാത്ത മുദ്രപതിച്ചു.

**ജീവിതരേഖ**

മാർത്താണ്ഡവർമ്മ മഹാരാജാവ് സ്വർണ്ണ നിർമ്മിതമായ മണികെട്ടിയ ഭവനത്തിൽ നിന്നും സഭയുടെ മാവേലിക്കര രൂപതയെ ഭരിക്കുവാൻ ഒരു രാജകുമാരൻ ഉത്ഭൂതനായി എന്നത് ദൈവനിശ്ചയം തന്നെ. പാണ്ടിരാജാക്കന്മാരിൽ നിന്നും രക്ഷപ്പെടാൻ ഓടിയപ്പോൾ കൊട്ടാരക്കരയിൽ എത്തി, ഈ വീട്ടിൽ തങ്ങുകയും അതിന്റെ സ്മരണ

www.malankaralibrary.com


നിലനിർത്താൻ സ്വർണ്ണം കൊണ്ടുള്ള ഒരു മണി ഭവനകവാടത്തിൽ കെട്ടിത്തൂക്കുകയും ചെയ്തതുകൊണ്ടാണ്, ആ ഭവനം ഇന്നും മണികെട്ടിയ കിഴക്കേവീട് എന്നറിയപ്പെടുന്നത്. ഇത് ഒരു ചരിത്രസത്യം.

മിസ്റ്റർ കെ.ഒ വർഗ്ഗീസ് അന്നമ്മ ദമ്പതികളുടെ ആറു മക്കളിൽ 5-ാമനായി 1950 മേയ് മാസം 24-ാം തീയതി ഭൂജാതയായ കോശി എന്ന കുഞ്ഞ് 6, 7 വയസ്സ് പ്രായമായപ്പോൾ തന്നെ അപ്പനും അമ്മയും നഷ്ടപ്പെട്ട ഒരു കുഞ്ഞായിത്തീർന്നു. എങ്കിലും വല്യപ്പന്മാരുടെയും ഉപ്പാപ്പന്മാരുടെയും സംരക്ഷണത്തിൻ കീഴിൽ ദൈവപരിപാലനയാൽ വളർത്തപ്പെട്ട് ഒരു ദൈവപൈതലായി ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു, മൂത്തസഹോദരി കഴിഞ്ഞ ഒക്ടോബർ 9-ന് നിദ്ര പ്രാപിക്കുകയും 11-ാം തീയതി ശവസംസ്ക്കാര ശുശ്രൂഷകൾ നടത്തപ്പെടുകയും ചെയ്തു. സെന്റ് മേരീസ് കൊട്ടാരക്കരയിൽ പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം ഗവ. ബോയ്സ് ഹൈസ്കൂൾ കൊട്ടാരക്കരയിൽ ഹൈസ്കൂൾ പഠനം പൂർത്തീകരിക്കുകയും ചെയ്തു. കോശി വർഗ്ഗീസ് എന്നായി രുന്നു സ്കൂളിൽ രേഖപ്പെടുത്തിയ പേര്.

ഒരു വൈദികനായിത്തീരണമെന്ന ആഗ്രഹം മനസ്സിൽ ഉദിച്ചതി നാൽ തിരുവനന്തപുരം മലങ്കര മൈനർ സെമിനാരിയിൽ ചേരുകയും പഠനം തുടരുകയും ചെയ്തു. ഇക്കാലയളവിൽ തിരുവനന്തപുരം മാർ ഈവാനിയോസ് കോളേജിൽ നിന്നും പ്രീഡിഗ്രി പൂർത്തിയാക്കി. ഹിസ്റ്ററി മെയിൻ ആയി എടുത്തുകൊണ്ട് ഡിഗ്രിയും കരസ്ഥമാക്കി.

1978 ഏപ്രിൽ 2-ാം തീയതി വൈദികപ്പട്ടം സ്വീകരിച്ചു. സുപ്രസിദ്ധ തത്ത്വശാസ്ത്രജ്ഞനും പണ്ഡിതനുമായ വി. തോമസ് അക്വിനാസിന്റെ ഒരു വാചകം പ്രസക്തമാണ്. "ഒരുവൻ വൈദികപട്ടം സ്വീകരിക്കുന്നത് ആ വ്യക്തിക്കുവേണ്ടിയല്ല, പ്രസ്തുത ആകമാന സഭാ സമൂഹത്തിന് വേണ്ടിയാണ്. ഈ വലിയ സത്യം മനസ്സിലാക്കിയാണ് ബഹു. അച്ചൻ സുദീർഘകാലം വൈദിക ശുശ്രൂഷ ചെയ്ത് പ്രശസ്തമായ സേവന മാണ് കാഴ്ചവെച്ചത്. വികാരിയായി ആദ്യം നിയമിക്കപ്പെട്ടത് മാർത്താണ്ഡത്തെ കിരാത്തൂർ പള്ളിയിൽ ആയിരുന്നു. ഇപ്പോൾ അത് പാറശ്ശാല രൂപതയുടെ കീഴിലാണ്, അഭിവന്ദ്യ ലോറൻസ് പിതാവിനോ ടൊപ്പം വൈദിക ശുശ്രൂഷചെയ്യുവാൻ സാധിച്ചത് ഈ കലയളവിലാണ് 1978 മുതൽ 82 വരെ അവിടെ തുടർന്നു.

www.malankaralibrary.com


ബഹു. അച്ചന്റെ, തമിഴ്നാട്ടിലെ പാടി എന്ന സ്ഥലത്തെ സേവനം മലങ്കര കത്തോലിക്കാ സഭ എക്കാലവും നന്ദിയോടെ സ്മരിക്കും. ഒന്നുമില്ലാതിരുന്ന ആ സ്ഥലത്ത് ബഹു. ജോർജ് ജേക്കബ് അച്ചനോട് ചേർന്ന് പ്രവർത്തിച്ചു. അണ്ണനും തമ്പിയും എന്നപോലെ അവരുടെ കൂട്ടായ പ്രവർത്തനംമൂലം പാടിയിൽ സെന്റ് തോമസ് ഇടവകയ്ക്ക് രൂപംനല്കപ്പെട്ടു. കാലക്രമത്തിൽ അവിടെ എൻജിനീയറിംഗ് കോളേജും അനുബന്ധ വിദ്യാഭ്യാസസ്ഥാപനങ്ങളും സ്ഥാപിതമാകുകയും ചെയ്തു. തമിഴ്നാട്ടിലെ പാടിയിലെ പ്രവർത്തനങ്ങൾ സഭയ്ക്കെന്നും അഭിമാനപൂർവ്വം സ്മരിക്കാവുന്ന ഒന്നാണ്. ഉയർച്ചയിൽ നിന്ന് ഉയർച്ചയിലേക്ക് പ്രസ്തുത സ്ഥാപനങ്ങൾ വളർന്നുകൊണ്ടിരിക്കുമ്പോൾ ബഹു. കോശി വർഗ്ഗീസ് അച്ചനെ (ഇപ്പോൾ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസിനെ) നാം എക്കാലവും നന്ദിയോടെ സ്മരിക്കണം. 1982 മുതൽ 86 വരെ പാടിപള്ളിയുടെ വികാരിയായിരുന്നു.

1996-ൽ തിരുവനന്തപുരം മേജർ അതിരൂപതയുടെ വികാരി ജനറലായി 1997-ൽ കോർ എപ്പിസ്കോപ്പ സ്ഥാനവും നൽകപ്പെട്ടു. 1998 ജൂൺ 29 ന് ബിഷപ്പായി അഭിഷേകം ചെയ്യപ്പെട്ടു. തിരുവനന്തപുരം മേജർ അതിരൂപതയിൽ സ്തുത്യർഹമായ സേവനമാണ് ചെയ്തത് അത് 2007 വരെ തുടർന്നു. അഭിവന്ദ്യ പിതാവ് തിരുവനന്തപുരത്ത് ആയിരുന്നപ്പോഴത്തെ ചില അനുഭവങ്ങൾ എന്റെ മനസ്സിൽ മായാതെ നിലനിന്നു. അതു മറക്കുവാൻ സാദ്ധ്യമല്ല. എന്നെ കാണുമ്പോൾ കൈയ്യിരിക്കുന്ന കുരിശുകൊണ്ട് ആശീർവദിക്കുന്നതിനു മുമ്പായിത്തന്നെ കുരിശുകൊണ്ട് കെട്ടിപ്പിടിച്ച് ആശ്ലേഷിക്കുന്ന പതിവാണ് ഉണ്ടായിരുന്നത്. അദ്ദേഹം വൈദികനാകുന്നതിനു മുമ്പേതന്നെ ഉണ്ടായിരുന്ന പരിചയം കൊണ്ടായിരിക്കാം അങ്ങനെ ചെയ്യുന്നത്. പട്ടം എൽ.ഐ.സി.ക്ക് സമീപമുള്ള എന്റെ വീട് സന്ദർശിക്കുവാനും അദ്ദേഹം തയ്യാറായി. ഒരു സ്നേഹപിതാവ് മക്കളോട് കാണിക്കുന്ന സ്നേഹ ബന്ധത്താലാണ് ആ ആലിംഗനമെന്ന് എനിക്ക് മനസ്സിലായി. ഒരു സംഭവം പ്രത്യേകം ഓർക്കുന്നു. എന്റെ രണ്ടാമത്തവൾ ബ്ലെസി മോളുടെ വിവാഹം 2005 ജൂൺ 30-ാം തീയതി ആയിരുന്നു. കാഞ്ഞിരപ്പള്ളിയിൽ വെച്ചു നടക്കുന്ന വിവാഹത്തിന് ഞങ്ങൾ വീട്ടിൽ നിന്നും യാത്രപുറപ്പെടേണ്ടിയിരുന്നു. ഈ സമയം എന്റെ വീട്ടിൽ വന്ന് പ്രാർത്ഥിക്കാമെന്ന് വാക്കുപറഞ്ഞു, കർത്താവും ദൈവവും ഗുരുവും യജമാനനുമായ കർത്താവ് ശിഷ്യരുടെ കാലുകൾ കഴുകി തുടയ്ക്കുകയും ചെയ്തപ്പോൾ ശിഷ്യന്മാർക്കുണ്ടായ മനോവികാരമാണ്

www.malankaralibrary.com


എനിക്കപ്പോൾ ഉണ്ടായത്. എന്നും സ്നേഹിക്കുക, എപ്പോഴും സ്നേഹിക്കുക, എല്ലാവരേയും സ്നേഹിക്കുക ഇതായിരുന്നു പിതാവിന്റെ മനോഭാവം. 2007-ൽ മാവേലിക്കര രൂപതയുടെ ബിഷപ്പായി അവരോധിക്കപ്പെട്ടു.

## സ്ഥാപനങ്ങളും പ്രവർത്തനങ്ങളും

ജോഷ്വാ മാർ ഇഗ്നാത്തിയോസിന്റെ പ്രവർത്തന രംഗങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ പാടിയിലെ ഹൈസ്കൂൾ, മാർ ഗ്രീഗോറിയോസ് എഞ്ചിനീയറിംഗ് കോളേജ് എന്നിവ എടുത്തുപറയേണ്ടവയാണ്. മാവേലിക്കരയിലെ സ്ഥാപനങ്ങളിൽ എടുത്തു പറയേണ്ടവ.

1. മാർ ഈവാനിയോസ് കോളേജ്, മാവേലിക്കര.
2. ലോ കോളേജ്, ചെങ്ങന്നൂർ
3. മാവേലിക്കര ബാലഭവനും ബാലവികാഭവനും
4. പെരുമ്പുഴയിലെ അസീസി അറ്റോണമെന്റ് ഹോസ്പിറ്റലിന്റെ വിപുലീകരണം.
5. മദ്യനിരോധന സമിതി ചെയർമാൻ, നിലയ്ക്കൽ എക്യൂമെനിക്കൽ ട്രസ്ററ് ചെയർമാൻ എന്നീ നിലകളിൽ സ്തുത്യർഹമായ പ്രവർത്തനം കാഴ്ചവെച്ചു. പാവപ്പെട്ടവർക്ക് വീടുനിർമ്മിച്ചു നൽകുക. രോഗികൾക്ക് ചികിത്സാസഹായം നൽകുക. എന്നീ കാരുണ്യപ്രവർത്തനങ്ങൾ എടുത്തു പറയേണ്ടവയാണ്. കെ.സി.ബി.സിയുടെ പ്രസിഡന്റ് എന്ന നിലയിലെ പ്രവർത്തനം അഭിനന്ദനാർഹമാണ്. ഇപ്പോൾ കെ.സി.ബി. സിയുടെ വിദ്യാഭ്യാസ കമ്മീഷൻ ചെയർമാനായി സേവനമനുഷ്ഠിക്കുന്നു.

## രാഷ്ട്രീയവും സഭാസംവാദവും

പിതാവിന്റെ രാഷ്ട്രീയ ചായ്വിനെക്കുറിച്ചു ചിന്തിച്ചാൽ ഏതെങ്കിലും ഒരു പാർട്ടിയുടെ വക്താവ് ആയിരുന്നില്ല അദ്ദേഹം. ഏതെങ്കിലും കക്ഷിയോട് പ്രത്യേക മമത കാണിച്ചില്ല, ആരെയും വിമർശിച്ചിട്ടുമില്ല, സമദൂരം തത്വം കാത്തുപാലിച്ചു.

മറ്റ് സഭകളോട് ആത്മാർത്ഥമായ സ്നേഹത്തിന്റെയും ഐക്യത്തിന്റെയും ബന്ധം സ്ഥാപിച്ചു. രോഗികള സന്ദർശിച്ച് ആശ്വസിപ്പിച്ച് പ്രാർത്ഥിക്കുക ഒരു ശീലമായിരുന്നു. അവിടെ സഭയോ മതമോ ബാധകമായിരുന്നില്ല.

www.malankaralibrary.com


പിതാവിന്റെ പൗരോഹിത്യ ജൂബിലി ആഘോഷിച്ചത് മലങ്കര കത്തോലിക്കാ ഹോളി ട്രിനിറ്റി ചർച്ച് കിഴക്കേതെരുവിൽ വെച്ചായിരുന്നു. മേജർ ആർച്ച് ബിഷപ്പ് ക്ലിമീസ് കാതോലിക്കാ ബാവായുമായി ഉറ്റ സൗഹൃദവും ആദരവും ആയിരുന്നു.

ഇപ്പോഴും 75-ാമത്തെ വയസ്സിലും ആരോഗ്യത്തോടുകൂടിത്തന്നെ ഇരിക്കുന്നു. ബിഷപ്പായി അവരോധിക്കപ്പെട്ടപ്പോൾ നടത്തിയ മറുപടി പ്രസംഗത്തിൽ പറഞ്ഞതുപോലെ ഇപ്പോൾ രാജി സമർപ്പിക്കുകയാണ്. ഇനിയുമുള്ള കാലം മാവേലിക്കര കല്ലുമലയിൽ ക്ലർജി ഹോമിനോട് ചേർന്ന് പണികഴിപ്പിച്ചിട്ടുള്ള ഭവനത്തിലായിരിക്കും പിതാവ് താമസിച്ച് സന്ദർശകരെ സ്വീകരിക്കുക.

## പ്രസംഗപാടവവും വാഗ്ചാതുര്യവും

ഒരു നല്ല പ്രാസംഗികൻ എന്ന നിലയിൽ പിതാവ് ശോഭിച്ചിരുന്നു. ആത്മീയരംഗത്തെ പ്രഭാഷണങ്ങൾ, ടി.വി.യിൽ കൂടി നടത്തിയിരുന്ന പ്രബോധനങ്ങളും പ്രസംഗങ്ങളും ജ്ഞാനത്താൽ നിറഞ്ഞവയായിരുന്നു. അനേകരെ അവ നേർവഴിയിലേക്ക് നയിച്ചിട്ടുണ്ട്.

ക്രിസ്തുമസ്, ഈസ്റ്റർ തുടങ്ങിയ ആഘോഷങ്ങളിൽ ക്ഷണിക്കപ്പെടുന്ന ഭവനങ്ങൾ സന്ദർശിച്ച് അവരോടൊപ്പം ഭക്ഷണത്തിൽ പങ്കെടുത്ത് സാധാരണക്കാരിൽ ഒരാളായി പെരുമാറുമായിരുന്നു.

## പ്രാർത്ഥനാംശംസകൾ

കൊല്ലം ഹൈവേയുടെ ഭാഗങ്ങൾ, തോട്ടപ്പള്ളി മുതൽ തീരപ്രദേശം എല്ലാം, പാരിപ്പള്ളി, ചാത്തന്നൂർ, അടുതല, പൂയപ്പള്ളി, കൊട്ടാരക്കര പടിഞ്ഞാറ്, അമ്പലത്തിൽകാല, ചെങ്ങന്നൂർ പള്ളി ഇവിടെയെല്ലാം ആത്മീയ പ്രകാശം വിതറിയ ആ വിളക്ക് അനേക വർഷത്തേക്കുകൂടി പ്രകാശിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടും ഒരു വിരമിക്കൽ ജീവിതം ചൈതന്യവും ഊർജ്ജസ്വലവുമായിരിക്കാൻ കർത്താവായ യേശുക്രിസ്തുവിന്റെ ശക്തിലഭിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ടും എന്റെ വാക്കുകൾ ചുരുക്കുന്നു.

www.malankaralibrary.com


# ബഥനിയ്ക്ക് പ്രിയപ്പെട്ട ഇടയശ്രേഷ്ഠൻ



20

**മദർ ഡോ. ആർദ്ര SIC**
മദർ ജനറൽ
ബഥനി സന്യാസിനിസമൂഹം

സമൃദ്ധമായ അനുഗ്രഹങ്ങളുമായി അവിടുന്ന് അവനെ സന്ദർശിച്ചു. അവന്റെ ശിരസ്സിൽ തങ്കക്കിരീടം അണിയിച്ചു. അങ്ങയുടെ സഹായത്താൽ അവന്റെ മഹത്വം വർദ്ധിച്ചു.
*(സങ്കീ. 21: 3-5)*

**അ**ഭിവന്ദ്യ ഇഗ്നാത്തിയോസ് തിരുമേനി ഇടയശുശ്രൂഷയുടെ ഔദ്യോഗിക കാലയളവ് പൂർത്തിയാക്കി മാവേലിക്കര ഭദ്രാസനത്തിൽ നിന്നും വിരമിക്കുമ്പോൾ മനസ്സിലേക്ക് കടന്നു വന്ന സങ്കീർത്തന ഭാഗമാണ് മുകളിൽ കുറിച്ചത്. അനുഗ്രഹത്തിന്റേയും കൃപയുടേയും 75 വത്സരങ്ങൾ! വൈദീക മേലദ്ധ്യക്ഷനായി 27 വർഷങ്ങൾ! ഇടയ ശുശ്രൂഷയുടെ സമാനതകളില്ലാത്ത മാതൃകയാണ് അഭിവന്ദ്യനായ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ്.

മാർ ഇഗ്നാത്തിയോസ് തിരുമേനി എന്ന പേരു കേൾക്കുമ്പോൾ ആദ്യം ഓർമ്മിക്കുന്നത് അഗ്നിമയനായ അന്ത്യോക്യായിലെ വി. ഇഗ്നാത്തിയോസിനെയാണ്. ക്രിസ്തുവിന്റെ നിർമ്മല ധൂപമാകാൻ

www.malankaralibrary.com


വന്യമൃഗങ്ങളുടെ ദന്തങ്ങൾക്കിടയിൽ അരഞ്ഞുതീർന്ന ദൈവത്തിന്റെ ഗോതമ്പ് മണി... ഐക്യത്തിന്റെ പ്രവാചകനായി, ക്രിസ്തുവിന്റെ ധീരസാക്ഷിയായി, വിശ്വാസ സംരക്ഷണത്തിനായി ജീവൻ സമർപ്പിച്ച ആ മഹാവിശുദ്ധന്റെ ജീവിതാദർശങ്ങൾ സ്വജീവിതത്തിൽ മാതൃകയാക്കുന്ന പുരോഹിതശ്രേഷ്ഠനാണ് വന്ദ്യതിരുമേനി.

ഒരു പുരോഹിതന്റെ മഹത്വം കണക്കാക്കപ്പെടുന്നത് അദ്ദേഹത്തിന് നിർവ്വഹിക്കേണ്ടതായ ശുശ്രൂഷയുടെ ഉദാത്ത സ്വഭാവത്തിൽ നിന്നാണ്. ദൈവത്തിന്റെ നാമം വഹിക്കാനും എല്ലാ വിശ്വാസികൾക്കും വേണ്ടി അവിടുത്തെ കൃപ സമ്പാദിക്കാനും വേണ്ടിയാണ് സഭ മുഴുവന്റേയും പൊതു സ്ഥാനപതിയായി ഒരു പുരോഹിതൻ അല്ലെങ്കിൽ ഇടയശ്രേഷ്ഠൻ ദൈവത്താൽ നിയോഗിതനായിരിക്കുന്നത്. അഭിവന്ദ്യ പിതാവ് തന്റെ നിയോഗങ്ങൾ ദൈവം ദാനമായി നൽകിയതാണ് എന്ന തിരിച്ചറിവിൽ നിന്ന് ആത്മസമർപ്പണത്തിന്റെ ആഴം വർദ്ധമാനമാക്കുവാൻ എന്നും മുൻപന്തിയിലാണ്.

ഇഗ്നാത്തിയോസ് പിതാവ് ഏവർക്കും സ്വീകാര്യനാണ്. അതിന് കാരണം, പദവിയുടെ ഔന്നത്യമോ അധികാരത്തിന്റെ ആകർഷണീയതയോ അല്ല. മറിച്ച്, ആ ജീവിതത്തിൽ നിറഞ്ഞു നിൽക്കുന്ന ആത്മാർത്ഥ സ്നേഹത്തിന്റെയും, കരുതലിന്റെയും, സംലഭ്യതയുടെയും ഊഷ്മളതയാണ്. ദൈവം മലങ്കരസഭയ്ക്ക് നൽകിയ വലിയൊരു സമ്മാനമാണ് അഭിവന്ദ്യ ഇഗ്നാത്തിയോസ് പിതാവ് എന്നതിൽ സംശയമില്ല. വ്യക്തിജീവിതത്തിലെ വിശുദ്ധിയും കർമ്മമണ്ഡലത്തിലെ കഠിനാദ്ധ്വാനവും പ്രവൃത്തിയിലെ അർപ്പണബോധവും നിലപാടുകളിലെ സത്യസന്ധതയും അഭിവന്ദ്യ പിതാവിനെ ഒരു ഇടയശ്രേഷ്ഠനെന്ന നിലയിൽ വേറിട്ട് നിർത്തുന്നു. സംഭാഷണത്തിലെ ഹൃദ്യതയും പെരുമാറ്റത്തിലെ ശ്രേഷ്ഠതയും അനുപമമായ നേതൃത്വശേഷിയും മാതൃകാപരമായ ജീവിതവും ഒരു മഹിതാചാര്യൻ എന്ന നിലയിൽ വന്ദ്യ പിതാവിന്റെ സവിശേഷതകളാണ്.

മികച്ച അദ്ധ്യാപകൻ, വിദ്യാഭ്യാസ വിചക്ഷണൻ, സഭൈക്യ വേദികളിലെ ക്രിയാത്മക സാന്നിധ്യം, നിലയ്ക്കൽ എക്യുമെനിക്കൽ ട്രസ്റ്റ് ചെയർമാൻ, മദ്രാസ് മിത്ര ട്രസ്റ്റ് ചെയർമാൻ, കേരള മദ്യവിരുദ്ധ ജനകീയ മുന്നണി ചെയർമാൻ, ധർമ്മരാജ്യവേദി കേരള ചാപ്റ്റർ അദ്ധ്യക്ഷൻ എന്നീ നിലകളിൽ തന്റെ വ്യക്തി പ്രാഭവം വ്യക്തമാക്കിയിട്ടുണ്ട്. സി.ബി.സി.ഐ. ഒന്നാം ഉപാദ്ധ്യക്ഷനായി രണ്ട് ഘട്ടങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്.

www.malankaralibrary.com


ഒരു ഇടയശ്രേഷ്ഠൻ എന്ന നിലയിൽ 'ഞാൻ നല്ല ഇടയനാണ്. ദൈവപിതാവ് എന്നേയും ഞാൻ പിതാവിനേയും അറിയുന്നതുപോലെ ഞാൻ എനിക്കുള്ളവയേയും എനിക്കുള്ളവ എന്നേയും അറിയുന്നു' എന്ന തിരുവചനം ആത്മാർത്ഥമായി ഏറ്റുപറയുവാൻ പിതാവിന് സാധിക്കും. അത് സത്യമാണ് എന്ന സന്തോഷത്തോടെ സാക്ഷ്യപ്പെടുത്തുവാൻ ഞങ്ങൾക്ക് സാധിക്കുന്നു എന്നതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു.

അൾത്താര ബാലനിൽ നിന്നും മാവേലിക്കര ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്താ പദവിവരെ എത്തിയ വന്ദ്യ പിതാവ് തന്റെ ജീവിത വഴിത്താരയിൽ ഉയർച്ചയുടെ പടവുകളിലൂടെ മുന്നോട്ടു ഗമിക്കുമ്പോഴും സഭയുടേയും സഭാമക്കളുടേയും രാജ്യത്തിന്റേയും താല്പര്യങ്ങളിൽ, സാധാരണക്കാരിൽ സാധാരണക്കാരുടെ ആവശ്യങ്ങളിൽ ഒരു കൈത്താങ്ങ് ആകുവാൻ, പാവങ്ങളോട് പക്ഷം ചേരുവാൻ, രോഗികളോടും അശരണരോടും അനുകമ്പാർദ്രമായ ഒരു ഹൃദയത്തോടെ അവരുടെ അരികിൽ ഓടിയെത്തുവാൻ നിരന്തര ജാഗ്രതയിലാണ്. ഓരോരുത്തരേയും വ്യക്തിപരമായി അറിയുന്ന കാര്യത്തിൽ ഒരു പ്രത്യേക ശ്രദ്ധ തന്നെ വന്ദ്യപിതാവ് കാണിക്കുന്നു എന്നത് എടുത്തു പറയേണ്ട ഒരു സവിശേഷതയാണ്.

**മാവേലിക്കരയുടെ മഹാബലി**

ഓണാട്ടുകരയുടെ മഹാബലി എന്ന വിശേഷണം അഭിവന്ദ്യ പിതാവിന് തികച്ചും അനുയോജ്യമാണ്. മാവേലിക്കരയിൽ 2007 മുതൽ 2025 വരെ സീറോ മലങ്കര കത്തോലിക്കാ സഭ മാവേലിക്കര രൂപതയുടെ പ്രഥമ ശ്രേഷ്ഠാചാര്യത്വ ശുശ്രൂഷയിലേക്കുള്ള ദൈവത്തിന്റെ നിയോഗവും വിളിയും അതിശ്രേഷ്ഠമായി നിറവേറ്റിക്കൊണ്ട് സഭയുടെ അതിശീഘ്രവളർച്ച സ്വപ്നം കാണുകയും ആ സ്വപ്നത്തിന്റെ സാക്ഷാത്ക്കാരത്തിനായി അക്ഷീണം യത്നിക്കുകയും ജാതി-മതഭേദമെന്യേ ഏവർക്കും കരുതലും, സ്നേഹവും, തുല്യ പങ്കാളിത്തവും ഉറപ്പാക്കുകയും ചെയ്ത അതുല്യപ്രതിഭയാണ് അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ്.

**സന്ന്യസ്തരുടെ സഹകാരി**

"ലോകത്തെ വിളിച്ചുണർത്താൻ ഞാൻ നിങ്ങളെ ആശ്രയിക്കുന്നു' എന്ന പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പായുടെ സമർപ്പിത വർഷത്തിൽ (2015-2016) സന്യസ്തരോടായി നടത്തിയ ആഹ്വാനം വർഷങ്ങൾക്കു മുൻപേ, അതിന്റെ പൂർണ്ണ അർത്ഥത്തിൽ അഭിവന്ദ്യ ഇഗ്നാത്തിയോസ്

www.malankaralibrary.com


പിതാവ് ഉൾക്കൊണ്ടിരുന്നു. അതിന്റെ സ്പഷ്ടമായ തെളിവാണ് കേരളത്തിലെ വിവിധങ്ങളായ സന്ന്യാസ സമൂഹങ്ങളോടുള്ള പിതാവിന്റെ ബന്ധം. ഓരോ സന്ന്യാസമന്ദിരങ്ങളും സന്ദർശിച്ച് ആ ഭവനത്തിൽ യാമനമസ്ക്കാരത്തിന് സിസ്റ്റേഴ്സിനൊപ്പം പങ്കു ചേരുന്നത് പിതാവിന് സന്തോഷമാണ്. പ്രാർത്ഥനയ്ക്ക് ശേഷം സിസ്റ്റേഴ്സിനെ ഒരുമിച്ച് വിളിച്ചുകൂട്ടി പ്രവർത്തനങ്ങളെക്കുറിച്ച് ചോദിച്ചറിയുകയും സുവിശേഷപ്രഘോഷണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുകയും ചെയ്തിരുന്നു. സുവിശേഷ പ്രവർത്തനങ്ങൾക്കായി ഞായറാഴ്ച ദിവസം മാറ്റിവയ്ക്കണമെന്നും മിഷൻ മുടക്കിയുള്ള ഒരു സംരംഭവും സമർപ്പിതയുടെ കാര്യപരിപാടിയിൽ ഉണ്ടാകരുതെന്നും അഭിവന്ദ്യ പിതാവ് നിർബന്ധപൂർവ്വം നിഷ്കർഷിച്ചിരുന്നു.

## ബഥനി സന്ന്യാസിനീ സമൂഹവും അഭിവന്ദ്യ പിതാവും

ബഥനി സന്ന്യാസിനീ സമൂഹത്തോട് പിതൃസഹജമായ സ്നേഹവും സഹോദര നിർവിശേഷമായ ഉറ്റബന്ധവുമാണ് പിതാവിനുള്ളത്. പുണ്യചരിതനും ദൈവദാസനുമായ മാർ ഈവാനിയോസ് പിതാവിനാൽ സ്ഥാപിതമായ ഈ സമൂഹത്തിന്റെ സ്ഥാപനോദ്ദേശ്യത്തേയും സഭയിൽ ഈ സമൂഹം നിറവേറ്റേണ്ടതും സമൂഹത്തിന്റെ കാരിസത്തിൽ ഉൾച്ചേർന്നിരിക്കുന്നതുമായ സഭാദൗത്യ ത്തേയും അപ്പസ്തോലിക പ്രവർത്തനങ്ങളിലൂടെ നിർവഹിക്കപ്പെടേണ്ട സാമൂഹ്യശുശ്രൂഷയേയും ഏറെ കരുതലോടെയാണ് പിതാവ് നോക്കിക്കാണുന്നത്.

മലങ്കരസഭയിലെ സന്യസ്തർക്ക് കരുണയുള്ള പിതാവും, സഹോദരനും, മാർഗ്ഗ നിർദ്ദേശകനുമാണ് വന്ദ്യതിരുമേനി. കുടുംബങ്ങളുടെ ഉള്ളറകളിൽ ദൈവത്തിന് പ്രാമുഖ്യം നൽകുവാൻ ബഥനി സിസ്റ്റേഴ്സിനുള്ള പ്രതിബദ്ധതയെക്കുറിച്ച് ബഥാന്യരെ ഓർമ്മിപ്പിക്കുന്നതിൽ എന്നും അഭിവന്ദ്യ പിതാവ് ബദ്ധശ്രദ്ധനാണ്. ഓരോ ശിശുവിന്റേയും ആദ്യത്തെ വിദ്യാലയവും ദേവാലയവും കുടുംബം ആണെന്നും ആദ്യാക്ഷരവും കുരിശുവരയും നാം പഠിക്കുന്നത് ഭവനത്തിൽ നിന്നാണെന്നും അതിനാൽ കുടുംബത്തിന്റെ ഉള്ളറകളിൽ ദൈവത്തിന് പ്രാമുഖ്യം കൊടുക്കേണ്ടത് വളരെ പ്രധാനപ്പെട്ട കാര്യമാണെന്നും ഓരോ സമർപ്പിതയേയും അഭിവന്ദ്യ പിതാവ് ഓർമ്മിപ്പിക്കുമായിരുന്നു. സഹജീവികളിൽ ദൈവത്തെ കാണുകയും, പരസ്നേഹ പ്രവർത്തികളിലൂടെ ദൈവസ്നേഹത്തിന്റെ പാരമ്യത്തിലെത്തുകയും ജീവിതവിശുദ്ധിയുടെ പുണ്യപരിമളം കൊണ്ട്

www.malankaralibrary.com


ദൈവത്തേയും മനുഷ്യരേയും ബന്ധിപ്പിക്കുകയും ചെയ്യുന്ന ഒരു സ്നേഹകണ്ണിയായി പിതാവ് വിരാജിക്കുന്നു.

മാവേലിക്കര രൂപതയിൽപ്പെട്ട പെരുമ്പുഴ, കല്ലുമല, പുതിയ കാവ്, ഈരേഴ എന്നീ സ്ഥലങ്ങളിലെ മഠങ്ങളെ ശാക്തീകരിക്കുന്നതിനും, ബലപ്പെടുത്തുന്നതിനും, സിസ്റ്റേഴ്സിനെ കരുതുന്നതിനും അവരുടെ ഏത് ആവശ്യങ്ങളിലും ഓടിയെത്തുന്നതിനും പിതാവ് എപ്പോഴും ശ്രദ്ധപതിപ്പിച്ചിരുന്നു. ഒരു വത്സല പിതാവിനോടെന്നതുപോലെ സ്വാതന്ത്ര്യത്തോടെ ഇടപഴകുവാൻ പ്രത്യേകിച്ച് ഈരേഴ മഠത്തോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ഭിന്നശേഷിക്കാരായ കുഞ്ഞുങ്ങൾക്ക് സാധിക്കുമായിരുന്നു. അനാഥബാല്യങ്ങളോട് കാണിക്കുന്ന പരിഗണന, അവിടെയുള്ള സമർപ്പിത സഹോദരിമാരോട് ഉള്ള വന്ദ്യപിതാവിന്റെ കരുതൽ എന്നിവ ബഥനി മക്കൾക്ക് മറക്കാൻ കഴിയുന്നതല്ല.


ദൈവദാസൻ മാർ ഈവാനിയോസ് പിതാവിലൂടെ മലങ്കര കത്തോലിക്കാ സഭയ്ക്ക് കൈവന്ന സന്യാസം എന്ന ദൈവീകദാനം, സഭയുടെ ചങ്കായി, സുവിശേഷത്തിന്റെ പരിമളമായി, ദൈവജനത്തിന് ആത്മീയ സ്രോതസ്സായി ഭവിക്കേണ്ടതിന് എപ്പോഴും ഞങ്ങളെ പ്രേരിപ്പിച്ചും, പ്രചോദിപ്പിച്ചും, പ്രോത്സാഹിപ്പിച്ചും വന്ദ്യപിതാവ് ഞങ്ങൾക്കൊപ്പമുണ്ട്. സമൂഹത്തിന്റേയും പ്രോവിൻസുകളുടേയും സിനാക്സിസ് സമ്മേളനങ്ങളിൽ പങ്കുചേർന്ന് ഞങ്ങൾക്ക് മാർഗ്ഗ നിർദ്ദേശങ്ങളും പ്രോത്സാഹനവും നൽകിയത് ഞങ്ങളുടെ ഓർമ്മ കളിൽ എന്നും തങ്ങി നിൽക്കുന്നു. ഞങ്ങളുടെ സന്തോഷങ്ങളിലും, സങ്കടങ്ങളിലും, വിശിഷ്യാ, ബഥനി സന്ന്യാസിനീ സമൂഹത്തിലെ സഹോദരിമാരുടേയും സിസ്റ്റേഴ്സിന്റെ കുടുംബാംഗങ്ങളുടേയും രോഗാവസ്ഥയിലും മരണ സംസ്ക്കാരചടങ്ങുകളിലും പിതാവിന്റെ സാന്നിധ്യം എപ്പോഴും ഉറപ്പാക്കിയിരുന്നു.

ബഥാന്യരുടെ സമർപ്പണ ജീവിതത്തിൽ ഉറപ്പുള്ള സാന്നിധ്യമായി, തണലായി, ആവശ്യനേരങ്ങളിൽ പിൻബലമേകി, സഭാശുശ്രൂഷയിൽ അർപ്പണബോധത്തോടെ മുമ്പോട്ടു പോകുവാൻ ഞങ്ങളെ സഹായി ക്കുന്നത് ബഥനിയോടുള്ള സ്നേഹത്തിന്റെ പ്രത്യക്ഷ ഉദാഹരണ ങ്ങളാണ്. ആയുരാരോഗ്യത്തോടെ സഭയെ വളർത്തുവാൻ സർവ്വേ ശ്വരൻ സമൃദ്ധമായി കൃപ വർഷിക്കട്ടെ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. സ്നേഹത്തിന്റെ, ആർദ്രതയുടെ, ഐക്യത്തിന്റെ, കരുണയുടെ, മനുഷ്യ ത്വത്തിന്റെ പ്രകാശഗോപുരമായി തുടർന്ന് പിതാവ് വിരാജിക്കട്ടെ.

●

www.malankaralibrary.com


# കാരുണ്യത്തിന്റെ കാവലാൾ



21

**കേരളശ്രീ ഡോ. പുനലൂർ സോമരാജൻ**
സ്ഥാപകൻ & മാനേജിംഗ് ട്രസ്റ്റി
ഗാന്ധിഭവൻ

**വ**ർഷങ്ങളായി എന്റെ ഹൃദയത്തിൽ എന്നോടൊപ്പം സഞ്ചരിക്കുന്ന മാതൃകാപുരുഷനാണ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ്. അദ്ദേഹത്തിൽ എപ്പോഴും ദർശിക്കാനാകുന്നത് സ്നേഹത്തിന്റെയും ലാളിത്യത്തിന്റെയും മനോഹരമായ രൂപമാണ്. ക്രിസ്തുദേവൻ അദ്ദേഹത്തിലൂടെ മനുഷ്യദർശനമായി മാറുകയാണ്. ജാതിമത ഭേദങ്ങളോ കക്ഷിഭേദങ്ങളോ ഒരിക്കലും അദ്ദേഹത്തിന്റെ വഴികളിൽ ആർക്കും കാണാനാവില്ല. നന്മകളെ പരിപാലിക്കുകയും പരിപോഷിപ്പിക്കുകയും നന്മയുള്ളവർക്ക് വലിയ പ്രോത്സാഹനം നൽകുകയും ചെയ്യുന്ന മഹാഗുരുനാഥനായാണ് നമുക്കദ്ദേഹത്തെ കാണാൻ കഴിയുന്നത്.

വിദ്യാഭ്യാസമേഖലയ്ക്കും എന്നും അമൂല്യമായ സംഭാവനകൾ അദ്ദേഹം നൽകിയിട്ടുണ്ട്. അദ്ധ്യാപകനായും പ്രിൻസിപ്പലായും വിദ്യാഭ്യാസവിചക്ഷണനായും തമിഴ്നാട്ടിലുൾപ്പെടെ വിദ്യാലയങ്ങൾ, കോളേജുകൾ, നിയമപരിപാലന വിദ്യാഭ്യാസ പദ്ധതികൾ അടക്കം അദ്ദേഹത്തിന്റെ സ്വശക്തിയാൽ സ്ഥാപനീകരിക്കുകയും അതിലൂടെ പാവപ്പെട്ടവർക്കും പ്രയാസപ്പെടുന്നവർക്കും പഠനസൗകര്യമൊരുക്കി നൽകുകയും ചെയ്യുന്ന തിരുമേനിയുടെ മഹത്ത്വം തിരിച്ചറിയുമ്പോൾ

www.malankaralibrary.com


ഓരോ സന്ദർഭത്തിലും അദ്ദേഹത്തിനു മുമ്പിൽ ഞാൻ വിനയാന്വിതനായി മാറിപ്പോകും.ഇതൊന്നും എന്റേതല്ല, ഭൂമിയിലേക്ക് ദൈവം എന്നെ അയച്ചപ്പോൾ ഞാൻ ചിലതൊക്കെ സമൂഹത്തിനുവേണ്ടി ചെയ്യുന്നു എന്നതല്ലാതെ ഞാൻ ബലഹീനൻ തന്നെയാണ് എന്നാണ് ആ മഹാമനീഷിയുടെ ചിന്ത.

ഗാന്ധിഭവന്റെ ശുശ്രൂഷകളെ, സമർപ്പണത്തെ, അദ്ദേഹം അത്യധികമായി പരിപോഷിപ്പിക്കുന്നു. എത്രയോ തവണയാണ് ഗാന്ധിഭവനിൽ നേരിട്ടെത്തി സാന്ത്വനമേകിയിട്ടുള്ളത്. ദൂരെനിന്നും അദ്ദേഹം നടന്നുവരുമ്പോൾത്തന്നെ പ്രൗഢമഹത്ത്വമായ ഒരു രൂപം നമുക്ക് ദർശിക്കാനാവും. അടുത്തടുത്തെത്തുമ്പോൾ വെളുത്ത ആ സൗന്ദര്യരൂപത്തിന് അനുയോജ്യമായ, നിറമാർന്ന അദ്ദേഹത്തിന്റെ ഔദ്യോഗിക കുപ്പായത്തിനുള്ളിൽ കൂടുതൽ കൂടുതൽ ശോഭിതനാകുന്നതു കാണാം. വീണ്ടും അടുത്താകുമ്പോൾ മനോഹരമായ ചെമ്പനീർ പുഷ്പം വിരിയുന്നപോലെ അദ്ദേഹത്തിന്റെ മൗനമന്ദഹാസം - അത് ദൈവത്തിന്റെ പുഞ്ചിരിയാണ് നമുക്ക് സമ്മാനിക്കുന്നത്.

അദ്ദേഹത്തിന്റെ ശബ്ദം ദൈവത്തിന്റെ മണിമുഴക്കം പോലെയാണ് ഹൃദയത്തിൽ സ്വീകരിക്കാൻ കഴിയുന്നത്. അതാണ് ഞാൻ കാണുന്ന, അനുഭവിച്ചറിയുന്ന ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്താ. ആ സ്നേഹസമ്പന്നതയിലൂടെ ജാതിഭേദം, മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാസന്ദേശമാണ് അദ്ദേഹം എപ്പോഴും സമൂഹത്തിനു പകർന്നുനൽകുന്നത്. ലഹരിക്കെതിരെയും മതസമന്വയത്തിനുവേണ്ടിയും പ്രകൃതിസംരക്ഷണത്തിനായും അദ്ദേഹം കാഴ്ചവയ്ക്കുന്ന നിസ്വാർത്ഥ നിർലോഭ സേവനങ്ങൾ, അത് അനുസ്യൂതവും അനന്തവുമായി തുടരുന്നതാണ്.

സുദീർഘകാലം മാവേലിക്കര രൂപതയുടെ അധിപനായി, ഒന്നുമില്ലായ്മയിൽ നിന്ന് എല്ലാം സൃഷ്ടിക്കുകയും സഭയുടെ അതിരുകൾക്കപ്പുറം പോയി സകല മനുഷ്യരുടെയും ഹൃദയത്തിൽ തന്റെ സ്നേഹമന്ദിരങ്ങൾ സ്ഥാപിക്കുകയും ചെയ്തുകൊണ്ടാണ് അദ്ദേഹം ഔദ്യോഗിക പദവിയിൽ നിന്നും വിരമിക്കുന്നത്. എന്നാൽ അദ്ദേഹം ഈ നാട് വിട്ടുപോകുന്നില്ല. ഇവിടെത്തന്നെ തുടരുന്നു. കൂടുതൽ കൂടുതൽ വിശാലമായ പ്രവർത്തനമേഖലകളെ സ്വന്തമാക്കി എല്ലാവർക്കും പ്രിയപ്പെട്ടവനായി ശിശുസൗന്ദര്യവും സ്നേഹാർദ്രഹൃദയവുമായി അദ്ദേഹത്തിന് സകല നന്മകളുടെയും സമന്വയസഞ്ചാരിയായി സുദീർഘകാലം മുന്നോട്ടുപോകാൻ കഴിയട്ടെ എന്ന് ഞാൻ ആഗ്രഹിക്കുന്നു; പ്രാർത്ഥിക്കുന്നു.

www.malankaralibrary.com


ഇടയ്ക്കൊക്കെ അരമനയിൽ പോകുവാനും അദ്ദേഹത്തോടൊപ്പം ആഹാരം കഴിക്കാനുമൊക്കെ എനിക്ക് അവസരം കിട്ടിയിട്ടുണ്ട്. ഒരിക്കൽ ഗാന്ധിഭവന്റെ പ്രിയപ്പെട്ട മുഹമ്മദ് ഷെമീറിനെയും കൂട്ടി അദ്ദേഹത്തെ കാണാൻ ചെന്നു. അന്ന് ഒരുപാട് വിശേഷങ്ങൾ പറഞ്ഞിരുന്നു. പിന്നീട് ഒന്നിച്ചിരുന്ന് ഭക്ഷണം കഴിച്ചു. അപ്പോഴും വലിയൊരു പ്രയാസം മനസ്സിൽ പേറിയാണ് ഞാനിരുന്നത്. ഗാന്ധിഭവൻ കുടുംബാംഗമായ ഒരു ചെറുപ്പക്കാരൻ സ്വകാര്യ മെഡിക്കൽ കോളേജിൽ അന്ന് ചികിത്സയിലാണ്. തൊട്ടടുത്ത ദിവസം ഒരു പ്രധാന സർജറിയുണ്ട്. അതിന് ആശുപത്രിയിൽ നിന്നും കുറെയധികം സൗജന്യങ്ങൾ ചെയ്തുതരുമെങ്കിലും സർജറിക്ക് ആവശ്യമായ ചില മെഡിക്കൽ ഉപകരണങ്ങൾ വാങ്ങിനൽകണം. അതിന് നല്ലൊരു തുക ആവശ്യമുണ്ട്. ഗാന്ധിഭവനിൽ അന്നും എടുത്തുപറയത്തക്ക സാമ്പത്തികം ഒന്നുമില്ല. എന്നാൽ ഗാന്ധിഭവൻ ഒരുപാട് വളർന്നു. ആവശ്യങ്ങൾ കൂടി. ആയിരത്തഞ്ഞൂറോളം പേരിൽ 90 ശതമാനവും രോഗികൾ. താങ്ങാനാവാത്ത കടബാദ്ധ്യതകളുമുണ്ട്. പക്ഷെ അതൊന്നും ആർക്കും പറഞ്ഞാൽ മനസ്സിലാവുകയില്ല. വലിയ സ്ഥാപനമല്ലേ? ഒരുപാട് ബന്ധങ്ങളില്ലേ? എന്നൊക്കെയാണ് പലരുടെയും ധാരണ. പലപ്പോഴും സാമ്പത്തികക്ലേശങ്ങൾ കൊണ്ട് ഗാന്ധിഭവൻ വീർപ്പുമുട്ടാറുണ്ട്.

സർജറിക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങിനൽകുവാൻ ഗാന്ധിഭവൻ പ്രതിനിധിയെ ആശുപത്രിയിലേക്ക് വിടേണ്ടതിനാൽ മനസ്സ് ആകെ കലുഷിതമായി. ആരോട് കടം വാങ്ങുമെന്ന ചിന്തയോടെയാണ് അരമനയിൽ നിന്നും തിരികെ ഞാൻ വണ്ടിയിൽ കയറുന്നത്. വണ്ടി സ്റ്റാർട്ട് ചെയ്തതും ജോഷ്വാ പിതാവിന്റെ സെക്രട്ടറിയച്ചൻ ഓടിവന്നു പറഞ്ഞു, 'പിതാവ് വരുന്നു, കുറച്ചുനേരം കൂടി നിൽക്കണം.' അല്പം കഴിഞ്ഞപ്പോൾ പിതാവ് അടുത്തേക്ക് വന്നു. കാറിലിരിക്കുന്ന എന്റെ കയ്യിലേക്ക് ഒരു പൊതി നൽകിയ ശേഷം 'ഇത് ഇരിക്കട്ടെ' എന്നുപറഞ്ഞ് നമസ്തേ ചൊല്ലി പിരിഞ്ഞു. ഗാന്ധിഭവനിലെത്തി പൊതി അഴിച്ചുനോക്കിയപ്പോൾ എന്റെ കണ്ണുകൾക്കുപോലും വിശ്വസിക്കാനായില്ല... രാവിലെ ആശുപത്രിയിലേക്ക് കൊടുത്തു വിടേണ്ട അത്രയും തുക പിതാവ് തന്ന ആ പൊതിയിലുണ്ടായിരുന്നു. അപരന്റെ മനസ്സ് വായിച്ചറിയാനും അവന്റെ പ്രയാസത്തിൽ പങ്കുചേരാനുമൊക്കെയുള്ള പിതാവിന്റെ സിദ്ധി എന്നെ അദ്ഭുതപ്പെടുത്തി. അതാണ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ്!

●

www.malankaralibrary.com


# മാനവ സാഹോദര്യത്തിന്റെ സ്നേഹദൂതൻ



**നൗഷാദ് മാങ്കാംകുഴി**
കേരള മുസ്ലീം യുവജന ഫെഡറേഷൻ
സംസ്ഥാന ജനറൽ സെക്രട്ടറി

22

**മ**തസഹോദര്യത്തിന് പേര് കേട്ട മാവേലിക്കരയുടെ മണ്ണിലെ മാനവ സാഹോദര്യത്തിന്റെ സ്നേഹ ദൂതനാണ് ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി. ജാതി-മത ചിന്തകൾക്കതീതമായി എല്ലാ മനുഷ്യരും പരസ്പര സ്നേഹത്തിൽ കഴിയുന്ന ഈ നാട്ടിൽ മതസാഹോദര്യവും മാനവിക ഐക്യവും കൂടുതൽ ശക്തിപ്പെടുത്താൻ ജോഷ്വാ തിരുമേനി നടത്തി വരുന്ന പ്രവർത്തനങ്ങളും ഇടപെടലുകളും സമൂഹത്തിന് വലിയ മാതൃകയാണ് പകരുന്നത്.

ജാതിയുടെയും മതത്തിന്റെയും പേരിൽ മനുഷ്യരെ വേർതിരിക്കാനും വർഗീയ വിദ്വേഷത്തിലൂടെ സാമൂഹ്യ അന്തരീക്ഷത്തെ കലുഷിതമാക്കാനും ബോധപൂർവ്വമായ ശ്രമം നടക്കുന്ന വർത്തമാന കാലത്താണ് നാം ജീവിക്കുന്നത്. മനുഷ്യരെ വേർതിരിച്ച് നിർത്താതെ എല്ലാ മനുഷ്യരെയും ഒന്നിച്ച് നിർത്താനുള്ള വലിയ ദൗത്യമാണ് ജോഷ്വാ തിരുമേനി മാവേലിക്കരയിൽ ഏറ്റെടുത്ത് നടത്തുന്നത് എന്നത് അഭിമാനകരമായ വസ്തുതയാണ്. മലങ്കര കത്തോലിക്കസഭ മാവേലിക്കര ഭദ്രാസന അധ്യക്ഷൻ എന്ന നിലയിൽ ആത്മീയ

www.malankaralibrary.com


വഴിയിലൂടെ സഞ്ചരിക്കുമ്പോഴും മാനവ സാഹോദര്യം നിലനിർത്തിയുള്ള പ്രവർത്തനങ്ങളാണ് നാളിതുവരെ തിരുമേനി നടത്തിയിട്ടുള്ളത് എന്നത് നേരിട്ട് ബോധ്യമുള്ള കാര്യമാണ്. അനേകായിരങ്ങൾക്ക് സ്നേഹവും സാന്ത്വനവും പകരുന്ന ജോഷ്വാ തിരുമേനി ഒരു മതപുരോഹിതൻ എന്നതിനേക്കാൾ ഉപരിയായി ഒട്ടേറെ സവിശേഷ ഗുണമുള്ള ഒരു വലിയ വ്യക്തിത്വത്തിനുടമയാണ്.

മാവേലിക്കര ഭദ്രാസനം രൂപീകൃതമായി അതിന്റെ അധ്യക്ഷനായി ജോഷ്വാ തിരുമേനിയെ സഭ നിയോഗിക്കപ്പെട്ടകാലം മുതൽ തന്നെ അദ്ദേഹവുമായി ഒരു ആത്മബന്ധം നിലനിർത്താനും നിരവധി മാനവിക സംഗമ വേദികളിൽ തിരുമേനിക്കൊപ്പം വേദി പങ്കിടാനും വിനീതനായ എനിക്ക് സാധിച്ചിട്ടുണ്ട്. ഒരു മുസ്ലീം മത വിശ്വാസിയായ എനിക്ക് ഒരുപാട് കാര്യങ്ങൾ തിരുമേനിയിൽ നിന്ന് അടുത്തറിയാൻ സാധിച്ചിട്ടുണ്ട്. മറ്റ് മതങ്ങളുമായി സംവേദിക്കുന്നതിലുള്ള തിരുമേനിയുടെ ആശയതീഷ്ണതയും അഗാധമായ അറിവും പലപ്പോഴും എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. വിനയം തുളമ്പുന്ന പെരുമാറ്റത്തിലൂടെ പരിപാടികളിൽ പങ്കെടുക്കുമ്പോൾ അറിയുന്ന വ്യക്തികൾ എത്ര അകലെ നിന്നാലും അവരെ പേര് വിളിച്ച് സ്നേഹവും സൗഹൃദവും പങ്കിടാൻ തിരുമേനി കാണിക്കുന്ന സ്നേഹത്തോടെയുള്ള ആ പെരുമാറ്റം പോലും മാതൃകാപരമാണ്.

എല്ലാ മതനേതാക്കന്മാർക്കും പുരോഹിതന്മാർക്കും ഒന്നിച്ചിരിക്കാനും പരസ്പരസ്നേഹം പങ്കുവെയ്ക്കാനുള്ള ഇടമായി ഇന്ന് മാവേലിക്കര പുന്നമൂട് ബിഷപ് ഹൗസിനെ തിരുമേനി മാറ്റിയിരിക്കുകയാണ്. ഏത് മതത്തിൽ വിശ്വസിച്ചാലും മനുഷ്യരെല്ലാം ദൈവത്തിന്റെ മക്കളാണന്ന തിരിച്ചറിവിൽ പരസ്പര സാഹോദര്യത്തോടെ ജീവിക്കണം എന്ന വലിയ കാഴ്ചപ്പാടാണ് ഇവിടെ തിരുമേനി പങ്കുവെയ്ക്കുന്നത്. ബിഷപ്പ് ഹൗസിൽ എല്ലാവർഷവും നടത്തിവരുന്ന ക്രിസ്മസ് ആഘോഷം പോലും സർവ്വമത സാഹോദര്യത്തിന്റെ സംഗമവേദികളായിതീരുന്നത് അതിനാൽ ശ്രദ്ധേയമാണ്. ക്ഷണിക്കപ്പെട്ട അതിഥിയായി എല്ലാ വർഷവും നടത്തുന്ന ഈ ക്രിസ്മസ് മാനവിക സംഗമത്തിൽ പങ്കെടുക്കാൻ തിരുമേനി എനിക്ക് തരുന്ന അവസരത്തെയും സ്നേഹത്തോടെ ഈ സന്ദർഭത്തിൽ ഓർക്കുകയാണ്. മറ്റൊന്ന് കോവിഡ് മഹാമാരിയുടെ കാലത്ത് മനുഷ്യർ ഭീതിയോടെ അകന്ന് കഴിയുന്ന സന്ദർഭത്തിൽ മനസുകൊണ്ട് ആരും അകലരുത് എന്ന സന്ദേശം നൽകി ജോഷ്വാ തിരുമേനി മാവേലിക്കര ബിഷപ്പ് ഹൗസിൽ മാനവിക കൂട്ടായ്മ ഒരുക്കിയതും വളരെ ശ്രദ്ധേമായിരുന്നു.

www.malankaralibrary.com


സൗഹൃദ കേരളത്തിന് യുവത്വം കാവലിരിക്കുന്നു എന്ന സന്ദേശ വുമായി കേരള മുസ്ലീം യുവജനഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് ഇലവുപാലം ഷംസുദ്ദീൻ മന്നാനി നയിച്ച മൈത്രി ജാഥ 2023 ഫെബ്രുവരി 17 മുതൽ 23 വരെ കൊടുങ്ങല്ലൂർ മുതൽ തിരുവനന്തപുരം വരെ നടക്കുകയുണ്ടായി. ഫെബ്രുവരി 20 ന് ആലപ്പുഴ ജില്ലയിലെ സ്വീകരണം കായംകുളത്ത് നിന്നാണ് തുടക്കം കുറിച്ചത്. ആ സ്വീകരണ സമ്മേളനം ഉദ്ഘാടനം ചെയ്യാൻ ക്ഷണിച്ചത് ജോഷ്വാ തിരുമേനിയെ ആയിരുന്നു. കൃത്യസമയത്ത് കായംകുളത്ത് എത്തിച്ചേർന്ന തിരുമേനി സ്വീകരണം ഉദ്ഘാടനം ചെയ്ത് നടത്തിയ പ്രസംഗം മുസ്ലീം യുവജന നേതാക്കന്മാരുടെ വലിയ പ്രശംസയ്ക്ക് വഴിയൊരുക്കി. മതസൗഹാർദ്ദം നേരിടുന്ന പ്രധാന വെല്ലുവിളി അസഹിഷ്ണുത ആണെന്ന ആശങ്ക പങ്കുവെച്ച തിരുമേനി എഴുത്തുകാർക്ക് സ്വാതന്ത്ര്യം നിഷേധിക്കുന്നതും ഗോമാംസം ഭക്ഷിച്ചെന്നാരോപിച്ച് ആളുകളെ കൊല്ലുന്നതും അസഹിഷ്ണുതയാണന്നും നമ്മുടെ സംസ്കാരത്തിന്റെ അടിസ്ഥാന മൂല്യങ്ങളെ ഇല്ലാതാക്കാൻ അനുവദിക്കരുതെന്നും വ്യക്തമാക്കി.

മതേതരരാഷ്ട്ര സങ്കൽപ്പത്തിന് രാജ്യത്തെ ഭരണകൂടം തന്നെ വെല്ലുവിളിയാകുന്നത് അപകടമാണന്നും മതസൗഹാർദ്ദം സംരക്ഷി ക്കാൻ സഹിഷ്ണുത വളർത്തണമെന്നും മറ്റു മതങ്ങളുടെ വ്യത്യസ്ത വും വൈവിധ്യങ്ങളും ആദരിക്കുന്നതോടൊപ്പം മനുഷ്യർ തമ്മിലുള്ള സ്നേഹവും വിശ്വാസവും ആഴമുള്ളതായി തീർക്കണ മെന്നും പറഞ്ഞ തിരുമേനി മതവർഗീയവാദവും തീവ്രവാദവും മൗലികവാദവും ശക്തമായി എതിർക്കണമെന്നും മതങ്ങൾ തമ്മിലുള്ള സൗഹാർദ്ദവും സ്നേഹവും കാത്തു സൂക്ഷിക്കണമെന്നുമുള്ള സന്ദേശമാണ് പകർന്നത്.

സാമൂഹ്യ വിപത്തായി മാറികൊണ്ടിരിക്കുന്ന മദ്യം ഉൾപ്പെടെ യുള്ള ലഹരിക്കെതിരെ മദ്യവിരുദ്ധ ജനകീയ മുന്നണി ചെയർമാൻ എന്ന നിലയിൽ തിരുമേനി നടത്തുന്ന പോരാട്ടങ്ങളും വേറിട്ടതാണ്. സാമൂഹ്യനന്മ മുൻനിർത്തി നാടിനെ ലഹരി മുക്തമാക്കാൻ തിരുമേനി നടത്തുന്ന പോരാട്ടങ്ങൾക്ക് ഐക്യദാർഢ്യം പ്രകടിപ്പിക്കുകയും അതിൽ അണിചേരുകയും ചെയ്യേണ്ടത് മനുഷ്യ സ്നേഹികളായ നാം ഓരോരുത്തരുടെയും കർത്തവ്യമാണ്. സ്നേഹ സഹോദര്യത്തിന്റെ സന്ദേശം പകർന്ന് മാനവ സ്നേഹം എന്ന മഹാമന്ത്രം കൊണ്ട് ശ്രേഷ്ഠ ജീവിതത്തിലൂടെ നാടിനാകെ ചൈതന്യം പകരുന്ന ജോഷ്വാ തിരുമേനിക്ക് എല്ലാ നന്മകളും നേരുന്നു.

●

www.malankaralibrary.com


# സാമൂഹ്യ തിന്മകൾക്കെതിരെ പോരാടുന്ന ഇടയശ്രേഷ്ഠൻ



23

**അഡ്വ.ജോൺസൺ എബ്രഹാം**
കെപിസിസി രാഷ്ട്രീയകാര്യ സമിതിയംഗം

**കേ**രള മദ്യവിരുദ്ധ ജനകീയ മുന്നണി ചെയർമാൻ എന്ന നിലയിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് അഭിവന്ദ്യ ഡോ.ജോഷ്വാ മാർ ഇഗ്നാത്തിയോസ് നൽകുന്ന നേതൃത്വത്തിന് പൊതുസമൂഹം കടപ്പെട്ടിരിക്കുന്നു. ലഹരിയുടെ ഉപയോഗം കേരളം നേരിടുന്ന ഏറ്റവും വലിയ സാമൂഹ്യ വിപത്തായി വളർന്നുകഴിഞ്ഞു. ജനങ്ങളുടെ ശാരീരികവും, മാനസികവുമായ ആരോഗ്യം തകർക്കുന്നതിൽ മദ്യ, മയക്കുമരുന്നുകളുടെ ലഭ്യതയും ഉപയോഗവും വലിയ പങ്കാണ് വഹിക്കുന്നത്. കഴിഞ്ഞ ക്രിസ്മസ്, പുതുവത്സരത്തിൽ 712.96 കോടിയുടെ മദ്യമാണ് മലയാളികൾ കുടിച്ചു തീർത്തത്. ആയിരത്തോളം ബാറുകൾ ഇന്ന് കേരളത്തിലുണ്ട്.പാലക്കാട്ട് കഞ്ചിക്കോട്, ഇൻഡോറിലെ ഒയാസിസ് കമ്പനിയെക്കൊണ്ട് സർക്കാർ, ബ്രൂവറി തുടങ്ങാൻ നടത്തുന്ന നീക്കങ്ങൾ നാടിന്റെ തകർച്ചയ്ക്ക് വഴിതെളിക്കുകയാണ്.

www.malankaralibrary.com


മദ്യവർജനത്തെ പ്രോൽസാഹിപ്പിക്കുവാൻ സാക്ഷരതാ പ്രസ്ഥാനത്തിന്റെ മാതൃകയിൽ ജനകീയ ബോധവൽക്കരണ പ്രസ്ഥാനത്തിന് രൂപം നൽകുമെന്ന സർക്കാരിന്റെ പ്രഖ്യാപനം ജലരേഖയായി അവശേഷിക്കുന്നു. മദ്യഉപയോഗം ഇന്ന് സർക്കാരിന്റെ പ്രധാന വരുമാന സ്രോതസായി മാറി. കഞ്ചാവിന്റെയും, മയക്കുമരുന്നിന്റെയും ഉപയോഗം വ്യാപകമായിക്കൊണ്ടിരിക്കുന്നു. കുറ്റവാളികളെ വളർത്തുന്നതിലും അക്രമ സംഭവങ്ങൾക്കും ലഹരി കാരണമാകുന്നു. മാതാപിതാക്കൾ കൊലചെയ്യപ്പെടുന്ന സംഭവങ്ങളിൽ ലഹരിക്ക് അടിമപ്പെട്ട മക്കൾ പ്രതികളാകുന്നത് നമ്മെ ഞെട്ടിപ്പിക്കുന്നു. ഇത്തരുണത്തിൽ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി നേതൃത്വം നൽകുന്ന കേരള മദ്യവിരുദ്ധ ജനകീയമുന്നണി, ഫലത്തിൽ ലഹരിക്കെതിരെ പ്രവർത്തിക്കുന്ന ജനകീയ ബോധവൽക്കരണ പ്രസ്ഥാനമായി മാറിക്കഴിഞ്ഞു. സെക്രട്ടേറിയേറ്റ് പടിക്കലും, ജില്ലാ കളക്ട്രേറ്റുകൾക്ക് മുന്നിലും അഭിവന്ദ്യ തിരുമേനി പ്രക്ഷോഭകാരിയായി, ലഹരി വിരുദ്ധ സമരങ്ങൾക്ക് നേതൃത്വം നൽകുന്നു. ആലപ്പുഴയിൽ ജില്ലാ കളക്ട്രേറ്റിന് മുന്നിൽ അഭിവന്ദ്യ തിരുമേനിയുടെ മദ്യവിരുദ്ധ ജനകീയ മുന്നണി നടത്തുന്ന സമരം നൂറ്റിഎൺപതു ദിവസം പിന്നിട്ടു.

നവോത്ഥാന നായകൻ പുണ്യശ്ലോകനായ ധന്യൻ മാർ ഈവാനിയോസ് തിരുമേനിക്ക് ജന്മം നൽകിയ ഭൂമികയാണ് മാവേലിക്കര. ഓണാട്ടുകരയുടെ ഹൃദയഭൂമിയെന്ന് വിശേഷിപ്പിക്കാം. നവോത്ഥാനം ഒരു തുടർ പ്രക്രിയയായി ജോഷ്വാ തിരുമേനി മുന്നോട്ടു കൊണ്ടുപോകുന്നു.മാർ ഈവാനിയോസ് തിരുമേനിയുടെ പേരിൽ ഒരു ആർട്സ് ആന്റ് സയൻസ് കോളേജും, ലോ കോളേജും മാവേലിക്കര ഭദ്രാസനം ആരംഭിച്ചു എന്നത് മഹത്തരമായ കാര്യമാണ്. ഓണാട്ടുകരയിലെ സാധാരണക്കാരുടെയും പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗത്തിന്റെയും ഉന്നമനവും, വിദ്യാഭ്യാസ പുരോഗതിയും ലക്ഷ്യമിട്ടാണ് ജോഷ്വാ തിരുമേനി പ്രവർത്തിക്കുന്നത്. യുദ്ധങ്ങളുടെയും, സംഘർഷങ്ങളുടെയും, സാമ്പത്തിക തകർച്ചയുടെയും ലോകത്ത്, സഹോദരനെ സ്നേഹിക്കുവാനും എവിടെ എന്ന് അന്വേഷിക്കുവാനും ആർക്കും കഴിയുന്നില്ല. ബൈബിളിൽ ഉൽപ്പത്തി പുസ്തകത്തിലെ 'നിന്റെ സഹോദരൻ എവിടെ?' എന്ന ചോദ്യം ലോകം മുഴുവൻ മുഴങ്ങുന്ന ചോദ്യമാണ്.

www.malankaralibrary.com


വംശീയ വെറികളും, നാടുകടത്തലുകളും, മനുഷ്യാവകാശ ലംഘനങ്ങളും, അഭയാർത്ഥികളുടെ അവകാശങ്ങൾ നിഷേധിക്കലും, നിത്യ സംഭവങ്ങളാകുന്നു. അമേരിക്കയിൽ നിന്ന് നാടുകടത്തപ്പെട്ട ഇന്ത്യാക്കാരെ കയ്യാമം വെച്ചും, കാലിലും അരയിലും ചങ്ങലയിട്ടും യു.എസ്. സൈനിക വിമാനത്തിൽ എത്തിച്ച നടപടി മനുഷ്യാവകാശ ലംഘനവും ഇന്ത്യയുടെ ആത്മാഭിമാനം തകർക്കപ്പെട്ടതുമായിരുന്നു. മണിപ്പൂരിലെ വംശീയ കലാപത്തിൽ നൂറുകണക്കിന് പേർ മരിച്ചു വീണപ്പോൾ സ്വാന്തന സ്പർശനവുമായി മണിപ്പൂരിലെ ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിക്കാൻ അഭിവന്ദ്യ തിരുമേനി മുന്നോട്ടു വന്നു. വംശീയ കലാപങ്ങളും, പാലായനങ്ങളും കുടിയേറ്റവും ലോകത്ത്, പരിഹാരം കാണാതെ തുടരുന്നു. ഗാസയിൽ വെടിനിർത്തലിന് ശേഷവും അഭയാർത്ഥി ക്യാമ്പ് ആക്രമിക്കപ്പെട്ട് വെടിവെയ്പ്പിൽ എട്ടുമാസം ഗർഭിണിയായ ഇരുപത്തിമൂന്നുകാരി സോന്തോസ് കൊല്ലപ്പെട്ടു. യുവതിയെ ആശുപത്രിയിലെത്തിച്ച് കുഞ്ഞിനെ പുറത്തെടുത്ത് രക്ഷപ്പെടുത്താൻ ആരോഗ്യ പ്രവർത്തകർ നടത്തിയ ശ്രമം സൈന്യം തടഞ്ഞ വാർത്ത മനസ്സിൽ വേദനയായി വിങ്ങുന്നു.

വീഴുന്നവരെ കൈപിടിച്ച് ഉയർത്താൻ തലപ്പൊക്കമുള്ള നേതൃത്വത്തിന്റെ അഭാവം ലോകം ഇന്ന് നേരിടുന്നു. ഇത്തരം സാഹചര്യങ്ങളിൽ മാനവിക സാഹോദര്യവും, ജാഗ്രതയുമുള്ള നേതൃത്വം എല്ലായിടത്തും ഉണ്ടാകണമെന്ന് സമൂഹം ആഗ്രഹിക്കുന്നു. സാമൂഹ്യ തിന്മകളോടുള്ള ധീരമായ ചെറുത്തുനിൽപ്പും, രോഗികളോടും മരണാസന്നരോടുമുള്ള കരുതലും സഹാനുഭൂതിയും പ്രകടിപ്പിക്കുന്ന അഭിവന്ദ്യ ജോഷ്വാ തിരുമേനി സഹോദരൻ എവിടെ എന്ന ചോദ്യത്തിന് സ്നേഹപൂർവ്വം പ്രത്യുത്തരം നൽകുന്നു. പൗരത്വ ഭേദഗതി നിയമത്തിനെതിരായ സമരത്തിലും മണിപ്പൂർ ജനതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന സമരങ്ങളിലും ജോഷ്വാ തിരുമേനി പങ്കെടുത്തിരുന്നു. മുഖപക്ഷമില്ലാതെ തിരുമേനി, നാനാജാതി മതസ്ഥരെയും സ്നേഹിക്കുന്നു. നാടിന്റെ സാമൂഹികവും, സാമ്പത്തികവും, വിദ്യാഭ്യാസപരവുമായ പുരോഗതിക്കും വളർച്ചയ്ക്കും അഭിവന്ദ്യ തിരുമേനി നൽകുന്ന നേതൃത്വം ആദരപൂർവ്വം സ്മരിക്കുന്നു.

●

www.malankaralibrary.com


# സ്നേഹസാഗരമീ ജീവിതം...



**ഫാ. ആന്റണി വാക്കോ അറയ്ക്കൽ**
കെ.സി.ബി.സി.
വിദ്യാഭ്യാസ കമ്മീഷൻ സെക്രട്ടറി

**24**

**അ**ഭിവന്ദ്യ ജോഷ്വാ പിതാവിനെകുറിച്ച് ഞാൻ ആദ്യമായി കേൾക്കുന്നത് KCSL ഡയറക്ടർ ആയിരുന്ന വരാപ്പുഴ അതിരൂപതയിലെ യേശുദാസ് അച്ചനിൽ നിന്നാണ്. രണ്ടായിരാമാണ്ട് ജൂബിലി ആഘോഷം നടക്കുന്ന സമയം പിതാവ് ജൂബിലി ആഘോഷത്തിന്റെ നേതൃത്വത്തിൽ ഉള്ളകാലം. വളരെ തന്മയത്വത്തോടും കിസ്തുവിന്റെ അധികാരത്തോടും സംസാരിക്കുന്ന വ്യക്തിത്വത്തിനുടമയായ പിതാവിനെ കുറിച്ചായിരുന്നു അന്ന് യേശുദാസ് അച്ചൻ ഞങ്ങളോട് വാതോരാതെ വിവരിച്ചത്. POC യിൽ വിദ്യാഭ്യാസ കമ്മീഷൻ സെക്രട്ടറി ആയിട്ട് വന്നപ്പോഴാണ് അദ്ദേഹത്തെ കൂടുതൽ അടുത്തറിയുവാൻ സാധിച്ചത്.

POC യിൽ എത്തുന്നതിനു മുൻപ് തന്നെ പിതാവ് എന്നെ വിളിച്ചിരുന്നു. എജ്യൂക്കേഷൻ കമ്മീഷൻ സെക്രട്ടറി സ്ഥാനത്തെ ക്കുറിച്ചു പറയുവാനായിട്ട്. ഒരു വൈദികനോട് വളരെ ബഹുമാന ത്തോടും ആദരവോടും സംസാരിക്കുന്ന പിതാവ് എല്ലാവർക്കും സ്വീകാര്യനാണ് എന്ന് POC യിലുള്ള മറ്റ് അച്ചന്മാരുടെ വിവരണ ങ്ങളിൽ നിന്നും മനസിലായി. എപ്പോൾ വേണമെങ്കിലും വിളിക്കുവാനും വിളിക്കുമ്പോൾ അസൗകര്യമാണ് എങ്കിൽ പിന്നീട് തിരിച്ചുവിളിച്ച്

www.malankaralibrary.com


കാര്യങ്ങൾ വിശദമായി തിരക്കുന്ന ഒരു പിതാവ്. കൂടുതൽ സമർപ്പണ ബോധ്യത്തോടെ സേവനം ചെയ്യുവാൻ നാമറിയാതെ, നമ്മെ ഒരുക്കുന്ന പിതാവ് ആവശ്യസമയങ്ങളിൽ വേണ്ട പിന്തുണയും മാർഗദർശനവും നൽകി നമ്മെ കഴിവുറ്റവരാക്കുന്നു.

KCBC പ്രസിഡന്റ്, മാവേലിക്കര രൂപതയുടെ അധ്യക്ഷൻ, CBCI & KCBC എഡ്യൂക്കേഷൻ കമ്മീഷൻ ചെയർമാൻ എന്നിങ്ങനെ നിരവധി തലങ്ങളിൽ ഭാരത/കേരളസഭയെ ശുശ്രൂഷിച്ച അദ്ദേഹം സഭയുടെ ചരിത്രത്തിലും വിദ്യാഭ്യാസ മേഖലയിലും സാമൂഹിക പരിഷ്കരണ ത്തിലും സുപ്രധാനമായ സ്ഥാനം വഹിക്കുന്നു. കേരളസഭയിൽ സഭാമക്കളുടെയും ഇതര മതസ്ഥരുടെയും സാമൂഹിക മുന്നേറ്റത്തിന് അദ്ദേഹം നൽകിയ സംഭാവനകൾ അനുസ്മരണീയമാണ്. ദൈവഭക്തി യിലും സത്യസന്ധതയിലും അധിഷ്ഠിതമായ ജീവിതരീതിയിലൂടെ വിശ്വാസികളുടെയും സമൂഹത്തിന്റെയും ആത്മാർത്ഥമായ സ്നേഹവും വിശ്വാസവും നേടിയ അദ്ദേഹം സഭയിലും സമൂഹത്തിലും ഒരുപോലെ സ്വീകാര്യനായി. അതുകൊണ്ടുതന്നെ ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയുടെ ജീവിതം സത്യസന്ധതയ്ക്കും ആത്മീയതയ്ക്കും സമർപ്പിച്ച ഒരു കോഹിനൂർ രത്നമാണ്. സഭയെയും സമൂഹത്തെയും ഒരുപോലെ ആഴത്തിൽ മനസ്സിലാക്കി മുന്നോട്ട് കൊണ്ടുപോകാനുള്ള അദ്ദേഹത്തിന്റെ കഴിവും സമാനതകളില്ലാത്ത സത്യസന്ധതയും ആത്മീയതയുമാണ് അദ്ദേഹത്തെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനാക്കുന്നത്.

ആക്ഷേപമറ്റ സമർപ്പണത്തിന്റെ ഉദാഹരണമാണ് ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി. ആധുനിക കാലത്തിന്റെ വെല്ലുവിളികളെ തരണം ചെയ്തുകൊണ്ട് അനേകം യുവജനങ്ങൾക്കും വിശ്വാസികൾക്കും ആത്മീയ പദവിയിലേക്ക് വഴികാട്ടിയായ തിരുമേനി, സഭയുടെ മാന്യമായ സാന്നിധ്യമായി നിലകൊള്ളുന്നു. ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയുടെ സ്വാധീനം, കേരള ത്തിലെ ക്രിസ്തീയ സമൂഹം മാത്രമല്ല, വിവിധ മത സാമൂഹ്യ- സാംസ് കാരിക മേഖലയിലുമുണ്ട്. സമാധാനത്തിനും നീതിക്കും വേണ്ടി നിലകൊള്ളുന്ന ഒരു ആത്മീയ നേതാവായി അദ്ദേഹം നിരന്തരം പ്രവർത്തിച്ചുവരുന്നു. സഭയുടെ അദ്ധ്യക്ഷസ്ഥാനം നേരാംവണ്ണം കൈകാര്യം ചെയ്യുന്നതിന് പുറമെ, സമൂഹത്തിലെ അഹിതകരമായ സാഹചര്യങ്ങളെ നേരിടാൻ, ഒരു മടിയുമില്ലാതെ, തെറ്റിനെ തെറ്റായും ശരിയെ ശരിയായും കണ്ടുകൊണ്ടു ക്രിസ്തീയമായി ദൈവത്തിന്റെ

www.malankaralibrary.com


സ്നേഹത്തെയും കരുണയെയും പ്രകടമാക്കുന്ന ഒരു മാതൃകാ ജീവിത ശൈലി അദ്ദേഹം പിന്തുടരുന്നു. ആധുനിക കാലഘട്ടത്തിൽ, ആത്മീയ നേതാക്കളിൽ നിന്ന് പ്രതീക്ഷിക്കുന്ന സമർപ്പിത ജീവിതത്തിന്റെ ഉത്തമ മാതൃകയാണദ്ദേഹം. അദ്ദേഹത്തിന്റെ ആശയങ്ങൾ, പ്രവർത്തനങ്ങൾ, പ്രതിബദ്ധത ഇവയൊക്കെ ഈ കാലഘട്ടത്തിന്റെ യുവത്വത്തിനും വിശ്വാസികൾക്കും സമൂഹത്തിനും ഒരു മാതൃകയാണ്.

അദ്ദേഹം എല്ലായ്പ്പോഴും ദൈവവചനകേന്ദ്രീകൃതമായിട്ടാണ് പ്രസംഗങ്ങളും ഉപദേശങ്ങളും നടത്തിയിരുന്നത്. വിദ്യാഭ്യാസരംഗത്തെ ദീർഘവർഷങ്ങളായുള്ള അദ്ദേഹത്തിന്റെ അനുഭവങ്ങളും പാണ്ഡിത്യവും ഞങ്ങൾക്ക് എന്നും ഒരു അനുഗ്രഹമായിരുന്നു. ബൈബിൾ, സഭാചരിത്രം, ആധുനിക സാമൂഹിക പ്രശ്നങ്ങൾ എന്നിവയിൽ ആഴത്തിലുള്ള ധാരണയും പാണ്ഡിത്യവും അദ്ദേഹത്തിന്റെ പ്രസംഗങ്ങളിലും ജീവിതശൈലിയിലും എന്നും പ്രകടമാണ്. ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് സമയബദ്ധതയുടെ ഒരു ഉദാത്ത മാതൃകയാണ്. അദ്ദേഹം ഒരിക്കലും സമയം തെറ്റിക്കാറില്ല. എല്ലാ പരിപാടികളിലും, യോഗങ്ങളിലും, പ്രാർത്ഥനാ സമ്മേളനങ്ങളിലും അദ്ദേഹം കൃത്യസമയത്ത് സന്നിഹിതനായിരിക്കും. ഇത് അദ്ദേഹത്തിന്റെ ജീവിതത്തിൽ നിന്ന് നാം നിശ്ചയമായും പകർത്തേണ്ട ശീലങ്ങളിൽ ഒന്നാണ്.

ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് ക്രിസ്തുവിലുള്ള ആഴമായ വിശ്വാസത്തോടെ ജീവിക്കുന്ന ഒരു വ്യക്തിയാണ്. അദ്ദേഹത്തിന്റെ പ്രാർത്ഥനാജീവിതം, ദൈവാശ്രയബോധം, ക്രിസ്തുവിന്റെ സുവിശേഷം പ്രചരിപ്പിക്കുന്നതിലുള്ള അദ്ദേഹത്തിന്റെ ഉത്സാഹം എല്ലാം അദ്ദേഹത്തിന്റെ ആഴമായ വിശ്വാസത്തിന്റെ പ്രതീകമാണ്. അദ്ദേഹം ക്രിസ്തുവിന്റെ പ്രതിനിധിയായി ജീവിക്കുന്നു, അദ്ദേഹത്തിന്റെ ജീവിതം ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ പ്രകാശമാണ്. സഭാജനങ്ങൾ, പുരോഹിതർ, യുവജനങ്ങൾ, വൃദ്ധർ എന്നിവരോടൊപ്പം ജാതിമതഭേദമെന്യേ എല്ലാവരുമായി അദ്ദേഹം നല്ല അടുപ്പം സൂക്ഷിക്കുന്നു. സഭയിലും സമൂഹത്തിലും തനിക്ക് ലഭിച്ച ഉത്തരവാദിത്വം ആത്മാർത്ഥമായി നിറവേറ്റുന്ന അദ്ദേഹത്തിന്റെ ജീവിതം നമുക്കെല്ലാവർക്കും എന്നും പ്രചോദനവും മാർഗദർശിയുമാകട്ടെ എന്ന് ആഗ്രഹിക്കുന്നതിനൊപ്പം അദ്ദേഹത്തിന്റെ ഇനിയുള്ള ജീവിതത്തിലും അനേകർക്ക് അനുഗ്രഹമാകാൻ കഴിയട്ടെ എന്നും പ്രാർത്ഥിക്കുന്നു.

●

www.malankaralibrary.com


# പാർശ്വവൽക്കരിക്കപ്പെട്ടവരെ തേടിയെത്തുന്ന ഇടയൻ



**ഡോ. സജി മാത്യു**
ഓംബുഡ്സ്മാൻ,
മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ
തൊഴിലുറപ്പ് പദ്ധതി & PMAY (G) ആലപ്പുഴ.
മെമ്പർ, ചൈൽഡ് വെൽഫെയർ കമ്മിറ്റി, ആലപ്പുഴ

25

**മാ**വേലിക്കര രൂപതയുടെ മെത്രാപ്പോലീത്തയായ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയുടെ ജീവിതം സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ദരിദ്രരുടെയും ഉന്നമനത്തിനായി സമർപ്പിച്ച ഒരു മഹത്തായ യാത്രയാണ്.

സഭയുടെ ശുശ്രൂഷകനെന്ന നിലയിൽ മാത്രമല്ല, സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും അവകാശങ്ങൾക്കും നീതിക്കും വേണ്ടി നിലകൊള്ളുന്ന ഒരു സാമൂഹിക പ്രവർത്തകൻ കൂടിയാണ് അദ്ദേഹം.

**ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾക്കായുള്ള പോരാട്ടം**

തിരുമേനിയുടെ ദർശനത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഘടകം സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും തുല്യ അവകാശങ്ങളും അവസരങ്ങളും ഉറപ്പുവരുത്തുക എന്നതാണ്.

ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾക്കായി നിരന്തരം ശബ്ദമുയർത്തുന്ന തിരുമേനി, അവരുടെ വിദ്യാഭ്യാസ-സാമ്പത്തിക-സാമൂഹിക ഉന്നമനത്തിനായി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

www.malankaralibrary.com


'നമ്മുടെ സമൂഹത്തിൽ ന്യൂനപക്ഷങ്ങൾ നേരിടുന്ന വെല്ലുവിളികൾ നിരവധിയാണ്. അവരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടതും, അവർക്ക് മുഖ്യധാരയിലേക്ക് വരാനുള്ള അവസരങ്ങൾ ലഭ്യമാക്കേണ്ടതും നമ്മുടെ കർത്തവ്യമാണ്,' എന്ന് തിരുമേനി പറയാറുണ്ട്.

**ദരിദ്രരോടുള്ള പ്രതിബദ്ധത**

തിരുമേനിയുടെ ജീവിതത്തിലെ മറ്റൊരു പ്രധാന ദർശനം ദരിദ്രരോടും പാവപ്പെട്ടവരോടുമുള്ള അനന്തമായ സ്നേഹവും കരുതലുമാണ്. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി നിരവധി പദ്ധതികൾ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നു.

- ദരിദ്രരായ വിദ്യാർത്ഥികൾക്കായുള്ള വിദ്യാഭ്യാസ സഹായ പദ്ധതികൾ
- സ്വയം തൊഴിൽ സംരംഭങ്ങൾക്കായുള്ള പിന്തുണ
- ആരോഗ്യ പരിരക്ഷാ പദ്ധതികൾ
- ഭവന നിർമ്മാണ സഹായം

'ദാരിദ്ര്യം ഒരു ശാപമല്ല, മറിച്ച് നമ്മൾ ഒന്നിച്ച് നേരിടേണ്ട ഒരു വെല്ലുവിളിയാണ്. ഓരോ വ്യക്തിയ്ക്കും അർഹമായ ജീവിത സാഹചര്യങ്ങൾ ഒരുക്കുക എന്നത് നമ്മുടെ ഉത്തരവാദിത്തമാണ്,' എന്ന് തിരുമേനി ഓർമ്മിപ്പിക്കുന്നു.

**സാമൂഹിക നീതിക്കായുള്ള പ്രയത്നങ്ങൾ**

തിരുമേനിയുടെ പ്രവർത്തനങ്ങൾ കേവലം സഭയുടെ അതിർ വരമ്പുകൾക്കുള്ളിൽ ഒതുങ്ങി നിൽക്കുന്നില്ല. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും നീതി ഉറപ്പാക്കുന്നതിനായി അദ്ദേഹം നിരന്തരം പ്രയത്നിക്കുന്നു. സാമൂഹിക നീതി സ്ഥാപിക്കുന്നതിനായി നിരവധി പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നു.

**വിദ്യാഭ്യാസത്തിലൂടെയുള്ള ശാക്തീകരണം**

'വിദ്യാഭ്യാസം മാത്രമാണ് ഒരു സമൂഹത്തെ മുന്നോട്ട് നയിക്കാനുള്ള ഏറ്റവും ശക്തമായ ആയുധം,' എന്ന് തിരുമേനി വിശ്വസിക്കുന്നു. അതിനായി:

- നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചു
- മെറിറ്റ് സ്കോളർഷിപ്പുകൾ ഏർപ്പെടുത്തി
- തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ചു
- സാങ്കേതിക വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകി

www.malankaralibrary.com


**സ്ത്രീ ശാക്തീകരണം**

സമൂഹത്തിൽ സ്ത്രീകളുടെ ഉന്നമനത്തിനും ശാക്തീകരണത്തിനും തിരുമേനി പ്രത്യേക പ്രാധാന്യം നൽകുന്നു. സ്ത്രീകളുടെ വിദ്യാഭ്യാസം, തൊഴിൽ, സാമ്പത്തിക സ്വാതന്ത്ര്യം എന്നിവയ്ക്കായി നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**പരിസ്ഥിതി സംരക്ഷണം**

പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ തിരുമേനി, പ്രകൃതി സംരക്ഷണത്തിനായി നിരവധി പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.

വൃക്ഷവൽക്കരണം, ജലസംരക്ഷണം, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ മേഖലകളിൽ പ്രത്യേകശ്രദ്ധ നൽകുന്നു.

**മതസൗഹാർദ്ദം**

വിവിധ മത വിഭാഗങ്ങൾ തമ്മിലുള്ള സൗഹാർദ്ദവും സമാധാനവും നിലനിർത്തുന്നതിന് തിരുമേനി എപ്പോഴും മുൻപന്തിയിൽ നിൽക്കുന്നു. മതസൗഹാർദ്ദ സമ്മേളനങ്ങൾ, സംവാദങ്ങൾ, സാംസ്കാരിക പരിപാടികൾ എന്നിവയിലൂടെ സാമുദായികഐക്യം ശക്തിപ്പെടുത്തുന്നു.

**കുടുംബ ജീവിതത്തിന്റെ പരിപോഷണം**

കുടുംബമാണ് സമൂഹത്തിന്റെ അടിസ്ഥാന ഘടകമെന്ന് വിശ്വസിക്കുന്ന തിരുമേനി, കുടുംബ ജീവിതത്തിന്റെ പരിപോഷണത്തിനായി പ്രത്യേകശ്രദ്ധ നൽകുന്നു. കുടുംബ കൗൺസിലിംഗ്, മാതാപിതാക്കൾക്കായുള്ള ബോധവത്കരണ പരിപാടികൾ, യുവജന പരിശീലന പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നു.

**യുവജനങ്ങളുടെ ശാക്തീകരണം**

യുവജനങ്ങളുടെ സമഗ്ര വികസനത്തിനായി തിരുമേനി പ്രത്യേക പരിഗണന നൽകുന്നു. നേതൃത്വ പരിശീലനം, കരിയർ ഗൈഡൻസ്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ എന്നിവയിലൂടെ യുവാക്കളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ ശ്രമിക്കുന്നു.

**മാനവികത**

കാരുണ്യത്തിന്റെയും മാനവികതയുടെയും മൂർത്തിമദ്ഭാവമാണ് തിരുമേനി. ജാതി-മത-വർഗ്ഗ-വർണ്ണ ഭേദമെന്യേ എല്ലാവരെയും സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുന്ന അദ്ദേഹം, സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും ഇടയിൽ ആദരണീയനാണ്.

'ഓരോ മനുഷ്യനിലും ദൈവത്തിന്റെ സാന്നിധ്യം കാണാൻ നമുക്ക് സാധിക്കണം. അപ്പോൾ മാത്രമേ നമുക്ക് യഥാർത്ഥ മാനവികത

www.malankaralibrary.com


പുലർത്താൻ സാധിക്കൂ,' എന്ന് തിരുമേനി പഠിപ്പിക്കുന്നു.

**ഭാവി ദർശനം**

സമൂഹത്തിന്റെ സമഗ്ര വികസനത്തിനായി തിരുമേനി കാഴ്ച വെയ്ക്കുന്ന ഭാവി പദ്ധതികൾ നിരവധിയാണ്. വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, പരിസ്ഥിതി സംരക്ഷണം എന്നീ മേഖലകളിൽ കൂടുതൽ മുന്നേറ്റം കൈവരിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു.

**ആത്മീയതയും സാമൂഹിക പ്രതിബദ്ധതയും**

ആത്മീയതയും സാമൂഹിക പ്രതിബദ്ധതയും സമന്വയിപ്പിച്ചു കൊണ്ടുള്ള തിരുമേനിയുടെ പ്രവർത്തനശൈലി അനുകരണീയമാണ്. സഭയുടെ ആത്മീയ ശുശ്രൂഷകളോടൊപ്പം തന്നെ സാമൂഹിക പ്രതിബദ്ധതയും നിറവേറ്റുന്നതിൽ അദ്ദേഹം ശ്രദ്ധ പുലർത്തുന്നു.

**ആധുനിക വെല്ലുവിളികൾ**

ആധുനിക കാലഘട്ടത്തിലെ വെല്ലുവിളികളെ നേരിടുന്നതിന് പുതിയ തലമുറയെ പ്രാപ്തരാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കും തിരുമേനി നേതൃത്വം നൽകുന്നു.

ഡിജിറ്റൽ വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, സാമൂഹിക മാധ്യമങ്ങളുടെ ഉത്തരവാദിത്തപൂർണ്ണമായ ഉപയോഗം തുടങ്ങിയ വയിൽ പ്രത്യേക ശ്രദ്ധ നൽകുന്നു.

**സമാപനം**

ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയുടെ ജീവിതവും പ്രവർത്തനങ്ങളും കേരള സമൂഹത്തിന് വലിയൊരു മാതൃകയാണ്. ന്യൂനപക്ഷങ്ങളുടെ സംരക്ഷകനും, ദരിദ്രരുടെ ആശ്രയവും, സാമൂഹിക നീതിയുടെ കാവൽക്കാരനുമായ തിരുമേനിയുടെ സേവനങ്ങൾ എന്നും സ്മരിക്കപ്പെടും.

ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾക്കും, ദരിദ്രരുടെ ഉന്നമന ത്തിനും, സാമൂഹിക നീതിക്കും വേണ്ടിയുള്ള അദ്ദേഹത്തിന്റെ നിരന്തര പ്രയത്നങ്ങൾ അനുകരണീയമാണ്.

സ്നേഹത്തിന്റെയും സേവനത്തിന്റെയും പാതയിലൂടെ സമൂഹത്തെ മുന്നോട്ട് നയിക്കുന്ന തിരുമേനിയുടെ ദർശനങ്ങൾ വരും തലമുറകൾക്കും പ്രചോദനമാകട്ടെ.

'സ്നേഹത്തിലൂടെയും സേവനത്തിലൂടെയും മാത്രമേ ഒരു സമൂഹത്തെ മുന്നോട്ട് നയിക്കാൻ സാധിക്കൂ' എന്ന തിരുമേനിയുടെ ജീവിതദർശനം ഇന്നും പ്രസക്തമാണ്.

www.malankaralibrary.com



# ആർക്കും അവകാശപ്പെടാൻ ആകാത്ത വിധം ഏവർക്കും സ്വന്തമായ്...



അഡ്വ. ജോജോ എബ്രഹാം
തിരുവനന്തപുരം മേജർ അതിരൂപതാ
പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി

26

**വ**ർഷങ്ങൾക്ക് മുൻപ് എന്റെ പിതാവിൽനിന്നും കേട്ട ഒരു കഥയാണ്. തന്റെ സൃഷ്ടികർമ്മം പടിപടിയായി പൂർത്തിയാക്കിയ ദൈവം ഏറ്റവും ഒടുവിലായി മനുഷ്യനെ സൃഷ്ടിക്കാൻ തീരുമാനിച്ചു. അതിനായി ഭൂമിയിൽ നിന്ന് അല്പം മണ്ണ് എടുക്കേണ്ടതായി ഉണ്ട്. ദൗത്യം നിറവേറ്റാൻ മാലാഖമാരിൽ നിന്നും ഒരാളെ ദൈവം തെരഞ്ഞെടുത്ത് ഭൂമിയിലേക്ക് അയച്ചു. മാലാഖ ഭൂമിയിലെത്തി തന്റെ ദൗത്യം ഭൂമിയെ അറിയിച്ചപ്പോൾ ഭൂമി അതിനെ ശക്തമായി എതിർത്തുവത്രേ. 'ഇപ്പോൾ സമാധാനമായി കഴിയുന്ന എന്നെ ഉഴുതു മറിച്ച് സകലവിധ പീഡനങ്ങളും ഏൽപ്പിക്കുവാൻ ഇടയുള്ള മനുഷ്യനെ സൃഷ്ടിക്കാൻ ഞാൻ മണ്ണ് തരില്ല' ! ഭൂമി തന്റെ ശക്തമായ നിലപാടറിയിച്ചു. ദൈവം നേരിട്ടേൽപ്പിച്ച ദൗത്യം നിറവേറ്റാൻ കഴിയാതെ വന്നതിൽ ഖിന്നനായ മാലാഖ വേദനയോടെ സ്വർഗ്ഗത്തിലേക്ക് മടങ്ങി; ഭൂമിയുടെ അഹങ്കാരം ദൈവത്തെ അറിയിച്ചു. ദൈവം അല്പം കൂടി ശക്തനായ മറ്റൊരു മാലാഖയെ അയച്ചു. അദ്ദേഹവും ഭൂമിയിൽ എത്തി കാര്യങ്ങൾ ഭൂമിയോട് വിവരിച്ചപ്പോഴും സ്ഥിതി അതുതന്നെ. 'മനുഷ്യനെ

www.malankaralibrary.com


സൃഷ്ടിക്കാനായി ഞാൻ ഒരു തരി മണ്ണ് തരില്ല. അവൻ ഭാവിയിൽ ഇവിടെ കാട്ടിക്കൂട്ടാൻ ഇടയുള്ള എല്ലാ പ്രശ്നങ്ങളും എനിക്കറിയാം' ഭൂമി തന്റെ അചഞ്ചലമായ നിലപാട് ആവർത്തിച്ചു. ദൈവം വീണ്ടും പല മാലാഖമാരെ ഭൂമിയിലേക്ക് അയച്ചുവെങ്കിലും ഭൂമി വഴങ്ങിയില്ല! ഒടുവിൽ ദൈവം ശക്തരിൽ ശക്തനായ ഗബ്രിയേൽ ദൂതനെതന്നെ മണ്ണെടുത്തുകൊണ്ട് വരാനായി നിയോഗിച്ചു. ഗബ്രിയേൽ മാലാഖ ഭൂമിയിലേക്ക് വന്നതും ഭൂമിയിൽ നിന്നും മണ്ണെടുത്തുകൊണ്ട് പോയതും ഭൂമി പോലും അറിഞ്ഞില്ലത്രേ! ഭൂമിയുടെ അനുവാദത്തിന് കാത്തു നിൽക്കാതെ തന്റെ സൃഷ്ടാവ് തന്നിൽ ഏൽപ്പിച്ച ദൗത്യം കൃത്യത യോടെ ശരവേഗത്തിൽ ഗബ്രിയേൽ പൂർത്തിയാക്കി മടങ്ങി. ജോഷ്വാ പിതാവിനെ കുറിച്ച് ഓർക്കുമ്പോൾ എപ്പോഴും ഓർമ്മവരുന്നത് ഈ കഥയാണ്. ഓരോ ദിവസവും തന്റെ സൃഷ്ടാവ് തന്നെ ഏല്പിക്കുന്ന ദൗത്യം പൂർത്തിയാക്കുവാൻ ശരവേഗത്തിൽ സഞ്ചരിക്കുന്ന പിതാവ്. ആരുടേയും അനുവാദമോ തടസ്സവാദങ്ങളോ ആ ചിന്തകളെയും യാത്രകളെയും സ്വാധീനിക്കാറില്ല.

ജോയിച്ചൻ, കോശി ശെമ്മാശൻ, കോശിയച്ചൻ, ഫാദർ കോശി, കൊച്ചുപിതാവ്, ഇഗ്നാത്തിയോസ് പിതാവ്, ജോഷ്വാ തിരുമേനി. കാലാകാലങ്ങളിൽ ഈ പേരുകൾ വിളിച്ചവർക്കെല്ലാം തന്റെ ഹൃദയത്തിൽ ചെറുതല്ലാത്ത സ്ഥാനം പകുത്തുനൽകുവാൻ കഴിഞ്ഞ ചാരിതാർത്ഥ്യത്തിൽ എഴുപത്തിയഞ്ച് വർഷം പൂർത്തിയാക്കുന്ന ഒരു ജീവിതത്തെ ഒരു കുടുംബാംഗം എന്ന നിലയിൽ വിലയിരുത്തുവാൻ ഏറെ ബുദ്ധിമുട്ടുണ്ട്. ആത്മനിഷ്ഠമായ ഒട്ടേറെ പരിമിതികൾ ഈ പരിശ്രമത്തെ നിയന്ത്രിക്കുന്നുവെങ്കിലും എനിക്കും എന്നെപ്പോലെ അനേകർക്കും അത്ഭുതത്തോടെ മാത്രം കാണുവാൻ കഴിയുന്ന ആ സമർപ്പണത്തിന്റ പ്രഭാവലയം അല്പംപോലും കുറയുവാൻ ഇടവരരുത് എന്ന ഉറച്ച ബോധ്യമാണ് ഇതെഴുതുമ്പോൾ മനസ്സിനെ നയിക്കുക. നിസ്സാരമായ ഒരു ജലകണത്തെപ്പോലും ആയിരം പേർക്ക് ആയിരം വ്യത്യസ്ത രീതികളിൽ വർണ്ണിക്കുവാൻ കഴിയുന്നു എന്ന് പറയപ്പെടു മ്പോൾ ഒരു സമുദ്രത്തെ തന്നെ വർണ്ണിക്കുവാൻ ഇറങ്ങി പുറപ്പെടേണ്ടി വരുന്ന വ്യക്തി ചെന്നെത്തുന്ന ക്ലേശകരമായ അവസ്ഥ, ഈ ഉദ്യമത്തിൽ നേരിടുന്ന ഏറ്റവും വലിയ പ്രതിബന്ധമായി മുന്നിൽ നിൽക്കുന്നു. ആ സമുദ്രവും അതിലെ കാഴ്ചകളും ആഴവും പരപ്പും വേലിയേറ്റങ്ങളും ചുറ്റുമുള്ള ഓരോരുത്തരിലും വ്യത്യസ്തവും വൈവിധ്യവുമായ അനുഭവങ്ങളാവും സമ്മാനിച്ചിരിക്കുക എന്ന യാഥാർത്ഥ്യവും ഉൾക്കൊള്ളുന്നു. അതിരിടുന്ന കരകൾക്കാണ്

www.malankaralibrary.com


സമുദ്രത്തിനും അതിലെ വിഭവങ്ങൾക്കും മേൽ അവകാശം ലഭിക്കുക; ആർക്കും സ്വന്തമെന്ന് അവകാശപ്പെടാൻ ആകാത്ത വിധം, എന്നാൽ ചുറ്റുമുള്ള 'ഏവർക്കും സ്വന്തമായ് തീരുന്ന സമുദ്രം' പഠിപ്പിക്കുന്ന ലോക നീതിയും വാക്കുകളെ നിയന്ത്രിക്കുന്നു.

**ആചാര ഉപചാരങ്ങൾക്ക് മുകളിൽ ദൈവസ്നേഹത്തെ പ്രതിഷ്ഠിച്ച ഇടയൻ.**

സ്നേഹം പങ്കിടുന്നതിൽ മറ്റുള്ളവരുടെ അനുവാദത്തിനോ, മതങ്ങളുടെയോ സഭകളുടെയോ ആചാര ഉപചാര സംഹിതകൾക്കോ ഔചിത്യ ബോധത്തിനോ പോലും സ്ഥാനം നൽകാത്ത സഹവർത്തിത്വം. വേദികളേക്കാൾ ഹൃദയങ്ങളെ ഇഷ്ടപ്പെടുന്ന പ്രഭാഷകൻ. പ്രഭാഷണങ്ങളെക്കാൾ ഹൃദയത്തെ സ്പർശിക്കുന്ന സാന്ത്വന വചസുകൾ പങ്കിടുവാൻ സമയം കണ്ടെത്തുന്ന കൂട്ടിരുപ്പുകാരൻ. ശിക്ഷയെക്കാൾ തിരുത്തലുകൾക്ക് മുൻഗണന നൽകുന്ന അദ്ധ്യാപകൻ. വിശ്രമത്തെക്കാൾ വിശ്രമരാഹിത്യത്തിൽ നിന്നും ഊർജ്ജം സമാഹരിക്കുന്ന അപൂർവ്വമായ പ്രവർത്തനശൈലി. ചിട്ടപ്പെടുത്തിയ ജീവിത ശൈലികളെക്കാൾ മറ്റുള്ളവരുടെ സൗകര്യം മുൻനിർത്തി തന്റെ ദിനചര്യകളെ ചിട്ടപ്പെടുത്തുന്ന ആചാര്യൻ. ആൾക്കൂട്ടത്തെക്കാൾ ഏകാന്തതയിൽ കഴിയുന്നവരെ തേടിയെത്തുന്ന ഇടയൻ.

ഇടയശുശ്രൂഷയിലെ കനൽവഴികൾ താണ്ടിയും പൗരോഹിത്യം ആവശ്യപ്പെടുന്ന വിശുദ്ധിയുടെ ഇടുങ്ങിയ പാതകളിലൂടെ ധ്യാനപൂർവ്വം നടന്നുനീങ്ങിയും പിന്നിട്ട ധന്യമായ പൗരോഹിത്യ സമർപ്പണത്തിന്റെ അരനൂറ്റാണ്ട്. 'നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിൽ കെട്ടപ്പെടും; ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെടും' എന്ന സ്വർഗ്ഗീയ ഉടമ്പടിയുടെ ഉത്തുംഗസ്ഥാനമായ മേൽപ്പട്ട ശുശ്രൂഷയിൽ ധന്യമായ കാൽശതാബ്ദം. ദൈവസമ്പാദനത്തിന്റെ, ദൈവാനുഭവത്തിന്റെ, ദൈവസ്നേഹത്തിന്റെ ദീപ്തമായ സ്മരണകളാൽ ആലംകൃതമായ ഗതകാലം. കണ്ടുമുട്ടുന്ന ആരിലും ദൈവാംശം ദർശിക്കുവാനും ദൈവസ്നേഹം പകർന്നുനൽകുവാനും സഹോദര സ്നേഹത്തിന്റെ സഹജഭാവം അനുഭവവേദ്യമാക്കുന്ന പ്രകൃതം. ജീവിതയാത്രയിൽ ഒരോ ഘട്ടത്തിലും സതീർത്ഥ്യർക്കും സമകാലീനർക്കും ആശയും ആവേശവും ആലംബവുമായി സാർത്ഥകമായ സമർപ്പണം. കൂട്ടുകുടുംബം ആയിരുന്ന ഭവനത്തിലെ കാർഷിക അന്തരീക്ഷത്തിലും, തൃശ്ശിനാപ്പള്ളിയിലെ സെമിനാരി ജീവിതത്തിലും, പ്രഥമ പ്രവർത്തനമേഖല ആയിരുന്ന കിരാത്തൂർ ഉൾപ്പെടുന്ന മാർത്താണ്ഡം ഭാഗങ്ങളിലും, പിന്നീട് നിയോഗിക്കപ്പെട്ട മദ്രാസിലും,

www.malankaralibrary.com


തിരികെ തിരുവനന്തപുരത്തും, പിന്നീട് മാവേലിക്കര യിലും, ഇന്ന് കേരളം മുഴുവനും ലോകമാകെയും ആ സമർപ്പണം തുടരുന്നു.

**മുട്ടിവിളിക്കുന്ന ഗൃഹാതുരത്വം.**

1978 ഏപ്രിൽ 1ന് രാത്രി ഏറെ വൈകി, തിരുവനന്തപുരം അർച്ച് ബിഷപ്പ് അഭിവന്ദ്യ ബെനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ മുറിയുടെ വാതിലിൽ ഒരു മുട്ട് കേട്ട് അദ്ദേഹം വാതിൽ തുറന്നു. തൊട്ടടുത്ത ദിവസം വൈദീക പട്ടം സ്വീകരിക്കുവാനുള്ള ശെമ്മാശ്ശൻ കരഞ്ഞു കലങ്ങിയ കണ്ണുകളുമായി പുറത്തുനിൽക്കുന്നു. എന്താണ് ശെമ്മാശ്ശൻ കരയുന്നത്... നാളെ പട്ടം ഏൽക്കുവാൻ ഉള്ളതാണ്.... ദൈവ വിളിയിൽ നിന്നും പിൻവാങ്ങുവാനുള്ള ചിന്തയോ മറ്റോ ആണോ... അതും ഈ അവസാന നിമിഷത്തിൽ.... ഉള്ളിൽ പൊടുന്നനെ ഉയർന്ന ഭയം ഉള്ളിൽ തന്നെ ഒതുക്കി നിർത്തി പിതാവ് ചോദിച്ചു 'എന്താ ശെമ്മാശ്ശാ?' 'നാളെ പട്ടം ഏൽക്കുന്നതിനു മുൻപ് വീട്ടിൽ എത്തി വല്യപ്പച്ചനിൽ നിന്നും അനുഗ്രഹം വാങ്ങണമെന്നുണ്ട്. അതിനായി ഇന്ന് രാത്രി അവിടെപോകാൻ എന്നെ പിതാവ് അനുവദിക്കുമോ? 'പിതാവിന് ആശ്വാസമായി. പക്ഷേ പട്ടം ഏൽക്കേണ്ട ശെമ്മാശ്ശനെ തിരുമേനിയോടൊപ്പം കൂട്ടി രാവിലെ പള്ളിയിൽ എത്തുന്നതാണ് സഭയിലെ പാരമ്പര്യം. പക്ഷേ നന്നേ ചെറുപ്പത്തിൽ മാതാപിതാക്കൾ ഇരുവരെയും നഷ്ടപ്പെട്ട കോശി വർഗീസ് ശെമ്മാശ്ശന് തന്റെ വല്യപ്പച്ചനോടുള്ള അടുപ്പം പിതാവിന് നന്നായി അറിയാമായി രുന്നു. പിതാവ് അനുവദിച്ചു. രാത്രി ഏറെ വൈകി കൊട്ടാരക്കര വീട്ടിൽ ശെമ്മാശ്ശൻ എത്തി മുട്ടിവിളിച്ചപ്പോൾ ഉറക്കച്ചുവടോടെ എഴുന്നേറ്റ എല്ലാവരിലും ആകെ പരിഭ്രമം! നാളെ രാവിലെ പട്ടം സ്വീകരിക്കാനായി തിരുമേനിയോടൊപ്പം എത്തുമെന്ന് അറിയിച്ചിരുന്ന ജോയിച്ചന് ഇതെന്തുപറ്റി? എല്ലാവരിലും ആകെ വെപ്രാളമായി. വിവരം അറിഞ്ഞപ്പോൾ അവിടെ ഉണ്ടായിരുന്ന എല്ലാവരുടെയും കണ്ണുകൾ ഈറനണിഞ്ഞു. ഏറെ ഗൃഹാതുരത്വം ഉള്ളിൽ കൊണ്ടുനടന്ന ജോയിച്ചൻ കോശി വർഗീസ് അച്ചൻ ആയപ്പോഴും, പിന്നീട് ജോഷ്വാ തിരുമേനി ആയിട്ടും ആ ഗൃഹാതുരത്വം വളർന്നതല്ലാതെ അല്പം പോലും കുറഞ്ഞിട്ടില്ല. തന്റെ ഹൃദയത്തിലേക്ക് കൂടുതൽ ഭവനങ്ങളും വ്യക്തികളും അവരുടെ സന്തോഷ സന്താപങ്ങളും കടന്നുവന്നതു കൊണ്ട് ഉള്ളിലെ ഗൃഹാതുരചിന്തകൾ കൂടുതൽ വിശാലമാവുക യായിരുന്നു.

www.malankaralibrary.com


ജാതി മത സഭാ ഭേദമെന്യേ പല മരണ വീടുകളിലും രാത്രി ഏറെ വൈകി വെളുപ്പടുപ്പിച്ചു പിതാവ് എത്തുമ്പോൾ മൃതശരീരത്തിന് അടുത്തിരുന്നു പ്രാർത്ഥിച്ചിരുന്ന ബന്ധുക്കൾ എവിടെയെങ്കിലും ഒക്കെ തളർന്ന് കിടന്നിട്ടുണ്ടാവും. ഉറ്റവരുടെ വേർപാടിൽ ദുഃഖിക്കുന്നവരോടൊപ്പം ആയിരിക്കുവാൻ അദ്ദേഹത്തിന് ദൂരമോ, സമയമോ, തന്റെ ആരോഗ്യമോ ഒന്നും ഒരു പ്രതിബന്ധമല്ല. പണ്ട് സൈക്കിളിലും, മോട്ടോർ സൈക്കിളിലും ഓടിയെത്തിയിരുന്നത് ഇന്ന് കാറിലും ചിലപ്പോൾ വിമാനത്തിലും യാത്രചെയ്ത് എത്തേണ്ടി വരുന്നു എന്ന് മാത്രം. സ്വന്തം സഹോദരിയുടെ ആകസ്മീകമായ മരണ വാർത്തയറിഞ്ഞ് യൂറോപ്പിൽ നിന്നും ഓടിയെത്തി മൃതസംസ്കാരത്തിൽ സംബന്ധിച്ചശേഷം ഉടനെ മുൻ നിശ്ചയിച്ച പരിപാടിക്കായി, ദൈവാലയത്തിൽ നിന്നു തന്നെ അമേരിക്കയിൽ ഒരു ബന്ധുവിന്റെ അനുസ്മരണ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുവാനായി, എയർപോർട്ടിലേക്ക് പോകുവാൻ തീരുമാനിക്കുമ്പോൾ ഞാൻ അടുത്ത് നിന്ന് ചോദിച്ചു. 'അവരോട് പറഞ്ഞാൽ പോരേ... മറ്റെന്തെങ്കിലും ക്രമീകരണം ചെയ്യില്ലേ?'. 'എന്റെ സൗകര്യം മുൻകൂട്ടി ചോദിച്ചു തീരുമാനിച്ച തീയതിയാ. പലരും അമേരിക്കയിൽ തന്നെ പല ഇടങ്ങളിൽ നിന്ന് ഇതിനോടകം എത്തിയിട്ടുണ്ടാവും. അവസാന സമയം നമ്മുടെ സൗകര്യം മുൻ നിർത്തി ചിന്തിച്ചാൽ അവർക്ക് പ്രയാസമാകും' ആ മനസ്സിൽ ഉറപ്പിച്ചതിനെ മായിക്കുക എന്നത് വൃഥാവ്യായാമം എന്നറിയാവുന്നതുകൊണ്ട് ഞാൻ പിൻവാങ്ങി. അനേകരുടെ സ്നേഹവലയത്തിൽ വളർന്ന ഗൃഹാതുരത്വത്തിന്റെ അടയാളം !

**മതിലുകൾക്കപ്പുറമുള്ളവരെ തേടിയെത്തുന്ന സ്നേഹം.**

ഏതാനും ദിവസങ്ങൾക്ക് മുൻപ് മാവേലിക്കരയിൽ പിതാവിന് പൗരസ്വീകരണം നൽകുന്നു എന്നറിഞ്ഞ് ഒരു കൗതുകം തോന്നി പിതാവിന്റെ സഹോദരീ പുത്രനും ഞാനും പോയിരുന്നു. പരിചിത മുഖങ്ങൾ വിരളം. വേദിയും സദസ്സും മാവേലിക്കരയുടെ പൊതു സമൂഹത്തിന്റെ പരിശ്ഛേദമെന്നോണം വിശിഷ്ട വ്യക്തികളാൽ നിബിഡം. സാധാരണയിൽ നിന്ന് വ്യത്യസ്തമായി രണ്ടോ മൂന്നോ വൈദീകരും സിസ്റ്റേഴ്സും മാത്രം. മലങ്കര കാത്തോലിക്കർ വിരലിൽ എണ്ണാവുന്നവർ. സദസ്സിൽ ഇരിക്കുമ്പോൾ എനിക്ക് പിന്നിൽ ഇരുന്നവർ തമ്മിലുള്ള ഒരു സംഭാഷണം കേൾക്കുവാൻ ഇടയായി. 'ഇദ്ദേഹം നമ്മുടെ പിതാവാ... എത്രയോ തിരുമേനിമാർ മാവേലിക്കരയിൽ

www.malankaralibrary.com


ഇരുന്നിട്ടുണ്ട്. ഇവിടുത്തുകാർ തന്നെ ഉണ്ടായിട്ടുണ്ട്. പക്ഷേ ഇദ്ദേഹം നമ്മളിൽ ഒരാളായിരുന്നു...' പരിപാടിക്ക് ശേഷം വേദി വിട്ടിറങ്ങി വരുമ്പോൾ പിതാവ് കുടുംബാംഗം എന്ന നിലയിൽ ഞങ്ങളെ അവർക്ക് പരിചയപ്പെടുത്തി. 'ഇത് ഞങ്ങളുടെ പിതാവാ... 'അവർ ഒരുമിച്ച് പിതാവിനെ ഞങ്ങൾക്ക് പരിചയപ്പെടുത്തിതന്നു ! ഒരു തരം അവകാശമുറപ്പിക്കൽ! എന്റേതെന്നു പറയാൻ ആർക്കും അവകാശ മില്ലാത്തത്ര ആഴമായബന്ധം എല്ലാവരുമായി സൂക്ഷിക്കുന്ന സ്നേഹത്തിന്റെ പ്രഭാവലയം! ഹൈന്ദവ ആശ്രമത്തിൽ നിന്നും പിതാവിനെ ഒരു പരിപാടിക്കായി ക്ഷണിക്കാൻ പോയവർ അദ്ദേഹത്തെ കാണാൻ ആകാതെ മടങ്ങിയപ്പോൾ പിതാവ് അന്ന് രാത്രി തന്നെ ഏറെ വൈകി ആശ്രമത്തിലേക്ക് അവരെ തേടിയെത്തിയ അനുഭവം അവിടെ വിവരിച്ചപ്പോൾ കണ്ണുകൾ നനഞ്ഞു.

ഏതാണ്ട് മൂന്ന് മണിക്കൂർ നീണ്ട മീറ്റിങ്ങിനു ശേഷം പിതാവിനും സംഘാടകരോടുമൊപ്പം ഞങ്ങൾ പുറത്തേക്കിറങ്ങി വരുമ്പോൾ സമയം 7.00 മണി കഴിഞ്ഞു. പുറത്ത് നല്ല കാറ്റും മഴയും. 'തിരുവനന്തപുരത്ത് ഒരാൾ മരിച്ചു. നാളെയാണ് അടക്കം. പക്ഷേ നാളെ ടൈറ്റ് പ്രോഗ്രാം ആണ്... വീട്ടിൽ ഒന്നു പോയി പ്രാർത്ഥിച്ചിട്ട് വരാം' അടുത്ത പരിപാടി യെക്കുറിച്ച് പതിഞ്ഞ സ്വരത്തിലുള്ള പിതാവിന്റെ വിശദീകരണം. ശരീരത്തിന്റെക്ഷീണം മുഖത്ത്നിന്ന് വായിച്ചെടുക്കാമെങ്കിലും എതിർത്തുപറഞ്ഞിട്ട് ഒരുകാര്യവുമില്ലെന്ന് അറിയാവുന്നതുകൊണ്ട് ഞാൻ ഒരു അഭിപ്രായവും പറഞ്ഞില്ല.

താൻ ആയിരിക്കുന്ന ഇടം ഭവനവും ചുറ്റുമുള്ളവർ സ്വന്തം ഭവനാംഗങ്ങളും ആകുമ്പോൾ ഗൃഹാതുരത്വം എന്ന പദത്തിന് തന്നെ പുതുനിർവ്വചനം ആവശ്യമായി വരുന്ന അവസ്ഥ ! ക്രിസ്തുമസ്, ഈസ്റ്റർ, ഓണം തുടങ്ങിയ വിശേഷ ദിവസങ്ങളിൽ സഹോദരങ്ങളുടെ ഭവനങ്ങളിലേക്ക് എത്തുന്നത് വർഷങ്ങളായി തുടരുന്ന പതിവ്. രുചി ഭേദങ്ങളെല്ലാം ആ നാവിന് വഴങ്ങും. പ്രത്യേകമായ അഭീഷ്ടങ്ങൾ ഇല്ലാത്ത പ്രകൃതം. കുടുംബാംഗങ്ങളുടെ അടുത്തേക്ക് എത്തുന്ന അതേ നിഷ്ടയാണ് പ്രായമായ വൈദീകരെയും സന്യസ്തരെയും തേടിയെത്തു മ്പോൾ പിതാവ് പുലർത്തുന്നത്. 'പിതാവ് ഇവിടെ വന്നിട്ട് ദിവസങ്ങ ളായി' എന്ന് വിശ്രമ ജീവിതം നയിക്കുന്നവർ കിടക്കയിൽ കിടന്നു കൊണ്ട് പറയുന്നത് നേരിട്ട് കേൾക്കാൻ ഇടവന്നിട്ടുള്ളപ്പോൾ പിതാവിന് അവരുടെ മനസ്സിൽ ഉള്ള സ്ഥാനം എത്രയോ വലുതെന്ന് ഞാൻ അത്ഭുതപ്പെട്ടിട്ടുണ്ട്. അപ്പോഴൊക്കെ ചിന്തിച്ചിട്ടുണ്ട് ഈ മനുഷ്യൻ ഒരു അത്ഭുതം തന്നെ !

www.malankaralibrary.com


**സത്യോപദേശത്തിന്റെ നേർവഴിയിൽ ജ്വലിക്കുന്ന സമർപ്പണം.**

1998 ഏപ്രിൽ 15 ന് പിതാവിന്റെ മെത്രാഭിഷേക ദിനത്തിൽ നടന്ന പൊതുസമ്മേളനത്തിൽ അനുഗ്രഹപ്രഭാഷണം നടത്തിയ ചങ്ങനാശേരി ആർച്ച്ബിഷപ്പ് ഭാഗ്യ സ്മരണാർഹനായ മാർ ജോസഫ് പൗവ്വത്തിൽ പിതാവ് കുർബ്ബാന മധ്യേ വായിച്ചുകേട്ട പന്ത്രണ്ട് ശ്ലീഹന്മാരുടെ അന്നാഫൂറയിലെ മദ്ധ്യസ്ഥ പ്രാർഥന ഓർമ്മിപ്പിച്ചു കൊണ്ട് നൽകിയ സന്ദേശം ഇപ്രകാരമായിരുന്നു. 'കർത്താവേ വിശുദ്ധ പിതാക്കന്മാരുടെയും സത്യവിശ്വാസികളായ മല്പാന്മാരുടെയും കാലടികൾ പിന്തുടരുവാൻ ഞങ്ങൾക്ക് കൃപ നൽകണമേ. കൗശലത്താലോ ദുർവ്യാഖ്യാനത്താലോ അവരുടെ സത്യോപദേശ ങ്ങളെ ഭേദപ്പെടുത്തുവാൻ ഞങ്ങൾക്കിടയാകരുതേ. മറിച്ച് നിനക്ക് പ്രീതികരമായ നൈർമല്യത്തോടും നിഷ്കളങ്കതയോടും കൂടി നിന്റെ നേർവഴികളിൽ വ്യാപരിക്കുവാൻ ഞങ്ങൾക്ക് കൃപ നൽകണമേ '.

പൗവ്വത്തിൽ പിതാവിന്റെ ആ സന്ദേശം ജോഷ്വാ പിതാവ് പിന്നീട് ഓർത്തിട്ടുണ്ടോ എന്ന് അറിയില്ല. പക്ഷേ അവ അന്വർത്ഥമാക്കുന്ന പ്രവർത്തനശൈലിയാണ് അദ്ദേഹം ഇക്കാലമത്രയും പിന്തുടർന്നത് എന്ന് അദ്ദേഹത്തെ അടുത്തറിഞ്ഞ അനേകരുടെ പരാമർശങ്ങൾ വെളിവാക്കുന്നു. സത്യവിശ്വാസത്തെ മുറുകെപ്പിടിച്ചുകൊണ്ട് മനുഷ്യ മനഃസ്സാക്ഷിയുടെ പ്രതീകമായി തിന്മകൾക്കെതിരേ പ്രവാചകധ്വനി യോടെ പ്രതികരിച്ചുകൊണ്ട്, അപകടത്തിന്റേയും അപചയത്തിന്റേയും അപായ സൂചനകൾ സമൂഹത്തിന്റെ പൊതുബോധത്തിന് യഥാസമയം നൽകിക്കൊണ്ട് പിതാവ് യാത്ര ചെയ്യുന്നു. ആർക്കും സ്വന്തമെന്ന് അവകാശപ്പെടാൻ ആകാത്ത വിധം സമസ്തമനുഷ്യരുടേയും ബന്ധുവും സ്നേഹിതനുമായിരുന്നുകൊണ്ട്, ജയപരാജയ ഭീതി യില്ലാതെയുള്ള കൃത്യനിർവ്വഹണത്തിന് അനേകർക്ക് ധൈര്യമേകുന്ന ഊർജ്ജമായി നിലകൊള്ളുവാൻ അദ്ദേഹത്തിന് കഴിയുന്നു എന്നതിനെ അത്ഭുതത്തോടെയും അതിലേറെ കൃതാർത്ഥതയോടെയും നോക്കി ക്കാണുന്നു. തന്റെ സാമീപ്യവും സാന്ത്വനവും സഹായവും ആവശ്യ മുള്ളവർക്ക് നൽകിക്കൊണ്ട്, ആവശ്യപ്പെടുന്ന എല്ലാ ഇടങ്ങളിലേക്കും മാത്രമല്ല ആവശ്യമുണ്ടെന്നു തനിക്ക് തോന്നുന്ന എല്ലാവരിലേക്കും, ഏത് അസമയത്തും കണ്ട് നിൽക്കുന്ന എല്ലാവരെയും അത്ഭുതപ്പെടു ത്തിക്കൊണ്ട് ഓടിയെത്തുന്ന ആ സമർപ്പണം ഏറെ ദൈവാനുഗ്രഹ ത്താൽ ഇനിയും കൂടുതൽ തീക്ഷ്ണതയോടെ ദൈവം ആഗ്രഹിക്കുന്ന കാലത്തോളം തുടരട്ടെ എന്ന് പ്രാർഥിക്കുന്നു.

●

www.malankaralibrary.com


# അഗതികളുടെ പിതാവ്



**മുഹമ്മദ് ഷെമീർ**
ഓർഗനൈസിംഗ് സെക്രട്ടറി ഗാന്ധിഭവൻ,
ഡയറക്ടർ ഗാന്ധിഭവൻ സ്നേഹവീട്, ഹരിപ്പാട്

27

**ആ**ദ്യമായി പരിചയപ്പെട്ട മാത്രയിൽ ഹൃദയത്തിലേറെ പതിഞ്ഞ മുഖമാണ് തിരുമേനിയുടേത്. 2009-ൽ കായംകുളം ചേതനയുടെ പ്രവർത്തനങ്ങളുടെ ഭാഗമായി അന്നത്തെ ഡയറക്ടർ ഫാ.ബിന്നി നെടും പുറത്ത് ആണ് ഡോ.ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയെ പരിചയപ്പെടുത്തിയത്. അന്നുമുതൽ എന്റെ എല്ലാ പ്രവർത്തനങ്ങളും വീക്ഷിക്കുകയും പൂർണ പിന്തുണ നൽകിയ വ്യക്തിത്വവും ആണ് തിരു മേനി. ഒരു ഗുരുവിനെപോലെ, സഹോദര നെപോലെ, സുഹൃത്തിനെ പോലെ, എന്തുവിശേഷം പറയണമെന്ന് അറിയില്ല. ജീവകാരുണ്യ പ്രവർത്തനമേഖലയെ ഏറെ സ്നേഹിച്ച, സേവന പ്രവർത്തകരെ ആദരിച്ച ഇടയനായിരുന്നു പിതാവ്. ഇത്രത്തോളം കാരുണ്യ പ്രവർത്ത നങ്ങളിൽ ആഴ്ന്നിറങ്ങുന്ന ഒരു മഹാപുരോഹിതനെ ഞാൻ എന്റെ ജീവിതത്തിൽ കണ്ടിട്ടില്ല. ചേതന എന്ന പ്രസ്ഥാനം ജോഷ്വാ തിരുമേനി യുടെ നേതൃത്വത്തിൽ ഓണാട്ടുകരയുടെ ആശ്വാസകേന്ദ്രമായി മാറി. ഫാ. ബിന്നി നെടുംപുറത്തിനുശേഷം ഫാ. ലൂക്കോസ് കന്നിമേൽ,

www.malankaralibrary.com


ഫാ. ഫ്രാൻസിസ് പ്ലാവറകുന്നിൽ, ഫാ. ഫിലിപ്പ് ജമ്മത്തുകളത്തിൽ, ഫാ. ജയിൻ തെങ്ങുവിളയിൽ, എന്നിവരുടെ പ്രവർത്തനങ്ങൾ കത്തോലിക്കാ സഭയ്ക്ക് അഭിമാനകരമാക്കുന്നതിൽ പിതാവിന്റെ ഇടപെടൽ കാരണമായി.

കഴിഞ്ഞ 15 കൊല്ലത്തെ ബന്ധത്തിൽ എന്റെ ജീവിതത്തിൽ ഏറെ സ്വാധീനം ചെലുത്തിയ വ്യക്തിയായി പിതാവ് മാറി, അമലഗിരി അരമന മാനവികതയുടെ തറവാടായിമാറി, അരമനയുടെ വാതിലുകൾ എപ്പോഴും അശരണർക്കും ആലംബഹീനർക്കും ആയി തുറന്നു കിടക്കുമെന്ന സത്യം ഞാൻ തിരിച്ചറിഞ്ഞു. പലപ്പോഴും പിതാവിന് ഒപ്പം യാത്രയിൽ പങ്കുചേരുവാൻ അവസരം ലഭിച്ചിട്ടുണ്ട് ആ സമയമെല്ലാം പോകുന്ന സ്ഥലത്ത് അല്ലെങ്കിൽ വഴിയിൽ ആരെങ്കിലും രോഗികളായി കിടക്കുന്നതുണ്ടെന്ന് അറിഞ്ഞാൽ അവിടെയെത്തി അവർക്ക് സമാശ്വാസം പകരുന്ന അഗതികളുടെ അപ്പോസ്തലനാണ് പ്രിയ പിതാവ്.

ഗാന്ധിഭവൻ എന്ന കുടുംബത്തെ ഏറെ സ്നേഹിക്കുന്ന പിതാവ് മക്കളാലും, ബന്ധുക്കളാലും, ഉപേക്ഷിക്കപ്പെട്ട് അന്തേവാസികളായി എത്തപ്പെട്ടവർക്ക് വർഷത്തിൽ നിരവധി തവണ സമാശ്വാസം നൽകുവാൻ പിതാവ് എത്തും. എല്ലാവരോടും കുശലങ്ങൾ പറഞ്ഞ് ചേർത്തുപിടിക്കും, നല്ല സന്ദേശം നൽകും, പോകാൻനേരം ഗാന്ധിഭവന് സഹായവും നൽകും. അതൊരു ശീലമാണ്, ഒരു കരുതലാണ്. ഗാന്ധിഭവൻ പോലെ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും പിതാവിന്റെ സാമീപ്യം വ്യത്യസ്തമായ അനുഭവമാണ്. ഗാന്ധിഭവൻ ശാഖകളായ ഹരിപ്പാട് ഗാന്ധിഭവൻ സ്നേഹവീട്, ചെങ്ങന്നൂർ ഗാന്ധിഭവൻ ദേവാലയം, വാളകം ഗാന്ധിഭവൻ മേഴ്സി ഹോം, തുടങ്ങിയ എല്ലായിടത്തും പിതാവിന്റെ കരുതലും സ്നേഹവും ലഭിക്കുന്നു. പ്രായമായ അമ്മമാരെ സ്നേഹിക്കുന്ന, അച്ഛന്മാരെ ആദരിക്കുന്ന, കുഞ്ഞുങ്ങൾക്ക് വാത്സല്യം നൽകുന്ന, മാനസികരോഗികൾക്ക് പ്രാർത്ഥന നടത്തുന്ന, കിടപ്പുരോഗികളെ ചേർത്തുപിടിക്കുന്ന പിതാവിന്റെ പ്രവർത്തനങ്ങൾ കാണുമ്പോൾ കാലംചെയ്ത ഫ്രാൻസിസ് മാർപാപ്പയുടെ വാക്കുകൾ അന്വർത്ഥമാക്കുന്ന കത്തോലിക്കാ സഭയുടെ അഭിമാനത്തെ ആണ് കാണാൻ കഴിയുന്നത്.

കാരുണ്യവും,കരുണയും വിനയവും, നേതൃപാടവും കൊണ്ട് എല്ലാ മേഖലകളിലും കഴിവ് തെളിയിച്ച മഹാൻ. ഏത് ചെറിയപരി

www.malankaralibrary.com


പാടിക്ക് ക്ഷണിച്ചാലും ഒരു മടിയും ഇല്ലാതെ കൃത്യസമയം അനുഷ്ഠിച്ച് എത്തുന്ന പിതാവിനെ ഒരാൾക്കും മറക്കാൻ കഴിയില്ല.

**ജാനകിയമ്മയുടെ പിതാവ്**

ഗാന്ധിഭവൻ സ്നേഹവീട്ടിലെ തൊണ്ണൂറ്റിയാറ്കാരിയായ ജാനകി യമ്മക്ക് പിതാവ് സ്വന്തം മകനെപ്പോലെയാണ്. എപ്പോഴും പിതാവിന്റെ വിശേഷങ്ങൾ തിരക്കുന്ന ഒരു അമ്മ. താൻ ജന്മം നൽകിയ മക്കൾ ഉപേക്ഷിച്ച് ഗാന്ധിഭവനിൽ എത്തിയ അമ്മയുടെ മൂത്ത മകന്റെ സ്ഥാന മാണ് പിതാവിനുള്ളത്. ഏതു സന്തോഷ നിമിഷങ്ങൾ ഉണ്ടായാലും ഓടിയെത്തുന്ന പിതാവ് അഗതികളുടെ മകനാണ്. ജാനകിയമ്മയുടെ നവതി ആഘോഷത്തിന് ആദ്യം സമ്മാനവുമായി എത്തിയതും പ്രിയപ്പെട്ട തിരുമേനിയാണ്. അരമനയിൽ നടക്കുന്ന എല്ലാ പ്രധാന ചടങ്ങുകളിലും പലപ്പോഴും ജാനകിയമ്മയും പങ്കെടുക്കാറുണ്ട്. ഏറെ അത്ഭുതപ്പെടുത്തുന്ന ഒരു മനുഷ്യനാണ് തിരുമേനി.

എന്റെ ജീവിതത്തിലെ പല പ്രതിസന്ധിഘട്ടത്തിലും ഒരു പിതാവിന്റെ സ്ഥാനത്തു നിന്നു എനിക്ക് കരുത്ത് നൽകിയ വ്യക്തിത്വം കൂടിയാണ്. മരണംവരെ മറക്കാൻ കഴിയാത്ത ഒരുപാട് ഓർമ്മകൾ, ചേർത്തു പിടിക്കലുകൾ ഈ സമയത്തിനുള്ളിൽ പിതാവിൽ നിന്നും ലഭിക്കാനിടയായ ഒരു ചെറുപ്പക്കാരനാണ് ഞാൻ. മുന്നോട്ടുള്ള യാത്രയിലും പിതാവിനോടൊപ്പം എന്നും ഉണ്ടാകും. ഒരു മുസ്ലിം കുടുംബത്തിൽ ജനിച്ച എന്നെ ജീവകാരുണ്യ പ്രവർത്തന മേഖലയിൽ എനിക്ക് ഏറെ പിന്തുണ നൽകിയ വ്യക്തിയാണ് ജോഷ്വാ തിരുമേനി. ദൈവം എല്ലാ അനുഗ്രഹങ്ങളും നന്മകളും നൽകി അനുഗ്രഹിക്കട്ടെ എന്ന പ്രാർത്ഥനയോടെ...

www.malankaralibrary.com


# സഭാവിഹായസിലെ വ്യത്യസ്തനായ ഇടയൻ



28

**ഫാ. റോമാൻസ് ആന്റണി**
കേരളാ സോഷ്യൽ സർവ്വീസ് ഫോറം
മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ

**ക്ഷീ**രപഥത്തിൽ നക്ഷത്രങ്ങൾ ഏറെ ഉണ്ടെങ്കിലും ചില നക്ഷത്രങ്ങൾക്ക് ശോഭ കൂടുതലാണ്. തിരുസഭാ വിഹായസിലെ ഉജ്ജ്വല ശോഭയുള്ള ഒരു താരമാണ് ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്. മാവേലിക്കര സീറോ മലങ്കര കത്തോലിക്കാ രൂപതയുടെ അതിരുകൾക്കപ്പുറമാണ് ബിഷപ്പ് ജോഷ്വാ പിതാവിന്റെ സ്ഥാനം. സീറോ മലങ്കര കത്തോലിക്കാ സഭയുടെ അതിരുകൾക്ക് അപ്പുറത്ത് സ്വന്തമായ ഒരു ഭാഗധേയം അദ്ദേഹം വെട്ടിത്തെളിച്ചു. കേരള കത്തോലിക്കാ സഭയുടെ വൃത്തത്തിനപ്പുറത്ത് വലിയ സൗഹൃദ ബന്ധങ്ങൾ അദ്ദേഹം രൂപപ്പെടുത്തി. ഭാരത കത്തോലിക്ക മെത്രാൻ സമിതിയിൽ തന്റേതായ ഒരു മുദ്രപതിപ്പിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. കേരളത്തിലെ പൊതു സമൂഹത്തിൽ ഇത്രയേറെ ആധരിക്കപ്പെടുന്ന ഒരു അജപാലകൻ വേറെയില്ല.

ഒരാളെ നമ്മൾ ഇഷ്ടപ്പെടുന്നത് അയാൾ നമ്മളോട് പ്രദർശിപ്പിക്കുന്ന സ്നേഹം കാരണമാണ്. A man for all seasons എന്ന വിശുദ്ധ

www.malankaralibrary.com


തോമസ്മൂറിനെപ്പറ്റിയുള്ള വിശേഷണം ജോഷ്വാ പിതാവിന് ചാർത്തിക്കൊടുക്കുന്നതിൽ ശങ്കവേണ്ട. എല്ലാവർക്കും ഒരാൾ സംലഭ്യനാകുന്നതും എല്ലാവർക്കും തന്റെ വാതിൽ തുറന്നിടുന്നതും അപൂർവ്വമാണ്. ജോഷ്വാ തിരുമേനിയെ കാണുവാനും സംസാരിക്കുവാനും പ്രത്യേക അനുവാദം ഒന്നും ആവശ്യമില്ല. അതുകൊണ്ടുതന്നെ വളരെ വിപുലമായ ഒരു സൗഹൃദ വലയം സൃഷ്ടിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. സൗഹൃദങ്ങൾ നിലനിർത്തുവാൻ എത്രദൂരം വരെ സഞ്ചരിക്കുവാനും അദ്ദേഹം തയ്യാറാണ്. സ്നേഹമുള്ളവരുടെ വീട്ടിലെ മരണത്തിൽ എത്ര രാത്രിയായാലും അദ്ദേഹം എത്തിച്ചേരും. സന്ദർശനത്തിന്റെ മാസ്മരികത അദ്ദേഹം സുവിശേഷത്തിൽ നിന്നും അടർത്തിയെടുത്തതാണ്. എലിസബത്തിനെ കാണുവാൻ യാത്ര ചെയ്ത മറിയം സൗഹൃദങ്ങൾ നിലനിർത്തിയ ഒരു കഥാപാത്രമാണ്. സ്നേഹിക്കുന്നവരുടെ വീട്ടിലെ സുഖദുഃഖങ്ങൾ ജോഷ്വാ പിതാവ് സ്വന്തമാക്കുന്നു. ഈ സന്ദർശനങ്ങൾ വഴി റീത്തുകളുടെയും മതത്തിന്റെയും വേലിക്കെട്ടുകൾ തകർത്ത് ഒരു വിശാല മാനവികത സ്വരുക്കൂട്ടുവാൻ അദ്ദേഹത്തിന് സാധിച്ചു.

ജോഷ്വാ തിരുമേനിയ്ക്ക് സ്വന്തമായ ഒരു സാമൂഹ്യ ദൈവശാസ്ത്രം ഉണ്ട് എന്നാണ് എന്റെ ചിന്ത. വേദപുസ്തകചിന്തകൾ ചാലിച്ചെടുത്ത് സാമൂഹ്യ യാഥാർത്ഥ്യങ്ങളുമായി ബന്ധപ്പെടുത്തുന്ന ഒരു ദൈവശാസ്ത്രമാണത്. ആ ദൈവശാസ്ത്രത്തിലെ ആദ്യ പ്രമാണം എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു സമൂഹ സൃഷ്ടിയാണ് (an inclusive society). ദൈവരാജ്യം എന്ന സങ്കല്പം തന്നെ വേലിക്കെട്ടില്ലാത്ത ഒരു സമൂഹമാണല്ലോ.

രണ്ടാമത്തെ പ്രമാണം സാന്നിദ്ധ്യത്തിന്റെ ആദ്ധ്യാത്മികതയാണ്. കൂടെ നടക്കുന്ന ഒരു ആദ്ധ്യാത്മികതയാണത്. മരുഭൂമിയിൽ ഇസ്രായേൽ ജനത്തോടൊപ്പം നടന്ന യഹോവായുടെ അരൂപിയാണത്. നിസ്സഹായരായ മനുഷ്യരെ അനുധാവനം ചെയ്യുന്ന ആദ്ധ്യാത്മകതയാണത്. എന്ത് കൊടുക്കാനുണ്ട് എന്നതല്ല കൂടെനിൽക്കാമെന്ന ഉറപ്പാണത്. സാന്നിദ്ധ്യത്തിന്റെ ദിവ്യതയിലാണ് നമ്മുടെ ദൈവദർശനം പോലും രൂപപ്പെടുന്നത്. ഒരു വാഗ്ദാന പേടത്തിന്റെ പുറകെ നടന്നവരായിരുന്നു ഇസ്രായേൽ ജനം. ഇന്നിപ്പോൾ ചിലരുടെ പിറകെ നടക്കാമെന്ന് ജനം തീരുമാനിക്കുന്നത് മുമ്പേ നടക്കുന്ന ആൾ അവർക്ക് നൽകുന്ന ആത്മവിശ്വാസം മൂലമാണ്. സ്ഥലകാലബദ്ധവും സ്ഥലകാലാധീതവുമായ സാന്നിദ്ധ്യത്തിലൂടെയുമാണ് ദൈവം നമ്മളെ എല്ലാ

www.malankaralibrary.com


വരെയും കണ്ടുമുട്ടുന്നത്. സുഖദുഃഖങ്ങളിൽ, പ്രതിസന്ധികളിൽ ആശ്വാസത്തിന്റെയും പ്രോത്സാഹനത്തിന്റേയും സാന്നിദ്ധ്യമാണ് ബിഷപ്പ് ജോഷ്വാ തിരുമേനിയുടെ സാമൂഹ്യദർശനത്തിൽ പ്രധാനപ്പെട്ടത്. ആകസ്മികമായി കടന്നുവരുന്ന മരണം മറ്റ് സംഭവങ്ങൾ എന്നിവയോട് അദ്ദേഹം പ്രതികരിക്കുന്നത് മുൻകൂട്ടി തയ്യാറാക്കിയ കാര്യപരിപാടിയിൽ മാറ്റം വരുത്തിയിട്ടാണ്. എല്ലാ മെത്രാന്മാർക്കും സാധ്യമായ ഒരു സിദ്ധി അല്ലത്. ഒരു ഫോൺകോള് വഴിയുള്ള ആശ്വാസ സന്ദേശം കൊണ്ട് അദ്ദേഹം തൃപ്തനാകുന്നില്ല. നേരിട്ടുള്ള സന്ദർശനം താൻ സ്നേഹിക്കുന്നവരെ ആശ്വസിപ്പിക്കും എന്നാണ് അദ്ദേഹത്തിന്റെ വിശ്വാസം. ഒരുപാടുപേരുടെ ഹൃദയങ്ങളെ സ്പർശിക്കുവാൻ ഈ മനോഭാവം കൊണ്ട് അദ്ദേഹത്തിന് സാധിച്ചു. ഈ ദൈവശാസ്ത്രം പ്രാവർത്തികമാക്കുവാൻ അദ്ദേഹം നടത്തിയ യാത്രകൾ കേരളത്തിലെ ഏറ്റവും അധികം യാത്രചെയ്യുന്ന മെത്രാനെന്ന സ്ഥാനം അദ്ദേഹത്തിന് നൽകി.

ജോഷ്വാ പിതാവിന്റെ സാമൂഹ്യ ഇടപെടലുകളിൽ ഏറെ ശ്രദ്ധിക്കപ്പെടുന്ന ഒന്നാണ് അദ്ദേഹം കേരളത്തിലെ മദ്യവിരുദ്ധ പ്രസ്ഥാനങ്ങൾക്ക് നൽകിയ നേതൃത്വം. ലഹരിയിൽ മനുഷ്യനെ മുങ്ങിത്താഴ്ത്തുന്ന ഒരു സംസ്കാരത്തിനെതിരെ വിട്ടുവീഴ്ചയില്ലാത്ത ഒരു സമരമാണ് അദ്ദേഹം നയിക്കുന്നത്. മദ്യം വിതയ്ക്കുന്ന വിപത്തുകളെപ്പറ്റി പിതാവിന് ഒരുപാട് കാര്യങ്ങൾ പറയുവാനുണ്ട്. ഇതുസംബന്ധിച്ച് അദ്ദേഹം എഴുതിയത് ഇപ്രകാരം: “മദ്യപാനം മദ്യപിക്കുന്ന ആളുകളുടെ ആരോഗ്യത്തെമാത്രമല്ല ബാധിക്കുന്നത്, സമൂഹത്തെയാകെയാണ്. തൊഴിൽ ചെയ്തുകിട്ടുന്ന വരുമാനമാകെ മദ്യത്തിനുവേണ്ടി ചെലവഴിക്കുന്ന തൊഴിലാളികൾ വളരെ ഏറെയാണ്. കുടുംബത്തിന്റെ സാമ്പത്തിക ചെലവിൽ അല്പംപോലും സഹായിക്കാൻ കഴിയില്ല എന്നതാണ് ഒന്നാമത്തെ കാര്യം. മൂക്കറ്റം മദ്യപിച്ച് വീട്ടിലെത്തുമ്പോൾ കുടുംബാംഗങ്ങൾക്ക് ഏൽക്കേണ്ടിവരുന്ന ശാരീരികവും മാനസികവുമായ പീഡനങ്ങൾ ആണ് രണ്ടാമത്തേത്. മദ്യപന്മാരുടെ കുട്ടികൾ ആരോഗ്യപരമായും വിദ്യാഭ്യാസപരമായും ഏറെ പിന്നിലാകുന്നത് സ്വാഭാവികമാണ്.

മൂന്നാമത്തെ ദുരന്തം പിന്നീട് വന്നുചേരുന്നതാണ്. മദ്യപാനത്തിലൂടെ സൃഷ്ടിക്കപ്പെടുന്ന രോഗം ചികിത്സിക്കേണ്ടതിന്റെ ബാധ്യതയും കുടുംബത്തിന്റെ മേലാണ് വന്നുവീഴുന്നത്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളിൽ മുഖ്യപ്രേരണ മദ്യമാണ്. കുടുംബ

www.malankaralibrary.com


കലഹങ്ങളിൽ 85% ഗൃഹനാഥന്റെ മദ്യപാനം മൂലമാണ്. 30% വിവാഹ മോചനത്തിന്റെ കാരണവും മദ്യപാനമാണ്. റോഡപകടങ്ങളിൽ കേരളം ഇൻഡ്യയിൽ രണ്ടാം സ്ഥാനത്താണ്. അപകടങ്ങളിൽ 60%വും മദ്യപിച്ച് വാഹനം ഓടിക്കുന്നതുകൊണ്ടാണ്. കേരളത്തിൽ മദ്യഷാപ്പുകളുടെ ഒഴിവുദിവസങ്ങളിലാണ് റോഡപകടങ്ങൾ കുറയുന്നത് എന്നത് ഈ നിരീക്ഷണത്തിന് ശക്തിപകരുന്നു. അനധികൃതമായ പ്രവർത്തികളിലൂടെ വൻതോതിൽ പണം സമ്പാദിക്കുകയും അധികാരകേന്ദ്രങ്ങളെ സ്വാധീനിച്ച് നിയമവിരുദ്ധ പ്രവർത്തികൾ തുടരുകയും ചെയ്യുന്ന മാഫിയാ സംഘങ്ങൾ മദ്യവ്യാപാര രംഗത്ത് വളരെ മുമ്പുതന്നെ പ്രബലമാണ്."

സംസ്ഥാനത്ത് മദ്യത്തിന്റെ ലഭ്യതയ്ക്ക് കുറവുവരുത്തുവാനും അതിന്റെ വ്യാപനം തടയുന്നതിനും ഒരുപാട് സമരങ്ങളിൽ അദ്ദേഹം പങ്കെടുത്തു. കേരളത്തിന്റെ പൊതുമനസ്സിൽ അതുമൂലം അദ്ദേഹം തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചു.

വിദ്യാഭ്യാസ മേഖലയിൽ സഭയുടെ നിലപാട് ഉയർത്തിപ്പിടിക്കുവാൻ ഒരുപാട് ഇടപെടലുകളിൽ അദ്ദേഹം പങ്കുചേർന്നു. ന്യൂനപക്ഷാവകാശങ്ങൾ സംരക്ഷിക്കുവാനുള്ള കേരളത്തിലെ ക്രൈസ്തവ സഭകളുടെ സമരവേദികളിൽ നിത്യസാന്നിദ്ധ്യമാണ് ജോഷ്വാ പിതാവ്. സ്ത്രീ വിദ്യാഭ്യാസത്തെപ്പറ്റി അദ്ദേഹത്തിന് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. "ഓരോ കുട്ടിയുടെയും സർഗ്ഗശേഷിയെ അതിന്റെ സാധ്യതകൾക്കനുസരിച്ച് പരമാവധി വളർത്തുകയാണ് ആധുനിക വിദ്യാഭ്യാസ രീതിയിലൂടെ ചെയ്യുന്നത്. പാഠ്യപദ്ധതിയും സമീപന രീതിയും ആധുനികമല്ലാത്തതാണ് നാം നേരിടുന്ന വലിയ വെല്ലുവിളി. ഹൈടെക് വിദ്യാഭ്യാസം എന്ന ഒരു വാക്കിലേക്ക് ഈ ആശയത്തെ ചുരുക്കരുത്. സ്ത്രീവിദ്യാഭ്യാസം എന്നത് ലിംഗ നീതി, സ്ത്രീശാക്തീകരണം എന്നിവയുമായി ബന്ധപ്പെട്ടു മാത്രം വായിക്കപ്പെടേണ്ട ഒന്നല്ല. അത് ഒരു സമൂഹത്തിന്റെ മൊത്തം സാമൂഹിക - സാംസ്കാരിക - രാഷ്ട്രീയ വ്യവഹാരങ്ങളുടെ കേന്ദ്രസ്ഥാനത്ത് തന്നെ ചർച്ചചെയ്യേണ്ടതായിട്ടുണ്ട്." ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ വിദ്യാഭ്യാസ കമ്മീഷന്റെ ചെയർമാൻ എന്ന നിലയിൽ അദ്ദേഹം നിസ്തുലമായ സേവനമാണ് കാഴ്ചവെച്ചത്.

നമ്മുടെ സാമൂഹ്യ ശൃംഖലയിലെ മൂന്നു ഘടകങ്ങളാണല്ലോ വ്യക്തി, കുടുംബം, സമൂഹം എന്നിവ. കുടുംബ ജീവിതത്തിന്റെ മഹനീയതയെക്കുറിച്ച് ജോഷ്വാ തിരുമേനിയ്ക്ക് ഉത്തമ ബോദ്ധ്യങ്ങൾ

www.malankaralibrary.com


ഉണ്ടായിരുന്നു. അതുകൊണ്ട് കുടുംബജീവിതത്തിന്റെ മാധുര്യത്തെക്കുറിച്ച് അദ്ദേഹം എല്ലായിടത്തും പ്രസംഗിച്ചിരുന്നു. സങ്കീർണ്ണമായ ആധുനിക ജീവിതത്തിൽ ഏറ്റവും കൂടുതൽ പ്രതിസന്ധി നേരിടുന്നത് കുടുംബസംവിധാനമാണ്. ഇതിനെപ്പറ്റി അദ്ദേഹം പറഞ്ഞത് ഇപ്രകാരം: “കുടുംബകലഹം, പരസ്പര വിശ്വാസമില്ലായ്മ, വിവാഹമോചനം, കുടുംബാംഗങ്ങൾക്കിടയിൽ ആശയവിനിമയത്തിന്റെ അഭാവം, സന്താനങ്ങളുമായി വേണ്ടത്ര സമയം ചെലവഴിക്കാൻ കഴിയാതിരിക്കൽ, സാങ്കേതിക വിദ്യകളുടെ അതിപ്രസരം തുടങ്ങി അനേകം പ്രശ്നങ്ങളിൽ കുടുങ്ങിക്കിടക്കുകയാണ് കുടുംബം. ഈ ഒരു അവസ്ഥയ്ക്ക് മാറ്റം സംഭവിച്ചില്ലെങ്കിൽ ഭയാനകമായ വിപത്തായിരിക്കും നേരിടേണ്ടിവരിക.”

ജോഷ്വാ പിതാവിന്റെ സാമൂഹ്യ ദർശനത്തിൽ അവസര സമത്വവും തുല്യതയും വിട്ടുവീഴ്ച ചെയ്യാൻ പറ്റാത്ത മൂല്യങ്ങളാണ്. സാധാരണക്കാരുടെ കുടുംബങ്ങളിൽ മക്കളെക്കുറിച്ച് വലിയ സ്വപ്നങ്ങൾ മെനയുവാനദ്ദേഹം പ്രേരണ നൽകി. തന്റെ അജഗണത്തിന് വിശ്വാസ ശിക്ഷണം മാത്രമല്ല അദ്ദേഹം നൽകിയത്. സ്വപ്നങ്ങൾ കാണുവാൻ അദ്ദേഹം യുവാക്കളെ പഠിപ്പിച്ചു. ജീവിതത്തിന് പുതിയ സാദ്ധ്യതകൾ വെട്ടിത്തെളിക്കുവാൻ അദ്ദേഹം യുവജനങ്ങളോട് പറഞ്ഞു. സാധാരണക്കാരന്റെ ജീവിതം മെച്ചപ്പെടുത്തുവാൻ, അവരുടെ ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ പിതാവ് ഭാവാത്മകമായ പല പരിപാടികൾക്കും രൂപം കൊടുത്തു. സംരംഭകത്വവികസനം പിതാവിന്റെ സാമൂഹ്യഇടപെടലുകളിലെ ഒരു പ്രധാന അംശമായിരുന്നു. എല്ലാവരും വിദേശത്തേക്ക് പോകുവാൻ ശ്രമിക്കുമ്പോൾ നമ്മുടെ നാട്ടിലുള്ള അവസരങ്ങൾ പ്രയോജനപ്പെടുത്താൻ അദ്ദേഹം ആഹ്വാനം ചെയ്തു. തീവ്ര ദാരിദ്ര്യം അനുഭവിക്കുന്ന കുടുംബങ്ങൾക്ക് അത്യാവശ്യ സൗകര്യങ്ങൾ ഒരുക്കുവാൻ അദ്ദേഹം മറന്നില്ല. ദാരിദ്ര നിർമ്മാജ്ജനം അദ്ദേഹത്തിന്റെ അജപാലക ധർമ്മത്തിന്റെ അഭിഭാജ്യ ഘടകമായിരുന്നു. ഇതോടൊപ്പം സാധാരണക്കാർക്ക് വൈദ്യസഹായത്തിനുള്ള സഹായം എത്തിക്കുന്നതിലും ബന്ധപ്പെട്ടവർക്ക് അദ്ദേഹം നിർദ്ദേശം നൽകി.

ഫ്രാൻസിസ് മാർപാപ്പയുടെ പരിസ്ഥിതി സംരക്ഷണത്തെപ്പറ്റിയുള്ള പ്രതിബദ്ധത ജോഷ്വാ പിതാവ് സ്വന്തമാക്കി. പിതാവ് അതേപ്പറ്റി പറയുന്നത് “ജൈവവൈവിധ്യം മാത്രമല്ല, മാനവ സംസ്കാരത്തിലെ വൈവിധ്യമാർന്ന പൈതൃകങ്ങളും സംരക്ഷിക്കപ്പെടണം. ഈ ഭൂമുഖത്തുനിന്ന് കടന്നുപോകുമ്പോൾ അടുത്ത തലമുറയ്ക്കായി നാം അവശേഷിപ്പിക്കുന്നത് സുന്ദരമായ ഒരു ഭൂമിയായിരിക്കണം.

www.malankaralibrary.com


ഇതാണ് തലമുറകൾക്കിടയിലെ നീതി എന്നതുകൊണ്ട് പാപ്പാ ഉദ്ദേശിക്കുന്നത്. പ്രപഞ്ചത്തോടു നമുക്കുണ്ടാകേണ്ട അടിസ്ഥാനഭാവങ്ങൾ വിസ്മയത്തിന്റെയും അവയിൽ നിന്നുളവാകുന്ന ആദരവിന്റെയും സ്നേഹത്തിന്റെയും നന്ദിയുടെയും ഭാവങ്ങളാണ്."

സുറിയാനി പദമായ 'മമത്റാൻ' അഥവാ മിത്രാൻ എന്ന പദത്തിൽ നിന്നാണ് മെത്രാൻ എന്ന വാക്ക് രൂപപ്പെട്ടത്. മേൽനോട്ടക്കാരൻ, കാവൽക്കാരൻ, പരിപാലകൻ, മേലദ്ധ്യക്ഷൻ എന്നൊക്കെയുള്ള അർത്ഥങ്ങളും ഈ പദത്തിനുണ്ട്. മെത്രാൻ കാവൽക്കാരനാണ്. വിശ്വാസസമൂഹത്തിന്റ കാവൽക്കാരൻ മാത്രമല്ല പൊതുസമൂഹത്തിന്റെ കൂടി കാവൽക്കാരനാണ്. ലത്തിൻ റീത്തിൽ മെത്രാന് 'പൊന്തിഫെക്സ്' എന്നൊരു വിശേഷണം ഉണ്ട്. പാലം പണിയുന്ന ജോലിക്കാരെ ഉയർന്ന കാവൽ ഗോപുരത്തിൽ നിന്നും വീക്ഷിക്കുന്ന ആളാണ് പൊന്തിഫെക്സ്. മുകളിൽ നിന്നും നിരീക്ഷിക്കുന്നത് കുറ്റങ്ങൾ കണ്ടുപിടിക്കുന്നതിനേക്കാൾ കുറവുകൾ നികത്തുവാനാണ്. പൗരസ്ത്യസഭകളിലെ മെത്രാന്മാർ ശിരോവസ്ത്രം അണിയുന്നവരാണ്. ഗ്രീക്കുഭാഷയിൽ ശിരോവസ്ത്രത്തിന് "മിത്ര" എന്നാണ് പറയുന്നത്. ഇതിൽ നിന്നാണ് അറബിഭാഷയിലെ മിത്രാൻ എന്ന പദവും പിന്നീട് മെത്രാൻ എന്ന പദവും ഉണ്ടായത്. അന്ത്യോക്യൻ പാരമ്പര്യം ഉള്ള സഭകളിൽ മെത്രാന്മാർ ഉപയോഗിക്കുന്ന ശിരോവസ്ത്രത്തെ 'മസ്തപസ' എന്നാണ് വിളിക്കുന്നത്. ലത്തിൻ മെത്രാന്മാർ ശിരസിൽ വെയ്ക്കുന്ന 'മൈറ്റർ' എന്ന പേരിലുള്ള തൊപ്പി ഗ്രീക്കുഭാഷയിലെ മിത്ര എന്ന വാക്കിൽ നിന്നും ഉരുവായതാണ്. മെത്രാന്റെ സ്ഥാനചിഹ്നമാണ് ശിരോവസ്ത്രം. തിന്മയുടെ സ്വാധീനത്തെ തടയുവാനുള്ള കവചമാണത്. സമൂഹത്തിൽ നന്മയുടെ പരിവേഷം നൽകുവാനുള്ള ഓർമ്മപ്പെടുത്തലാണത്. തലയിൽ ശിരോവസ്ത്രവും മുഖത്ത് മായാത്ത പുഞ്ചിരിയുമുള്ള ഇടയനാണ് ജോഷ്വാ പിതാവ്.

മെത്രാനു വിശുദ്ധീകരിക്കുവാനും പഠിപ്പിക്കുവാനും ഒരു സമൂഹത്തെ വിശ്വാസത്തിലും സ്നേഹത്തിലും രൂപപ്പെടുത്തുവാനുള്ള ദൗത്യമാണുള്ളത്. ക്രിസ്തുവിന്റെ ശരീരമായ സഭയ്ക്ക് പ്രാദേശികാസ്ഥിത്യം നൽകുയാണ് മെത്രാന്റെ കടമ. ക്രിസ്തീയ പ്രബോധനത്തിന് കാലിക പ്രസക്തമായ വ്യാഖ്യാനം നൽകുവാൻ മെത്രാനു സാധിക്കണം. ജനങ്ങളെ വല്ലാതെ അലട്ടുകയും കഷ്ടപ്പെടുത്തുകയും ചെയ്യുന്ന വിഷമപ്രശ്നങ്ങൾക്ക് പരിഹാരം എന്ന നിലയിൽ ക്രൈസ്തവ സിദ്ധാന്തങ്ങളെ കാലോചിതമായ ആവശ്യങ്ങൾക്ക് യോജിച്ച വിധത്തിൽ

www.malankaralibrary.com


അവതരിപ്പിക്കുന്നതിൽ പിതാവിന് പ്രത്യേക വൈദഗ്ധ്യം ഉണ്ട്.

മനുഷ്യസമുദായത്തെയും മനുഷ്യസമുദായം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെയുംപറ്റി ബന്ധപ്പെട്ടവരോട് സംവാദത്തിൽ ഏർപ്പെടുകയാണ് മെത്രാന്റെ പ്രധാന കർത്തവ്യം എന്നാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിച്ചത്. ഈ സംവാദം എപ്പോഴും സത്യത്തോടുള്ള സ്നേഹവും ബുദ്ധിയോടുള്ള ഉപവിയും ചേർന്നതായിരിക്കണം. എന്നും മാനവമൈത്രിയും സൗഹൃദവും വളർത്തുന്ന തരത്തിലുമായിരിക്കണം എന്നതും കൗൺസിൽ പ്രബോധനം.

കത്തോലിക്കാ സഭയിലെ മെത്രാൻ പുരോഹിതപ്രമുഖൻ മാത്രമല്ല പ്രവാചകൻ കൂടിയാണ്. തിന്മയ്ക്കെതിരെ പ്രതികരിക്കുവാനുള്ള ഉത്തരവാദിത്വമാണ് മെത്രാനുള്ളത്. ജോഷ്വാ തിരുമേനി സമകാലീന സമൂഹത്തിലെ ഒരു പ്രവാചനകനാണ്. അദ്ദേഹത്തിന്റെ പ്രവചന ശബ്ദം നിലയ്ക്കുകയില്ല എന്ന പ്രതീക്ഷയാണ് നമുക്കുള്ളത്.

www.malankaralibrary.com


# ദൗത്യം തിരിച്ചറിഞ്ഞ് പ്രവർത്തിച്ച നല്ല ഇടയൻ

29



**ഫാ. ഡോ. ജോൺ പാലവിളയിൽ OIC**
സുപ്പീരിയർ, ബഥനി ആശ്രമം, കറ്റാനം

**ജോ**ഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി മാവേലിക്കര രൂപതയുടെ ഔദ്യോഗിക ചുമതലയിൽ നിന്ന് വിരമിക്കുമ്പോൾ, അദ്ദേഹത്തെക്കുറിച്ചുള്ള നമ്മുടെ ഉള്ളിലെ ഉണർത്തുപാട്ടായി പാടാൻ കഴിയുന്നകാര്യം, ദൗത്യം തിരിച്ചറിഞ്ഞ് പ്രവർത്തിച്ച നല്ല ഇടയനായിരുന്നു അഭിവന്ദ്യ പിതാവ് എന്നതാണ്. ആ വന്ദ്യ പിതാവിന് തുടർന്നും ചുറുചുറുക്കോടെ പ്രവർത്തിക്കാൻ വേണ്ടതായ കൃപകളും, അനുഗ്രഹങ്ങളും, ആയുസ്സും, ആരോഗ്യവും നൽകി ദൈവംതമ്പുരാൻ കാത്തു സംരക്ഷിക്കട്ടെയെന്ന് നമ്മുക്ക് ആശംസിക്കാം, പ്രാർത്ഥിക്കാം. മാവേലിക്കര രൂപതയെ അതിന്റെ ആരംഭം മുതൽ ഏതാണ്ട് 18 വർഷക്കാലം എല്ലാ തലത്തിലും ഉന്നതിയിലേക്ക് ഉയർത്തി, വളർത്തി വലുതാക്കിയ അഭിവന്ദ്യ പിതാവിന് നമുക്ക് നന്ദിപറയാം. സഭയ്ക്കും, സമൂഹത്തിനും, നാടിനും നാട്ടാർക്കും, അദ്ദേഹത്തിലൂടെ ചൊരിഞ്ഞ നന്മകളെ ഓർത്ത് ദൈവത്തിന് നന്ദി അർപ്പിക്കാം.

www.malankaralibrary.com


വന്ദ്യ പിതാവിനെപ്പറ്റി ചിന്തിക്കുമ്പോൾ നമ്മുടെ മനസ്സിൽ ഓടിമറയുന്ന കാര്യം, അത് എല്ലാവർക്കും അറിയാവുന്ന, എല്ലാവരും അനുഭവിച്ച, ഒരു തലത്തിലല്ലെങ്കിൽ മറ്റൊരു തലത്തിൽ എല്ലാവരുടെയും ജീവിതത്തെ സ്പർശിച്ചകാര്യം, അദ്ദേഹം മനുഷ്യസ്നേഹിയായ ഒരു നേതാവ് ആയിരുന്നു എന്നതാണ്. മറ്റൊരു വാക്കിൽ പറഞ്ഞാൽ, വന്ദ്യ പിതാവ് എന്റെ / നമ്മുടെ 'സ്വന്തം' ആയിരുന്നു എന്നതാണ്. അതായത്, ആർക്കും, എപ്പോഴും, എന്തിനും അടുത്തു ചെല്ലാവുന്ന വ്യക്തിത്വമായിരുന്നു പിതാവിന്റേത്. പിതാവിന്, തിരിച്ചും; നാനാജാതി മതസ്ഥരായ ഏവർക്കും അങ്ങനെയായിരുന്നു താനും. അങ്ങനെയുള്ള പിതാവിനെ ഞാൻ എങ്ങനെ മനസ്സിലാക്കി എന്ന് കുറിക്കാനാണ് ഇവിടെ ശ്രമിക്കുക. പലരും, ഞാനെഴുതിയ ഈ കാര്യങ്ങൾ തന്നെ എഴുതിയിട്ടുണ്ടാകാം. കാരണം പിതാവ് എല്ലാവർക്കും, എല്ലാവരോടും അങ്ങനെയായിരുന്നു.

**ജ്ഞാനിയായ നേതാവ്**

ഇഗ്നാത്തിയോസ് തിരുമേനിയെക്കുറിച്ച് ചിന്തിക്കുമ്പോൾ, ആദ്യം ഉണ്ടാകുന്നചിന്ത, അദ്ദേഹം ജ്ഞാനിയായ ഒരു താപസ പിതാവായിരുന്നു എന്നതാണ്. ബൈബിളിൽ കാണുന്നതുപോലെ, ജ്ഞാനം ദൈവത്തിൽ നിന്ന് വരുന്നു. ഇഗ്നാത്തിയോസ് തിരുമേനിയുടെ പ്രസംഗങ്ങൾ, ദൈവമഹത്വം പ്രഘോഷിച്ചുകൊണ്ട് ദൈവികതയിലേക്ക് മനുഷ്യരെ അടുപ്പിക്കുന്നതിന് ഉത്തേജിപ്പിക്കുന്നത് ആയിരുന്നു. അതിനായി, ധാരാളം വായിക്കുകയും, ധ്യാനിക്കുകയും, വിചിന്തനം നടത്തുകയും ചെയ്യുക എന്ന മർമ്മപ്രധാനമായ കർമ്മം തിരുമേനിയുടെ ജീവിതതുടിപ്പുകളുടെ ഭാഗമായിരുന്നു, തന്ത്രീനാഥമായിരുന്നു. അതിന്, എത്രസമയം വേണമെങ്കിലും ചിലവഴിക്കാൻ അദ്ദേഹത്തിന് മടിയുമില്ലായിരുന്നു. ഉറക്കം കളഞ്ഞും "ഉടയോനെ തേടുന്ന" പിതാവായിരുന്നു അദ്ദേഹം. അതുകൊണ്ടുതന്നെ, കരുണാമയനായ ദൈവം തന്റെ 'വചനത്താൽ' അദ്ദേഹത്തിന്റെ ഹൃദയത്തെയും മനസിനെയും ബുദ്ധിയെയും നിറച്ചിരുന്നു. ആ വായിൽനിന്നും ബഹിർഗമിക്കുന്ന, അണുവിടാതെ ഉതിരുന്ന വചനാമൃതം കേൾവിക്കാരെ കോൾമയിർ കൊള്ളിച്ചിരുന്നു. തന്നെയുമല്ല, ആ ദൈവവചനങ്ങൾ വേദനിക്കുന്നവർക്ക് ആശ്വാസമായും, ഹൃദയപരമാർത്ഥികൾക്ക് ഉണ്മയായും, ആലംബഹീനർക്കു അവലംബമായും അനുഭവവേദ്യമായിത്തീർന്നു. അതാണ് അദ്ദേഹത്തിന്റെ ജീവിതവിജയത്തിന് പിന്നിലെ മഹാത്ഭുതം എന്ന് ഞാൻ കരുതുന്നു.

www.malankaralibrary.com


## പ്രാർത്ഥനയും പ്രവർത്തനവും സമന്വയിപ്പിച്ച മഹാനായ പിതാവ്

മാർ ഇഗ്നാത്തിയോസ് പിതാവിന്റെ ജീവിത മഹിമ, ഒന്നാമതായി, അദ്ദേഹം പ്രാർത്ഥനയുടെ മനുഷ്യനാണ് എന്നതാണ്. പ്രവർത്തനത്തെ പ്രാർത്ഥനയിൽ ലയിപ്പിച്ച പരമ സാത്ഥികനാണദ്ദേഹം. പ്രാർത്ഥന പ്രവർത്തനത്തിലും, പ്രവർത്തനങ്ങൾ പ്രാർത്ഥനയിലും സമന്വയിപ്പിച്ച് തന്റെ ജീവിതത്തെ അതിൽ അലിയിച്ചുചേർത്ത്, നാനാജാതി മതസ്ഥരുടെ ജീവിതവുമായി ലയിപ്പിച്ച മനുഷ്യസ്നേഹിയാണദ്ദേഹം. എല്ലാവരും ഒന്നാകുവാൻ എന്ന വചനത്തെ, എല്ലാവരിലും എല്ലാമായി തീരുന്ന, എല്ലാവർക്കും എല്ലാമാകുന്ന, പരമ കാരുണികനാണദ്ദേഹം. ഞാനും നിങ്ങളും എന്നില്ലാതെ, 'നമ്മളൊന്ന്' എന്ന അനുഭവത്തിലൂടെ എല്ലാവരെയും നയിച്ച നല്ല പിതാവാണദ്ദേഹം. അതിനദ്ദേഹം എല്ലാവരുടേതും ആയിത്തീർന്നു. തന്റെ ഉന്നതിയെ, കുലമഹിമയെ, ഔന്നത്യസ്ഥാനത്തെ പരിഗണിക്കാതെ മറ്റുള്ളവരിൽ ഒരാളായി ത്തീർന്നുകൊണ്ട്, മറ്റുള്ളവരെ നേടിക്കൊണ്ട്, അവരിൽ ഒരുവനായി ത്തീർന്നു. അതായിരുന്നു, ആയിരം, പതിനായിരങ്ങളെ നേടാൻ, അവരുടെ 'സ്വന്തം' പിതാവാകാൻ അദ്ദേഹത്തിന് കാരണമായത്.

## കരുണാമയനായ നേതാവ്

മാർ ഇഗ്നാത്തിയോസ് തിരുമേനി യഥാർത്ഥ കരുണാമൂർത്തി യായിരുന്നു. പാവങ്ങളുടെ പക്ഷം ചേർന്നുകൊണ്ട്, ആലംബഹീനർക്ക് അത്താണിയായികൊണ്ട്, കഷ്ടപ്പെടുന്നവരുടെ വേദനകൾ സ്വന്തവേദന യായി പരിഗണിച്ചുകൊണ്ട്, രോഗികളുടെ വേദനയിൽ പങ്കുചേർന്നു കൊണ്ടും, പ്രാർഥിച്ചുകൊണ്ടും ബലപ്പെടുത്തുന്ന അത്ഭുതമരുന്നായി മാറിക്കൊണ്ട്, മരിച്ചുപോയവരുടെ ഭവനങ്ങൾ സന്ദർശിച്ച് അവരെ ആശ്വസിപ്പിക്കുന്ന പിതാവായി തീർന്നുകൊണ്ട്, കഷ്ടപ്പെടുന്ന ഭവനങ്ങളിലെ കുഞ്ഞുങ്ങൾക്ക് യഥാർത്ഥ പിതാവായി മാറിക്കൊണ്ട്, എല്ലാവർക്കും എല്ലാമാകുന്ന നല്ലൊരു പിതാവിനെ, അവരിലൊരാളായി തീരുന്ന അനുഭവം നമ്മുക്ക് കാണാൻ കഴിയും. അവിടെ, തന്റെ രൂപതാംഗമെന്നോ, സഭാംഗമെന്നോ, ക്രൈസ്തവനെന്നോ, അക്രൈസ് തവനെന്നോ, പണ്ഡിതനെന്നോ, പാമരനെന്നോ ഉള്ള വ്യത്യാസം അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല എന്ന് മാത്രമല്ല, ഏതു സമയത്തും ഏതുനേരത്തും എവിടെയും കയറിചെല്ലാൻ സാധിക്കത്തക്കവിധമുള്ള ആത്മബന്ധം എല്ലാമനുഷ്യരുമായി അദ്ദേഹം നേടിയെടുത്തിരുന്നു എന്നതാണ് അദ്ദേഹത്തിന്റേത് മാത്രമായ പ്രത്യേകത എന്ന് നമുക്ക് പറയാൻ സാധിക്കും.

www.malankaralibrary.com


**വിശാലഹൃദയനായ മെത്രാപ്പോലീത്ത**

മാർ ഇഗ്നാത്തിയോസ് പിതാവിന്റെ ഏറ്റവും വലിയ പ്രത്യേകത, അദ്ദേഹം എല്ലാവരെയും ഉൾക്കൊണ്ടു, എല്ലാവരെയും തന്റെ ഹൃദയത്തോട് ചേർത്തുനിർത്തി, എല്ലാവരെയും തന്നിലേക്കടുപ്പിക്കത്തക്ക വിധം തന്റെ ഹൃദയത്തെ ലളിതഹൃദയമാക്കിവെച്ചു എന്നതാണ്. പ്രത്യേകിച്ച്, അദ്ദേഹത്തിന്റെകീഴിൽ പ്രവർത്തിക്കുമ്പോൾ, വൈദികർക്കായാലും, സന്യസ്തർക്കായാലും, അല്മായപ്രേഷിതർക്കായാലും, സാധാരണക്കാർക്കായാലും, ഏവർക്കും അനുഭവവേദ്യമാകുന്ന സംഗതി, തനിക്കുള്ള, താനനുഭവിക്കുന്ന പ്രവർത്തന സ്വാതന്ത്ര്യം, സ്വയം പ്രകടമാക്കാനുള്ള അവസരം, മറ്റുള്ളവർക്കും ലഭ്യമാക്കുവാൻ അദ്ദേഹം എപ്പോഴും ശ്രദ്ധിച്ചിരുന്നു എന്നതാണ്. തന്നെയുമല്ല, അവരുടെ ഉത്തരവാദിത്വത്തോടെയുള്ള പ്രവർത്തനത്തിന് ഹാനികരമാകുന്ന, ഒരുപ്രവർത്തനശൈലിയും അദ്ദേഹത്തിന്റെ ഭാഗത്ത് നിന്നുണ്ടായില്ല എന്നുതന്നെയല്ല, തടസ്സപ്പടുത്തിയുമില്ല. ഒപ്പം, മറ്റുള്ളവരെ, മറ്റുള്ളവരുടെ വളർച്ചയെ, ജീവിതത്തെ ഹനിക്കുന്ന ഒരു പ്രവർത്തിയും അദ്ദേഹം പ്രോത്സാഹിപ്പിച്ചതുമില്ല. അതുതന്നെയായിരിക്കണം ഇവരെയെല്ലാം നേടാനും, രൂപതയുടെ, സഭയുടെ, സമൂഹത്തിന്റെ വിവിധ പ്രവർത്തനമേഖലകളെ സജീവമാക്കാൻ, ഉയർത്താൻ, വളർത്താൻ, ഇത്രയും ഉന്നതിയിലേക്കുയരാൻ കാരണമായത് എന്ന് ഞാൻ വിശ്വസിക്കുന്നു.

**യുവജനതയുടെ നേതാവ്**

മാർ ഇഗ്നാത്തിയോസ് തിരുമേനി എന്നും, എപ്പോഴും, എവിടെയും യുവജനങ്ങളുടെയും, കുഞ്ഞുങ്ങളുടെയും ഉത്തമ സുഹൃത്തും, നല്ല ഇടയനും, വഴികാട്ടിയുമായിരുന്നു. എന്നത്തെ പത്രമെടുത്താലും, യുവജനങ്ങളോടുള്ള അദ്ദേഹത്തിന്റെ താല്പര്യപൂർവ്വകമായ ഇടപെടൽ വ്യക്തമാക്കുന്ന പ്രവർത്തന മേഖലകൾ, അവർക്കുവേണ്ടിയുള്ള പ്രസ്താവനകൾ, അവരുടെ ജീവിതത്തെ മോടിപിടിപ്പിക്കത്തക്ക വിധമുള്ള സാക്ഷ്യങ്ങൾ നമുക്ക് കാണാൻ സാധിക്കും. യുവജനങ്ങളുടെ യഥാർത്ഥ വഴികാട്ടിയായി തീർന്നുകൊണ്ട്, നല്ല മാർഗത്തിലൂടെ അവരെ നയിക്കാൻ, കള്ളിനും, കഞ്ചാവിനും, മയക്കുമരുന്നുകൾക്കും അടിമകളാകാതെ, മദ്യത്തിനും മദിരാസിക്കും മറ്റു ഉന്മാദങ്ങൾക്കും ഒപ്പം മൊബൈലിനും, അശ്ളീല ഇന്റെർനെറ്റുകൾക്കും അടിമപ്പെടാതെ, യുവജനതയെ കുടുംബ, സമൂഹ, രാജ്യ, ലോക നന്മയ്ക്കായി ഉയർത്തി

www.malankaralibrary.com


ക്കൊണ്ടുവരാൻ, അവർക്കുവേണ്ടി പ്രവർത്തിക്കാൻ, പ്രസ്താവനകൾ നടത്താൻ, സത്യാഗ്രഹമിരിക്കാൻ എന്നും മുൻപന്തിയിൽ തന്നെ പിതാവിനെ കാണാൻ കഴിയുമായിരുന്നു. കാരണം, അദ്ദേഹം വ്യക്തമാക്കുന്നതു പോലെ, ഇന്നത്തെ യുവതലമുറയിൽ നിന്നുമാണ് നാളത്തെ നന്മയുള്ള പൗരന്മാരെ വാർത്തെടുക്കാൻ സാധിക്കുക. അവരാണ്, നാളത്തെ സമൂഹസൃഷ്ടാക്കൾ. അവരിലെ നന്മയാണ് നാളത്തെ ഉണ്മ. അവരിലൂടെയാണ് സഭയും, സമൂഹവും മോടിയുള്ള തായി തീരുക. അതിനായാണ്, പിതാവ് തന്റെ ജീവിതം സമർപ്പിച്ചത്, സമർപ്പിക്കുന്നത്; നന്മയുള്ള നാളെയെ ലോകത്തിൽ ദർശിക്കാൻ, ഉണ്ടാക്കിയെടുക്കാൻ.

മാർ ഇഗ്നാത്തിയോസ് തിരുമേനി, തന്റെ ചൂരും, ചൂടും, രക്തവും ജീവിതവും, സഭയുടെ, സമൂഹത്തിന്റെ, രാജ്യത്തിന്റെ, ലോകത്തിന്റെ നന്മയ്ക്കായി, അഭ്യുതിയ്ക്കായി കാഴ്ചവച്ചു. ആ നന്മയുള്ള ജീവിതത്തിന്റെ ബാക്കിപത്രങ്ങളാണ് നാമിന്നുകാണുന്ന മാവേലിക്കര രൂപതയും, അതിന്റെ വിവിധങ്ങളായ പ്രവർത്തന മേഖലകളും. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ഇത്രയും യാത്ര ചെയ്ത ഒരു വ്യക്തിയുണ്ടോ എന്നത് ഏവർക്കും സംശയമാണ്. തന്റെ ജീവിത ത്തിന്റെ അനുനിമിഷവും മനുഷ്യരുടെ നന്മയ്ക്കായി മാറ്റിവെച്ച് ജീവിച്ച തിരുമേനി, തന്റെ പ്രവർത്തന മേഖലയുടെ വ്യാപ്തി കുറച്ച്, ദൈവം തന്നിൽ ചൊരിഞ്ഞ നന്മകൾക്ക് നന്ദിപറഞ്ഞുകൊണ്ട്, തുടർന്നും ആവുന്നത്ര പ്രവർത്തനോന്മുഖനായി, ജീവിതാവസാനം വരെ ഊർജ്ജസ്വലതയോടെ, സന്തോഷത്തോടെ ജീവിക്കാൻ, ഓടാൻ പിതാവിന് സാധിക്കട്ടെയെന്ന് ആശംസിക്കുന്നു, ഒപ്പം, വായനയും, എഴുത്തും, പ്രാർത്ഥനയും, ധ്യാനവും എന്നും കൈമുതലായുണ്ടാകട്ടെ. ഇനിയും ജീവിതം ബാക്കിയുണ്ട് എന്ന് മനസ്സിലാക്കി ദൈവത്തിനും, മനുഷ്യർക്കും വേണ്ടി 'സ്പീഡിൽ ഓടാൻ' പിതാവിന് സാധിക്കട്ടെ യെന്ന് പ്രാർത്ഥിക്കുന്നു. ഇത്രയും നാൾ വഴിനടത്തിയ കരുണാമയനായ ദൈവം, തുടർന്നും, അവിടുത്തെ ഹിതം നിറവേറ്റിക്കൊണ്ട് മുന്നേറാൻ പിതാവിനെ സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

www.malankaralibrary.com


# ആടുകളെ അറിയുന്ന ഇടയൻ



**സജി ജോൺ പായിക്കാട്ടെത്ത്**
പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി,
മാവേലിക്കര ഭദ്രാസനം

30

**ബൈ**ബിളിനെ അടിസ്ഥാനമാക്കി ഖലിൽ ജിബ്രാന്റെ ഒരു വിവരണമുണ്ട്. യേശുക്രിസ്തു മലയിറങ്ങി വരികയാണ്, അവനെ കാത്തുനിന്ന ജനക്കൂട്ടത്തിലേക്ക്. അവൻ അവരോട് ചോദിക്കുന്നു നിങ്ങളുടെ വലയിൽ പുതിയതായി പിടിച്ച മത്സ്യങ്ങൾ വല്ലതുമുണ്ടോ എന്ന്. തികഞ്ഞ നിശബ്ദത ഭേദിച്ചുകൊണ്ട് ഒരു ബാലൻ പറഞ്ഞു ഉണ്ട്, ഉണ്ട്, എന്റെ ഹൃദയത്തിൽ ഉണ്ട്! താൻ ആശിച്ച ലോകക്രമം പടുത്തുയർത്തുന്നതിനുവേണ്ടി ഹൃദയത്തിൽ ജ്വലിക്കുന്ന ആശങ്ങളു ള്ളവരെ അവൻ കണ്ടെത്തുകയാണ്. സമാന സാഹചര്യമാണ് ഇഗ്നാത്തിയോസ് പിതാവിന്റേയും. കൊട്ടാരക്കര കിഴക്കേത്തെരുവ് മണികെട്ടിയ കിഴക്കേ വീട്ടിൽനിന്നും ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് കണ്ടെത്തി, ദൈവരാജ്യ സ്ഥാപനത്തിന്റെ വിത്തുകളും മനസ്സിൽ പേറിനടന്ന ജോയിച്ചൻ. മാർ ഗ്രിഗോറിയോസ് പിതാവിന്റെ അനുഗ്രഹാശിസ്സുകളോടെ, തൃശ്ശിനാപള്ളിയിലെത്തി വന്ദ്യ ഗുരുക്കന്മാരുടെ സത്സംഘത്തിലിരുത്തി, മനസ്സിൽ കോരിയിട്ട നവീന ആശയങ്ങളെ ജ്വലിപ്പിച്ച്, ദൈവസാന്നിദ്ധ്യ ബോധത്തിൽ സഞ്ചരിച്ച്

www.malankaralibrary.com


നാടിനെയും നാട്ടാരെയും ഹൃദയം കീഴടക്കി. മറ്റുള്ളവരെ അനുഗ്രഹിച്ച് സഭയുടെ അനുഗ്രഹമായി മാറിയ ഇഗ്നാത്തിയോസ് പിതാവ് മഹത്തായ എഴുപത്തിയഞ്ച് സംവത്സരങ്ങൾ പൂർത്തിയാക്കുന്നു. സത്യം ഏതാണ് എന്ന് തിരിച്ചറിയാൻ വിഷമിക്കുന്ന ഇന്ന് പ്രതീതികളുടെ ഈ കാലത്ത് സത്യത്തിനും നീതിക്കും വേണ്ടി നിലകൊള്ളുകയാണ് ഈ ശ്രേഷ്ഠാചാര്യൻ.

മാവേലിക്കരയുടെ വർത്തമാനകാല ചരിത്രമായ അഭിവന്ദ്യ പിതാവ് ദൈവത്തിന്റെ മുന്നിലും മനുഷ്യരുടെ മുന്നിലും ഒരുപോലെ സ്വീകാര്യനായിരിക്കുന്നു എന്നത് നമ്മെ സംബന്ധിച്ചിടത്തോളം അനുഗ്രഹീതമായ കാര്യമാണ്. അനുഗൃഹീതനായ പിതാവിന്റെ സ്നേഹവലയത്തിൽ ഉൾപ്പെടാൻ കഴിഞ്ഞത് ഒരു ഭാഗ്യമായി ഞാൻ കരുതുന്നു. സഭാകൂട്ടായ്മയെ ബലപ്പെടുത്തി, സഭാംഗങ്ങളെ തേടിയിറങ്ങി, കണ്ടെത്തി, ചേർത്തുനിർത്തി പാവപ്പെട്ടവർക്ക് ആലംബ മായി, സഭയേയും സമൂഹത്തേയും അനുദിനം സജീവമാ ക്കിയവൻ; സഭയുടെയും സമൂഹത്തെയും ഏതാവശ്യത്തിനും ആരോഗ്യവും ഔപചാരികതയും വിസ്മരിച്ചുള്ള പിതാവിന്റെ ഇടപെടലുകൾ ഒരു മഹത്തായ സാക്ഷ്യമാണ്.

സഭയോടുള്ള ആത്മാർത്ഥതയാണ് ഇഗ്നാത്തിയോസ് പിതാവിന്റെ പ്രവൃത്തികളിലും വാക്കുകളിലും നമുക്ക് ദർശിക്കാൻ കഴിയുന്നത്. മൊഴിയും വഴിയും തമ്മിലുള്ള അകൽച്ച പാരമ്യത്തി ലെത്തി നിൽക്കുന്ന ഈ കാലത്ത് പറയുന്ന വാക്കുകൾ പാലിക്കു ന്നതിന് ഇടപെടലുകളിൽ സത്യസന്ധത പുലർത്തുന്നതിനും ബന്ധങ്ങളെ ഭദ്രമാക്കി അദ്ദേഹത്തെ പ്രാപ്തനാക്കുന്നത് ഈ ആത്മാർത്ഥതയാണ്. അഭിവന്ദ്യ പിതാവിന്റെ വ്യക്തിജീവിതത്തിലും സമൂഹ ജീവിതത്തിലും ബന്ധങ്ങളുടെ ഊഷ്മളത വേണ്ടുവോളമുണ്ട്. മനുഷ്യരെ സ്നേഹിക്കാൻ വേണ്ടിയാണ് താൻ അഭിക്ഷിക്തനായത് എന്ന ഉത്തമബോധ്യമാണ് പിതാവിനെ നയിക്കുന്നത്. ഈ കരുണാർ ദ്രമായ സ്നേഹസാഗരത്തിൽമുങ്ങി അസംതൃപ്തരായവർ അനേകം. ഒരു കാര്യവും പിന്നീടാകട്ടെ എന്നുപറഞ്ഞു അദ്ദേഹം മാറ്റി വയ്ക്കാറില്ല. പിതാവ് വർത്തമാനകാലത്തിൽ ജീവിക്കുന്ന മനുഷ്യനാണ്. ആരെങ്കിലും ഏതെങ്കിലും ആവശ്യത്തിനായി സമീപിച്ചാൽ നാളെ ആകട്ടെ എന്നൊരിക്കലും അദ്ദേഹം പറയാറില്ല. അടിസ്ഥാനപരമായി എല്ലാ ഔദ്യോഗികതകൾക്കുമപ്പുറം ഇഗ്നാത്തിയോസ് തിരുമേനി ഒരു നല്ല ഇടയനാണ്. കിരാത്തൂർ മുതൽ മദ്രാസ് വരെയുള്ള ഒന്നാം ഘട്ടത്തിലും, തിരുവനന്തപുരം മുതൽ മാവേലിക്കര വരെയുള്ള രണ്ടാം ഘട്ടത്തിലും,

www.malankaralibrary.com


ഇവിടെ മാവേലിക്കരയിലെ മൂന്നാം ഘട്ടത്തിലും അത് നമുക്ക് തെളിഞ്ഞുകാണാം.

തന്റെ ആടുകളെ പേരുചൊല്ലി വിളിക്കാൻ കഴിയുന്നവനാണ് ഇടയൻ. തിരുമേനി പറയുന്നു. പുരോഹിതർ മനുഷ്യരോടുള്ള പ്രതിബദ്ധത എപ്പോഴും കാത്തുസൂക്ഷിക്കണം, മനുഷ്യരിൽ നിന്ന് അകത്തു നിന്നുള്ള ജീവിതമല്ല പൗരോഹിത്യ ജീവിതം. തന്റെ മക്കളുടെ ഇടയിലേക്ക് കടന്നു ചെന്ന് സ്നേഹിക്കുന്ന ഒരു നല്ല ഇടയന്റെ ഉള്ളിൽ നിന്ന് ഉയരുന്ന വാക്കുകളാണിവ. വാക്കുകളിലൂ ടെയല്ല പ്രവർത്തന ങ്ങളിലൂടെയാണ് അദ്ദേഹം സ്വന്തം ആളുകളുടെ ഇടയാനാകുന്നത്. എല്ലാ മനുഷ്യരോടും എളുപ്പത്തിൽ സംവദിക്കാൻ കഴിവുള്ള ഇഗ്നാത്തിയോസ് പിതാവിന് ഓരോ വ്യക്തിയുടെയും ജീവിത പശ്ചാത്തലം ഹൃദയത്തിൽ നിന്നും എടുത്തു പറയാൻ സാധിക്കുന്നത് അദ്ദേഹത്തിന്റെ മഹത്വമാണ്.

കടന്നുചെന്ന ഇടങ്ങളിലെല്ലാം ഈ ഗുണങ്ങൾ കാത്തുസൂക്ഷി ക്കാൻ പിതാവിനുകഴിഞ്ഞു. തെക്കൻ തിരുവിതാംകൂറിൽ മിഷൻ കേന്ദ്രങ്ങളും അനുബന്ധ സ്ഥാപനങ്ങളും ഉയരുമ്പോഴും പാടിയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നടത്തിപ്പിലും തിരുവനന്തപുരത്ത് സഭയുടെ അഭിമാനമായ മാർ ബസേലിയോസ് എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കുന്നതിനുവേണ്ടി ഓടിനടക്കുമ്പോഴും ഈ ഗുണങ്ങളുടെ മാറ്റ് കൂടികൊണ്ടിരുന്നു. തിരുവനന്തപുരം അതിഭ്രാസന ത്തിലെ അവികസിത പ്രദേശങ്ങൾ ഉൾകൊള്ളുന്ന മാവേലി ക്കര ഭദ്രാസനത്തിന്റെ പ്രത്യേക നിയോഗം 2007-ൽ ഏറ്റെടുത്തു കഴിഞ്ഞും ആ തിളക്കം വർദ്ധിച്ചുകൊണ്ടിരുന്നു. ചുരുങ്ങിയ കാലയളവിൽ ഭദ്രാസന ദേവാലയം, വി. ജോൺ വിയാനി വൈദിക മന്ദിരം, അരമനമന്ദിരം, സെമിനാരി, ചേതന സാമൂഹ്യക്ഷേമ കേന്ദ്രം, അൽഫോൻസാ അഗതിമന്ദിരം, മദർതെരേസ പാസ്റ്ററൽ സെന്റർ എന്നിവ പൂർത്തീകരിക്കുവാൻ അദേഹത്തിന്റെ ചിട്ടയായ പ്രവർത്തന ത്തിന് കഴിഞ്ഞു. വിദ്യാഭ്യാസ മേഖലകളിൽ കല്ലുമലയിൽ ഒരു കോളേജിനും, പൂലിയൂരിൽ ലോ കോളേജിനും തുടക്കം കുറിക്കുമ്പോൾ ഇഗ്നാത്തിയോസ് പിതാവിന്റെ പേരിൽ ഒരു സ്ഥാപനം വേണം എന്നാ വിശ്വാസസമൂഹത്തിന്റെ ആഗ്രഹത്തെ മാറ്റി നിർത്തി, മാവേലിക്കരയിൽ എല്ലാം മാർ ഈവാനിയോസ് പിതാവിന്റെ പേരിൽ മതി എന്ന ഇഗ്നാത്തിയോസ് പിതാവിന്റെ ദർശനത്തിന് എല്ലാവരും കീഴടങ്ങി.

www.malankaralibrary.com


കാലാവസ്ഥയോ സമരങ്ങളോ, യാത്രാ ക്ലേശങ്ങളോ, ശാരീരിക ക്ഷീണമോ ഒന്നും വകവെയ്ക്കാതെ നിതാന്ത സഞ്ചാരിയാണ് ഇഗ്നാത്തിയോസ് പിതാവ്. കേരളത്തിലും കേരളത്തിന് പുറത്തും അദ്ദേഹം നടത്തുന്ന യാത്രകൾ വെറും ഓട്ടങ്ങളല്ല പിന്നെയോ പിതാവിന് സ്വന്തം മക്കളെ അറിയുന്നതിനും കാണുന്നതിനുമുള്ള യാത്രയാണ്. ദൂരം ബന്ധങ്ങളെ ഇല്ലായ്മ ചെയ്യുമെന്നുള്ള പറച്ചിൽ പിതാവിനെ തൊട്ടുതീണ്ടിയിട്ടില്ല. സ്നേഹത്തോടെയുള്ള വിളിക്ക് കരുണയോടുള്ള ഉത്തരമാണ് ഈ യാത്രകൾ.

രണ്ടായിരത്തിഒന്നാമാണ്ടിൽ ഒരു വലിയ പേമാരിയിൽ വടശ്ശേരിക്കരയും ചിറ്റാറുമുൾപ്പെടെയുള്ള ഭാഗം വെള്ളത്തിനടിയിലായിട്ടും, തീർത്ഥാടന പദയാത്രയുടെ കണ്ണിയാകുവാൻ സ്വന്തം വാഹനം ഉപേക്ഷിച്ചു ഒരു ജീപ്പിൽ കയറി അതിരാവിലെ പെരുനാട്ടിലെത്തിയ പിതാവിനെ എനിക്ക് നേരിൽ കാണാൻ കഴിഞ്ഞിട്ടുണ്ട്. പ്രതിബന്ധങ്ങളെക്കാൾ പിതാവിനെ മുന്നോട്ട് നയിക്കുന്നത് യാത്രയുടെ ഉദ്ദേശ്യമാണ്. മരണമുണ്ടാകുന്ന ഇടങ്ങളിൽ കാരുണികനായ സന്ദർശകനാണ് ഇഗ്നാത്തിയോസ് തിരുമേനി. ഈ സന്ദർശനങ്ങൾക്ക് ബന്ധങ്ങളുടെ ഇഴയടുപ്പത്തേക്കാൾ അദ്ദേഹം പരിഗണിക്കുന്നത് ഉറ്റവരുടെ നഷ്ടത്തിന്റേയും ദുഃഖത്തിന്റേയും ആഴമാണ്. അവർക്ക് സ്വാന്തനം അരുളുന്നതിൽ പിതാവ് ഒരു ലോഭവും കാണിക്കാറില്ല. ദൈവം കനിഞ്ഞു നല്കിയ സ്ഥാനങ്ങളോ സഭ പ്രതീക്ഷയോടെ ഏൽപ്പിച്ച ഉത്തരവാദിത്വങ്ങളോ പിതാവിന്റെ തലക്കനം അല്പം പോലും വർദ്ധിപ്പിച്ചിട്ടില്ല സ്ഥാനങ്ങൾ ഏറുംന്തോറും അദേഹത്തിന്റെ ഹൃദയം കൂടുതൽ വിശാലമാകുന്നു. ഇത് അദേഹത്തിന്റെ കുടുംബമഹിമകൊണ്ടും സംജ്ജനസംസർഗ്ഗംകൊണ്ടുമാകാം. സഭയുടെ വിവിധ തലങ്ങളിൽ പിതാവ് വഹിച്ച പദവികളെക്കാളും, പിതാവിന്റെ ശുശ്രുഷയ്ക്ക് വിധേയരായ എല്ലാവരുടേയും ഹൃദയത്തിൽ തങ്ങിനിൽക്കുന്നത് ഹൃദയത്തിന്റെ അടുപ്പമാണ്. സ്നേഹമുള്ളവരെ പേര് ചൊല്ലിവിളിക്കുന്ന ഇഗ്നാത്തിയോസ് പിതാവിന് വി. യോഹന്നാന്റെ സുവിശേഷം വെളിപ്പെടുത്തുന്ന, തന്റെ ആടുകളെ പേര് ചൊല്ലി വിളിക്കുന്ന നല്ല ഇടയന്റെ ചിത്രം നന്നേ ചേരും. അതിനാൽ വേദി ഏതായാലും പിതാവ് തന്റെ ആശയങ്ങൾ സംവേദനം ചെയ്യുന്നത്, വ്യക്തിപരമായ സ്നേഹത്തിന്റെയും കരുതലിന്റെയും സുഗന്ധം പൂശിയാണ്. അതുകൊണ്ട് ഊതിവീർപ്പിച്ച ദാർശനിക തയുടെ പിൻബലമോ ആത്മാവ് നഷ്ടപ്പെട്ട വാഗ്ധോരണിയോ അല്ല പിതാവിന്റെ പങ്കുവയ്ക്കലുകളെ സാന്ദ്രമാക്കുന്നത്, മറിച്ച് ആടുകളുടെ ഹൃദയം

www.malankaralibrary.com


കണ്ടെത്തിയ, ആടുകളുടെ പേരറിയാവുന്ന ഇടയന്റെ കരുതലാർന്ന സ്നേഹമാണ്.

അഭിവന്ദ്യ പിതാവിന്റെ പ്രസംഗങ്ങൾ ആകർഷകവും, ആത്മാവിനെ ജ്വലിപ്പിക്കുന്നതും മറ്റുള്ളവർക്ക് വെളിച്ചം പ്രദാനം ചെയ്യുന്നതുമാണ്. സന്ദർഭോചിതമായി സംസാരിക്കുവാൻ, ക്ലേശകരമായ ആശയങ്ങൾപോലും ഹൃദ്യമായി അവതരിപ്പിക്കുവാൻ പിതാവിന് കഴിയുന്നു. വിഷയം ഏതുമാകട്ടെ പ്രൗഢോജ്ജ്വലമായി അത് അവതരിപ്പിക്കുവാൻ അദ്ദേഹത്തിന് കഴിയും. ഒരു പ്രശസ്ത കലാലയത്തിലെ ഗവേഷണ വിഭാഗത്തിലെ ചടങ്ങിൽ സംബന്ധിക്കുവാൻ കാർബണിക രസതന്ത്രത്തിലെ സ്പെക്ട്രോസ്ക്കോപ്പിയുടെ ആശയങ്ങൾ തിരയുന്ന പിതാവിനെ ഞാൻ നേരിൽ കണ്ടിട്ടുണ്ട്. പണ്ഡിതോചിതമായ രചനകളും പ്രഭാഷണങ്ങളും വഴി ശ്രദ്ധേയനാകുന്നതോടൊപ്പം തിരുമേനിയിൽ ഞാൻ ദർശിക്കുന്ന മറ്റൊരു സവിശേഷത അസാധാരണമായ സമയബോധമാണ്. ഹൃദ്യമായ ഇടപെടലും വിനയാന്വിതമായ പെരുമാറ്റവും വഴി സർവ്വർക്കും അഭിമതനും ആദരണിയനുമായി തീരാൻ തിരുമേനിക്ക് സാധിക്കുന്നു. അൽമായ പ്രസ്ഥാനങ്ങളുടെ ചുമതലയുള്ളപ്പോൾ പരിപാടികളുടെ വലുപ്പ - ചെറുപ്പം നോക്കാതെ, ജനപങ്കാളിത്വം നോക്കാതെ, കേവലം കമ്മറ്റി മീറ്റിംഗുകൾക്കു വരെ ആദ്യമെത്തുന്നതിൽ കാണിക്കുന്ന ആ നിഷ്ഠ പുതിയ തലമുറയ്ക്ക് ഒരു പാഠമാണ്.

ദൈവദാനമായ ജീവനെ സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും, അപ്രകാരം ജിവന്റെ വാഹകരാകാനും വിശ്വാസസമൂഹത്തിന് ബാദ്ധ്യതയുണ്ടന്നുള്ള ഉത്തമവിശ്വാസം അഭിവന്ദ്യ പിതാവ് കാത്തു സുക്ഷിക്കുന്നു. ഈ വിശ്വാസമാണ് തിരുമേനിയുടെ എക്യുമെനിക്കൽ ദർശനത്തിന് ആധാരമായി വർത്തിക്കുന്നത്. തിന്മയോടു പടപൊരുതുവാൻ നന്മയെ സ്നേഹിക്കുന്നവരുടെ അക്ഷീണമായ പോരാട്ടം ആവശ്യമാണ്. ഈ പോരാട്ടത്തിൽ അണിചേരുവാൻ നന്മയുടെ പക്ഷം നിൽക്കുന്ന സ്വജ്ജനങ്ങളെ പ്രേരിപ്പിക്കുവാനും അവരെ കർമ്മോത്സുകരാക്കുവാനുമുള്ള പിതാവിന്റെ പാടവം ക്രൈസ്തവ സഭകൾക്ക് മാത്രമല്ല കേരള സമൂഹത്തിനാകമാനം ജീവന്റെ സമൃദ്ധിയെ പകരുവാൻ പോന്നതാണ്. കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ മദ്യവിരുദ്ധ സമിതിയുടെ ചെയർമാനായിരുന്ന ഘട്ടത്തിൽ കേരളത്തിലെ മദ്യ വിരുദ്ധ പ്രസ്ഥാനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരുവാൻ പിതാവിന് സാധിച്ചു. അഗതിമന്ദിരങ്ങളും ആതുരാലയങ്ങളും നിരന്തരം

www.malankaralibrary.com


സന്ദർശിക്കുന്നത് പിതാവിന്റെ പരിപാടിയുടെ ഭാഗമല്ല പിന്നെയോ ജീവിതത്തിന്റെ ഭാഗമാണ്. കെ.സി.ബി .സി.യുടെ വിവിധ മിറ്റിംഗുകളിൽ സംബന്ധിക്കുവാൻ, യാത്രകളിൽ ഞാനും പിതാവിനോടൊത്ത് പല പ്രാവശ്യം പങ്കുചേർന്നിട്ടുണ്ട്. മിറ്റിംഗുകൾക്കുമുമ്പും ശേഷവും, പോകുന്ന വഴികളിലുള്ള നിരവധി ആതുരാലയങ്ങളിൽ പ്രവേശിച്ച് ധാരാളം ആളുകളിൽ സ്നേഹവും പ്രത്യാശയും ചൊരിയുന്നതിന് പിതാവ് സമയം കണ്ടെത്തും. ഹർത്താൽ പ്രഖ്യാപിച്ചാലും ലോക്ക് ഡൗൺ ആയാലും അദ്ദേഹത്തിന്റെ രക്തത്തിൽ അലിഞ്ഞുചേർന്നിരിക്കുന്ന ഈ ഉപവി പ്രവർത്തനങ്ങൾക്ക് ഭംഗംതട്ടാറില്ല. അഭിവന്ദ്യ പിതാവ് പറയുന്നു കരുണയുടെ വാക്കുകളേക്കാൾ ആവശ്യം കരുണയുടെ പ്രവൃത്തികളാണ്. പാപികളായ നമുക്ക് വേണ്ടി പാപമില്ലാത്തവൻ ബലിവസ്തു ആയതാണ് ഏറ്റവും വലിയ കരുണ. യേശുവിന്റെ ഈ സ്നേഹത്തിൽ നിന്നാണ് കരുണയുടെ ഉറവ പൊടിയുന്നത്. ഇത് ഉൾകൊള്ളുന്നവർക്കും ബോധ്യമായി സ്വീകരിച്ച വർക്കും കരുണയുടെ പാതയിലൂടെ ചരിക്കുവാൻ സാധിക്കും. നമുക്ക് ദൈവം നല്കിയ കരുണയാണ് കരുണാമയനായ ഇഗ്നാത്തിയോസ് പിതാവ്.

കാരുണ്യത്തിന്റെ പിന്നിട്ട കാലത്തിലേക്ക് ചാരിതാർത്ഥ്യത്തോടെ തിരിഞ്ഞുനോക്കാൻ അഭിവന്ദ്യ പിതാവിനെ സഹായിക്കുന്നത് സാധാരണമെങ്കിലും സ്നേഹംകൊണ്ടും സാമീപ്യംകൊണ്ടും തീവ്രതയുളവാക്കിയ ഈ ജീവിതസമീപനമാണ്. പ്രായമേറുന്തോറും പ്രിയമേറുന്നു ഞങ്ങളുടെ വത്സല പിതാവിന് നേരുന്ന ആശംസയുമിതാണ്. അധികാരത്തിന്റെ ഇടനാഴികളിലും, സ്ഥാനമാനങ്ങളുടെ തിളക്കത്തിലും നഷ്ടപ്പെടാത്ത പിതാവിന്റെ ജീവിതത്തെ വ്യത്യാസം ആക്കുന്ന ഈ നന്മകളും സുകൃതങ്ങളും സുഗന്ധങ്ങളും ഇനിയും പൂർണ്ണശോഭയോടെ എല്ലാ കർമ്മമേഖലകളിലും നിലനിൽക്കട്ടെ ആയിരം പൂർണചന്ദ്രന്മാരെ കാണുന്ന പുരുഷാർത്ഥവും പിന്നീട് ആയുസ്സിന്റെ ജൈത്രയാത്ര അങ്ങിൽ തുടരട്ടെ. സത്യത്തിന്റെയും നീതിയുടെയും വിളിക്കുമടമായി അന്യവൽക്കരിക്കാൻ ഈ ജീവിതം മുന്നേറട്ടെ

www.malankaralibrary.com


# ആശ്വാസ ദൂതനായ പിതാവ്

**മദർ കാരുണ്യ ഡി.എം.**
മേരി മക്കൾ സന്യാസിനി
സമൂഹത്തിന്റെ നിർമ്മല
പ്രൊവിൻസിന്റെ മുൻ പ്രൊവിൻഷ്യാൾ



31

**പ്ര**സിദ്ധമായ കൊട്ടാരക്കര കിഴക്കെതെരുവ് ഇടവകയിൽ വർഗ്ഗീസ് - അന്നമ്മ ദമ്പതികളുടെ മകനായി 1950-ൽ ജോയിച്ചൻ ജനിച്ചു. ബാല്യം മുതലേ ദൈവത്തോടും ദൈവിക കാര്യങ്ങളോടു മുളള താല്പര്യവും തീക്ഷ്ണതയും എടുത്തുപറയത്തക്കതാണ്. ചെറുപ്രായത്തിലെ മാതാപിതാക്കന്മാർ മൺമറഞ്ഞുവെങ്കിലും വല്യ പ്പച്ചന്റെ സംരക്ഷണയിൽ മിടുമിടുക്കനായി വളർന്നുവന്നു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം സെമിനാരിയിൽ ചേർന്ന് 1978-ൽ പൗരോ ഹിത്യ ജീവിതത്തിലേക്ക് പ്രവേശിച്ചു. തന്റെ വൈദിക ജീവിത ത്തിന്റെ ഏറിയ പങ്കും മദ്രാസിലായിരുന്നതിനാൽ 'മദ്രാസിലെ മോൻ' എന്ന ഓമനപേരും പിതാവിന് സ്വന്തമാണ്. വിവിധ ഇടവകകളിലും മിഷൻ കേന്ദ്രങ്ങളിലും സഭയുടെ സ്ഥാപനങ്ങളിലും തന്റെ അജപാ ലന ധർമ്മം വിശ്വസ്തതയോടെ, ത്യാഗത്തോടെ, തീക്ഷ്ണതയോടെ നിർവഹിച്ചു. 1998-ൽ തിരുവനന്തപുരം അതിരൂപതയുടെ സഹായമെ ത്രാനായി അഭിഷിക്തനാവുകയും 2007-ൽ മാവേലിക്കര രൂപതയുടെ പ്രഥമ മെത്രാനായി നിയമിതനാവുകയും ചെയ്തു.

www.malankaralibrary.com


ദിശാബോധത്തോടെ സഭയുടെ വിശ്വാസസംഹിതകളോടും, കാഴ്ചപ്പാടുകളോടും കൂറുപുലർത്തുന്ന ഇടയശ്രേഷ്ഠൻ, അറിവും ജ്ഞാനവും വിവേകവും സമഞ്ജസമായി സമന്വയിപ്പിച്ച് ആധുനിക കാലഘട്ടത്തിൽ വിദ്യാഭ്യാസ മേഖലകളിൽ മഹത്തായ സംഭാവനകൾ നല്കുന്ന വിദ്യാഭ്യാസ വിചക്ഷണൻ, പതിതരിലേക്കും പാവപ്പെട്ടവരി ലേക്കും, പാർശ്വവത്ക്കരിക്കപ്പെട്ടവരിലേക്കും ഇറങ്ങി ചെല്ലുന്ന കരുണയുടെ പ്രവാചകൻ, കുഞ്ഞുങ്ങൾ മുതൽ മുതിർന്നവർ വരെ ഏവർക്കും സംലഭ്യൻ, സുതാര്യതയുള്ള വ്യക്തിത്വത്തിനുടമ. കേരള സഭയ്ക്കും ഭാരത സഭയ്ക്കും അതിലൂടെ ആഗോള കത്തോലിക്കാ സഭയ്ക്കും എടുത്തുപറയത്തക്ക സംഭാവനകൾ നല്കി തികഞ്ഞ ചാരിതാർത്ഥ്യത്തോടെ മെത്രാഭിഷേകത്തിന്റെ കാൽനൂറ്റാണ്ട് പിന്നിട്ട അഭിവന്ദ്യ പിതാവിന് പ്രാർത്ഥനാ നിർഭരമായ സ്നേഹാശംസകൾ!!!

പഠിപ്പിക്കുക, നയിക്കുക, വിശുദ്ധീകരിക്കുക എന്നീ ത്രിവിധ ദൗത്യങ്ങൾ നല്ലിടയനായ യേശുവിൽ നിന്നും പകുത്തുവാങ്ങിയ പിതാവ് പച്ചയായ പുൽപുറങ്ങളിലേക്കും പ്രശാന്തമായ ജലാശയങ്ങ ളിലേക്കും തന്റെ അജഗണങ്ങളെ ആനയിക്കുന്നു. ആടുകളെ തീറ്റി പോറ്റുവാനും ദുർബലമായവർക്ക് ശക്തി കൊടുക്കുവാനും മുറിവേറ്റ തിനെ വെച്ചുകെട്ടുവാനും വഴിതെറ്റിയതിനെ തിരികെ കൊണ്ടുവരു വാനും കാണാതെ പോയതിനെ അന്വേഷിച്ച് അലയുന്നതിനും വന്യ മൃഗങ്ങളിൽ നിന്നും ആപത്സാഹചര്യങ്ങളിൽ നിന്നും അജഗണത്തെ രക്ഷിക്കുവാനും അങ്ങനെ ഓരോന്നിനെയും എല്ലാറ്റിനെയും പരി പുഷ്ടിപ്പെടുത്തിയെടുക്കുവാനും പിതാവ് അതീവ ശ്രദ്ധാലുവാണ്. ദൈവജനത്തിന് മാർഗ്ഗദർശനം നല്കുക, അവരെ സംരക്ഷിക്കുക എന്നീ യേശുവിന്റെ ദിവ്യദൗത്യങ്ങൾ ഹൃദയത്തിലേറ്റു വാങ്ങി അനു ദിന ജീവിതത്തിൽ അത് പ്രാവർത്തികമാക്കുവാൻ ഊണും ഉറക്കവും വിശ്രമവുമില്ലാതെ കിലോമീറ്ററുകൾ താണ്ടുവാൻ പിതാവു കാണി ക്കുന്ന സന്നദ്ധത, സന്മനസ്സ് എത്ര പ്രകീർത്തിച്ചാലും അധികമാവില്ല.

ദൈവവും സഭയും അഭിവന്ദ്യ പിതാവിനെ ഏല്പിച്ച മാവേലിക്കര രൂപത പിതാവിന്റെ കരങ്ങളിൽ ഭദ്രവും സുരക്ഷിതവുമാണ്. നല്ലിടയന്റെ രൂപഭാവവും ചൈതന്യമാർന്ന ജീവിതവും സമർപ്പണ മനോഭാവം നിറഞ്ഞ നീക്കങ്ങളും വഴി തന്റെ സഹപ്രവർത്തകരായ, സഹചരന്മാരായ വന്ദ്യ വൈദികർക്ക് പിതാവ് മാതൃകയും ഉത്തേജന വുമാണ്. ഹൃദ്യതയും സാഹോദര്യവും സ്നേഹവും കരുതലും

www.malankaralibrary.com


നിറഞ്ഞു നിൽക്കുന്ന അരമനയിലെ കുടുംബാന്തരീക്ഷവും കുടുംബാരൂപിയോടെയുള്ള സ്വീകരണങ്ങളും സത്ക്കാരങ്ങളുമൊക്കെ കടന്ന് ചെല്ലുന്നവർക്ക് വിസ്മരിക്കാനാവാത്തതാണ്.

ലക്ഷ്യോന്മുഖമായി ചരിക്കുന്ന സമർപ്പിതർക്ക് ജീവിതപന്ഥാവിൽ വലംവച്ച് നിൽക്കുന്ന പ്രതിസന്ധികളിലും പ്രയാസങ്ങളിലും തകർന്നടിയാതെ ഉയിർത്തെഴുന്നേറ്റ് ആവേശപൂർവ്വം ജീവിതയാത്ര തുടരുവാൻ പിതാവ് അവസരോചിതമായി ഇടപെടലുകൾ നടത്തുന്നു. സന്യാസ ജീവിതത്തിന് പുതിയ രൂപവും അർത്ഥവും നല്കുവാനും ആദ്ധ്യാത്മിക ജീവിതത്തെ കൂടുതൽ സമ്പന്നവും നവീനവുമാക്കുവാൻ ഉതകുന്ന സ്നേഹസന്ദേശങ്ങൾ നല്കി ഞങ്ങളെ വളർത്തുന്നു. ജനനം മുതൽ ഇന്നുവരെയും മേരിമക്കൾ സമൂഹവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ സമൂഹസ്ഥാപകരെക്കുറിച്ചും സമൂഹത്തിന്റെ സിദ്ധിയെക്കുറിച്ചും ആദ്യ അംഗങ്ങൾ മുതൽ ഇന്നുവരെയുള്ള അംഗങ്ങളെക്കുറിച്ചും ആഴമായ അറിവും അടുപ്പവും കാത്തുസൂക്ഷിക്കുന്ന അപൂർവ്വമായ വ്യക്തിത്വമാണ് പിതാവിന്റേത്. തനിക്ക് ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ദൈവജനത്തിന്റെയും തന്റെ പ്രിയപ്പെട്ടവരുടെയും സന്തോഷനിമിഷങ്ങളിലും വേദനയുടെ അവസരങ്ങളിലും പ്രതിസന്ധിഘട്ടങ്ങളിലും ഓടിയെത്തി കൂടെയായിരിക്കുവാൻ നല്ലിടയന്റെ യഥാർത്ഥ അനുയായി എന്നനിലയിൽ വന്ദ്യ പിതാവ് എപ്പോഴും ശ്രദ്ധിക്കുന്നു.

വാഗ്ദത്തഭൂമി കരസ്ഥമാക്കുവാൻ ഇസ്രായേൽ ജനത്തെ നയിച്ച ജോഷ്വാ, മോശയുടെ പിൻഗാമിയാകുവാനുള്ള തന്റെ യോഗ്യത ധീരതയിലൂടെയാണ് പ്രകടമാക്കിയത്. “എന്റെ ദാസനായ മോശ നല്കിയിട്ടുള്ള എല്ലാ നിയമങ്ങളും അനുസരിക്കുകയും ശക്തനും ധീരനുമായിരിക്കുകയും ചെയ്യുക. അവയിൽ നിന്ന് ഇടംവലം വ്യതിചലിക്കരുത്.” നിന്റെ ഉദ്യമങ്ങളിലെല്ലാം നീ വിജയം വരിക്കും (ജോഷ്വാ1:7).

തിരുസഭയുടെയും മലങ്കരകത്തോലിക്കാ സഭയുടെയും മാവേലിക്കര രൂപതയുടെയും സുസ്ഥിതിക്കും വളർച്ചയ്ക്കും വേണ്ടി ക്രിയാത്മകമായ പ്രവർത്തനങ്ങൾ ആദ്ധ്യാത്മിക, ഭൗതിക, ബൗദ്ധിക സാമൂഹിക മേഖലകളിൽ നടപ്പാക്കുന്നത് പ്രവാചക ധീരതയ്ക്ക് മഹനീയ മാതൃകയാണ്. ദൈവത്തിന്റെ കല്പനകളും പ്രമാണങ്ങളും ചട്ടങ്ങളും അനുസരിച്ച് തന്റെ നല്ലിടയനടുത്ത ശുശ്രൂഷ ഏറ്റവും

www.malankaralibrary.com


വിശ്വസ്തനായി ചെയ്തു കൊണ്ട് മുന്നേറുന്ന പിതാവിന്റെ ഉദ്യമങ്ങളിലെല്ലാം ദൈവത്തിന്റെ കയ്യൊപ്പുണ്ട്. പ്രവാചകന്റെ ധീരതയോടും, നല്ലിടയന്റെ ഹൃദയഭാവത്തോടും യുവത്വത്തിന്റെ പ്രസരിപ്പോടും കൂടെ കർമ്മ നിരതനാകുന്ന പിതാവ് മത-മാനവ മൈത്രിക്ക് പൊൻ തിലകം ചാർത്തുന്നു.

ആഗോള കത്തോലിക്കാ സഭയുടെ, മലങ്കര കത്തോലിക്കാ സഭയുടെ വലിയ ആത്മീയ ചൈതന്യമായി, മേരിമക്കളുടെ അഭിമാന പാത്രമായി, അനേകായിരങ്ങൾക്ക് ആശ്വാസ ഭൂതനായി വിരാജിക്കുന്ന അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമനസ്സിന് സ്നേഹത്തോടെ ഹൃദയത്തിന്റെ ഭാഷയിൽ സർവ്വവിധ മംഗളങ്ങളും നേരുന്നു.!!!

www.malankaralibrary.com


# തുളുമ്പാത്ത നിറകുടം



**ബിജു ഒളാട്ടുപുറം**
കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്
മുൻ സംസ്ഥാന പ്രസിഡന്റ്

32

**കെ**.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷൻ ചെയർമാൻ എന്ന നിലയിൽ, കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് രക്ഷാധികാരി ആയി തുടരുന്ന ജോഷ്വാ പിതാവിന് മുൻ സംസ്ഥാന പ്രസിഡന്റ് എന്ന നിലയിൽ എന്റെയും സഹപ്രവർത്തകരുടെയും നന്ദിയുടെ നറുമലരുകൾ.. ഹ്രസ്വ കാലയളവിലെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ജോഷ്വാ പിതാവിനെ അനുസ്മരിക്കുമ്പോൾ സ്നേഹം, ലാളിത്യം, അറിവ്, ആത്മാർത്ഥത, കൃത്യനിഷ്ഠത ഇവയെല്ലാം സമ്മേളിച്ചിരിക്കുന്ന ആചാര്യശ്രേഷ്ഠനാണ് അദ്ദേഹം. തന്നെ ഏൽപ്പിച്ച കർത്തവ്യം ഏറ്റവും ഭംഗിയായി നിറവേറ്റുന്നതിനായി ഏതറ്റംവരെയും സഞ്ചരിക്കാൻ തയ്യാറുള്ള വ്യക്തിത്വം. തന്റെ അജഗണങ്ങളെയും, സഹപ്രവർത്തക രെയും സ്നേഹവായ്പ്പോടെ സംരക്ഷിക്കുന്ന ഇടയൻ. സമസ്ത മേഖലകളിലുമുള്ള തന്റെ അഗാധപാണ്ഡിത്യം മൂർച്ചപ്പെടുത്തി അവതരിപ്പിക്കുന്ന പ്രഭാഷകൻ, സമൂഹത്തിലെ മൂല്യച്യുതികളെ കരുത്തോടെ നേരിടുന്ന പടയാളി, ഇങ്ങനെ എത്ര വിശേഷണങ്ങൾ നേർന്നാലും മതിയാവില്ല. കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ പ്രവർത്തിപഥങ്ങളിൽ ജോഷ്വാ പിതാവിന്റെ നേതൃത്വം നൽകിയ ഉണർവ് വളരെ വലുതാണ്. മീറ്റിങ്ങുകളിൽ മുഴുവൻ സമയ പങ്കാളി യായി അമൂല്യമായ നിർദ്ദേശങ്ങളും, ഉപദേശങ്ങളും നൽകുന്ന പിതാവ്,

www.malankaralibrary.com


നേതൃത്വം നൽകുന്ന ഗുരുഭൂതരെ ചേർത്ത് നിർത്തുന്നതിനും അംഗീകാരങ്ങൾ നൽകുന്നതിനും ഏറെ മുൻപന്തിയിൽ ആയിരുന്നു അദ്ദേഹം.

അധ്യാപകർ നേരിടുന്ന പ്രശ്നങ്ങൾക്കെതിരെയുള്ള സമരപഥങ്ങളിൽ എന്നും മുന്നണിപ്പോരാളിയായി പിതാവ് ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഇത്തരം പ്രവർത്തനങ്ങളിൽ എന്നെ ഏറെ സ്വാധീനിച്ചത് 2023-ൽ നടന്ന വിദ്യാദർശൻ യാത്രയുടെ സമാപനം തിരുവനന്തപുരം സെക്രട്ടറിയേറ്റിനു മുമ്പിൽ നടക്കുന്ന സമയം, പൊരി വെയിലത്ത് രാവിലെ മുതൽ സന്നിഹിതനായിരുന്ന പിതാവ് ഉദ്ഘാടനചടങ്ങും മാധ്യമ ഇന്റർവ്യൂവും ഒക്കെ കഴിഞ്ഞപ്പോഴേക്കും ഏറെ ക്ഷീണിച്ചിരുന്നു. വെയിലേറ്റ് ചുമന്ന് തുടിച്ച മുഖത്ത് അപ്പോഴും സ്ഫുരിക്കുന്ന മന്ദഹാസം ഞങ്ങൾക്ക് നൽകിയ ഊർജ്ജം തെല്ലൊന്നുമല്ല. ഈ അവസരത്തിലും വിദ്യാദർശൻ യാത്രയുടെ വിജയത്തെ പ്രശംസിക്കുവാനും ഞങ്ങളെ ഏവരെയും അഭിനന്ദിക്കുവാനും ഞങ്ങളോടൊപ്പം ഫോട്ടോ എടുക്കുവാനും സമയം കണ്ടെത്തിയ പിതാവിന്റെ മാതൃക ഏറെ മഹത്തരമാണ്.

എല്ലാ വിഷയങ്ങളെക്കുറിച്ചും അഗാധപാണ്ഡി ത്യം ഉണ്ടായിരുന്ന അദ്ദേഹം ഏതൊരു വേദിയിലും അത് പഠിച്ച് അവതരിപ്പിക്കുന്നത് ഏറെ ആദരവോടെയാണ് ഞാൻ കണ്ടിട്ടുള്ളത്. കാര്യങ്ങളെ സൗമ്യമായി അവതരിപ്പിക്കുമ്പോഴും അത് എത്തേണ്ടിടത്ത് എത്തിക്കാനുള്ള കഴിവ് ഏറെ ശ്രദ്ധേയമാണ്, പ്രതിഷേധ സ്വരത്തിന്റെ മൂർച്ച കൂടുമ്പോഴും, അത് പറയേണ്ട ഗൗരവത്തിൽ അവതരിപ്പിക്കുമ്പോഴും തന്റെ സ്വതസിദ്ധമായ മുഖപ്രസാദം മായാതെ സൂക്ഷിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. സുദീർഘമായ കാലം മാവേലിക്കര രൂപതയെ നയിക്കുകയും കേരള കാത്തലിക് ബിഷപ്സ് കോൺഫറൻസ് വിദ്യാഭ്യാസ കമ്മീഷൻ ചെയർമാനായും, കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് രക്ഷാധികാരിയായും ഒക്കെ സേവനമനുഷ്ഠിക്കുകയും ചെയ്തു. പിതാവിന്റെ ഭരണകാലയളവ് എന്നെന്നും ഓർമ്മിക്കപ്പെടും എന്നതിൽ സംശയമില്ല. കേരളത്തിൽ അങ്ങോളമിങ്ങോളം ഊർജ്ജസ്വലമായി പ്രവർത്തനനിരതനാവുകയും തന്റെ അറിവ് ഏറെ ഭദ്രമായി മറ്റുള്ളവർക്ക് പകർന്നുനൽകുകയും ചെയ്ത പ്രിയ ഇടയൻ ജോഷ്വാ പിതാവിന് ശിഷ്ടകാലവും തന്റെ പ്രവർത്തനരംഗത്ത് കരുത്തും ആരോഗ്യവും ബുദ്ധിശക്തിയും നൽകി നല്ലവനായ യേശുക്രിസ്തു സംരക്ഷിക്കട്ടെ. എല്ലാവിധ ആശംസകളും നന്മകളും നേരുന്നു പ്രിയ ഇടയനെ കുറിച്ചുള്ള നല്ല ഓർമ്മകൾക്ക് സ്നേഹാഞ്ജലി.

●

www.malankaralibrary.com


# യുവജനങ്ങളെ വളർത്തുന്ന വ്യക്തിത്വം



**ജിതിൻ ഷാജി വെട്ടിയാർ**
എം.സി.വൈ.എം.
മാവേലിക്കര ഭദ്രാസന മുൻ പ്രസിഡന്റ്

33

"എനിക്ക് ഇഷ്ടപ്പെട്ട ഇടയൻമാരെ ഞാൻ നിങ്ങൾക്കു തരും;
അവർ ജ്ഞാനത്തോടും വിവേകത്തോടും കൂടെ നിങ്ങളെ പാലിക്കും."

*ജറെമിയാ 3 : 15*

**ജ്ഞാ**നത്തിലുറച്ച ബോധ്യങ്ങളാൽ, സത്യത്തിലുറച്ച ശീലങ്ങളാൽ, വിശ്വാസത്തിലുറച്ച കർമ്മങ്ങളാൽ വിവേകപൂർവ്വം അജഗണങ്ങളെ നയിച്ച നല്ലിടയൻ... അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്ത...

ചരിത്രം സൃഷ്ടിക്കുന്നവനാണ് മനുഷ്യൻ. എല്ലാ മനുഷ്യരും ചരിത്രത്തിന്റെ ഭാഗമാണ്. എങ്കിലും ഓരോ കാലഘട്ടത്തിലും ചില മനുഷ്യർ ചരിത്രം തങ്ങളുടെതാക്കി മാറ്റാറുണ്ട്. മഹാത്മാഗാന്ധിയെ പോലെ, നെൽസൺ മണ്ടേലയെ പോലെ, മദർ തെരേസയെ പോലെ, സഭയിലും ഇങ്ങനെയുള്ള പ്രതിഭാസങ്ങൾ കാണാം. ഓരോ

www.malankaralibrary.com


കാലത്തിലും സഭയെ നേരായ വഴിയിൽ നയിക്കാൻ ദൈവം വ്യക്തികളെ തിരഞ്ഞെടുക്കാറുണ്ട്. അവരെ പ്രവാചകന്മാരെന്നോ, ഇടയന്മാരെന്നോ, നേതാക്കന്മാരെന്നോ എന്തു വേണമെങ്കിലും വിളിക്കാം. എന്തായാലും അവർ സഭയിൽ പ്രവാചക ധർമ്മമാണ് ചെയ്യുക; നേതാക്കന്മാരുടെ കർമ്മമാണ് നടത്തുക; ഇടയന്മാരുടെ വഴിയെയാണ് നടക്കുക. അത്തരത്തിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സൂര്യതേജസും പുനരൈക്യ ശില്പിയുമായ ധന്യൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തയുടെ ജന്മംകൊണ്ട് അനുഗ്രഹീതമായ മാവേലിക്കര ഭദ്രാസനത്തെ നയിക്കുവാൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട നല്ല ഇടയൻ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്ത. വി. പൗലോസ് ശ്ലീഹായുടെ വാക്കുകളിൽ അഹറോനെപ്പോലെ ദൈവത്താൽ വിളിക്കപ്പെടുകയല്ലാതെ ആരും സ്വയം ഈ ബഹുമതി ഏറ്റെടുക്കുകയല്ല.

ആദരവോടെ അകലെ നിന്ന് വീക്ഷിക്കുകയും തീക്ഷണതയോടെ വായിക്കുകയും സശ്രദ്ധം ശ്രവിക്കുകയും, സ്നേഹത്തോടെ ചിന്തകൾ പങ്കുവയ്ക്കുകയും ചെയ്തിട്ടുണ്ട് അഭിവന്ദ്യ പിതാവുമായി. ഉറച്ച കാഴ്ച്ചപ്പാടുകളും അടിപതറാത്ത കാൽവയ്പ്പുകളുമായി മാവേലിക്കര ഭദ്രാസനത്തിനെ ഒന്നുമില്ലായ്മയിൽനിന്നും നയിച്ച അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്ത...

യുവജനങ്ങളെ സംബന്ധിച്ചിടത്തോളം ദീർഘവീക്ഷണത്തിന്റെ ആൾരൂപമാണ് അഭിവന്ദ്യ പിതാവ്. കാലത്തിന്റെ മാറ്റങ്ങളെ നീതി ബോധത്തോടെ ഉൾക്കൊണ്ടുകൊണ്ട്, കാലത്തിന്റെ ചുവരെഴുത്തുകളെ വായിച്ചറിഞ്ഞുകൊണ്ടുള്ള പ്രവർത്തനങ്ങൾ ആണ് അഭിവന്ദ്യപിതാവിന്റെ പ്രത്യേകത. യുവജനങ്ങളുടെ ചിന്തകളെയും ജീവിതത്തെയും മാറ്റാനാകുന്ന ഏറ്റവും വലിയ ആയുധം വിദ്യാഭ്യാസമാണ് എന്ന പിതാവിന്റെ ദീർഘവിക്ഷണത്തിന്റെ ഉത്തമ ഉദാഹരണമാണ് പിതാവിന്റെ അക്ഷീണ പ്രയത്നത്തിന്റെ ഫലമായി രൂപം കൊണ്ട കല്ലുമല മാർ ഇവാനിയയോസ് കോളേജും പുലിയൂരിലെ മാർ ഈവാനിയോസ് ലോ കോളേജും.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന പ്രസ്ഥാനമായ എം.സി.വൈ.എം.ന്റെ മാവേലിക്കര ഭദ്രാസന പ്രസിഡന്റ് ആയി സേവനമനുഷ്ഠിച്ച 2022, 2023 കാലയളവിലെ പ്രവർത്തനങ്ങളുമായി

www.malankaralibrary.com


ബന്ധപ്പെട്ട് പിതാവിന് യുവജങ്ങളോടുള്ള സ്നേഹത്തിന്റെ ആഴം കൂടുതലായി മനസിലാക്കിയിട്ടുണ്ട്. എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന സമിതിയുടെ എല്ലാ പ്രവർത്തനങ്ങൾക്കും അഭിവന്ദ്യ പിതാവ് നൽകിയിരുന്ന കരുതലും സ്നേഹവും എത്രപറഞ്ഞാലും മതിയാവില്ല. 200-ൽ അധികം യുവജനങ്ങൾ പങ്കെടുത്ത തീം പഠന ശിബിരം കല്ലുമലയിൽ നടക്കുന്നു എന്ന് അറിഞ്ഞപ്പോൾ തിരക്കുകൾ മാറ്റി യുവജനങ്ങളെ അഭിസംബോധന ചെയ്യാനായി അവിടേക്ക് കടന്നുവന്ന പിതാവ്, ബൈബിൾ അഗ്നിക്കിരയാക്കി അത് സാമൂഹ്യ മാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ച സംഭവത്തിലും മണിപ്പൂർ കലാപത്തിലും പ്രതിഷേധങ്ങൾ ഉയർത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ് എന്ന ചിന്തയിൽ എല്ലാവിധ പിന്തുണകളും നൽകിയ പിതാവ്, കന്യാസ്ത്രീകളെ പരസ്യമായി അപമാനിച്ച കക്കുകളി എന്ന നാടകത്തിനെതിരെ തെരുവിൽ ഇറങ്ങിയപ്പോൾ സാന്നിധ്യം കൊണ്ടും വാക്കുകൾ കൊണ്ടും കരുത്തുപകർന്ന പിതാവ്, 6 ദിവസം നീണ്ടുനിന്ന ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കലേക്കുള്ള തീർത്ഥാടന പദയാത്രയിൽ ഞങ്ങൾ തളർന്നപ്പോൾ വാക്കുകളാൽ ഊർജ്ജമേകിയും പ്രാർത്ഥനയാൽ ബലമേകിയും ഒപ്പമായിരുന്ന പിതാവ്, ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് സർവ്വ പിന്തുണയുമായി കൂടെനിന്ന പിതാവ്, ഭദ്രാസന സമിതിയുടെ യുവദീപ്തി എന്ന ത്രൈമാസികയിലൂടെ ചിന്തോദ്ദീപകങ്ങളായ ആശയങ്ങൾ യുവജനങ്ങളിലേക്ക് എത്തിച്ച പിതാവ്, ഒടുവിൽ 2 വർഷത്തെ കാലാവധി പൂർത്തിയാക്കി പടിയിറങ്ങുന്ന സെനറ്റിലേക്ക് തിരക്കിനിടയ്ക്കും ഓടിയെത്തി ആശംസകളും അഭിനന്ദനങ്ങളും അറിയിച്ച പിതാവ്,

ഇനി വ്യക്തിപരമായി പിതാവ് ഒപ്പമായിരുന്ന ഒരുപിടി നല്ല നിമിഷങ്ങൾ ഉണ്ട്. ഭദ്രാസന പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടതിനു ശേഷമുള്ള UCPI യുടെ മീറ്റിങ്ങിലേക്ക് കടന്നുചെല്ലുമ്പോൾ പേര് മാത്രം പറഞ്ഞ എന്റെ ബാക്കി വിവരങ്ങൾ എല്ലാം പറഞ്ഞ പിതാവ്, എന്റെ പിതാവിന്റെ അനാരോഗ്യാവസ്ഥയിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ച ആ രാത്രി തന്നെ അവിടേക്ക് കടന്നുവന്നു ഞങ്ങളെ ആശ്വസിപ്പിച്ച്, പ്രാർത്ഥനയിൽ ധൈര്യം പകർന്ന്, തുടർന്നും ഞങ്ങളെ ബലപ്പെടുത്തിയ പിതാവ്, ജീവതത്തിലെ പല പ്രതിസന്ധിഘട്ടത്തിലും ഏറെ സ്നേഹത്തോടെ ചേർത്തുനിർത്തിയ പിതാവ്.

www.malankaralibrary.com


ഞങ്ങളഭിമാനിക്കുന്നു വിദ്യാഭ്യാസാവകാശങ്ങളുൾപ്പെടെ സാമൂഹ്യ, രാഷ്ട്രീയ വിഷയങ്ങളിൽ അങ്ങുയർത്തിയ ശബ്ദങ്ങളോർത്ത്....

ഞങ്ങളഭിമാനിക്കുന്നു ലഹരിവിരുദ്ധമുൾപ്പെടെ അങ്ങ് നടത്തിയ പോരാട്ടങ്ങളെയോർത്ത്.... ഞങ്ങളഭിമാനിക്കുന്നു വിശുദ്ധ മാർഗ്ഗത്തിൽ മുൻപേ നടന്നു വഴികാട്ടിയതിന്....

യുവജനങ്ങളോട് ഒപ്പമായിരുന്ന്... ഞങ്ങളെ വളർത്തിയതിന്... കരുതിയതിന്.... സ്നേഹിച്ചതിന്... പിതൃവാത്സല്യത്തോടെയുള്ള പെരുമാറ്റങ്ങൾക്ക്... സ്നേഹപൂർവമുള്ള വിമർശങ്ങൾക്ക്... ഉറച്ച നിലപാടുകൾക്ക്... ഇടവിടാതെ ഞങ്ങൾക്കുവേണ്ടിയുള്ള പ്രാർത്ഥനകൾക്ക്... നിറഞ്ഞ ചിരിയിലൂടെയുള്ള സ്നേഹത്തിന്... ഞങ്ങൾക്ക് തന്ന അനുഗ്രഹങ്ങൾക്ക്.... അഭിവന്ദ്യ പിതാവേ... ഞങ്ങൾ ഏറെ നന്ദിയോടെ അങ്ങയെ ഓർക്കുന്നു.



www.malankaralibrary.com


# സമയത്തെ പിന്നിലാക്കുന്ന ഊർജ്ജസ്വലൻ



34

**റെജി മാത്യു കിഴക്കേകെണ്ടത്തിൽ**
ഇംഗ്ലീഷ് വിഭാഗം മേധാവി
മാർ ഇവാനിയോസ് കോളേജ്, മാവേലിക്കര

**ചു**ണ്ടിൽ പുഞ്ചിരിയും ഹൃദയത്തിൽ വറ്റാത്ത ആർദ്രതയും പ്രവർത്തനത്തിൽ നിലയ്ക്കാത്ത ചടുലതയും രൂപത്തിൽ അതുല്യ പ്രൗഢിയും ചേർന്നു പരിലസിക്കുന്ന വ്യക്തിത്വമാണ് ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി. ഒരു ലേഖനത്തിന്റെയോ പുസ്തകത്തിന്റെയോ താളുകളിൽ ചുരുക്കാൻ സാധിക്കാത്ത അത്രയും വിശാലതയിൽ കർമ്മകാണ്ഡം ശാഖോപശാഖകളോടെ പടർന്നു കിടക്കുന്നു. പൗരോഹിത്യ ശുശ്രൂഷയുടെ ആദ്യത്തെ രണ്ടു ദശകങ്ങൾ തമിഴ്നാട്ടിലെ കിരാത്തൂർ, മാർത്താണ്ഡം, ചെന്നൈ എന്നീ സ്ഥലങ്ങളിൽ ആയിരുന്നെങ്കിൽ മധ്യദശകം തലസ്ഥാന നഗരമായ തിരുവനന്തപുരത്തും തുടർന്നുള്ള കാലങ്ങളിൽ മധ്യതിരുവിതാംകൂറിന്റെ ഹൃദയഭൂമിയായ മാവേലിക്കരയിലും വ്യാപിച്ചു കിടക്കുന്നു. പരിമിതമായ സാഹചര്യങ്ങളിൽ നിന്ന് സ്വയം പര്യാപ്തമായ ഒരു രൂപതതയെ സൃഷ്ടിച്ചെടുക്കുവാൻ വേണ്ടി സൃഷ്ടാവിന്റെ ചിറകിലേറിയുള്ള പ്രയാണം ദൈവീക അത്ഭുതത്തിന്റെ നേർക്കാഴ്ചയാണ്. കർത്താവാണ് എന്റെ ബലം അവിടുന്ന് എന്റെ കാലുകൾക്ക് കലമാന്റെ പാദങ്ങൾക്ക് എന്നതുപോലെ വേഗത നൽകി ഉന്നതങ്ങളിൽ എന്നെ നടത്തുന്നു. (ഹബക്കുക്ക് 3:19) ഈ തിരുവചനത്തിന്റെ മർമ്മവും പൊരുളും അതിന്റെ പൂർണ്ണ അർത്ഥത്തിൽ തിരുമേനിയുടെ ജീവിതത്തിൽ

www.malankaralibrary.com


പൂത്തുലഞ്ഞ് നിൽക്കുന്നു. സ്വർഗ്ഗത്തിന്റെ ഒരു കഷ്ണം സ്വന്തം ഹൃദയത്തിൽ സൂക്ഷിക്കുന്നവർ പോകുന്നിടത്തെല്ലാം അസാധ്യങ്ങൾ സാധ്യമാക്കുന്നു. ഇന്നലെകളുടെ നീറ്റലും നാളെയെപ്പറ്റിയുള്ള ആകുലതകളും മനസ്സിന്റെ അടരുകളിൽ സൂക്ഷിക്കാത്തവർ വർത്തമാനകാലത്തിന്റെ വിരിമാറിലൂടെ ലക്ഷ്യബോധത്തോടെ ദൈവശബ്ദത്തിന് അനുസരിച്ച് കുതിച്ചു പാഞ്ഞുകൊണ്ടിരിക്കുമ്പോൾ നിരീക്ഷകർ വിളിക്കും Galloping Bishop, Flying Bishop എന്നൊക്കെ.

മോഹൻദാസ് കരംചന്ദ് ഗാന്ധി ജീവിതത്തിന്റെ ഏതു മുഹൂർത്തത്തിലാണ് മഹാനായി തീർന്നത്? വെള്ളക്കാർക്കുവേണ്ടി മാറ്റിവച്ച ഒരു ട്രെയിൻ കംപാർട്ട്മെന്റിൽ നിന്ന് അദ്ദേഹത്തെ രണ്ട് സായിപ്പുമാർ റെയിൽവേ പ്ലാറ്റ്ഫോമിലേക്ക് വലിച്ചെറിഞ്ഞ നിമിഷം ഗാന്ധിജിയിലെ യോദ്ധാവ് ഉണരുകയും ജീവിതനിയോഗം കണ്ണാടിയിലെന്നപോലെ സുവ്യക്തമാകുകയും ചെയ്തു. കുഞ്ഞായിരിക്കുമ്പോഴെ മാതാപിതാക്കൾ നഷ്ടപ്പെട്ട് വല്യച്ചന്റെ സ്നേഹച്ചൂടിൽ ജീവിച്ചുവന്ന കൊട്ടാരക്കര കിഴക്കേത്തെരുവിൽ മണികെട്ടിയ വീട്ടിലെ ബ്രദർ ജോയിച്ചന്റെ സെമിനാരി പഠനത്തിന്റെ 8-ാം വർഷം തന്നെ പൊതിഞ്ഞുനിന്നിരുന്ന ദൈവസാന്നിധ്യത്തിന്റെ അത്ഭുതതേജസ്സ് തിരിച്ചറിഞ്ഞു ഒരു മധ്യാഹ്നത്തിൽ പുനലൂർ മീറ്റർഗേജ് റയിൽവേപാതയിലൂടെ കല്ലടയാറിനെ മുറിച്ചുകടക്കുമ്പോൾ അപ്രതീക്ഷിതമായി പിന്നിൽ നിന്ന് ട്രെയിനിന്റെ ചൂളംവിളി മുഴങ്ങി. രക്ഷപെടാൻ ഒരു മാർഗ്ഗവുമില്ല. മരണം ഏതാണ്ട് ഉറപ്പിക്കപ്പെട്ട നിമിഷം. കർത്താവിന്റെ പൊൻകരങ്ങളിലേക്ക് തന്നെ സമർപ്പിച്ചുകൊണ്ട് ബ്രദർ ജോയിച്ചൻ മുൻപോട്ട് കുതിച്ചു. മറുകരയിലെത്തി പിന്നിലോട്ട് നോക്കുമ്പോൾ ട്രയിൻ അക്കരെ നിർത്തിയിരിക്കുന്നു. ദൈവത്തിന്റെ അനന്ത സ്നേഹത്തിന്റെ വെളിപാടിൽ തരിച്ചു നിന്നുപോയി. കത്തിജ്വലിക്കുന്ന മുൾപ്പടർപ്പിന്റെ മുന്നിൽ മോശ സ്തബ്ദനായി നിന്നതുപോലെ എല്ലാം മറന്നു നിന്നുപോയി. മനസ്സും ശരീരവും ആത്മാവും തീർത്തും ഭാരരഹിതമായിതീർന്ന അവസ്ഥ. നീ ഇനിയും ജോയിച്ചനല്ല, പിന്നയോ സ്വർഗ്ഗത്തിലേക്ക് ദൈവജനത്തെ നയിക്കുവാൻ വിളിക്കപ്പെട്ട പുതിയ കാലഘട്ടത്തിലെ ജോഷ്വായാണെന്ന് മനസ്സിലാക്കി അഗ്നിചിറകിലേറിയുള്ള ഈ പ്രയാണം അന്ന് ആരംഭിച്ചതാണ്. നിന്റെ ഉദ്യമങ്ങളിൽ എല്ലാം നീ വിജയംവരിക്കും, നീ പരിഭ്രമിക്കുകയോ ചെയ്യരുത്. എപ്പോഴും ശക്തനും ധീരനുമായിരിക്കണം, നിന്റെ ദൈവമായ കർത്താവ് നീ പോകുന്നിടത്തെല്ലാം നിന്നോടുകൂടെ ഉണ്ടായിരിക്കും. പഴയ നിയമത്തിലെ ജോഷ്വായ്ക്ക് ദൈവം നൽകിയ ഉറപ്പ് ബ്രദർ ജോയിച്ചൻ തന്റെ ജീവിതത്തിന്റെ ഉറപ്പായി സ്വീകരിച്ചു.

www.malankaralibrary.com


1978 ഏപ്രിൽ 2-ാം തീയതി അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനിയിൽ നിന്ന് കൈവയ്പ് സ്വീകരിച്ച് പൗരോഹിത്യത്തിന്റെ സ്വർഗ്ഗ വഴിയിലേക്ക് പ്രവേശിച്ചു. ആദ്യത്തെ നിയമനം അസിസ്റ്റന്റ് വികാരിയായി കന്യാകുമാരി ജില്ലയിലെ കിരാത്തൂരിൽ ബഹു. ലോറൻസ് അച്ചനോടൊപ്പം ആയിരുന്നു. മഞ്ഞത്തോപ്പ് പള്ളിപണി നടക്കുമ്പോൾ മൺവെട്ടിയും തൂമ്പയും പിടിച്ച് കോശി അച്ചൻ അവരിലൊരാളായി. 1982 മുതലുള്ള 14 വർഷങ്ങൾ ഫാ. കോശി വർഗ്ഗീസിന്റെ പ്രേഷിതവേലയിൽ അതി നിർണ്ണായകമായ കാലഘട്ടം ആയിരുന്നു. ചെന്നൈ നഗരവും പാഡി പ്രദേശവും അദ്ദേഹത്തിന്റെ ഹൃദയഭൂമിയായി മാറി. അദ്ദേഹത്തിന്റെ 14 വർഷത്തെ കഠിനപ്രയത്നത്തിലൂടെ ഉയർന്നുവന്ന ദൈവാലയവും സ്കൂളും കോളേജും വിവിധ ഭക്തസംഘടനകളും ആ പ്രദേശത്തിന്റെ ആത്മാഭിമാനത്തിന്റെ നിതാന്ത സ്മാരകങ്ങളായി ശോഭിക്കുന്നു. തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ വികാരി ജനറാളായി 1996-ൽ നിയമിതനായതോടെ തെക്കൻ കേരളം ഒന്നാകെ അദ്ദേഹത്തിന്റെ കഠിന പ്രയത്നത്തിന്റെ തട്ടകമായി മാറി.

ഈ കാലയളവിൽ അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് പിതാവിന്റെ നിർദ്ദേശ പ്രകാരം വികാരി ജനറാളായ കോർ എപ്പിസ്കോപ്പ കോശി വർഗ്ഗീസ് അച്ചൻ എന്റെ മാതൃദേവാലയമായ രാമപുരം ഇടവകയിലേക്ക് വരികയുണ്ടായി. രണ്ടു ചേരിയായി നിന്നിരുന്ന ഇടവക ജനത്തെ ഒന്നിപ്പിക്കാനായി ഉച്ചയോടെ ദേവാലയത്തിൽ എത്തിയ ജനറാൾ അച്ചൻ ഇടവകയിലെ കുട്ടികൾ ഉൾപ്പെടെയുള്ള മുഴുവൻ അംഗങ്ങളെയും നേരിട്ട് കേട്ട് മനസ്സിലാക്കി പ്രശ്നങ്ങൾ എല്ലാം പരിഹരിച്ച് പുതിയ ഭരണസമിതിയെയും തെരഞ്ഞെടുത്ത് തിരുവനന്തപുരത്തേക്ക് മടങ്ങുമ്പോൾ പാതിരാവ് കഴിഞ്ഞിരുന്നു. കുലംകുത്തിയൊഴുകുന്ന ജോർദ്ദാൻ നദി മുറിച്ചുകടക്കാൻ ന്യൂനിന്റെ മകനായ ജോഷ്വാ കാണിച്ച സാമർഥ്യവും ചങ്കുറ്റവും ജോഷ്വാ തിരുമേനിയുടെ എല്ലാ പ്രവർത്തനങ്ങളിലും നിറഞ്ഞുനില്ക്കുന്നു.

എന്റെ വ്യക്തി ജീവിതത്തിൽ വളരെയേറെ സ്വാധീനം ചെലുത്തുവാൻ ഇഗ്നാത്തിയോസ് തിരുമേനിയുടെ നിർദ്ദേശങ്ങൾക്കും ഉപദേശങ്ങൾക്കും സാധിച്ചിട്ടുണ്ട്. ഒരു അധ്യാപകൻ എന്ന നിലയിലും സുവിശേഷകൻ എന്ന നിലയിലും മുന്നോട്ടുപോകുവാൻ തിരുവനന്തപുരം അതിരുപതയിലെ മൈനർ-മേജർ സെമിനാരികളിൽ നിന്ന് വിവിധ മേഖലകളിൽ ലഭിച്ച പരിശീലനവും വിദ്യാഭ്യാസവും ഒരു വലിയ ചാലക ശക്തിയായി എന്നെ മുൻപോട്ടുനയിക്കുന്നു. 1982-ൽ പട്ടം അരമനയിൽ ബെനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെയും ലോറൻസ് മാർ

www.malankaralibrary.com


അപ്രേം തിരുമേനിയുടെയും ശിക്ഷണത്തിൽ സി.റ്റി. കുരുവിള അച്ച ന്റെയും റെക്ടർ സാമുവേൽ കാട്ടുകല്ലിൽ അച്ചന്റെയും മേൽനോട്ടത്തിൽ ആദ്യവർഷ സെമിനാരി പരിശീലനം കടന്നുപോകുമ്പോൾ ഒരു അപ രാഹ്നത്തിൽ ഞങ്ങളുടെ സ്റ്റഡിറൂമിലേക്ക് ചുറുചുറുക്കോടെ ഒരു യുവ വൈദീകൻ കടന്നുവന്നു- ഫാ. കോശി വർഗീസ്. ആത്മവിശ്വാസവും അതിലേറെ ശുഭാപ്തിവിശ്വാസവും തുടിച്ചുനിൽക്കുന്ന പ്രകൃതം. ആരെയും പ്രഥമദൃഷ്ടിയിൽ കീഴ്പ്പെടുത്തുന്ന ആകാരഭംഗി. തന്റെ സെമിനാരി ജീവിത അനുഭവങ്ങളും സ്പോർട്സിലും ഗെയിമിലും ഉള്ള താല്പര്യവും പുഞ്ചിരിയിൽ പൊതിഞ്ഞ് അവതരിപ്പിച്ചു. കിരാത്തൂർ, മഞ്ഞത്തോപ്പ് പ്രദേശങ്ങളിലെ മിഷൻ അനുഭവങ്ങൾ വിശദീകരിക്കു മ്പോൾ വളരെയധികം വാചാലനായി. മഞ്ഞത്തോപ്പ് പള്ളിയുമായി ബന്ധപ്പെട്ട് ഉണ്ടായ ചില പ്രതിസന്ധികൾ, മൺവെട്ടിയെടുത്ത് പണി ക്കാർക്കൊപ്പം അഹോരാത്രം ഉള്ള അദ്ധ്വാനം, തമിഴ് ഭാഷയിൽ ഒഴു ക്കോടെയുള്ള സംഭാഷണം, ഒരുമണിക്കൂർ കടന്നുപോയത് അറിഞ്ഞ തേയില്ല. കുട്ടികളായ ഞങ്ങൾ മനസ്സിൽ കുറിച്ചു, ഒരു വൈദികൻ ആകുന്നെങ്കിൽ ഇതാണ് മാതൃക. കനാൻനാട് ഉറ്റുനോക്കാൻപോയ കാബെലും ജോഷ്വായും തങ്ങൾ നേരിൽകണ്ട തേനും പാലും ഒഴു കുന്ന നാടിനെക്കുറിച്ച് വിവരിക്കുമ്പോൾ ചിറപൊട്ടി ഒഴുകിയ പോസി റ്റിവിറ്റി കൊച്ചച്ചന്റെ ഓരോ ഭാവത്തിലും വാക്കിലും പ്രകടമായിരുന്നു.

മേജർ സെമിനാരിയിലെ ഫിലോസഫി പഠനത്തിനുശേഷം ക്രൈസ്തവ കാഹളത്തിന്റെ സഹായിയും റീജന്റുമായി ഞാൻ വീണ്ടും അരമനയിൽ എത്തുമ്പോൾ ഗ്രിഗോറിയോസ് തിരുമേനിയുടെ ഊണു മേശയിലെ ഡിന്നർ ടോക്കുകൾ ഒരു സദ്യകഴിക്കുന്നപോലെ ആസ്വാ ദ്യകരമായിരുന്നു. മദ്രാസ് സന്ദർശനം കഴിഞ്ഞുവന്ന ഗ്രിഗോറിയോസ് തിരുമേനി മദ്രാസിലെ പാഡി കേന്ദ്രീകരിച്ച് കോശി അച്ചൻ നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് പറയുമ്പോൾ വാക്കുകൾക്കുള്ളിൽ നിന്ന് വാത്സല്യം അണപൊട്ടിയൊഴുകിയിരുന്നു. 1988-ലെ മാർ ഈവാനി യോസ് പിതാവിന്റെ ഓർമ്മകുർബാനയ്ക്ക് ഒരു വലിയസംഘം തമിഴ്മക്കളുമായാണ് കോശി അച്ചൻ തമിഴ്നാട്ടിൽ നിന്നും എത്തി യത്. തിരികെ മദ്രാസിലേക്ക് മടങ്ങുമ്പോൾ ഒരു കെട്ട് ക്രൈസ്തവ കാഹളത്തിന്റെ സ്പെഷ്യൽ പതിപ്പ് കൈയ്യിൽ തൂക്കിപ്പിടിച്ച് പട്ടം എൽ.ഐ.സി. ജംഗ്ഷനിൽ നിന്ന് സിറ്റി ബസിൽ കയറി തമ്പാനൂർ റെയിൽവേ സ്റ്റേഷനിലേക്കുള്ള യാത്ര ഇന്നും കണ്ണിൽ നിന്ന് മറയുന്നില്ല. യാത്രകൾ രാവും പകലും ഇല്ലാതെ തുടർന്നുകൊണ്ടേ യിരിക്കുന്നു.

●

www.malankaralibrary.com


# പേര് ചൊല്ലിവിളിക്കുന്ന ഇടയൻ



35

**സിസ്റ്റർ ആനി മരിയാ ഡി.എം.**
ഡി.എം. കോൺവെന്റ്, ശൂരനാട്

**പൗ**രോഹിത്യത്തിന്റെ പൂർണ്ണതയായ മെത്രാൻപദവിയെ ദൈവ കരങ്ങളിൽ നിന്ന് ആത്മസമർപ്പണത്തോടെ സ്വീകരിച്ച് മലങ്കരസുറിയാനി കത്തോലിക്കാസഭയെ ഹൃദയത്തിൽ ചേർത്തുവെച്ച് സഭയുടെ ആത്മീയവും ഭൗതികവുമായ ഉന്നതിക്കും, വളർച്ചയ്ക്കും വേണ്ടി തന്റെ ജീവനും ജീവിതവും നൽകുന്ന വ്യക്തിപ്രഭാവമാണ് മാവേലിക്കര ഭദ്രാസനത്തിന്റെ അധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്ത. സഭയുടെ കാവലാളായ പിതാക്കന്മാരിൽ സഭയുടെ വിശ്വാസവും ആചാരങ്ങളും കാത്തുസൂക്ഷിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന ആചാര്യന്മാരിൽ മുൻപന്തിയിൽ നിൽക്കുന്നു അഭിവന്ദ്യ പിതാവ് എന്നത്, തീർച്ചയായും അദ്ദേഹത്തിന്റെ ശ്രേഷ്ഠാചാര്യത്വത്തിന്റെ ഔന്നിത്യമാണ് വെളിവാക്കുന്നത്. സഭയുടെ ഐതിഹാസിക ചരിത്രത്തെ പുതിയ ഉയരങ്ങളിലേക്ക് നയിച്ചതിൽ പിതാവിന്റെ ഊർജ്ജസ്വലവും കർമ്മനിരതവുമായ ശുശ്രൂഷ ഏറെ പ്രധാനപ്പെട്ടതാണ്. സഭയെ ദൈവീകതയിലും സേവനമികവിലും വളർത്താൻ അദ്ദേഹം നൽകിയ ആത്മീയ ഉണർവും പിന്തുണയും ഇന്നും നമ്മെ പ്രചോദിപ്പിക്കുന്നു.

www.malankaralibrary.com


അഭിവന്ദ്യ ജോഷ്വാ തിരുമേനിയുടെ നേതൃത്വപാടവം അദ്ദേഹം സഭയിലേക്കും സമൂഹത്തിലേക്കും കൈമാറിയ വാക്കുകളിലും പ്രവർത്തികളിലും നിന്ന് പ്രകടമാകുന്നു. ദൈവവചനത്തിന്റെ സ്വത്വത്തോടും ശക്തിയോടും ചേർന്ന് നിന്നാണ് അദ്ദേഹം സഭയെ നയിച്ചത്. പിതാവിനെ കണ്ടുമുട്ടാൻ ഭാഗ്യം സിദ്ധിച്ച എല്ലാ ജനങ്ങളെയും സ്വാധീനിക്കുകയും അവരൊക്കെയും അദ്ദേഹത്തെ മാതൃകയാക്കുകയും ചെയ്തിട്ടുണ്ട് എന്നുള്ളത് നിസംശയം പറയാവുന്നതാണ്.

ഇരുത്തം വന്ന ഭരണകർത്താവ് എന്ന നിലയിൽ സമകാലീനരും സഹപ്രവർത്തകരും ജോഷ്വാ പിതാവിനെ ആദരിക്കുന്നു. ഭരണവിജയത്തിന് രഹസ്യങ്ങൾ ഒട്ടനവധിയുണ്ട്. ജീവിതത്തോടും പ്രവർത്തന മേഖലകളോടും പിതാവ് പുലർത്തുന്ന ആത്മാർത്ഥതയും സത്യസന്ധതയും എല്ലാവരും ഒരുപോലെ അംഗീകരിക്കുന്നതാണ്. ഒരു ദിവസം ഉണരുന്നത് മുതൽ ഉറങ്ങുന്നത് വരെ എല്ലാ കാര്യങ്ങളിലും കർശനമായും ക്രമവും ചിട്ടയും പിതാവ് പാലിക്കുന്നു.

ആർജ്ജവവും, സരളതയും കുലീനത്വവും നിറഞ്ഞ പെരുമാറ്റം പിതാവിന്റെ വ്യക്തിത്വത്തിന് അനിതര സാധാരണമായ തിളക്കം നൽകുന്നു. കൈയ്യടികൾക്കായി മൂടുപടമിടാൻ ഒരിക്കലും അദ്ദേഹം തയ്യാറല്ല. അജപാലനപരമോ സാമൂഹികമോ നൈയ്യാമികമോ ആയ ഏത് പ്രശ്നത്തിലാണെങ്കിലും ഒരിക്കൽ തീരുമാനമെടുത്താൽ സമ്മർദ്ദങ്ങളുടെയോ വ്യക്തിതാൽപര്യങ്ങളുടെയോ പേരിൽ അതിൽനിന്ന് പിതാവ് വ്യതിചലിക്കില്ല.

18 വർഷങ്ങളിലെ അനുഗ്രഹപൂർണ്ണമായ കാലയളവിൽ മലങ്കര കത്തോലിക്കാ സഭയുടെ അഭിമാനസ്രോതസ്സായി മാറാൻ മാവേലിക്കര ഭദ്രാസനത്തിന് സാധിച്ചിട്ടുണ്ടെങ്കിൽ അതിന് കാരണഭൂതൻ മാവേലിക്കരയുടെ പ്രഥമമെത്രാപ്പോലീത്തയായ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ് തന്നെയാണ് എന്നതിൽ യാതൊരു സംശയവുമില്ല. 2007 ജനുവരി 2 ന് മാവേലിക്കര രൂപതയെ നയിക്കാൻ പിതാവ് ദൗത്യം ഏറ്റെടുക്കുമ്പോൾ ഉണ്ടായിരുന്ന ചെറിയ അജഗണം പിതാവിന്റെ സ്നേഹ പരിചരണത്തിൽ ഇന്ന് വളരെയധികം വളർന്നു വലുതായിരിക്കുന്നു. കൂട്ടം തെറ്റിയ ആടിനെ അന്വേഷിച്ചിറങ്ങി കണ്ടെത്തിയപ്പോൾ ഹൃദയത്തോട് ചേർത്തുപിടിച്ച ആ വലിയ ഇടയന്റെ പാത തന്നെയാണ് പിതാവും പിന്തുടരുന്നത് എന്നത് സഭയുടെ അംഗങ്ങൾ ആയ നാമെല്ലാവരും അനുഭവിക്കുന്ന യാഥാർഥ്യമാണ്.

പിതാവിനെ സംബന്ധിച്ച് നമ്മുടെ മനസ്സിലേക്ക് കടന്നുവരുന്ന

www.malankaralibrary.com


ഒരുപിടി ചിത്രങ്ങളുണ്ട്. അതിൽ ആദ്യത്തേത് പേര് ചൊല്ലി വിളിക്കുന്ന ഇടയൻ. പിതാവിനെ സ്മരിക്കുമ്പോൾ ഞാൻ നിന്നെ പേര് ചൊല്ലി വിളിച്ചിരിക്കുന്നു എന്ന ദൈവവചനം നമ്മുടെ മനസ്സിലേക്ക് കടന്നു വരും. പ്രത്യേകിച്ച് വർഷങ്ങൾ കഴിഞ്ഞാലും ബന്ധങ്ങളുടെ ആഴവും സൗഹൃദവും മാധുര്യവും നഷ്ടപ്പെടുത്താതെ നിഷ്കളങ്ക മനസിന്റെ ഉടമ - എവിടെ വച്ച് കണ്ടാലും മറക്കാതെ ആ വ്യക്തിയെ - കുടുംബവും കുടുംബത്തിന്റെ പശ്ചാത്തലവും സാഹചര്യങ്ങളും ഓർക്കുകയും പറയുകയും ചെയ്യുന്ന വത്സല പിതാവ്. ദൈവത്തിന്റെ വലിയ കൃപയുടെ നിറവിൽ ഓർത്തിരിക്കാനുള്ള കൃപ പിതാവിനുണ്ട്.

ഏതു സ്ഥലത്തേക്കും ഓടിയെത്താനുള്ള വലിയമനസ്സ് പിതാവിനുണ്ട് എന്നത് നമുക്ക് അനുഭവവേദ്യമാണ്. പ്രത്യേകിച്ച് സാധാരണക്കാരോടും പാവപ്പെട്ടവരോടും സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് മാറ്റിനിർത്തപ്പെട്ട വ്യക്തികളോടും പക്ഷംചേരലും അവരെ ദൈവത്തിന്റെ സ്വന്തമാക്കി ചേർത്തുനിർത്തുന്നതിനുള്ള വലിയ അഭിഷേകവും പിതാവിന്റെ ആചാര്യത്വത്തിന്റെ വലിയ പ്രത്യേകത തന്നെയാണ്.

വൈദികരോടും സന്ന്യസ്തരോടും അല്മായ സഹോദരങ്ങളോടും സഭയോടും കൂട്ടായ്മയോടുമുള്ള വലിയ പ്രതിബദ്ധതയും ബന്ധവും ആഴമായ ആത്മാർത്ഥതയും പിതാവിന്റെ വലിയ സമർപ്പണത്തിന്റെ അനുഭവങ്ങളാണ്.

മിതത്വവും ലാളിത്യവും ജീവിതത്തിൽ കാത്തുസൂക്ഷിക്കുവാനും അത് തന്റെ ജീവിതത്തിന്റെ ശൈലിയായിട്ട് മാറ്റാനും പിതാവിന് സാധിച്ചിട്ടുണ്ട്. ഇത്തരത്തിൽ അനുഗ്രഹങ്ങളുടെ നിറകുടമായ ഒരു ശ്രേഷ്ഠാചാര്യനെ സഭയ്ക്ക്, പ്രത്യേകിച്ച് മാവേലിക്കര രൂപതയ്ക്ക് നൽകിയ ദൈവത്തിന്റെ വലിയ കരുണയ്ക്ക് ദൈവതിരുമുൻപിൽ ഞങ്ങൾ നമ്രശിരസ്കരാകട്ടെ!!

വന്ദ്യ പിതാവേ, അങ്ങയുടെ നിസ്വാർത്ഥ സേവനത്തിനും ദീർഘവീക്ഷണത്തോടെയുള്ള നേതൃത്വത്തിനും ഹൃദയത്തിന്റെ ആഴത്തിൽ നന്ദി അറിയിക്കുന്നു. എല്ലാ ബാഹ്യ സമ്മർദ്ദങ്ങളും പ്രയാസങ്ങളും അതിജീവിച്ച് സഭയെ മുന്നോട്ടുകൊണ്ടുപോകുവാൻ അങ്ങ് കാണിച്ച കരുത്ത് അനന്തകാലം സ്മരിക്കപ്പെടുന്നതാണ്.

മലങ്കര സഭയുടെ ദിവ്യദീപമായി വിളങ്ങുന്ന വന്ദ്യപിതാവിന് എല്ലാ ഭാവുകങ്ങളും ആയുരാരോഗ്യങ്ങളും നേരുന്നു.

●

www.malankaralibrary.com




# അഭിമുഖം

മാവേലിക്കര ഭദ്രാസന മെത്രാപ്പോലീത്തയും കെ.സി.ബി.സി വിദ്യാഭ്യാസ കമ്മീഷൻ ചെയർമാനുമായ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയുമായി കറ്റാനം പോപ്പ് പയസ് XI ഹയർ സെക്കന്ററി സ്കൂൾ അധ്യാപകരായ ബഹുമാനപ്പെട്ട സിൽവസ്റ്റർ തെക്കേടത്ത് അച്ചനും ശ്രീ. സി.റ്റി. വർഗീസും നടത്തിയ അഭിമുഖം.

1. **മ**ണികെട്ടിയ കിഴക്കേ വീട് എന്നാണ് അങ്ങയുടെ തറവാടിന്റെ പേര്. ഒരു മഹാരാജാവ് ഒരു സ്വർണ്ണമണി തന്നതുമായി ബന്ധപ്പെട്ടാണ് സംഭവം. പിതാവ് അതൊന്ന് വിശദീകരിക്കാമോ ?

▌ മാർത്താണ്ഡവർമ്മ മഹാരാജാവ് എട്ടുവീടന്മാരെ ഭയന്നുജീവിക്കുന്ന ഒരു സാഹചര്യത്തിൽ, മഹാരാജാവ് വെട്ടിക്കവല ക്ഷേത്രത്തിൽ ദർശനത്തിന് പോകുന്ന ഒരു പതിവുണ്ടായിരുന്നു. അന്ന് അദ്ദേഹത്തെ കൊല്ലാൻ പരിശ്രമങ്ങൾ നടക്കുന്ന സമയമായിരുന്നു. അദ്ദേഹം ക്ഷേത്രത്തിൽ പോകുന്ന സമയത്ത് എന്റെ വല്യവല്യമ്മച്ചി കുഞ്ഞിന് ചോറ് കൊടുക്കുകയായിരുന്നു. കുഞ്ഞിന് ഉരുള നീട്ടുന്ന സമയത്ത് മഹാരാജാവും കൈനീട്ടി. വല്യവല്യമ്മച്ചിയ്ക്ക് ആകപ്പാടെ വിഷമമായി. ഉടൻ തയ്യാറാക്കിനൽകാമെന്ന് വല്യവല്യമ്മച്ചി പറഞ്ഞു. ക്ഷേത്രദർശനം കഴിഞ്ഞ് തിരികെ വരുമ്പോൾ ഞാൻ വാങ്ങിച്ചുകൊള്ളാമെന്ന് പറഞ്ഞ് ചിരിച്ചുകൊണ്ട് അദ്ദേഹം പോയി. പിറ്റേപ്രാവശ്യം ഇതേപോലെ ക്ഷേത്രദർശനത്തിന് വന്നപ്പോൾ ഒരു സ്വർണ്ണമണിയുമായിട്ടാണ് വന്നത്. സ്വർണ്ണമണി വീടിന്റെ കോണിക്കൽ കെട്ടിയിടാൻ അദ്ദേഹം നിർദ്ദേശിച്ചു. കിഴക്കേവീട് എന്നായിരുന്നു ഞങ്ങളുടെ വീടിന്റെ പേര്. ഈ വീടിന് മണികെട്ടിയ കിഴക്കേവീട് എന്ന് ഞാൻ

www.malankaralibrary.com


പേരിടുന്നു എന്നുപറഞ്ഞു. അങ്ങനെ ഞങ്ങളുടെ എല്ലാ രേഖകളിലും ആ കുടുംബപ്പേര് വന്നു. പിന്നീട് രാജാവ് ആരെയൊക്കെ ആദരിച്ചിട്ടുണ്ടോ, എന്തെല്ലാം ചെയ്തിട്ടുണ്ടോ അതൊക്കെ നശിപ്പിക്കുക എന്നതൊരു ശൈലിയായി വന്നു. ആ അവസരത്തിലാണ് മണി അഴിച്ചുമാറ്റിയത്. പകരം ഇപ്പോൾ വെള്ളിമണിയാണ് ആ സ്ഥാനത്ത് കെട്ടിയിരിക്കുന്നത്.

2. ചെറുപ്രായത്തിൽ തന്നെ സ്വയമെടുത്ത തീരുമാനമായിരുന്നുവോ പിതാവിന്റെ ദൈവവിളി ?

▌ എന്റെ ദൈവവിളി എന്നുപറയുന്നത് ദൈവം എന്നെ ഉറ്റുനോക്കി എന്നുള്ളതാണ്. ഞാൻ ദൈവത്തെ നോക്കി എന്നുള്ളതല്ല, ദൈവം എന്നെ നോക്കി എന്നുള്ളതാണ്. അപ്പോൾ അതിൽ എന്റെ ഉള്ളും ഉള്ളതും എല്ലാം മനസ്സിലാക്കുന്ന ദൈവം എന്നോട് കാണിച്ച വലിയ കാരുണ്യമാണ് ദൈവവിളി എന്നതാണ് ഞാൻ മനസ്സിലാക്കുന്നത്. എന്റെ കഴിവോ, മിടുക്കോ, കുടുംബ പാരമ്പര്യമോ ഒന്നുമല്ല. അതിനപ്പുറമായി ദൈവത്തിന്റെ കാരുണ്യം അവിടുന്ന് എനിക്ക് കനിഞ്ഞ് തരികയായിരുന്നു. എന്നെ കരുണാപൂർവ്വം വിളിച്ചതിലൂടെ അതാണ് എനിക്ക് മനസിലാക്കുവാൻ സാധിക്കുന്നത്.

3. അങ്ങ് വൈദികവൃത്തിയിലേക്ക് കടന്നുവരാനുള്ള സാഹചര്യം ?

▌ ഒരു നീണ്ട പകലിന്റെ അദ്ധ്വാനങ്ങൾക്കൊടുവിൽ പാതിരാവിൽ എത്ര തളർന്ന് വീടണഞ്ഞാലും, ഉറങ്ങുന്ന മക്കളെ വിളിച്ചുണർത്തി കുടുംബ പ്രാർത്ഥന നടത്തിയിരുന്ന, എന്റെ വത്സലപിതാവിന്റെ ദൈവാവബോധം എന്റെ ഇളംമനസ്സിൽ കാലം മായ്ക്കാത്ത ദൈവാന്വേഷണത്തിന്റെ ബാലപാഠങ്ങൾ കോറിയിട്ടു. ജീവിതത്തിന്റെയും മരണത്തിന്റെയും പൊരുളറിയാൻ പാകമായിട്ടില്ലാത്ത ഇളം പ്രായത്തിൽ സ്നേഹവാത്സല്യങ്ങളുടെ പൈതൃകസ്പർശം ഇനിയൊരിക്കലും ജീവിതത്തിൽ ഉണ്ടാവില്ലെന്ന് തിരിച്ചറിയാൻ കഴിയാത്ത സമയം എന്റെ ഓർമ്മയിൽ പച്ചയായി നിൽക്കുന്നു. വല്യച്ചന്റെ കരുതലും സംരക്ഷണവും എന്റെ കൊച്ചുജീവതത്തെ സുരക്ഷിതമാക്കി.

ദേവാലയകാര്യങ്ങളിൽ ശ്രദ്ധയും താൽപ്പര്യവും കുട്ടിക്കാലം മുതൽക്കേ എനിക്ക് ഉണ്ടായിരുന്നു. സ്കൂൾ ഫൈനൽ പരീക്ഷ പാസായതോടെ സെമിനാരിയിൽ പോകാൻ ഉറച്ച തീരുമാനം ഞാൻ എടുത്തു. ആദ്യം പഠിക്കുക, പിന്നീടാലോചിക്കാം എന്നതായിരുന്നു വീട്ടുകാരുടെ മറുപടി. വീട്ടുകാരുടെ തീരുമാനത്തെ എതിർത്തുകൊണ്ട്

www.malankaralibrary.com


അനിശ്ചിതകാല നിരാഹാര സത്യാഗ്രഹം വീട്ടിൽ ഞാൻ നടത്തി. അവന്റെ ഇഷ്ടം അതാണെങ്കിൽ തടയാനും പ്രതിരോധിക്കാനുമൊക്കെ നമ്മളാരാണ് എന്ന് ഒടുവിൽ വല്യപ്പച്ചൻ മൗനാനുവാദം നൽകി.

4. സാധുക്കളെ സഹായിച്ചിരുന്ന വലിയ മനസ്സിന്റെ ഉടമകളായിരുന്നല്ലോ മണികെട്ടിയ കിഴക്കേവീട് കുടുംബക്കാർ. ജാതിമതഭേദമെന്യേ ഏവരേയും കരുതുവാനുള്ള വലിയ മനസ്സ് ആ പാരമ്പര്യത്തിന്റെ തുടർച്ചയാണോ ?

▌ സേവനത്തിന്റെ പാതയിൽ നോക്കുമ്പോൾ എന്റെ വല്യച്ചനും അച്ഛനും സഹോദരങ്ങളുമെല്ലാം മറ്റുള്ളവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് പ്രവർത്തിക്കുന്ന ആളുകളായി ഞാൻ കണ്ടിട്ടുണ്ട്. എന്റെ അച്ചൻ ഒരു അധ്യാപകനായിരുന്നു. അനിയൻമാരൊക്കെ പഠിച്ചുവരണം എന്ന കാഴ്ചപ്പാടുകാരനായിരുന്നു അപ്പച്ചൻ. അന്ന് ഫീസ് കൊടുത്താണ് പഠിക്കുന്നത്. ഞങ്ങൾക്ക് നിലവും പുരയിടവുമൊക്കെ ഉണ്ട്. കൃഷിയിലെ ആദായവും അപ്പച്ചന്റെ അധ്യാപക ജോലിയുടെ വേതനവും കുടുംബത്തിന്റെ സുസ്ഥിതിക്കും അനിയന്മാരുടെ പഠനത്തിനും ഉപകരിച്ചു. പിന്നീട് അദ്ദേഹം ഒരു ബിസിനസ് മേഖലയിലേക്ക് പോകാൻ കാരണം എന്റെ അച്ചന്റെ സഹോദരിയെ ചങ്ങനാശ്ശേരിക്കാരൻ വ്യവസായി ഫ്രാൻസിസ് ആണ് വിവാഹം കഴിച്ചത്. വ്യാപാര സൗകര്യം നോക്കി അദ്ദേഹം പുനലൂർ താമസമാക്കി. എന്റെ അച്ചന് ബിസിനസ് കൈകാര്യം ചെയ്യാനുള്ള കഴിവുള്ളതുകൊണ്ട് അച്ചൻ അങ്കിളിന്റെ കൂടെകൂടി റേഷൻകട ഓൾസെയിൽ നടത്തിയിരുന്നു. കൊല്ലത്തുനിന്ന് ആയിരുന്നു അരിയൊക്കെ എടുത്തുകൊണ്ട് വന്നിരുന്നത്. പട്ടിണിയും ക്ഷാമവും ഉള്ള കാലഘട്ടത്തിൽ അപ്പച്ചൻ അനേകർക്ക് കരുതലുള്ള സാന്നിദ്ധ്യമായി. തിരുവനന്തപുരത്ത് നിന്ന് അന്ന് അച്ചന്മാർ കിഴക്കേത്തെരുവ് ഇടവകപ്പള്ളിയിൽ വന്നിരുന്നസമയത്ത് അവരെ സ്വീകരിക്കാനും വീട്ടിൽ കൊണ്ടുവരാനും അടുത്ത പള്ളിയിൽ കൊണ്ടുപോകാനും തിരികെ വീട്ടിൽ കൊണ്ടുവന്ന് ഭക്ഷണം കൊടുക്കാനും ഒക്കെ ധാരാളം അവസരം ലഭിച്ചിട്ടുണ്ട്. ഇതൊക്കെ മറ്റുള്ളവരെ സ്നേഹിക്കാൻ, ശുശ്രൂഷിക്കാൻ, കരുതുവാൻ ദൈവം തന്നിട്ടുള്ള അവസരങ്ങളാണെന്ന് ഞാൻ വിശ്വസിക്കുന്നു.

ജീവിതത്തിന്റെ വൈവിധ്യം നിറഞ്ഞ ജീവിതയാത്രയിൽ ജാതിമതഭേദമെന്യ ഏവരേയും കണ്ടുമുട്ടാനും അടുത്ത് ഇടപഴകാനും ചേർത്ത് നിർത്താനും കഴിയുന്നത് കുടുംബത്തിൽ നിന്ന് ലഭിച്ച പരിശീലനവും ഉൾക്കാഴ്ചയും കൊണ്ടാണെന്ന് ഞാൻ കരുതുന്നു.

www.malankaralibrary.com


5. വിദ്യാഭ്യാസ കാലഘട്ടത്തിൽ അനേകം പ്രസ്ഥാനങ്ങളിൽ പ്രവർത്തിച്ചിരുന്നതായി കേട്ടിട്ടുണ്ട്. പിതാവിനെ സ്വാധീനിച്ച പ്രസ്ഥാനങ്ങൾ ഏതെല്ലാമാണ് ?

▌ വിദ്യാഭ്യാസ കാലഘട്ടത്തിൽ അനേകം പ്രസ്ഥാനങ്ങളിൽ പ്രവർത്തിക്കാനുള്ള അവസരം ദൈവം എനിക്ക് നൽകിയിട്ടുണ്ട്. തിരുവനന്തപുരം അതിഭദ്രാസനത്തിൽ റീജൻസി പരിശീലനഘട്ടത്തിൽ ദീർഘകാലം കെ.സി.എസ്.എൽ. പ്രവർത്തനങ്ങളുടെ ചുക്കാൻ പിടിക്കുന്നതിലും പ്രസ്ഥാനത്തെ വളർത്തുന്നതിനും മുഖ്യപങ്ക് വഹിച്ചു. ദൈവശാസ്ത്ര പഠനത്തിനായി തൃശ്നാപ്പള്ളിയിൽ സെന്റ് പോൾസ് സെമിനാരിയിൽ ആയിരിക്കുമ്പോൾ നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ അവസരം ലഭിച്ചു. ബംഗ്ലാദേശിൽ നിന്ന് എത്തിച്ചേർന്ന അഭയാർത്ഥികളുടെ പുനരധിവാസ പ്രവർത്തനങ്ങളിലും മുന്നിട്ടിറങ്ങാൻ കഴിഞ്ഞു. ദൈവശാസ്ത്രപഠനത്തിന്റെ നാലുവർഷവും ഒരു കുഷ്ഠരോഗ കേന്ദ്രത്തിൽ ആഴ്ചതോറും ശുശ്രൂഷ നടത്താനുള്ള ഭാഗ്യം കിട്ടി. യൂണിവേഴ്സിറ്റി വിദ്യാർത്ഥിയായിരിക്കുമ്പോൾ സഹപാഠികളോടൊപ്പം എല്ലാ കാര്യങ്ങളിലും മുന്നിട്ടിറങ്ങി പ്രവർത്തിക്കാൻ സാധിച്ചു. അതേകാലയളവിൽ തന്നെ സി. എസ്.ഐക്കാരുടെ പ്രാർത്ഥനായോഗങ്ങൾ മുതൽ എൻ.എസ്.എസിന്റെ സാമൂഹിക പ്രവർത്തനങ്ങൾ വരെയുള്ള പരിപാടികളിൽ സജീവ പങ്കാളിയായി. സ്പോർട്സ് ചാമ്പ്യനായിരുന്നതുകൊണ്ട് കായികമേഖലയുമായി അടുത്തിടപെടാൻ അവസരം ലഭിച്ചു.

6. ഭക്തസംഘടനകളിലും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിലും പ്രവർത്തിച്ച പരിചയം ഒരു വൈദികനായപ്പോൾ എത്രത്തോളം സഹായകമായി ?

▌ വ്യക്തിബന്ധം വളർത്തുന്നതിലും ഇടവകയുടെ ആത്മീയവും സാമൂഹികവുമായ എല്ലാ പ്രവർത്തനങ്ങളിലും ആഴത്തിൽ ശ്രദ്ധപതിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഓരോ കുടുംബവുമായും വ്യക്തിപരമായ ബന്ധമുണ്ടാക്കാനും അത് നിലനിർത്താനും കഴിഞ്ഞിട്ടുണ്ട്. പള്ളിപണിയുമായി ബന്ധപ്പെട്ട് ഇതരമതസ്ഥരായ ചിലർ എതിരുനിന്നപ്പോൾ അവരുടെ വീടുകളിൽ ചെന്ന് സംസാരിച്ച് പ്രശ്നം സൗമ്യമായി പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്. പള്ളികളിൽ അപരിചിതരായ ആളുകളെ കാണുമ്പോൾ അവരുമായി ബന്ധം പുലർത്താനുള്ള ഒരു താല്പര്യം എനിക്ക് ഉണ്ടായിരുന്നു. അതുപോലെ ഇത്രയധികം ആൾക്കാരെ പേര്

www.malankaralibrary.com


ചൊല്ലി വിളിക്കാനുള്ള ആ കഴിവ് ലഭിച്ചത് ഈ പ്രസ്ഥാനങ്ങളിൽ പ്രവർത്തിച്ചതിലൂടെയാണ്.

7. വിദ്യാഭ്യാസ മേഖലയിലാണല്ലോ അങ്ങ് കൂടുതൽ ശ്രദ്ധിച്ചത്. അതെന്തുകൊണ്ട് ?

▮ വളർന്നുവരുന്ന ഓരോ കുഞ്ഞും ദൈവത്തിന്റെ സൃഷ്ടിയാണെന്നും തന്നെക്കുറിച്ചും തന്റെ ചുറ്റുപാടുമുള്ള ഈ പ്രപഞ്ചത്തെക്കുറിച്ചും വ്യക്തമായ അവബോധം ഉണ്ടാകണമെങ്കിൽ വിദ്യാഭ്യാസത്തിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. വിദ്യാഭ്യാസത്തിലൂടെയാണല്ലോ വികസനവും വിമോചനവും സാധ്യമാവുക. വിദ്യാഭ്യാസം അറിവില്ലായ്മയെ ഇല്ലാതാക്കുന്നു. ഒരു കുട്ടിയുടെ സമഗ്രവികാസം ഉറപ്പുവരുത്തുന്ന പള്ളിക്കൂടങ്ങൾ പള്ളിക്ക് സമാനമാണ്. എന്റെ അധ്യാപന ശുശ്രൂഷാരംഗത്ത് ഓരോ വിദ്യാർത്ഥിയേയും ഞാൻ വ്യക്തിപരമായി അറിഞ്ഞിരുന്നു. അതുകൊണ്ട് വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ ശ്രദ്ധിക്കേണ്ടത് ആവശ്യമാണെന്ന് ബോധ്യപ്പെട്ടു. സമൂഹത്തിലെ എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും, നമ്മുടെ ഇടവക കൂട്ടായ്മകൾക്കും നല്ല വിദ്യാഭ്യാസം ലഭ്യമാക്കണമെന്നുള്ള ആഗ്രഹം എനിക്ക് ഉണ്ട്. അതിനുള്ള എളിയ പരിശ്രമങ്ങൾ ഞാൻ നിരന്തരം നടത്താറുണ്ട്.

8. ആർട്സ് കോളജ്, ലോ-കോളജ് തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാത്രമല്ല മറ്റുപല സ്ഥാപനങ്ങളും ആരംഭിച്ച് മാവേലിക്കര ഭദ്രാസനത്തെ പുരോഗതിയിൽ എത്തിക്കാൻ അങ്ങേയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ആരോഗ്യം വകവയ്ക്കാതെ എല്ലായിടത്തും ഓടിയെത്താൻ അങ്ങയെ പ്രേരിപ്പിക്കുന്ന ഘടകമെന്താണ് ?

▮ അപരന്റെ വിശപ്പിനെപ്പറ്റി ചിന്തിക്കുന്നതും അത് പരിഹരിക്കുന്നതും ദൈവികതയാണ് എന്ന കത്തോലിക്കാസഭയുടെ സാമൂഹ്യ ക്ഷേമ ദർശനത്തോട് ചേർന്നുനിന്നാണ് ഞാൻ പ്രവർത്തിക്കുന്നത്. മനുഷ്യന്റെ സമഗ്ര വളർച്ചയ്ക്ക് സഭ എന്നും മുൻഗണനയും ശ്രദ്ധയും നൽകിയിട്ടുണ്ട്. വികസന വിമോചന പ്രവർത്തനങ്ങളിൽ സഭയ്ക്ക് നിർണ്ണായക സംഭാവനകൾ നൽകുവാൻ സാധിച്ചിട്ടുണ്ട്. അതിൽ ഒരു പങ്കാളിയാകാൻ കഴിഞ്ഞതിൽ എനിക്ക് ചാരിതാർത്ഥ്യമുണ്ട്. എന്തിനെക്കാളും മുന്തിനിൽക്കുന്ന ദൈവസ്നേഹവും കർത്തവ്യബോധവുമാണ് പ്രവർത്തിക്കാൻ എന്നെ സന്നദ്ധനാക്കുന്നത്.

9. അതിവേഗം ബഹുദൂരം വളർന്നുകൊണ്ടിരിക്കുന്ന സമൂഹത്തിൽ അങ്ങയുടെ കാഴ്ചപ്പാടുകൾക്ക് മാറ്റങ്ങൾ വന്നിട്ടുണ്ടോ ?

www.malankaralibrary.com


■ ഒരു വ്യക്തിയുടെ സമഗ്രവളർച്ച സവിശേഷമാംവിധം വിദ്യാഭ്യാസത്തെ ആശ്രയിച്ചിരിക്കുന്നു. അനുയോജ്യവും കാലികവും നവീനവുമായ വിദ്യാഭ്യാസം ഒരു വ്യക്തിക്ക് ലഭിക്കേണ്ടതുണ്ട്. മികവുറ്റ വിദ്യാഭ്യാസം നൽകുന്നതിന് അധ്യാപകരുടെ പങ്ക് അതുല്യമാണ്. അതോടൊപ്പം കുടുംബങ്ങളും ഇതിൽ മഹത്തായ പങ്ക് വഹിക്കുന്നു. കുടുംബം ഒരുക്കുന്ന കരുതലിന്റെയും ചേർത്തുനിർത്തലിന്റെയും സമീപനം ഒരു വിദ്യാർത്ഥിയെ വലിയ അളവിൽ സ്വാധീനിക്കുന്നു. മാതാപിതാക്കൾ, അധ്യാപകർ, വിദ്യർത്ഥികൾ എന്നിവർ ചേർന്ന കൂട്ടുത്തരവാദിത്വത്തിന്റെ സ്നേഹച്ചരടാണ് സമൂഹനിർമ്മിതിയുടെ അടിസ്ഥാന ഘടകമായി നിലകൊള്ളുന്നത്. അതിവേഗത്തിൽ സാമൂഹ്യ വ്യവസ്ഥിതികളും സമീപനങ്ങളും മാറുമ്പോൾ സൻമാർഗ്ഗബോധവും മൂല്യബോധവും മനുഷ്യന്റെ ഭാവാത്മക കാഴ്ചപ്പാടുകൾക്ക് അർത്ഥവും പ്രസക്തിയും നൽകുന്നു. മാറ്റങ്ങളോടൊപ്പം ദിശാബോധവും നഷ്ടപ്പെടാതെ മനുഷ്യനന്മയിൽ വിശ്വാസം അർപ്പിക്കുവാനും മനുഷ്യന്റെ നൊമ്പരങ്ങൾക്ക് മുമ്പിൽ നിസ്സംഗത ഉപേക്ഷിക്കുവാനും അർത്ഥപൂർണ്ണമായ പരിഹാരം കണ്ടെത്തുവാനും നമുക്ക് ബാധ്യതയുണ്ട്. സന്മാർഗ്ഗബോധമുള്ള പൗരന്മാരെ രൂപവൽക്കരിക്കുവാൻ സഭയുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് ഉത്തരവാദിത്വമുണ്ട്. അത് സഭയുടെ അജപാലന പ്രബോധന ദൗത്യങ്ങളുടെ ഭാഗമാണ്.

10. ഏത് കാര്യങ്ങളേയും വിമർശനബുദ്ധിയോടെ നോക്കികാണുന്ന ഈ കാലഘട്ടത്തിൽ ഏതൊക്കെ മേഖലകളിൽ ശ്രദ്ധപുലർത്തിയാലാണ് നമ്മുടെ പ്രവർത്തനങ്ങളെ മികവുറ്റതാക്കാൻ സാധിക്കുന്നത് ?

■ ക്രിസ്തുവിന്റെ ജീവിതവും ദർശനവും എന്റെ ജീവിത ദൗത്യമായി ഞാൻ സ്വീകരിച്ചിരിക്കുന്നു. സമൂഹത്തിൽ കഷ്ടത അനുഭവിക്കുന്നവർക്കും നിരാശരായവർക്കും വേണ്ടി എന്റെ സമയവും കഴിവുകളും മാറ്റിവച്ചാണ് ഞാൻ ജീവിക്കുന്നത്. മദ്രാസ്-പാഡിയിലെ പതിനാല് വർഷത്തെ പൗരോഹിത്യ ശുശ്രൂഷയിലൂടെ എനിക്ക് അനുഭവിച്ചറിയാൻ കഴിഞ്ഞ ജീവിത അനുഭവങ്ങളും സാക്ഷ്യങ്ങളും ആഴമായ ബോധ്യങ്ങളായി ഞാൻ സൂക്ഷിക്കുന്നു. ഇന്നും ആ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടുപോകുന്നു. എന്തെല്ലാം പ്രതിബന്ധങ്ങൾ വന്നാലും അതിനെയെല്ലാം അതിജീവിക്കുവാൻ മതിയായ ഒരു ശക്തി കൂടെയുണ്ട് എന്ന് ഉറച്ചു വിശ്വസിച്ചുകൊണ്ട് മുന്നോട്ടു പോകുന്നു. കഠിനാദ്ധ്വാനവും കൃത്യനിഷ്ഠയും എല്ലാറ്റിനും ഉപരിയായി ദൈവാശ്രയബോധവും അടിയുറച്ച വിശ്വാസവും കൈമുതലാക്കിക്കൊണ്ട്

www.malankaralibrary.com


പ്രവർത്തിക്കുമ്പോഴും, ശരിയെന്ന് തോന്നുന്ന ഏതൊരു കാര്യവും തുറന്നു പറയുവാൻ ഞാൻ മടികാണിക്കാറില്ല. ഇതാണ് നമ്മുടെ പ്രവർത്തനങ്ങളെ മികവുറ്റതാക്കുന്നത്. ജാതിമത വർഗ്ഗ ചിന്തകൾക്ക തീതമായി സമൂഹത്തിന്റെ എല്ലാ തുറവികളിലുമുള്ളവരെ സ്നേഹി ക്കുകയും ആദരിക്കുകയും ചെയ്യുമ്പോൾ നമ്മുടെ സേവനങ്ങൾ വില പ്പെട്ടതായി മാറും.

11. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പോലെയുള്ള ആധുനിക സാധ്യത കൾ ഉള്ള ഈ കാലഘട്ടത്തിൽ നമ്മൾ തുടർന്നുപോരുന്ന വിദ്യാഭ്യാസ സമ്പ്രദായങ്ങൾക്ക് മാറ്റം വരുത്തേണ്ടതുണ്ടോ ?

▮ കുട്ടികളുടെ ബുദ്ധിവികാസത്തിൽ നന്നേ ചെറുപ്പത്തിൽ തന്നെ അവരുടെ തലച്ചോറിന് ലഭിക്കുന്ന ഉത്തേജനങ്ങൾ ഏറെ പ്രധാനപ്പെ ട്ടതാണ്. സന്തുഷ്ടരായ കുട്ടികളെ വേണമെങ്കിൽ ശ്രദ്ധ, ഏകാഗ്രത, പ്രശ്നപരിഹാരം, നിയന്ത്രണം എന്നിവയ്ക്ക് ഉത്തരവാദിയായ തല ച്ചോറിന്റെ പ്രീഫ്രണ്ടൽ കോർട്ടെക്സ് ഉത്തേജിപ്പിക്കേണ്ടതുണ്ട്. ചെറുപ്പം മുതലേ കുഞ്ഞുങ്ങൾ വെളിച്ചം, ശബ്ദം, ചലനം എന്നിവ യിൽ ഉത്തേജിപ്പിക്കപ്പെടുന്നു. പക്ഷേ വളരുമ്പോൾ അവർ ചലനങ്ങ ളെക്കാളും പ്രകാശത്തെക്കാളും നിശ്ചലവസ്തുക്കളിൽ ശ്രദ്ധിക്കുന്നു ണ്ടെന്നും സാഹചര്യങ്ങൾ ആവശ്യമുള്ളപ്പോൾ നിശ്ചലമായി ഇരിക്കാൻ അവർക്ക് അറിയാമെന്നും നാം ഉറപ്പാക്കേണ്ടതുണ്ട്.

ഇന്ന് കുട്ടികൾ ഭക്ഷണം കഴിക്കണമെങ്കിൽ ടാബ് അല്ലെങ്കിൽ മൊബൈൽ ഫോൺ വേണം എന്നതാണ് സ്ഥിതി. എന്നാൽ ടാബോ, മൊബൈൽ ഫോണോ പോലുള്ള ഉത്തേജനമില്ലാതെ ഒരു കുടുംബ മായി ഭക്ഷണം കഴിക്കാൻ അവർ പഠിക്കേണ്ടതുണ്ട്. അതുപോലെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പോലെയുള്ള ആധുനിക സാധ്യതകൾ നാം തിരിച്ചറിഞ്ഞ് നമുക്ക് ആവശ്യമുള്ളതും ഉപയുക്തവുമായ കാര്യങ്ങൾ തെരഞ്ഞെടുത്ത് ഉപയോഗിക്കണം. ഇന്നത്തെ ആധുനിക വിദ്യാഭ്യാസത്തിൽ ഇതിന്റെ ആവശ്യം മനസ്സിലാക്കി നാം മുന്നോട്ടു പോകണം. അതുകൊണ്ട് ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യ തകൾ തിരിച്ചറിഞ്ഞ് നമ്മുടെ വിദ്യഭ്യാസശുശ്രൂഷ കൂടുതൽ മികവുറ്റ താക്കണം.

12. സാമൂഹിക തിന്മകൾ നിലകൊള്ളുന്ന ഈ കാലഘട്ടത്തിൽ അതിനെ പ്രതിരോധിക്കുവാനായി സ്കൂളുകളിൽ എന്തെല്ലാം നടപ്പി ലാക്കാൻ സാധിക്കും ?

www.malankaralibrary.com


■ സാമൂഹിക തിന്മകൾക്കെതിരെ പ്രതികരിക്കുവാൻ കുട്ടികൾക്ക് ശരിയായ ബോധവൽക്കരണം നൽകുക എന്നതാണ്. അതിനാവശ്യമായ ഒന്നാണ് കൗൺസിലിംഗ്. ഈ കാലഘട്ടത്തിൽ കുട്ടികൾ ലഹരിവസ്തുക്കൾക്ക് അടിമപ്പെടുന്നു. അതിനെതിരെ പ്രതിരോധിക്കാൻ കെല്പുള്ള വിദ്യാർത്ഥികളെ വാർത്തെടുക്കുവാൻ നമ്മൾ മുൻകൈ എടുക്കണം. വിവിധ സംഘടനകളിൽ കുട്ടികൾ ചേർന്ന് പ്രവർത്തിക്കുകവഴി അവർക്ക് ശരിയായ പരിശീലനം ലഭിക്കുന്നു. എൻ.സി.സി., എൻ.എസ്.എസ്., സ്കൗട്ട് & ഗൈഡ്സ്, എസ്.പി.സി. തുടങ്ങിയ വിവിധ സംഘടനകളിലൂടെ വിദ്യാർത്ഥികളിൽ ശാരീരികവും മാനസികവുമായ പരിശീലനം ലഭിക്കുന്നു. തിന്മയെ പ്രതിരോധിക്കാനുള്ള ഒരു ശക്തി ഇതിലൂടെ വിദ്യാർത്ഥികളിൽ വളർത്തിയെടുക്കാൻ കഴിയും. കുട്ടികളും അധ്യാപകരും തമ്മിൽ നല്ല ബന്ധങ്ങൾ സൃഷ്ടിക്കാൻ കഴിയും. വിദ്യാർത്ഥികളുടെ കുടുംബങ്ങളുമായി ഒരു ആത്മബന്ധം പുലർത്താൻ അധ്യാപകർക്ക് സാധിക്കും. അങ്ങനെ സാമൂഹിക തിന്മകൾക്കെതിരെ ശക്തമായി നിലകൊള്ളുന്ന ഒരു കളരിയായി വിദ്യാലയങ്ങൾ മാറണം.

13. ക്രൈസ്തവ വിദ്യാഭ്യാസ ദർശനത്തെക്കുറിച്ച് പിതാവിന്റെ കാഴ്ചപ്പാട് എന്താണ് ?

■ ക്രിസ്തീയ വിദ്യാഭ്യാസം രൂപപ്പെടുത്തലല്ല പ്രത്യുത രൂപാന്തരപ്പെടുത്തലാണ്. ദൈവവചനം മനുഷ്യരെ രൂപപ്പെടുത്തലല്ല, രൂപാന്തരപ്പെടുത്തുകയാണ്. അധ്യാപകർ തങ്ങൾക്ക് ലഭ്യമായിരിക്കുന്ന പാഠ്യപദ്ധതിയുടെ സഹായത്തോടെ മുൻ നിശ്ചയിക്കപ്പെട്ട വ്യവസ്ഥാപിത രീതികളോടെ വിദ്യാർത്ഥികളെ രൂപപ്പെടുത്തുവാൻ ശ്രമിക്കുകയാണ്. എന്നാൽ രൂപാന്തരം സാധ്യമാക്കുന്നതിനു ഉപയോഗിക്കപ്പെടുന്ന പാഠ്യപദ്ധതി മനുഷ്യനിർമ്മിതമാണെങ്കിലും അത് നടപ്പിലാക്കുന്നത് ദൈവത്തിന്റെ ആത്മാവാണ്. അറിവ് പങ്കുവെയ്ക്കുന്ന പ്രസ്തുത പദ്ധതിയിൽ അധ്യാപകരും വിദ്യാർത്ഥികളും ദൈവാത്മാവിനാൽ രൂപാന്തരപ്പെടുന്നു. രൂപാന്തരം പരിശുദ്ധാത്മാവിന്റെ പ്രവർത്തനമായതിനാൽ നിലവിലെ വ്യവസ്ഥകളുടെ തകർച്ച സംഭവിക്കുകയും മനുഷ്യമനസുകൾക്ക് അപ്രാപ്യമായ രീതിയിൽ ജീവിതം രൂപാന്തരപ്പെടുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിന്റെ ഇടപെടൽ ക്രിസ്തീയ വിദ്യാഭ്യാസത്തിൽ പങ്കാളിയാവുന്നവരുടെ വൈകാരിക- സാമൂഹിക, സാംസ്കാരിക, ജൈവമണ്ഡലങ്ങളെ രൂപാന്തരപ്പെടുത്തി ജീവിതത്തിന് ക്രിസ്തുവിൽ പുതിയ ദിശാബോധം നൽകുകയും ചെയ്യുന്നു.

www.malankaralibrary.com


14. അങ്ങയുടെ അഭിപ്രായത്തിൽ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം എന്തായിരിക്കണം ?

▌ വിദ്യാഭ്യാസത്തിന്റെ വലിയ സംഭാവന അത് പ്രത്യാശ വിതയ്ക്കുന്നു എന്നതാണ്. മനുഷ്യന് പ്രത്യാശയില്ലാതെ ജീവിക്കാനാവുകയില്ല. വിദ്യാഭ്യാസം പ്രത്യാശയെ ജനിപ്പിക്കുന്നു. പ്രതീക്ഷകളുടെ പ്രവാഹമാണത്. സൗന്ദര്യത്തിലേക്കും സത്യത്തിലേക്കും ഐക്യത്തിലേക്കും കൈവിരിച്ചു നിൽക്കുന്ന ജീവിതമാണത്. അതിനാൽ ഒരു മാതാവിനെയും പിതാവിനെയും എന്നപോലെ ഭാവിയിലേക്കു ജീവൻ കൈമാറാൻ കഴിവുള്ള വ്യക്തിയാണ് ഗുരുവും.

വിദ്യാഭ്യാസം ഒരു വ്യക്തിയെ കൂടുതൽ മാനുഷികതയുള്ളവനാക്കി തീർക്കുന്നു. എല്ലാറ്റിലുമാദ്യം വ്യക്തിവാദം രൂക്ഷമായിരിക്കുന്ന ഈ കാലഘട്ടത്തിൽ മനുഷ്യത്വത്തെ ദരിദ്രമാക്കുകയും സംസ്കാരത്തെ വന്ധ്യമാക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷത്തിൽ വിദ്യാഭ്യാസത്തെ കൂടുതൽ മാനവീകരിക്കേണ്ടതുണ്ട്. വിദ്യാലയങ്ങളും സർവ്വകലാശാലകളും അർഥപൂർണ്ണമാകുന്നത് അത് മനുഷ്യവ്യക്തിയുടെ രൂപീകരണ പ്രക്രിയയിലായിരിക്കുമ്പോഴാണ്. മനുഷ്യന്റെ വ്യക്തിത്വ വികസനത്തിന്റെ ഈ പ്രക്രിയയിൽ ഏർപ്പെടുന്ന അധ്യാപകർ തങ്ങളുടെ അധ്യാപന വൈദഗ്ധ്യത്താലും മാനുഷികഗുണങ്ങളുടെ സമ്പന്നതയിലും പഠിതാക്കളെ കൂടുതൽ ഐക്യവും സമാധാന സമ്പൂർണ്ണതയുമുള്ള ഒരു ലോകം നിർമ്മിക്കുന്നവരാക്കാൻ സഹായിക്കണം.

15. വിദ്യാഭ്യാസത്തിന്റെ ശരിയായ വിജയമാനദണ്ഡം എന്തായിരിക്കണമെന്നാണ് പിതാവിന്റെ അഭിപ്രായം ?

▌ വിജയത്തിന്റെ ശരിയായ മാനദണ്ഡം എന്നത് വിദ്യാഭ്യാസത്തിലെ ഒരേ ഒരു മാനദണ്ഡം കൊണ്ട് നിർവചിക്കാനാവാത്തതാണ്. ഓരോ വ്യക്തിക്കും തങ്ങളുടെ ലക്ഷ്യങ്ങൾക്കും അവസരങ്ങൾക്കും അടിസ്ഥാനമാക്കിയുള്ളതാണ് വിജയത്തിന്റെ അളവുകോൽ. വിജയത്തിന്റെ മാനദണ്ഡങ്ങളായി അറിവ്, വികസനശേഷി, മനോവികാസം, സാമൂഹിക പദവി, തൊഴിൽ സാധ്യതകൾ, ധാർമികത, ഉത്തരവാദിത്വം എന്നിവ പരിഗണിക്കേണ്ടതുണ്ട്. വിജയത്തിന്റെ ശരിയായ അളവുകോൽ എന്നത് വ്യക്തിത്വത്തിന്റെ സമ്പൂർണ്ണ വികസനമാണ്.

വിദ്യാഭ്യാസത്തിന്റെ പ്രാഥമികലക്ഷ്യം വിദ്യാർത്ഥികളെ പ്രബുദ്ധരാക്കുക എന്നതാണ്. വിദ്യാർത്ഥികളുടെ മനസ്സിൽ വസ്തുതയും ഫോർമുലകളും കുത്തിനിറയ്ക്കുന്നത് ഒരിക്കലും വിദ്യാഭ്യാസമാകു

www.malankaralibrary.com


ന്നില്ല. കാരണം അത് പ്രബുദ്ധത കൈവരുത്തുകയോ ഭാവാത്മകമായ ഊർജ്ജം നൽകുകയോ ചെയ്യുന്നില്ല. പഠിതാക്കളുടെ തലച്ചോറിനു ഭാരം നൽകുന്നത് മാത്രമാകരുത് വിദ്യാഭ്യാസം.

മനസ്സിന് ശിക്ഷണം നൽകുന്നത് കൂടിയാകണം വിദ്യാഭ്യാസം. ശരിയായ വിദ്യാഭ്യാസം നേടിയാൽ മാത്രമേ വിദ്യാർത്ഥിക്കു പ്രകാശമാനമായ മനസ്സും വ്യക്തിപ്രഭാവത്തിന്റെ വർധിത ചൈതന്യവും കൈവരിക്കുകയുള്ളൂ. മൃഗീയ വാസനകളെ സംസ്കരിച്ച് സംസ്കൃതചിത്തരാക്കി വളർത്തുക അതോടൊപ്പം, മാനുഷിക മൂല്യങ്ങൾക്ക് ഊന്നൽ നൽകി സഹാനുഭൂതിയും കാരുണ്യവും വിദ്യാർത്ഥികളിൽ വളർത്തിയെടുക്കണം.

16. ഭൂതകാലത്തിലുണ്ടായിരുന്ന വിദ്യാർത്ഥി-അധ്യാപക ബന്ധങ്ങൾ ഇന്ന് കാണുവാൻ കഴിയുന്നില്ല. ഇതിന്റെ കാതലായ കാരണം എന്താണ് ?

▌ പഴയകാലത്ത് ഉണ്ടായിരുന്ന വിദ്യാർത്ഥി-അധ്യാപക ബന്ധങ്ങളിൽ ഇന്ന് കാതലായ വ്യത്യാസങ്ങൾ കാണാവുന്നതാണ്. ഇന്നത്തെ സ്കൂൾ പരിസരങ്ങളിൽ പലപ്പോഴും അധ്യാപക-വിദ്യാർത്ഥിബന്ധം ഔദ്യോഗികവും വിരസവുമാണ്. പഴയകാലത്ത് അധ്യാപകർ വിദ്യാർത്ഥികളുമായി വ്യക്തിപരമായ ബന്ധം പുലർത്തിയിരുന്നു.

വ്യക്തിബന്ധങ്ങളിൽ യാന്ത്രികതയും ഉപഭോഗതത്പരതയും വർത്തമാനകാലത്തെ എല്ലാ മാനുഷിക ബന്ധങ്ങളിലും കാണാവുന്നതാണ്. ബന്ധങ്ങളിൽ ദൃഢത ഇല്ലായ്മ, അസ്ഥിരത എന്നിവ ഇന്നത്തെ പ്രത്യേകതയാണ്. കുടുംബങ്ങൾ മാറി അണുകുടുംബങ്ങൾ നിലവിൽ വന്നു. പരസ്പരം കരുതാത്ത വ്യക്തി കേന്ദ്രീകൃത ബന്ധങ്ങൾ ഇന്നത്തെ ഫാഷനാക്കി മാറ്റി.

സാമൂഹ മാധ്യമങ്ങൾ പകർന്നു നൽകുന്ന ഡിജിറ്റൽ ബന്ധങ്ങൾ ഇന്നത്തെ തലമുറയ്ക്ക് കൂടുതൽ പ്രിയങ്കരമായി. അയഥാർഥിക ലോകത്ത് അഭിരമിക്കുന്ന ശീലം കൂടുതൽ വ്യാപകമായി. വ്യക്തിബന്ധത്തിന്റെ ഊഷ്മളത ഡിജിറ്റൽ ഉപകരണങ്ങളുടെ വ്യാപനത്തോടെ കാതലായി കുറഞ്ഞു. ലോകപൗരനായി മാറാൻ വെമ്പൽ കാണിക്കുന്ന പുതുതലമുറ അയൽവാസിയിലെ സുഹൃത്തിനെ കണ്ടില്ലെന്ന് നടിക്കുന്നു.

ടെക്നോളജി കൂടുതലായി ഉപയോഗിക്കുന്നത്, പ്രത്യേകിച്ച് ഓൺലൈൻ പഠനം, അധ്യാപക-വിദ്യാർത്ഥി നേരിട്ടുള്ള ഇടപെടലിനെ കുറയ്ക്കുന്നു. നിലവിലെ വിദ്യാഭ്യാസരീതി, മാർക്ക് കേന്ദ്രീകൃതമായ മികവ് ഉദ്ദേശിക്കുന്നതിനാൽ അധ്യാപകർക്ക് വിദ്യാർത്ഥികളിൽ വ്യക്തി

www.malankaralibrary.com


പരമായ ശ്രദ്ധനൽകാൻ സമയം കുറവായിരിക്കുന്നു. പഴയകാലത്ത് അധ്യാപകർ വിദ്യാർത്ഥികൾക്ക് അച്ഛനമ്മമാരെപോലെയായിരുന്നു. ഇന്നത്തെ സമൂഹത്തിൽ ആബന്ധം കുറവായിരിക്കുന്നു.

17. KCBC വിദ്യാഭ്യാസ കമ്മീഷൻ ലക്ഷ്യം വയ്ക്കുന്ന വിദ്യാഭ്യാസനയം എന്താണ് ?

▌ വിദ്യാഭ്യാസമാണ് വികസനത്തിന്റെയും പുരോഗതിയുടെയും താക്കോൽ. വിദ്യാഭ്യാസ മേഖലയിൽ സ്ഥാപനങ്ങൾ നടത്തിയും അനേകരെ പരിശീലിപ്പിച്ചും സഭ വിപുലമായ തരത്തിൽ മാനവശേഷി നിക്ഷേപം നടത്തുന്നു. കത്തോലിക്കാസഭയുടെ ജീവിതത്തിലും ദൗത്യത്തിലും വിദ്യാഭ്യാസദർശനം ആഴത്തിൽ വേരോടിയിട്ടുണ്ട്. വിശാലമായ പൊതുസമൂഹത്തിന്റെയും പ്രത്യേകിച്ച് ദരിദ്രരുടെയും പാർശ്വവല്ക്കരിക്കപ്പെട്ടവരുടെയും വിദ്യാഭ്യാസത്തിൽ സഭ ഉത്സാഹത്തോടെ ഏർപ്പെടുന്നുണ്ട്.

കത്തോലിക്കാസഭയുടെ വിദ്യാഭ്യാസരംഗത്തെ ഇടപെടലുകൾക്ക് നൂറ്റാണ്ടുകൾ നീണ്ട ചരിത്രമുണ്ട്. മൂല്യാധിഷ്ഠിതവും സമഗ്രവുമായ വിദ്യാഭ്യാസത്തിനാണ് എക്കാലവും ക്രൈസ്തവ സ്ഥാപനങ്ങൾ ഊന്നൽ നൽകിയിട്ടുള്ളത്. അച്ചടക്കത്തിനും ധാർമ്മികമൂല്യങ്ങൾക്കും ഏറ്റവും അധികം പ്രാധാന്യം നൽകിക്കൊണ്ടുള്ള ശൈലിയാണ് ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പിന്തുടരുന്നത്.

മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരവും അച്ചടക്കവും കാത്തുസൂക്ഷിക്കുന്നതിനാലാണ് കത്തോലിക്കാ സഭയുടെ സ്ഥാപനങ്ങളിൽ തങ്ങളുടെ മക്കളെ അയയ്ക്കുവാൻ രക്ഷിതാക്കൾ താല്പര്യം കാണിക്കുന്നത്. സന്മാർഗമൂല്യങ്ങൾ പകർന്ന് നൽകുന്നതിനോടൊപ്പം ഭാരതത്തിന്റെ മഹത്തായ ഭരണഘടനാ തത്വങ്ങളോടും മതേതര മൂല്യങ്ങളോടും ആർഷഭാരത പൈതൃകങ്ങളോടും കത്തോലിക്കാ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആദരവ് പ്രകടിപ്പിക്കുന്നുണ്ട്.

ഭാരത സർക്കാരിന്റെ ദേശീയ വിദ്യാഭ്യാസനയം സഭ അംഗീകരിക്കുന്നു. അതോടൊപ്പം ഭാരത കത്തോലിക്കാസഭ തയ്യാറാക്കിയ വിദ്യാഭ്യാസനയരേഖയും കേരള കത്തോലിക്കാസഭ പിന്തുടരുന്നുണ്ട്.

18. ഇന്നത്തെ വിദ്യാഭ്യാസമേഖലയിലെ ധാർമ്മികമൂല്യച്യുതിയെ എങ്ങനെ കാണുന്നു. ?

▌ വർത്തമാനകാല വിദ്യാഭ്യാസ മണ്ഡലത്തിൽ ധാർമ്മിക അവബോധം പഴയകാലത്തേക്കാൾ കുറവാണെന്ന് വിലയിരുത്തപ്പെടുന്നു.

www.malankaralibrary.com


സാമ്പത്തിക സാങ്കേതിക മുന്നേറ്റവും ആധുനീകരണവും ധാർമിക മൂല്യങ്ങളെ അവഗണിച്ച് അപ്രസക്തമാക്കിയിട്ടുണ്ട്. അധ്യാപക-വിദ്യാർത്ഥി ബന്ധങ്ങളിലെ സൗഹൃദബന്ധം കുറയുന്നത് ധാർമിക മൂല്യങ്ങളുടെ കൈമാറ്റത്തിൽ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്.

കുടുംബസംവിധാനങ്ങളിലെ മാറ്റങ്ങളും കുടുംബങ്ങളുടെ താളം തെറ്റലും കുട്ടികളിൽ ധാർമിക നിലവാരം കുറയ്ക്കുന്നു. കുട്ടികളുടെ ആദ്യത്തെ ധാർമിക പാഠശാല കുടുംബമത്രേ. സാമൂഹമാധ്യമങ്ങളുടെ അപചയവും ആപേക്ഷിക നിലപാടുകളും കുട്ടികളുടെ ധാർമിക നില വാരത്തെ സാരമായി ബാധിക്കുന്നുണ്ട്.

കൂടുതൽ മുതൽ മുടക്കി അനേകം മടങ്ങ് തിരികെ കിട്ടുന്ന ആകർഷ കമായ സംവിധാനങ്ങൾ ഒരുക്കി കമ്പോളസാധ്യതകൾ ചൂഷണം ചെയ്യുന്ന കോർപറേറ്റ് വിപണനതന്ത്രം സഭയുടെ വിദ്യാഭ്യാസമേഖല കളിൽ കടന്നുകൂടിയിട്ടുണ്ട്. ഇവ സമ്പൂർണമായി തിരുത്തേണ്ടതുണ്ട്. വിശ്വഗുരുവായ യേശുക്രിസ്തുവിന്റെ പ്രബോധനങ്ങളും ദർശനങ്ങളും മാത്രമേ സഭയുടെ വിദ്യാഭ്യാസ ശുശ്രൂഷകൾക്ക് അടിത്തറയാകാവൂ. അതോടൊപ്പം ദേശീയ അന്തർദേശീയ വിദ്യാഭ്യാസ സമിതികളുടെ നയ രേഖകളും പ്രായോഗിക നിർദ്ദേശങ്ങളും ഉൾക്കൊള്ളണം. സഭയുടെ വിദ്യാഭ്യാസ പോളിസികൾ വെള്ളം ചേർക്കാതെ പ്രാവർത്തികമാക്കു മ്പോൾ അധാർമിക അപചയങ്ങൾ താനേ ഇല്ലാതാകും.

19. ടീച്ചേഴ്സ് ഗിൽഡിന്റെ പ്രസക്തിയെക്കുറിച്ച് അങ്ങയുടെ അഭിപ്രാ യമെന്ത് ?

▮ സഭയുടെ നേതൃത്വം എത്രനല്ല പദ്ധതികൾ ആവിഷ്ക്കരിച്ചാലും അവ നടപ്പിൽ വരുത്തേണ്ടവർ അധ്യാപകരാണ്. അതുകൊണ്ട് അധ്യാ പകർക്ക് സഭയുടെ ദർശനവും ലക്ഷ്യവും വിശദമാക്കികൊടുക്കേണ്ട തുണ്ട്. ഇവിടെയാണ് ടീച്ചേഴ്സ് ഗിൽഡിന്റെ പ്രസക്തി. ഓരോ രൂപ താതിർത്തിക്കുള്ളിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഒരുമിച്ച് ചേർത്ത് സഹകരണത്തിന്റെയും പങ്കുവെയ്ക്കലിന്റെയും പാഠങ്ങൾ ബോധ്യപ്പെടുത്തണം. ഇങ്ങനെ കേരളത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഒരുമിച്ച് കൈകോർത്ത് പ്രവർത്തനനിരതമായാൽ കത്തോലിക്കാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ സാർത്ഥമാകും. ഇതിന് കത്തോലിക്കാ അധ്യാപകരുടെ കൂട്ടായ്മയും സഹകരണവും അത്യന്താപേക്ഷിതമാണ്.

വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെ സഭ ലക്ഷ്യം വെയ്ക്കുന്നത്

www.malankaralibrary.com


മാനവികതയും വിശ്വസാഹോദര്യവുമാണ്. അതാകട്ടെ, മനുഷ്യർ തമ്മിലുള്ള സഹോദരതുല്യമായ സ്നേഹം വളർത്തിയെടുത്താൽ മാത്രമേ സാധിക്കുകയുള്ളൂവെന്നും സഭ വിശ്വസിക്കുന്നു. വിദ്യാഭ്യാസ പ്രവർത്തകർ തങ്ങളുടെ മുമ്പിൽ ഇരിക്കുന്ന വിദ്യാർത്ഥി സമൂഹത്തെ പഠിപ്പിക്കേണ്ടത് ഈ സാഹോദര സ്നേഹത്തിലേക്ക് വളരാനാണ്. അധ്യാപക സമൂഹത്തിൽ ഈ സാഹോദര്യം ഉണ്ടെങ്കിൽ മാത്രമേ അവർക്ക് അതു പങ്കുവെയ്ക്കാൻ കഴിയുകയുള്ളൂ. കത്തോലിക്കാ അധ്യാപകരുടെ ആദ്ധ്യാത്മിക ഉന്നമനത്തിനും സാഹോദര്യത്തിനും കൂട്ടായ്മക്കും സഭാദർശനങ്ങൾ പഠിക്കുന്നതിന് അവസരങ്ങൾ സൃഷ്ടിക്കുകയാണ് ടീച്ചേഴ്സ് ഗിൽഡ് ചെയ്യുന്നത്. ഒരുമിച്ചു കൂടുന്നതും പരസ്പരം അറിയുന്നതും അനുഭവങ്ങൾ പങ്കുവെയ്ക്കുന്നതും മറ്റുള്ളവർക്ക് സഹായ ഹസ്തങ്ങൾ നീട്ടുവാൻ പ്രേരണ നൽകും. ഞാൻ, എന്റേത്, ഞങ്ങളുടേത് എന്നൊക്കെയുള്ള ചിന്തകൾക്ക് പകരം നാം, നമ്മുടെ, നമ്മുടേത് എന്ന ചിന്തയിലേക്ക് നമുക്ക് വളരാനാകും.

20. കത്തോലിക്കാ അധ്യാപകന്റെ ദൗത്യം എന്തായിരിക്കണം ?

▮ കത്തോലിക്കാ അധ്യാപകന്റെ വ്യക്തിജീവിതവും സാമൂഹിക ജീവിതവും നിഷ്കളങ്കവും മാതൃകാപരവുമായിരിക്കണം. ദുശീലങ്ങളിൽ നിന്നകന്ന് നിൽക്കുന്നതിൽ ജാഗ്രത പുലർത്തണം. നമ്മുടെ മുന്നിലിരിക്കുന്ന ഓരോ കുട്ടിയും സവിശേഷ നന്മകളുള്ള വ്യക്തികളാണെന്ന് അധ്യാപകർ എപ്പോഴും ഓർമ്മിക്കണം. നമ്മുടെ മനസ്സിലെ ആഗ്രഹങ്ങൾക്കനുസരിച്ച് ഓരോ കുട്ടിയും പെരുമാറണം, പ്രതികരിക്കണം എന്നൊക്കെ വെറുതേ വാശിപിടിക്കരുത്. സ്വതന്ത്ര വ്യക്തിത്വങ്ങളായി ചിന്തിക്കുവാനും വളരുവാനും നിരന്തരം അവർക്ക് അവസരം ഒരുക്കി നൽകുന്ന പ്രചോദന കേന്ദ്രം എന്നതാവണം ഒരു നല്ല അധ്യാപകന്റെ സ്ഥാനം. പ്രതികൂല ജീവിത സാഹചര്യങ്ങളോട് നിരന്തരം പടവെട്ടി, അസമാധാനവും സങ്കീർണ പ്രശ്നങ്ങളും നിറഞ്ഞ കുടുംബങ്ങളിൽ നിന്നും വരുന്ന ഒന്നിലേറെ കുട്ടികൾ ഒരു ക്ലാസിൽ തന്നെയുണ്ടാകും. അവരെ തിരിച്ചറിയാതെയുള്ള നിർദ്ദേശങ്ങളും പഠനപ്രവർത്തനങ്ങളും ഒരു നല്ല അധ്യാപകന്റെ ഭാഗത്തുനിന്ന് ഒരിക്കലും ഉണ്ടാകരുത്. പഠിപ്പിക്കുന്നതിന് മുൻപ് കുട്ടികളെ പഠിക്കുവാൻ ശ്രമിക്കുന്നയാളാണ് ഒരു നല്ല അധ്യാപകൻ.

●

www.malankaralibrary.com

www.malankaralibrary.com



# ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്ത

**1950** മെയ് 24 ന് കൊല്ലം ജില്ലയിലെ കൊട്ടാരക്കരയിൽ ജനനം. കിഴക്കേതെരുവ് സെന്റ് മേരീസ് സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം നേടിയ തിരുമേനി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി 1967 - ൽ തിരുവനന്തപുരത്തെ സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ ചേർന്നു. മാർ ഈവാനിയോസ് കോളേജിൽ നിന്ന് പ്രീഡിഗ്രി കോഴ്സ് പൂർത്തിയാക്കി. 1970 - 1978 കാലയളവിൽ തമിഴ്നാട്ടിലെ തിരുച്ചിറപ്പള്ളിയിലെ സെന്റ് ജോസഫ് സെമിനാരിയിൽ നിന്നും തത്ത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും പരിശീലനം നേടി. 1978 ഏപ്രിൽ 2 ന് തിരുവനന്തപുരം ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി വൈദികനായി അഭിഷിക്തനാക്കി. 1984 - ൽ മധുര കാമരാജ് സർവ്വകലാശാലയിൽ നിന്ന് ബിരുദാനന്തര ബിരുദം നേടി. 2000 - ൽ മദ്രാസ് സർവ്വകലാശാലയുടെ ചെന്നൈയിലെ സ്റ്റെല്ല മറ്റ്യൂട്ടിന കോളേജ് ഓഫ് എഡ്യൂക്കേഷനിൽ നിന്ന് പി.എച്ച്.ഡി. നേടി.

1978 - 1983 വരെ കന്യാകുമാരി ജില്ലയിലും മദ്രാസിലും വിവിധ ഇടവകകളുമായി ബന്ധപ്പെട്ടു തിരുമേനി നിർവ്വഹിച്ച സജീവവും ഊർജ്ജസ്വലവുമായ ശുശ്രൂഷ അദ്ദേഹത്തിന്റെ അജപാലനരംഗത്തെ അത്യധ്വാനത്തിന്റെ ജീവിക്കുന്ന സാക്ഷ്യമായി നിലകൊള്ളുന്നു. ആരോഗ്യമേഖലയിൽ സമൂഹം അനുഭവിക്കുന്ന സൗകര്യങ്ങളുടെ അപര്യാപ്തത തിരിച്ചറിഞ്ഞ തിരുമേനി തമിഴ്നാട്ടിലെ ചെന്നൈയിൽ മാർ ഈവാനിയോസ് ഡിസ്പെൻസറിക്ക് തുടക്കം കുറിച്ചു. ചെന്നൈയിലെ സേക്രട്ട് ഹാർട്ട് സ്കൂളിന്റെ സ്ഥാപകനും തുടക്കം മുതൽ അതിന്റെ പ്രിൻസിപ്പാളുമായി സേവനം അനുഷ്ഠിച്ച തിരുമേനി വിദ്യാഭ്യാസ മേഖലയിൽ മാനുഷികമൂല്യങ്ങൾക്ക് ഊന്നൽ നൽകി ദീർഘവീക്ഷണത്തോടെ പ്രവർത്തിച്ചു. പിതാവിന്റെ കഠിനാധ്വാനത്തിന്റെയും ഉത്സാഹത്തിന്റെയും ദൃഢനിശ്ചയത്തിന്റെയും പരിണിത ഫലമാണ് 1994 - ൽ ചെന്നൈയിൽ സ്ഥാപിക്കപ്പെട്ട മാർ ഗ്രിഗോറിയോസ് കോളേജ്. 1994 മുതൽ 1996 വരെ അതിന്റെ മാനേജരായി മികച്ച സേവനം അനുഷ്ഠിക്കുകയും ചെയ്തു.

1996 - ൽ തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ വികാരി ജനറലും 1997 - ൽ കോർ എപ്പിസ്കോപ്പയായും 1998 ജൂൺ 29 ന് തിരുവനന്തപുരം അതിരൂപതയുടെ സഹായ മെത്രാനായും നിയമിതനായി. കെ.സി.ബി.സിയുടെ സെക്രട്ടറിയായും വൈസ് പ്രസിഡന്റായും, പിന്നീട് പ്രസിഡന്റായും പ്രവർത്തിച്ചു. കെ.സി.ബി.സി. മദ്യവർജ്ജനസമിതി ചെയർമാൻ, കെ.സി.ബി.സി. ജാഗ്രതാ കമ്മീഷൻ ചെയർമാൻ, സി.ബി.സി.ഐയുടെ ഒന്നാമത്തെ വൈസ് പ്രസിഡന്റ്, സി.ബി.സി.ഐ. ലേബർ കമ്മീഷൻ ചെയർമാൻ, സി.ബി.സി.ഐ. ചെയർമാൻ, വിദ്യാഭ്യാസ കമ്മീഷൻ ചെയർമാൻ തുടങ്ങിയ പദവികൾ അലങ്കരിച്ചു. നിലവിൽ മദ്യവിരുദ്ധ ജനകീയ മുന്നണി ചെയർമാൻ, നിലയ്ക്കൽ എക്യൂമെനിക്കൽ ട്രസ്റ്റ് വൈസ് പ്രസിഡന്റ്, മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ അല്മായ സിനഡൽ കമ്മീഷൻ ചെയർമാൻ, കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷൻ ചെയർമാൻ, ബാംഗ്ലൂർ സെന്റ് ജോൺസ് മെഡിക്കൽ കോളേജിന്റെ ഗവേണിംഗ് ബോഡി അംഗം, സി.ബി.സി.ഐ. സഭൈക്യ സംവാദ കമ്മീഷൻ ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. 2007 ഫെബ്രുവരി 16 മുതൽ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ മാവേലിക്കര ഭദ്രാസന മെത്രാപ്പോലീത്തയാണ്.